ഭാഷാഗ്രന്ഥാവലി-അങ്കം 105

# അപ്രകാശിതങ്ങളായ ആട്ടക്കഥകൾ

(ഒന്നാം ഭാഗം)

പ്രസാധകൻ

ഡോക്ടർ കെ. രാഘവൻ പിള്ള

ബി. ഏ. (ഓണേഴ്സ്) പിഎച്ച്. ഡി.

ക്യൂറേറ്റർ

ഹസ്തലിഖിതഗ്രന്ഥശാല തിരുവനന്തപുരം.

1959/1134

[പകർപ്പവകാശം സുരക്ഷിതം] [വില രൂ. 2-50 ന.പൈ.

032:1x
J9.1

J9.1
PILLAI(K.)
ngalaya
222083
032:1x
J9.1
MUL
222083

Madras University Library.

Call Number 032:1x J9·1

Accession Number 282083

Available for loan from 2 2 MAR 1965

This book should be returned on or before the date last marked below.

O. 61

UNIVERSITY LIBRARY
2 MAR 1965
MADRAS

കേരളസർവ്വകലാശാല

ഭാഷാഗ്രന്ഥാവലി-അങ്കം 105

# അപ്രകാശിതങ്ങളായ
# ആട്ടക്കഥകൾ

(ഒന്നാം ഭാഗം)

പ്രസാധകൻ

**ഡോക്ടർ കെ. രാഘവൻപിള്ള**

ബി. ഏ. (ഓണേഴ്സ്), പിഎച്ച്. ഡി.

ക്യൂറേറ്റർ

ഹസ്തലിഖിതഗ്രന്ഥശാല, തിരുവനന്തപുരം

1959/1134.

പകർപ്പവകാശം സുരക്ഷിതം] [വില രൂ. 2. 50 നഃപൈ.

Univ. Grants Commission

# UNIVERSITY OF KERALA

Malayalam Series No 105.

# UNPUBLISHED ĀṬṬAKKATHAKAL

Edited and Published by

Dr. K. RAGHAVAN PILLAI,

B. A. (Hons), Ph. D.

Curator,

UNIVERSITY MANUSCRIPTS LIBRARY,

TRIVANDRUM.

1959/1134.

222083
032:1x
J9.1

*All rights reserved*] [*Price Rs. 2-50*

# ഉള്ളടക്കം


| | | | പുറം |
|---|---|---|---|
| 1. | മുചുകുന്ദമോക്ഷം | ... | 1—29 |
| 2. | സാല്വവധം | ... | 30—58 |
| 3 | ലക്ഷ്മണാസ്വയംവരം | ... | 59—80 |
| 4. | അശ്വമേധം | ... | 81—113 |
| 5 | കുചേലവൃത്തം | ... | 114—123 |
| 6 | നരകാസുരവധം | ... | 124—139 |
| 7. | ദേവയാനീചരിതം | ... | 140—168 |
| 8. | ദൂതവാക്യം | ... | 169—198 |
| 9. | താരകാസുരവധം | ... | 199—219 |

# അവതാരിക

കേരള സർവ്വകലാശാലാഭാഷാഗ്രന്ഥാവലി 105-ാം നമ്പരായി ചേർത്തിട്ടുള്ള ഈ പ്രസിദ്ധീകരണത്തിൽ അപ്രകാശിതങ്ങളായ ഒൻപതു് ആട്ടക്കഥകൾ ഞങ്ങൾ പ്രകാശിപ്പിക്കുകയാണു്. ഈ ഗ്രന്ഥത്തിലും ഇതിനെ പിൻതുടർന്നു പ്രസിദ്ധപ്പെടുത്താൻ തയ്യാറാകുന്ന ബാക്കി ഭാഗങ്ങളിലുമായി ഈ ലൈബ്രറിയിൽ കൈയെഴുത്തു പ്രതികളായിരിക്കുന്ന ആട്ടക്കഥകൾ ബഹുജനങ്ങളുടെ മുൻപിൽ അവതരിപ്പിക്കുകയാണു ഞങ്ങളുടെ ഉദ്ദേശ്യം.

മുചുകുന്ദമോക്ഷം, സാല്വവധം, ലക്ഷണാസ്വയംവരം, അശ്വമേധം, കുചേലവൃത്തം, നരകാസുരവധം, ദേവയാനീചരിതം, ദൂതവാക്യം, താരകാസുരവധം, എന്നു് ഒൻപതു് ആട്ടക്കഥകളാണു ഈ പ്രസിദ്ധീകരണത്തിന്റെ ഉള്ളടക്കം.

ഈ ലൈബ്രറിയിലെ 5608 ാം നമ്പർ ഗ്രന്ഥത്തെ ആസ്പദിച്ചാണു് 'മുചുകുന്ദമോക്ഷം' പ്രസിദ്ധീകരിയ്ക്കുന്നതു്. 'മുചുകുന്ദമോക്ഷം' എന്ന പേരിൽ ഒന്നിലധികം ആട്ടക്കഥകൾ ഉണ്ടു്. കൊച്ചീ വീരകേരളവർമ്മ മഹാരാജാവു് [കൊല്ലം 941—1003] എഴുതിയ ഒരു 'മുചുകുന്ദമോക്ഷം' ആട്ടക്കഥയെക്കുറിച്ചു് ഉള്ളൂരിന്റെ കേരള സാഹിത്യചരിത്രത്തിൽ പ്രസ്താവനയുണ്ടു്. (കേ: സാ. ച. വാല്യം 3. പുറം 44.) വൈക്കത്തു് പാച്ചുമൂത്തതു് ഒരു 'മുചുകുന്ദമോക്ഷം' എഴുതിയിട്ടുണ്ടു്. ഒരു കൊടുങ്ങല്ലൂർ തമ്പുരാന്റെ ശിഷ്യനായി മൂന്നാമതൊരു 'മുചുകുന്ദമോക്ഷം' ആട്ടക്കഥയുടെ കർത്താവിനെയും ഉള്ളൂർ സ്മരിച്ചുകാണുന്നു. (കേ. സാ. ച. വാല്യം 3. പു. 561)

ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന മുചുകുന്ദമോക്ഷം ഈ രണ്ടു കൃതികളിൽ നിന്നും ഭിന്നമാണു്. കിളിമാനൂർ കോവിലകത്തെ സ്വാതിതിരുനാൾ ഗോദവർമ്മത്തമ്പുരാൻ [കൊല്ലം 987-1045] ആണു് ഈ കൃതിയുടെ കർത്താവെന്നു് അഭ്യൂഹിയ്ക്കുവാൻ വക ഉണ്ടു്.

ശ്രീഭൂതനാഥമരവിന്ദദളായതാക്ഷം
കീരൈണസദ്മനിലയം സുരസേവ്യമാനം
ശ്രീശേശനന്ദനമഹം ജഗദേകനാഥം
വന്ദേ സദാ ഗുണനിധിം കുലദൈവതം നഃ।

എന്ന വന്ദനശ്ലോകത്തിൽ നിന്ന് കിളിമാനൂർ (കീരൈണസദ്മ) രാജവംശത്തിലെ ഒരു തമ്പുരാൻ ആയിരുന്നു ഈ കൃതിയുടെ കർത്താവ് എന്നു കാണുന്നു. കിളിമാനൂർ രാജവംശജരുടെ കുലദൈവതമായ ശ്രീഭൂതനാഥനെയാണല്ലോ 'നഃ കുലദൈവതം' എന്നു വ്യപദേശിച്ചു വന്ദിക്കുന്നതു്. ഇദ്ദേഹത്തിൻെറ പിതാവ് സാഹിത്യരസികനും ബ്രാഹ്മണോത്തമനും ആയ 'ജയന്തൻ' ആയിരുന്നു എന്നും കാണുന്നു. 'സാഹിത്യാംബുനിധി സ്വധർമ്മനിരതം......' ഇത്യാദി വന്ദനശ്ലോകം നോക്കുക. 'നാരായണാംഘ്രിസരസീരുഹസക്തചിത്തം......' ഇത്യാദി പദ്യത്തിൽ തൻെറ ഗുരുവായ ഒരു 'നാരായണമഹീസുര'നെയും കവി സ്മരിയ്ക്കുന്നു (രാവണവിജയം ആട്ടക്കഥയുടെ കർത്താവായ വിദ്വാൻ കോയിത്തമ്പുരാൻ ഒരു നാരായണദ്വിജവരനെ പ്രസ്തുത കൃതിയിൽ സ്മരിക്കുന്നുണ്ടെന്നുള്ളതു് ഇവിടെ സ്മരണീയമാണ്.) 'മുചുകുന്ദമോക്ഷ'ത്തിൻെറ കർത്താവ് തൻെറ രക്ഷാധികാരിയായ മഹാരാജാവിനെ സ്മരിച്ചിട്ടുണ്ട്.

ഭൂമണ്ഡലാന്തരവിരാജിതരാജശേഖരാ-
ഖണ്ഡലസ്യ നതലോകസുരദ്രുമസ്യ
ദോർദണ്ഡമണ്ഡിതകൃപാണഹതാരിവഞ്ചി-
മാർത്താണ്ഡരാഡ്വിജയതേ ഭവതോ ജയശ്രീഃ.

എന്ന പദ്യത്തിൽ കഥകളിപ്രിയനായ ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിനെയാണു സ്മരിച്ചിരിക്കുന്നതു് എന്നു വിചാരിയ്ക്കാം. ഇത്രയും പറഞ്ഞതുകൊണ്ടു് ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവിൻെറ കാലഘട്ടത്തിൽ ഒരു ജയന്താഖ്യബ്രാഹ്മണൻെറ പുത്രനും, നാരായണൻ നമ്പൂതിരിപ്പാടിൻെറ ശിഷ്യനും ആയ കിളിമാനൂർ കോയിത്തമ്പുരാൻ ആണു് ഈ ആട്ടക്കഥ എഴുതിയതെന്നു് വരുന്നു. സ്വാതിതിരുനാൾ

ഗോദവർമ്മത്തമ്പുരാൻ [987-1045] 'മുചുകുന്ദമോക്ഷം' എന്നൊരു ആട്ടക്കഥ എഴുതിയിട്ടുണ്ടെന്നു് സാഹിത്യചരിത്രത്തിൽ ശ്രീ. ആർ. നാരായണപ്പണിക്കർ പ്രസ്താവിക്കുന്നതും (സാ. ച. ഭാഗം 4 പുറം 338) ഇവിടെ സ്മരണീയമാണു്.

ഭാഗവതാന്തർഗതമായ കഥയാണു് കവി ഈ ആട്ടക്കഥയിൽ കൈകാര്യം ചെയ്യുന്നതു്. ശ്രീകൃഷ്ണനെ എതിർക്കുവാൻ സൈന്യസന്നാഹങ്ങളോടു കൂടി യവനൻ വരുമ്പോൾ ശ്രീകൃഷ്ണൻ ഒരു ഗുഹയിൽ കയറി ഒളിയ്ക്കുന്നു. കൃഷ്ണനെ പിൻതുടൎന്നു് ആ ഗുഹയിൽ എത്തിച്ചേർന്ന യവനൻ, അവിടെ ഉറങ്ങിക്കിടന്ന മുചുകുന്ദൻ എന്ന രാജാവിനെ, കൃഷ്ണനാണെന്നു വിചാരിച്ചു ചവിട്ടുന്നു. മുചുകുന്ദനെ ചവിട്ടുന്നവർ ഭസ്മമാകുമെന്നുള്ള ദേവവാക്യം അവിടെ സാർത്ഥമാകുന്നു. പിന്നീടു് മുചുകുന്ദനു് അവിടെ പ്രത്യക്ഷപ്പെടുന്ന ശ്രീകൃഷ്ണൻ മോക്ഷം നല്കുന്നു. ഇതാണു് ഇതിലെ കഥയുടെ കേന്ദ്രം. എന്നാൽ ആട്ടക്കഥാകർത്താവു് കേവലം ഈ കേന്ദ്രരൂപമായ കഥാവസ്തുവിനെ അല്ല കൈകാര്യം ചെയ്യുന്നതു്. ആദ്യരംഗങ്ങളിൽ തികച്ചും മറെറാരു കൃതിയ്ക്കു വസ്തു ആകാവുന്ന 'ഗുരുദക്ഷിണ' എന്ന കഥകൂടി കൊടുക്കുന്നുണ്ടു്.

ഇങ്ങിനെ 'ഗുരുദക്ഷിണയിലെ' കഥ ഒരു ആട്ടക്കഥയുടെ അംശമായി ആദ്യം കൊടുക്കുന്നതു് എന്തിനെന്നു് അത്ര വ്യക്തമല്ല. ശ്രീകൃഷ്ണബലരാമന്മാർ വിദ്യാഭ്യാസം കഴിഞ്ഞു് യൗവനകാലപ്രാപ്തരായി എന്നു കാണിയ്ക്കുക ആയിരിയ്ക്കാം ഈ ആദ്യകഥയുടെ ഉദ്ദേശ്യം. ഏതായാലും ഒരു ആട്ടക്കഥയുടെ ഉദ്ദേശ്യം, പ്രയോജനം എന്ന നിലയിൽ നിന്നു് നോക്കിയാൽ, ഈ ആദ്യാംഗങ്ങളിലെ ഗുരുദക്ഷിണയെന്ന കഥകൊണ്ടു് പോരായ്മ ഇല്ല എന്നു മാത്രമല്ല ആ കഥയാണു് രംഗത്തു് ആവിഷ്കരിയ്ക്കാനുള്ള വസ്തുവകയും, രസപരിസ്ഫൂർത്തിയ്ക്കുള്ള സംഭാരവും കൂടുതൽ നല്കുന്നതെന്നു് പറയണം. മുചുകുന്ദമോക്ഷം എന്ന സംകുചിതമായ കഥാംശത്തിൽ ഒരു യുദ്ധം പോലുമില്ല. യുദ്ധത്തിനുള്ള സന്നാഹങ്ങൾ ഉണ്ടെന്നേ ഉള്ളൂ. ഗുരുദക്ഷിണവിഭാഗത്തിലെ പഞ്ചജനവധവും, അതിനു് പിന്നീടു വരുന്ന ജരാസന്ധനുമായുള്ള

യുദ്ധവും (ഇതും കഥാവസ്തുവിന്റെ ഏകാഗ്രതയ്ക്ക് ആവശ്യമുള്ള കഥാവിഭാഗം അല്ല) ഈ ആട്ടക്കഥയിലെ വീരരസവിസ്താരങ്ങളായ രംഗങ്ങൾ ആണ്. ഭേദപ്പെട്ട രീതിയിൽ അംഗിയായ വീരരസം കവി ആവിഷ്കരിച്ചിട്ടുമുണ്ട്. അംഗരസങ്ങളിൽ നട്ടുനായകം ശൃംഗാരരസം തന്നെ. പതിവുപോലെയുള്ള ശൃംഗാരവർണ്ണനങ്ങൾ എല്ലാം കാണുന്നുണ്ട്.

‘മുചുകുന്ദമോക്ഷ’ത്തിലെ കവിത കാവ്യസൗന്ദര്യത്തിന്റെ ഉന്നത കോടികളിൽ എത്തി നില്ക്കുന്നു എന്ന് പറയുക വയ്യ. എങ്കിലും ഈ കവി കവിതാവനിതയാൽ അനുഗൃഹീതൻ ആയിരുന്നു എന്നു നിസ്സംശയം പറയാം. ദ്വിതീയാക്ഷരാദിപ്രാസനിഷ്ഠ തുടങ്ങിയ ശബ്ദചമത്കാരങ്ങൾ വിട്ടാൽ, ഈ ആട്ടക്കഥയുടെ ചില ഭാഗങ്ങളിൽ സ്വച്ഛവും സുന്ദരവുമായ കവിതാഭംഗി കാണുന്നുണ്ട്. പതിനാറും പതിനേഴും പുറങ്ങളിലായി കാണുന്ന സൈരന്ധ്രീസൗന്ദര്യവർണ്ണന വളരെ ഭംഗിയുള്ള ഒരു കവിതാശകലമാണെന്നു തന്നെ തോന്നുന്നു. അതുപോലെ ഹൃദ്യമായ മററു വർണ്ണനകളും ഈ ആട്ടക്കഥയിൽ അവിടവിടെയായി കാണാം.

‘സാല്വവധം’ ‘ലക്ഷണാസ്വയംവരം’ എന്നീ രണ്ട് ആട്ടക്കഥകൾ കോലത്തുനാട്ടിലെ ഒരു ഉദയവർമ്മത്തമ്പുരാൻ കൊല്ലം 995-ാമാണ്ട് രചിച്ചു എന്ന് അവ രണ്ടുംകൂടി ചേർന്നുള്ള ഞങ്ങളുടെ മാതൃകാഗ്രന്ഥ(No. L 749 B)ത്തിൽ നിന്നുതന്നെ കാണുന്നു. പ്രസക്തമായ ഭാഗം ഇവിടെ ഉദ്ധരിക്കട്ടെ.

“കോലത്തുനാട്ടിൽ അട്ടത്തില ഉദയമംഗലത്തമിതിലെ കോലത്തു രവിവർമ്മത്തമ്പുരാൻ 990-ാമാണ്ട് മീനമാസം 18-ാംനു കൊട്ടാരക്കര വടക്കേ കൊട്ടാരത്തിൽ എഴുന്നള്ളി പാർത്തു വരുമ്പോൾ 994-ാമാണ്ട് ഇടവമാസം 3-ാംനു സാല്വവധം ഉണ്ടാക്കി അരങ്ങേററം കഴിപ്പിച്ചിരിക്കുന്നു. 995-ാമാണ്ട് മീനമാസം [illegible]-ാംനു ലക്ഷണാസ്വയംവരം കഥയുമുണ്ടാക്കി അരങ്ങേററം കഴിപ്പിച്ചിരിക്കുന്നു. ഇപ്രകാരം രണ്ടു കഥയും കൊട്ടാരക്കര വടക്കേ കൊട്ടാരത്തിൽ നിന്നും സാല്വവധവും ലക്ഷണാസ്വയംവരവും

രവിവർമ്മത്തമ്പുരാൻ ഉണ്ടാക്കിയ കഥ. ഇതു് കൈയെഴുതിയ എഴുന്നള്ളത്തോട്ടു് നില്ക്കുന്ന കോലത്തുനാട്ടിൽ അട്ടത്തില പുതിയ വീട്ടിൽ ചങ്കരൻ. ശുഭം.”

‘സാല്വവധ’ത്തിന്റെ കർത്താവായ ഉദയവർമ്മത്തമ്പുരാനെ കുറിച്ചു്, മുകളിൽ എഴുതിയ അറിവുകൂടാതെ സാല്വവധത്തിന്റെയും ലക്ഷണാസ്വയംവരത്തിന്റെയും ആദ്യം ഇങ്ങിനെ കാണുന്നു.

ശ്രീമൽകോലമഹീശ്വരേണ
രവിവർമ്മാഖ്യേന ലക്ഷ്മീപതേ-
രാഖ്യാതം ചരിതം ശുഭം കുരുത ഭോഃ
ശ്രോത്രാവതംസം ബുധാഃ

മായാവിയും ദുഷ്ടനുമായിരുന്ന സാല്വൻ എന്ന രാജാവിനെ ശ്രീകൃഷ്ണൻ സുദർശനചക്രംകൊണ്ടു് വധിയ്ക്കുന്നതാണു് സാല്വവധത്തിലെ കഥ. യുധിഷ്ഠിരന്റെ രാജസൂയയാഗത്തിനു വേണ്ടി ഇന്ദ്രപ്രസ്ഥത്തിൽ എത്തിയ ശ്രീകൃഷ്ണൻ കുറേനാൾ അവിടെത്തന്നെ താമസിയ്ക്കുന്നു. തന്റെ അഭാവത്തിൽ ദ്വാരകയെ സംരക്ഷിയ്ക്കാൻ പുത്രരായ പ്രദ്യുമ്നനെയും സാംബനേയും നിയോഗിച്ചയയ്ക്കുന്നു. ഇതിന്നിടയിൽ സാല്വൻ എന്ന രാജാവു് ശിവനെ തപസ്സുചെയ്തു സൗഭം എന്ന വിമാനം നേടുന്നു. സാല്വന്റെ സചിവൻ ദ്വാരക ആക്രമിക്കുന്നു. പ്രദ്യുമ്നനുമായി ഘോരമായ യുദ്ധം ഉണ്ടാകുന്നു. ദ്വാരകയെ സാല്വസൈന്യം ആക്രമിച്ചു് വിഷമിപ്പിക്കുന്ന കഥ നാരദനിൽനിന്നു കേൾക്കുന്ന ശ്രീകൃഷ്ണൻ പെട്ടെന്നു് ഇന്ദ്രപ്രസ്ഥത്തിൽ നിന്നു ദ്വാരകയിലേക്കു മടങ്ങുന്നു. സാല്വനുമായി തന്നെ ഏററുമുട്ടുന്നു. ശ്രീകൃഷ്ണന്റെ ബാണങ്ങളാൽ പീഡിതനായ സാല്വൻ മായാശക്തിയെ ശരണം പ്രാപിച്ചു്, ‘വസുദേവനെ സാല്വൻ വധിയ്ക്കുന്നു, അച്ഛനെ രക്ഷിക്കണം’ എന്ന ദേവകീസന്ദേശം വഹിയ്ക്കുന്ന ദൂതനായി കൃഷ്ണന്റെ മുൻപിൽ വന്നു് സന്ദേശം കൃഷ്ണനു നല്കുന്നു. ആ മായാശക്തികൊണ്ടുതന്നെ വസുദേവനെ വധിക്കുന്നതായി കൃഷ്ണസന്നിധിയിൽ മായാചിത്രം നിർമ്മി

ക്കുകയും ചെയ്യുന്നു. ഈ ഘട്ടത്തിൽ കൃഷ്ണസംകല്പംകൊണ്ടു പ്രത്യക്ഷപ്പെടുന്ന സുദർശനചക്രം സാലചനെ വധിക്കുകയും ചെയ്യുന്നു. ഇതാണ് 'സാലചവധ'ത്തിലെ കഥാസാരം.

ഇന്ദ്രപ്രസ്ഥത്തിലെ ഉദ്യാനത്തിൻെറ മാദകമായ അന്തരിക്ഷത്തിൽ ശ്രീകൃഷ്ണനും സത്യഭാമയും ചേൎന്നുള്ള ഒരു ശൃംഗാരരംഗത്തോടു കൂടിയാണ് ഈ ആട്ടക്കഥ ആരംഭിക്കുന്നത്. അതുമാത്രമേ ഇതിൽ ശൃംഗാരരംഗമായുള്ളൂ. സാലചസചിവനും പ്രദ്യുമ്നനുമായുള്ള യുദ്ധം, സാലചനും കൃഷ്ണനും തമ്മിലുള്ള സംഘട്ടനം എന്നീ രംഗങ്ങളിൽ വീരരസം ആവിഷ്കൃതമാകുന്നുണ്ട്. സാലചർ ശ്രീകൃഷ്ണനെക്കുറിച്ചു പരാമൎശം നടത്തുന്ന പദങ്ങളിൽ പരിഹാസം നന്നേ സ്ഫുരിക്കുന്നു.

ഇതിലെ കവിതാഭംഗിയെ നിരൂപണം ചെയ്യുമ്പോൾ, സംസ്കൃതപദ്യങ്ങളേയും മലയാളത്തിലുള്ള പദങ്ങളേയും വേർതിരിച്ചു നോക്കേണ്ടിയിരിക്കുന്നു. സംസ്കൃതപദ്യങ്ങൾ പലയിടത്തും സമുചിതപദനിബന്ധങ്ങളും, തത്തദ്രസാവിഷ്കരണക്ഷമങ്ങളും ആണ്. പ്രായേണ എല്ലാ പദ്യങ്ങളും നന്നായിരിക്കുന്നതുകൊണ്ട് ഉദാഹരണങ്ങൾ അധികം ഉദ്ധരിയ്ക്കുന്നില്ല. എങ്കിലും, 'ഭാസ്വച്ചന്ദ്രപരാഗസുന്ദരതനും......' ഇത്യാദി 44-ാംപുറത്തെ കൃഷ്ണവൎണ്ണനവും 47-ാംപുറത്തെ 'ഗളതലഗളത്......' ഇത്യാദി രാക്ഷസീവൎണ്ണനവും നോക്കുക. എന്നാൽ പദ്യങ്ങൾക്കു നല്കുന്ന ഈ പ്രശംസ പദങ്ങൾ അർഹിയ്ക്കുന്നില്ല എന്നു പറയേണ്ടിയിരിക്കുന്നു. ഈ കവിയുടെ മാതൃഭാഷ സംസ്കൃതം ആയിരുന്നോ എന്ന രസകരമായ സംശയത്തിന് ഇടനല്കത്തക്കവണ്ണം ഇതിലെ സംസ്കൃതവിഭാഗത്തിനും ഭാഷാവിഭാഗത്തിനും തമ്മിൽ കാവ്യസൗന്ദര്യത്തിലുള്ള അന്തരം ഉണ്ട്. ഏതായാലും കവിയ്ക്കു് സംസ്കൃതശാസ്ത്രലോകവുമായി നല്ല പരിചയം ഉണ്ടായിരുന്നു എന്നതിനു തൎക്കമില്ല. സാലചസചിവൻെറ ഗദാതാഡനമേററു പ്രദ്യുമ്നൻ അവശനായപ്പോൾ, പ്രദ്യുമ്നസാരഥി രഥം തിരിച്ചുവിടുന്നു. ഇതിൽ അഭിമാനിയായ പ്രദ്യുമ്നൻ സാരഥിയോടു

കയക്കുമ്പോൾ, സാരഥി ധർമ്മശാസ്ത്രം ഉദ്ധരിച്ച് തന്റെ പ്രവൃത്തിയെ സാധൂകരിയ്ക്കുന്നു. വൈയാകരണന്ന് ആഹ്ലാദകരങ്ങളായ പ്രയോഗങ്ങളും കവിതയിൽ ചിലടത്തു കാണുന്നുമുണ്ട്.

സാല്വവധംകൊണ്ടു ലോകത്തെ അനുഗ്രഹിച്ച കൃഷ്ണനെ സ്തുതിയ്ക്കുന്നതായി ഈ ആട്ടക്കഥയുടെ അവസാനം പ്രത്യക്ഷപ്പെടുന്നത് സാധാരണയായി കാണാറുള്ള സുരവൃന്ദമല്ല, ഭൂസുരവൃന്ദമാണെന്നുള്ളതും ഒരു ശ്രദ്ധേയമായ കാര്യമാണ്.

കൊച്ചി വീരകേരളവർമ്മ മഹാരാജാവ് (കൊല്ലം 941–1003) ന്നൂറോളം ആട്ടക്കഥകൾ രചിച്ചിട്ടുള്ള കൂട്ടത്തിൽ ഒരു സാല്വവധവും ഉൾപ്പെടുന്നു എന്നു ഉള്ളൂർ * സാഹിത്യചരിത്രത്തിൽ പറയുന്നു.

ലക്ഷ്മണാസ്വയംവരവും കോലത്തുനാട്ടിൽ ഉദയവർമ്മത്തമ്പുരാന്റെ കൃതിയാണെന്നു നേരത്തെ പ്രസ്താവിച്ചല്ലോ. സാല്വവധത്തിന്റെ രചനയ്ക്കുശേഷം ഏതാണ്ട് ഒരു വർഷം കഴിഞ്ഞാണ് അദ്ദേഹം ലക്ഷ്മണാസ്വയംവരം രചിച്ചതെന്നു നേരത്തെ ഉദ്ധരിച്ചിട്ടുള്ള ഭാഗത്തിൽനിന്നു മനസ്സിലാക്കാം. കവിതയുടെ കാര്യത്തിലും ഈ കാലവ്യത്യാസം കാണുന്നുണ്ട്. ലക്ഷ്മണാസ്വയംവരത്തിലെ പദങ്ങൾക്ക സാല്വവധത്തിലെ പദങ്ങളേക്കാൾ ഭംഗി കൂടും.

ബൃഹത്സേനരാജാവിന്റെ പുത്രിയായ ലക്ഷ്മണയുടെ സ്വയംവരമാണു കഥ. കുമാരി നേരത്തെ തന്നെ ശ്രീകൃഷ്ണനിൽ അനുരക്തയായിരുന്നു; ശ്രീകൃഷ്ണൻ അത്ഭുതയന്ത്രത്തിലെ ലക്ഷ്യം ഭേദിച്ചു കുമാരിയുടെ വരണമാല്യത്തിന്നു യോഗ്യത നേടുകയും ചെയ്തു. പരാജിതരായ രാജാക്കന്മാർ യുദ്ധത്തിന്നു തയാറായപ്പോൾ കൃഷ്ണൻ അവരെ തോൽപിച്ചു.

ശ്രീ. കരയംവെട്ടത്തു സുകുമാരപിള്ള 'ലക്ഷ്മണാസ്വയംവരം' എന്നൊരു ആട്ടക്കഥ എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ഈ

* കേ. സാ. ച. വാല്യം മൂന്ന് പേ. 446.

ഗ്രന്ഥത്തിൽ പ്രസിദ്ധപ്പെടുത്തുന്ന 'ലക്ഷ്മണാസ്വയംവര'ത്തിൽ നിന്നു കഥാഘടനയിൽ ചില വ്യതിയാനങ്ങൾ ആ ആട്ടക്കഥയിൽ കാണ്മാനുണ്ടു്.

'അശ്വമേധം' ആട്ടക്കഥ ഈ ലൈബ്രറിയിലെ 12364 A നമ്പർ ഗ്രന്ഥത്തെ ആസ്പദിച്ചുള്ളതാണു്. ഇതിന്റെ കർത്താവു് ആരെന്നു് അറിയുന്നില്ല. ഈ സഞ്ചയത്തിൽ തന്നെ ഉൾപ്പെടുത്തിയിട്ടുള്ള ദേവയാനീചരിതം ആട്ടക്കഥയും അശ്വമേധവും ഒരൊറ്റ താളിയോലഗ്രന്ഥത്തിൽ ആണു കാണുന്നതു്. ഒരാൾ പകർത്തിയതാണെന്നും കൈയെഴുത്തുകൊണ്ടു് ഊഹിയ്ക്കാം. അങ്ങിനെ ആണെങ്കിൽ കൊല്ലം 1069-ാമാണ്ടിടയ്ക്കായിരിയ്ക്കണം ഈ കൃതി രചിച്ചതു്. ദേവയാനീചരിതം രചിച്ചതു് 1069-ൽ ആണെന്നു് ആ ഗ്രന്ഥത്തിൽ തന്നെ പറയുന്നുണ്ടു്.

ഭാരതാന്തർഗതമായ അശ്വമേധം ആണു് ഇതിലെ കഥ ഒരു ശൃംഗാരരംഗമാണു് ആദ്യത്തേതു്. യുധിഷ്ഠിരനും ദ്രൗപദിയും പങ്കെടുക്കുന്ന ഒരു രംഗം. കാവ്യഭംഗിയുള്ള ഒരു കൃതിയാണിതു്. സമുചിതപദങ്ങളെക്കൊണ്ടു നിർമ്മിച്ച പദ്യങ്ങളും പദങ്ങളുമാണു മിക്കവാറും എല്ലാം. സുന്ദരമായ രീതിയിൽ ഗീതോപദേശം ചുരുക്കിക്കൊടുത്തിരിക്കുന്നതിൽ കവി പ്രശംസ അർഹിക്കുന്നു (പേ. 93). 'സർവ്വധർമ്മാൻ പരിത്യജ്യ......' ഇത്യാദി ഗീതയിലെ അവസാന ശ്ലോകം ഈ ആട്ടക്കഥയിൽ പ്രത്യക്ഷപ്പെടുന്നതു നോക്കുക:

സകലം ധർമ്മമുപേക്ഷിച്ചിഹ നീ
നിഗമാന്തഗനാം നമ്മെത്തന്നെ
ശരണമതായി പ്രാപിച്ചാലും
ശരവും വില്ലുമെടുക്കുക ജിഷ്ണോ.

ഗീതയിലെ പതിനെട്ടദ്ധ്യായം ഏഴു പദ്യങ്ങളിൽ ചുരുക്കിയ കവി, മർമ്മഭൂതമായ ഈ പദ്യം അവസാനമായി കൊടുക്കാൻ വിട്ടുപോകാതിരുന്നതു് തത്ത്വചിന്താപരമായ ഉചിതജ്ഞതയെ കാണിയ്ക്കുന്നു

സാധാരണയായി ആട്ടക്കഥകളിൽ കാണാറുള്ള വന്ദനശ്ലോകങ്ങൾ ഈ കൃതിയിൽ കാണുന്നില്ല.

'സന്ധ്യാർത്ഥമേവ ഗതവത്യരവിന്ദനാഥേ . ...'

ഇത്യാദി പുറപ്പാടുശ്ലോകവുമായി നേരെ കഥയിലേയ്ക്കു പ്രവേശിക്കുകയാണു് കവി ചെയ്യുന്നതു്.

എരുവയിൽ ചക്രപാണിവാര്യർ രചിച്ച പാണ്ഡവാശ്വമേധം അഥവാ പ്രമീളാവിവാഹം എന്ന ആട്ടക്കഥ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. അതിൽനിന്നു ഭിന്നമാണു് ഞങ്ങൾ . പ്രസിദ്ധപ്പെടുത്തുന്ന ഈ ആട്ടക്കഥ

കുചേലവൃത്തം ആട്ടക്കഥയുടെയും കർത്താവു് ആരാണെന്നു നിർണ്ണയിക്കാൻ നിവൃത്തിയില്ല. തോടയം പുറപ്പാടു് ഈ ആട്ടക്കഥയ്ക്കില്ല. പ്രസിദ്ധമായ കുചേലവൃത്തം കഥ തന്നെ ഇതിലെ കഥാവസ്തു. കഥാഘടനയിൽ കവി മൂലത്തിൽ നിന്നു മാററം ഒന്നും വരുത്തിയിട്ടില്ല. ഭഗവദനുഗ്രഹത്താൽ കുബേരപുരമായ കുചേലപുരത്തിന്റെ വർണ്ണന പ്രത്യേകം മനോഹരമായിട്ടുണ്ടു്. (പുറം 120) ഈ പ്രസിദ്ധീകരണത്തിനു് അവലംബം ഈ ഗ്രന്ഥശാലയിൽ ഉള്ള ഒരു പകർപ്പാണു് (T. M. 83B).

ചെങ്ങന്നൂർ മരിഞ്ഞൂർ ശങ്കരൻ പോററി എഴുതിയ ഒരു കുചേലവൃത്തം ആട്ടക്കഥ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്.

നരകാസുരവധം എന്ന പേരിൽ ഒന്നിലധികം ആട്ടക്കഥകൾ ഉണ്ടു്. കാർത്തിക തിരുനാൾ വലിയതമ്പുരാന്റെ കൃതിയായി ഒരു നരകാസുരവധം പ്രസിദ്ധീകൃതമായിട്ടുണ്ടു്. അജ്ഞാതകർത്തൃകമായി മററൊരു ആട്ടക്കഥയും 55 ആട്ടക്കഥകൾ എന്ന ശ്രീരാമവിലാസം ബുക്കുഡിപ്പോ ഉടമസ്ഥരുടെ പ്രസിദ്ധീകരണത്തിൽ കാണുന്നു. ഇവിടെ പ്രസിദ്ധീകരിക്കപ്പെടുന്ന നരകാസുരവധം ഇതിൽ രണ്ടിലും നിന്നു ഭിന്നമാണു്. ഇതിന്റെ ഗ്രന്ഥകർത്താവിനെക്കുറിച്ചു വിവരമൊന്നുമില്ല. പ്രസിദ്ധീകരണത്തിനു് അവലംബം ഈ ഗ്രന്ഥശാലയിലെ ഒരു ഗ്രന്ഥമാണു് (No. 6896C.)

ഇന്ദ്രൻെറ അഭ്യർത്ഥന അനുസരിച്ച് ശ്രീകൃഷ്ണൻ നരകാസുരനെ വധിക്കുന്നതാണ് കഥ. വീരരസമാണ് അംഗിയായ രസം ശൃംഗാരം പ്രധാനപ്പെട്ട അംഗരസവും.

ദേവയാനീചരിതം ആട്ടക്കഥയുടെ കർത്താവ് അകവൂർ മനയ്ക്കൽ അച്ഛൻതമ്പുരാൻ ആണ്. ഗ്രന്ഥാവസാനത്തിൽ ഇപ്രകാരം അടയാളപ്പെടുത്തിയിരിക്കുന്നു. 'ഇതി ദേവയാനീചരിതം സമാപ്തം. അകവൂർ മനയ്ക്കൽ അച്ഛൻ തമ്പുരാൻ കല്പിച്ചുണ്ടാക്കിയ ദേവയാനീചരിതം ഒന്നാം ദിവസത്തെ ആട്ടക്കഥ. 1069 കർക്കടകം 2-ാംനു- ചന്ദ്രവാരേ ഉദയാൽപരം പത്തു മണി സമയംകൊണ്ടു കഥ ഉണ്ടാക്കി അവസാനിപ്പിച്ചു. പുള്ളിയാരി നാരായണൻ കൈപ്പട.' ഈ ഗ്രന്ഥശാലയിലെ 12364B. നമ്പർ ഗ്രന്ഥമാണ് ഈ പ്രസിദ്ധീകരണത്തിന് അവലംബം.

വന്ദനശ്ലോകങ്ങളിൽ ഒന്നിൽ ശ്രീഹർഷൻ, കാളിദാസൻ തുടങ്ങിയ പൂർവ്വകവികളെ വന്ദിക്കുന്നു.

നഹുഷപുത്രനായ യയാതി സഖിയായ ശർമ്മിഷ്ഠയാൽ കിണററിൽ തള്ളപ്പെട്ട ദേവയാനിയെ രക്ഷിയ്ക്കുന്നതും പിന്നീട് ആ ശുക്രപുത്രിയെ പരിണയിക്കുന്നതും ആണ് ഇതിലെ കഥാകേന്ദ്രം. ശർമ്മിഷ്ഠയും സഖിമാരും ദേവയാനിയും ജലക്രീഡ ചെയ്യുന്നതും, അവർ പരസ്പരശരീരസൗന്ദര്യത്തിൽ ബോധവതികളിയായിരിക്കുന്നതും കവി അഭംഗിയില്ലാതെ വർണ്ണിക്കുന്നു. ശുക്രൻ ശർമ്മിഷ്ഠാപിതാവായ വൃഷപർവ്വാവിനോടു കോപിക്കുന്നിടത്തെ ക്രോധരസം നന്നായി ആവിഷ്കൃതമായിട്ടുണ്ട്.

താഴവന ഗോവിന്ദനാശാൻ എഴുതിയ ഒരു ദേവയാനിസ്വയംവരം 55 ആട്ടക്കഥകൾ എന്ന ഗ്രന്ഥത്തിൽ ഉൾപ്പെടുത്തി പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ഈ ഗ്രന്ഥശാലയിൽ ഉള്ള ഒരു പകർപ്പിനെ [T M. 359] അവലംബമാക്കിയാണ് ദൂതവാക്യം എന്ന കൃതി പ്രസിദ്ധീകരിക്കുന്നത്. ഗ്രന്ഥാരംഭത്തിൽ ഗ്രന്ഥകർത്താവ്, ഗുരുവിനെയും,

ശ്രീ പത്മനാഭനെയും, വ്യാഘ്രഗേഹാധിവാസനേയും (വയ്ക്കത്തപ്പനേയും), വഞ്ചിക്ഷിതീശനെയും വന്ദിയ്ക്കുന്നു. ഇതിൽ നിന്ന് ഗ്രന്ഥകർത്താവ് തിരുവിതാംകൂർകാരനും തിരുവിതാംകൂർ മഹാരാജാവിൻെറ ആശ്രിതനും ആയിരുന്നു എന്നു കാണാം. ഇതിൽപരം ഗ്രന്ഥകാരനെപ്പററി ഒന്നും അറിവില്ല.

പാണ്ഡവർക്ക് വേണ്ടി കൃഷ്ണൻ കൗരവസന്നിധിയിൽ ദൗത്യം വഹിയ്ക്കുന്നതാണു കഥ. ദൗത്യരംഗത്തിൽ ധൃതരാഷ്ട്ര, ഭീഷ്മ, വിദുരാദികൾ ശ്രീകൃഷ്ണനോടു പ്രകടിപ്പിക്കുന്ന ഭക്തിയും, ദുര്യോധനൻെറ കടുത്ത അഹന്തയും, അവജ്ഞയും സമുചിതപദങ്ങളിൽ കവി പ്രദർശിപ്പിച്ചിട്ടുണ്ട്. ആദ്യരംഗത്തിൽ യുധിഷ്ഠിരനും, ദ്രൗപദിയും, ദ്രൗപദീദുഃഖപ്രതിപാദകമായ സംഭാഷണത്തിൽ പ്രവേശിയ്ക്കുന്നു. ഈ ആട്ടക്കഥയിലെ ശൃംഗാരരംഗത്തിൽ ഭാഗഭാക്കുകൾ ദുര്യോധനനും പത്നിയുമാണ്. കൃഷ്ണൻെറ പരിഹാസവാക്കുകൾ കേട്ട് ചൊടിയ്ക്കുന്ന ഭീമനിൽ രൗദ്രരസം നന്നേ വ്യഞ്ജിയ്ക്കുന്നുണ്ട്. മലയാളത്തിലെ ഒന്നാംകിട ആട്ടക്കഥകളിൽ നിന്നു വളരെ താഴെയല്ല ഭാഷയും, കവിതാഭംഗിയും.

സുബ്രഹ്മണ്യൻ താരകാസുരനെ വധിയ്ക്കുന്നതാണു താരകാസുരവധം ആട്ടക്കഥയിലെ കഥ. വന്ദനശ്ലോകം ഒന്നു മാത്രമേ ഈ ആട്ടക്കഥയിൽ കാണുന്നുള്ളു. അതു കാർത്തികേയസ്തുതിപരവുമാണ്. പുറപ്പാടുശ്ലോകത്തിൽ, താരകാസുരഭയത്താൽ, നാടും വീടുംവിട്ട് കാട്ടിൽ അലഞ്ഞുതിരിയുന്ന ദേവേന്ദ്രനെ അവതരിപ്പിക്കുന്നു. മണിമയസൗധത്തിൽകഴിഞ്ഞ ഇന്ദ്രാണി കല്ലും മുള്ളും നിറഞ്ഞ കാട്ടിൽ കഴിയേണ്ടിവന്ന അവസ്ഥയെക്കുറിച്ച് സങ്കടപ്പെടുന്ന ദേവേന്ദ്രൻെറ വാക്കുകൾ കരുണരസാവിഷ്കാരകങ്ങളാണ്. താരകപത്നിയും താരകനുമാണ് ശൃംഗാരരംഗത്തിലെ നായികാനായകന്മാർ. യുദ്ധരംഗം വേണ്ടവണ്ണം കവി കൈകാര്യം ചെയ്തിട്ടുണ്ട്.

നിസർഗ്ഗകവിതാശക്തി താരകാസുരകർത്താവിനുണ്ട് എന്ന് പല ഭാഗങ്ങളിലും വ്യക്തമാകുന്നു. ചിലയിടത്ത് മിടുക്ക് കാട്ടുന്ന പദ്യങ്ങളും ഉണ്ട്. 'കാലേ മാലേയബാലാനില......'ഇത്യാദി 205-ാംപുറത്തു കാണുന്ന പദ്യം നോക്കുക.

ഈ കൃതിയുടെ കർത്താവു് ആരെന്നു് ഒരു സൂചനയും കിട്ടുന്നില്ല. ഈ ഗ്രന്ഥശാലയിൽ ഉള്ള C 2201 F നമ്പർ ഗ്രന്ഥമാണു് പ്രസിദ്ധീകരണത്തിനു് ആലംബം.

അപ്രകാശിതങ്ങളായ ആട്ടക്കഥകളുടെ ഈ പ്രസിദ്ധീകരണം ഈ വിഷയത്തിൽ താത്പര്യം ഉള്ളവർക്കു് പ്രയോജനപ്രദമായിരിക്കും എന്നു് വിശ്വസിക്കുന്നു.

ഈ ഗ്രന്ഥപ്രസാധനത്തിന്റെ പ്രാരംഭഘട്ടത്തിൽ മുൻ ആണറിഡയറക്ടരായ ശ്രീ. ശൂരനാട്ടു കുഞ്ഞൻപിള്ള മേൽനോട്ടം വഹിച്ചിട്ടുണ്ടു്. അദ്ദേഹത്തോടു ഞാൻ കൃതജ്ഞനാണു്. ഇതിന്റെ പ്രസാധനത്തിൽ ഈ സ്ഥാപനത്തിലെ റിസർച്ചു് ആഫീസറായ ശ്രീ. എം മാധവൻ പിള്ളയും, അസി. റിസർച്ചു് ആഫീസറന്മാരായ ശ്രീ. മുരളീധരൻ നായർ, വി. ചന്ദ്രശേഖര പിള്ള എന്നിവരും എന്നെ സഹായിച്ചിട്ടുണ്ടു്.

| | |
|---|---|
| യൂണിവേഴ്സിററി<br>മാന്യുസ്ക്രിപ്ററ്സ് ലൈബ്രറി,<br>തിരുവനന്തപുരം<br>8—2—60 | ഡോ. കെ. രാഘവൻ പിള്ള,<br>ക്യൂറേററർ |

UNIVERSITY LIBRARY
2 MAR 1965
MADRAS

# മുചുകുന്ദമോക്ഷം

## (ആട്ടക്കഥ)

ജംഭാരിപ്രമുഖാംഭസാംനിധിമുഖ-
പ്രോദ്ഭൂതസാമസ്വനോ-
ജ്ജൃംഭത്തുംഗതരംഗഗുംഫിത-
ഭുജാംഭോജൈശ്ച സംപൂജിതം
ശംഭോരാത്മഭുവം ജടാംഭസ
ഉദഗ്രാംഭോദനാദം വിഭും
സംഭൃത്യൈ മമ കുംഭിരാജവദനം
ത്വാം ഭാസുരം ഭാവയേ.

വിദ്യാവിദ്യാകാരിണീ ചാരുവാണീ
വാണീ വേണീനിർജ്ജിതാംഭോദരാജിഃ
രാജദ്രാജീവാനനാ ശ്രീകടാക്ഷൈ
രക്ഷാദക്ഷൈഃ പാതു മാം പങ്കജാക്ഷീ.

കാളാംഭോദനിഭപ്രഭാം ത്രിനയനാം
ദംഷ്ട്രാകരാളാനനാം
കേളീഘോരതരാട്ടഹാസസഹിതാം
കാലാരിനേത്രോദ്ഭവാം
നാളീകാസനജംഭവൈരി-
മുനിവൃന്ദാദ്യൈഃ സമാരാധിതാം
ക്രുളീഭൈരവഭൂതമുഖ്യമിളിതാം
കാളീമഹം ഭാവയേ.

ഇന്ദ്രോപലാസിതമനോഹരകേശപാശ-
മേഘാന്തരോദിതമുഖേന്ദുവിരാജമാനം
ഇന്ദ്രാദിദേവമകുടപ്രസൂമാവലീഭിർ-
ഭാസ്വത്പദം ശബരരുദ്രമഹം നമാമി.

ശ്രീഭൂതനാഥമരവിന്ദദളായതാക്ഷം
കീരേരണസദ്മനിലയം സുരസേവ്യമാനം
ശ്രീശേശനന്ദനമഹം ജഗദേകനാഥം
വന്ദേ സദാ ഗുണനിധിം കുലദൈവതം നഃ.

ഇന്ദുകാന്തിധരസുന്ദരാനനം
മന്ദഹാസരുചികോമളാധരം
കുന്ദബാണസമമോഹനാകൃതിം
നന്ദസൂനമഹമന്വഹം ഭജേ.

ഹിമഗിരിതനയാകുചാംഗസംഗ-
പ്രമുദിതചിത്തസരോരുഹം ത്രിനേത്രം
ഹിമകരകരമന്ദഹാസവക്ത്രാ
മമ ദുരിതാപഹരായ തം സ്മരാമി.

ദുരന്തേ സംസാരേ വിധുമുഖി! നിമഗ്നാഃ പരവശാഃ
കദാചിത് തേ ദേവ്യാഃ സ്മരണലവമാത്രേണ വിരജാഃ
സുരാണാം ചാലഭ്യം തവ ചരണപങ്കേരുഹയുഗം
സദാമേ! മച്ചിത്തേ വിലസതി തതഃ കിം ന ലഭതേ.

പ്രത്യർത്ഥികണ്ഠരുധിരോക്ഷിതഖഡ്ഗഹസ്താം
ഭൃത്യാർത്ഥിനാം സുഖകരീം ഭവജാം പുരസ്താാം
പ്രീത്യർത്ഥമേവ ഭവദീയകൃപാം സമസ്താ-
മഭ്യർത്ഥയേഽഹമഭിവന്ദ്യ ജഗത്പ്രശസ്താം.

സാഹിത്യാംബുനിധിം സ്വധർമ്മനിരതം
ഭൂമീസുരാണാം വരം
ദേവധാ മജ്ജനകം ദയാനിധിമഹം
വന്ദേ ജയന്താഭിധം

സാരജ്ഞം സകലാഗമസ്യ നിതരാം
ശ്രീപദ്മനാഭപ്രഭോർ-
ഭക്തം തസ്യ കൃപൈവ മാമനുദിനം
സംരക്ഷതാദക്ഷതാ.

അജ്ഞാനവൃക്ഷതിമിരാരുണമാഗമാനാം
പ്രാജ്ഞം ശുകൈകണപുരരാട്കുലദേശികം തം
യജ്ഞാകൃതിം ലിപിമനർഘശലാകയാ മ-
യ്യാജ്ഞാപിതം ഗുരുവരം സതതം നമാമി.

നാരായണാംഘ്രിസരസീരുഹസക്തചിത്തം
കീരെരണമന്ദിരമഹീപതിലാള്യമാനം
നാരായണം ദ്വിജവരം സകലം പുരാണ-
പാരായണേഽതിനിപുണം ഗുരുമാശ്രയേഽഹം.

സൂര്യകോടിനിഭഭൂരിഭാസുരകിരീടഹാരവരഭൂഷണം
വാരിജാരിദരനീരജാരിസുഗദാവിരാജിതകരാംബുജം
നീരദാളിസുരരാജനീലമണിചാരുമേചകകളേബരം
ശാരദേന്ദുകരഹാസസുന്ദരമുഖം സ്മരാമി ഫണിശായിനം.

ഭൂമണ്ഡലാന്തരവിരാജിതരാജശേഖ-
രാഖണ്ഡലസ്യ നതലോകസുരദ്രുമസ്യ
ദോർദ്ദണ്ഡമണ്ഡിതകൃപാണഹതാരിവഞ്ചി-
മാർത്താണ്ഡരാഡ്വിജയതേ ഭവതോ ജയശ്രീഃ.

ശ്രീകൃഷ്ണം ശശിശേഖരം ഗജമുഖം
ശ്രീഭൂതനാഥം ഗുഹം
ശ്രീവ്യാസം ച കിരാതരുദ്രമരുണം
ശ്രീപാർവ്വതീം ഭാരതീം
ശ്രീദേവീം ജനനീമജം ച ജനകം
ശ്രീഭദ്രകാളീം ഗുരൂൻ
ശ്രീമദ്വഞ്ചിപമഗ്രജൌ ച വിബുധാൻ
ശ്രീപദ്മനാഭം ഭജേ.

സാവേരി-ചെമ്പട.

ശ്രീരോഹിണീഹൃദയമോദകരൈഃ കരാഗ്രൈ-
രുത്സാദയൻ വിമതകംസമഹാന്ധകാരം
നാരായണോഽഥ മധുരാഗിരിഹർമ്മ്യസാനൗ
സംപ്രീണയൻ നിജജനാൻ വിധുരാവിരാസീത്.

ദേവദേവൻ മുരാന്തകൻ ദേവരാജമാന്യൻ
ദേവകീനന്ദനൻ വസുദേവഭാഗ്യോദയൻ

ഉഗ്രനാകും രിപുകംസനിഗ്രഹണം ചെയ്തു
ഉഗ്രസേനമധിരാജ്യമഗ്രേസരം ചെയ്തു

താതജനനിമാരുടെ പാദാംബുജയുഗേ
ആദരാൽ നമസ്കരിച്ചു മോദമാശു കലയൻ

ഭൂമിഭാരഹരണാർത്ഥം രാമനോട്ടും സാകം
കോമളയാം മധുരയിൽ സാമോദം വസിച്ചു.

കാമോദരി—ചെമ്പട.

അഥ സരസിജനേത്രഃ സീരിണം ചാപി നത്വാ
മുരുവരപുരവാസപ്രേരിതാശാപ്രമോദഃ
സുരുചിരഗിരമൂചേ സാദരം സോദരം തം
ഹരിരിവ പരമേശം നീതിസാരോ മുരാരിഃ.

ശ്രീമൻ ജഗദഭിരാമ സഹോദര ധീമൻ! ശൃണു വചനം
രാമ! ശ്രിതജനകാമദ! തവ പദതാമരസം കലയേ ഹലായുധ!
—ശ്രീമൻ—

യദുകുലസരസീ വിരാജിതസുരുചിര
യാദവവരസരസീരുഹഭാനോ!
മേദുരരിപുവരഘോരമഹാവന-
സൂദനപടുതരദാവകൃശാനോ! —ശ്രീമൻ—

ആൎയ്യ ! മനോഹര ! പരമജനാനാം
കാൎയ്യമതല്ലോ ഗുരുകുലവാസം
ശൗൎയ്യഗുണാലയ ! വിരവൊടു നമ്മാൽ
ധൈൎയ്യനിധേ ! സുമതേ ! കരണീയം. —ശ്രീമൻ—

മാന്യരിലുത്തമനവനിസുരേന്ദ്രൻ
സാന്ദീപനി കാശിയിൽ വാഴുന്നു.
നന്ദിയൊടവനെ വരിക്കിൽ നമുക്കിഹ
ധന്യമതേ! ബഹുഗുണമുളവാകും.

ശ്രീമൻ ജഗദഭിരാമ സഹോദര ധീമൻ! ശൃണു വചനം.

കല്യാണി—ചെമ്പട.

നന്ദകുമാരക! നന്നിതു നിന്മൊഴി
മാന്യസമൻ തവ നഹി പാരിൽ

ഉന്നതകൗതുകമിഹ നല്കുന്നു
വരേന്ദുസമാനന! മമ മനതാരിൽ—നന്ദകുമാരക !—

വാസവനീലമഹാമണിമണ്ഡല-
ഭാസുര ! ദിവ്യവിഭൂഷണ!
വാസുദേവ ! വിധുകരദരഹാസ-
വിലാസമേളിതസുധാകളഭാഷണ !—നന്ദകുമാരക!—

താതസമീപേ ചെന്നവരോടിതു
ചേതോഗതമുരചെയ്തു സാദര-
മവരോടനുജ്ഞ ലഭിച്ചു നമുക്കു
ഗമിക്ക ജവേന സഹോദര!

നന്ദകുമാരക ! നന്നിതു നിന്മൊഴി
മാന്യസമൻ തവ നഹി പാരിൽ •

ബിലഹരി—ചമ്പ.

സ്വൎഗ്ഗാപവൎഗ്ഗദപവിത്രതരാഭിധാനോ
ഗൎഗ്ഗേണ വംശഗുരുണാ വിധിനോപനീതഃ

ഭർഗ്ഗാന്നിവൃത്തപിതരാവഭിവന്ദ്യ നൃണാം
മാർഗ്ഗം വിഡംബ്യ നിജശാരഹരിഃ സ രാമഃ

താത ! വന്ദേ ഭവൽപാദയുഗളം ഞാൻ
ചേതോലസജ്ജ്ഞാനവീതഭവതാപ ! —താത—

ജനകജനനിമാരുടെ ജനനസഫലാത്ഥമായി
തനയജനനമെന്നതും ജനക ! ജഗൽപ്രസിദ്ധം
വിനയമതേ ! ഞങ്ങൾക്കതു കനിവൊടിഹ ചെയ്യാൻ, ദൈവം
അനുകൂലമായി, തവ മനസി സുഖം മോചയ—താത—

ഭർഗ്ഗപാദഭക്തനായ ഗർഗ്ഗനാം വംശഗുരു
സദ്ഗതിക്കുപദേശിച്ചു മാർഗ്ഗമതു ചെയ്യാൻ
നിർഗ്ഗമിച്ചു കലാവിദ്യാവർഗ്ഗമതു ഗ്രഹിപ്പതിനു
അർഗ്ഗളം കൂടാതനുഗ്രഹിച്ചയച്ചാലും—താത—

മലഹരി—ചമ്പ.

വത്സ ഹേ രാമ ! മത്സുത ഹേ കൃഷ്ണ !
ഉത്സാദിതാ നിന്നാൽ കുത്സിതാ മേ ദശാ—വത്സ—

തപ്തസവിത്രിയോടും ബദ്ധവത്സരമായി
കംസഭർത്സിതനായ്പാണു ഞാൻ വത്സ മുകിൽവർണ്ണ !
തപ്തസാന്നിധാനം പരചിത്സുഖാനുഭവ-
മത്സാംഗേ വന്നാലും ഉത്സുകയ മേ ചിത്തം—വത്സ—

കേശവ ! നിങ്ങളുടെ കേളികൾ കാണ്മാൻ മമ
ആശയേ വളരുന്നു കൗതുകമഹോ!
ദേശികാലയവാസം കാര്യമെന്നാൽ പോയി
ക്ലേശാപഹം നിങ്ങൾ ആശു വന്നീടുവിൻ—വത്സ—

ഏവം നിശമ്യ പിതരാവഭിവന്ദ്യ യാത്രാ-
മാഭാഷ്യ രാമസഹിതോഽഥ ജനാർദ്ദനോഽസൗ
സാന്ദീപനിം ദ്വിജവരം സകലാഗമജ്ഞം
ദ്രഷ്ടും പുരാദഖിലലോകപതിഃ പ്രതസ്ഥേ.

മദ്ധ്യമാവതി—ചെമ്പട.

താവദ് വിചിന്ത്യ തദനു സ്ഫുടഘോരനാദൈഃ
സാർദ്ധം മുരാന്തകവധീനഷ്ടമരിഷ്ടകാന്തം
പ്രസ്ഥായ കൈടഭരിപും പ്രതി വജ്രദംഷ്ട്രാ
രുദ്ധ്വാ ജവാൽ പഥി ഹരിം സബലം ബഭാഷേ.

അഹോ! ശകുനം പ്രതി ഗമനം

ബഹുദിനമിവരുടെ വരവതു കരുതീ-
ട്ടഹമിങ്ങെത്ര നടന്നു വൃഥാ പുന-
രിഹ മമ ദൃഷ്ടിപുരസ്സരമായി-
സ്സഹസാ വന്നതുമെന്നുടെ ഭാഗ്യം; — അഹോ—

വത്സരമെത്രവരെയ്ക്കും ഞാനിതി—
നുത്സാഹിച്ചു വരുന്നതുമിവരുടെ
കുത്സിതഗർവ്വമടക്കിടുവാനിഹ
നൽസമയം മമ വന്നതിചിത്രം; —അഹോ—

അരിഷ്ടനാകിന മമ വരവീരനെ
വരിഷ്ഠ (രെ?നെ) സംഹരിച്ച നിങ്ങൾ-
ക്കരിഷ്ട പരിചിനൊടടുത്തഹോ !
വജ്രദംഷ്ട്ര ഞാനെന്നറിക കിശോരരേ ! —അഹോ—

കളക കരളിൽ വളരുന്നൊരഹമ്മതി
കളഭാഷിണിപത്രപൂതനയല്ലഹം
(അ?ക)ളവിലൊളിച്ചു ഗമിക്കും നിങ്ങടെ
കളിപൊലിമകളതു കാണണമിനിമേൽ. —അഹോ—

പന്തുവരാടി-ചെമ്പട.

രൂക്ഷതരം വചനം കപട! തവ
രൂക്ഷതരം വചനം.

ഇക്ഷണമവലക്ഷണയാം നിന്നെ
ശിക്ഷിക്കുവനതിമൂഢേ! —ത്രക്ഷതരം—

ആളെന്നാലിഹ വരിക നീ സമര—
ക്കളമതിൽ നിന്നെ ഹനിക്കും
കേളികളൊടു ബത ക്രൂളികൾ തവ തന്മ
മേളിച്ചങ്ങു ഭുജിക്കും; —ത്രക്ഷതരം—

ഹ ഹ ഹ! ശിശുക്കടെ ദുർമ്മദമഖിലവു—
മഹമിഹ തീർപ്പതിനായ് ക്ഷണാൽ
അഹിതരെ വിരവിലെടുത്തു ഗമിക്കും
ബഹുരസമൊടു സമരാങ്കണാൽ.

ഹാസ്യതരം ചരിതം ബത നിങ്ങടെ
ഹാസ്യതരം ചരിതം.

കാളി കരാളേ! കളവുകൾ ദൂരെ
കളക നീ വിരവിലസാരേ
തെളിവൊടു മൂലകളറുത്തെറിവേൻ നിൻ
കളിയല്ലളവിനൊടാസുരേ! —ത്രക്ഷതരം—

കാമോദരി—അടന്ത—

യുദ്ധേ നികൃത്യ തരസാ സ ത്രു വജ്രദംഷ്ട്രാ—
നാസാശ്രുതിസ്തനയുഗാനി സകാമപാലഃ
സാന്ദീപനിം സമഭിഗമ്യ സവിസ്മയം തം
വിദ്യാം പ്രണമ്യ സകലോഽപി കലാംയയാചേ.

സ്വാമിൻ! നമോഽസ്തു തേ ധീമൻ! കലാനിധേ!
രാമനഹമിവനും കൃഷ്ണനാമാ
ഗുരുകുലവാസം ചെയ്തീടുവാനാഗമിച്ചു ഞങ്ങളും
വിദ്യാർത്ഥികളായ ഞങ്ങൾക്കു നിന്നുടെ
പ്രീത്യാ ഗ്രഹിച്ചീടുവാനിന്നു
വിദ്യകളെല്ലാമനുഗ്രഹിച്ചീടണമദ്യാനവദ്യ! ഭവാൻ.

രാമ ! ചിരഞ്ജീവ ശ്യാമളാകൃതേ കൃഷ്ണ !
കാമദ! യുവാം കാൺകയാൽ
പൂർണ്ണസോമാവലോകനാലംബുധി പോലിഹ
പ്രേമസന്തുഷ്ടനായഹം .

അസ്തു തഥൈവ വാം ചിത്താഭിലഷിതം
നിസ്തുല്യവീര്യനിധീഹൃദി
അത്യാദരം വിദ്യ നിത്യവുമഭ്യസി-
ച്ചത്ര വാഴ്‌വിൻ നിങ്ങളും .

ശുശ്രൂഷാദ്യൈഃ പ്രഹൃഷ്യൽ ഗുരുമുഖസകൃദു-
ക്താശ്ചതുഷ്ഷഷ്ട്യഹോഭി-
സ്തത്സംഖ്യാതാഃ കലാഃ സംജഗൃഹതുരഥ താ-
ഭ്യാം വൃതോ ദക്ഷിണാർത്ഥം
മത്പാ ബുദ്ധ്യാദിഭിസ്തൗ ഗുരുരതിമനുജാ-
വിത്ഥമാലോച്യ ദാരൈഃ
പ രാവാരേ പ്രഭാസേ മൃതനിജസുതലാ-
ഭം യയാചേ ചിരായ .

ഇന്ദ്രപ്രയുക്തരഥമാശ്വധിരുഹ്യ മോദാ-
ദിന്ദ്രോപലസ്ഫടികഭാസുരകൃഷ്ണരാമൗ
സാന്ദ്രപ്രവൃദ്ധപുളകാവഥ തൗ മഹീസു-
രേന്ദ്രാത്മജം വിവശതുർജ്ജലധിം ഗവേഷ്ടും .

ദണ്ഡകം

നാരായണൻ കലുഷദൂരാന്തരാംബുജവി-
രാജൻ മുരാന്തകനുദാരൻ
നിരുപമവിഹാരൻ നരവരശരീരൻ
സരസിരുഹവരവിശിഖനൊരുമയിലൊരായിര-
മിവ(വര)രുചിരചാരുസുകുമാരൻ

വിദ്യാമശേഷമവനുദ്യോഗമോടു ബത
സദ്യോ ഗ്രഹിച്ചതികൃതാർത്ഥൻ
ഗുരുദക്ഷിണാർത്ഥം സീരിയോടു സാർദ്ധം
തദനു ഗുരുവരനുടയ ജലധിമൃതബാലകനെ
വരുണനോടു യയാചേ സമർത്ഥൻ

പഞ്ചായുധോപമനൊടഞ്ചാതെ പാശി ബത
നെഞ്ചം തെളിഞ്ഞഥ പറഞ്ഞു
മന്ദത വെടിഞ്ഞു മംഗലമണഞ്ഞു
പഞ്ചജനനെന്ന സുരവഞ്ചകനൊരുത്തനിഹ
സഞ്ചരനടക്കി ശിശു മാഞ്ഞു ;

ഇത്ഥം നിശമ്യ ഗിരമത്യന്തരോഷമൊടു
യുദ്ധായ ദൈത്യമതിഘോരം
ചെന്നഥ വിളിച്ചു ചിതമൊടറിയിച്ചു
ബലസഹിതനസുരനുടെ വരവുമതു പാർത്തധികം
സന്നദ്ധനായ് ഹരി വസിച്ചു.

സാരംഗം—ചെമ്പട.

ശ്രുത്വാ കർണ്ണസുദുസ്സഹം മധുരിപോ-
ജ്ജ്യാഘോഷമംഭോനിധേ-
രന്തഃസ്ഥോഽസുരപുംഗവഃ സരഭസം
യുദ്ധായ ബദ്ധാദരഃ
ധൃത്വാ മുദ്ഗരമുഗ്രനേത്രഭയകൃ-
ദ്ദംഷ്ട്രാകരാളാനനഃ
ക്രുദ്ധഃ പഞ്ചജനാഭിധഃ പഥി ലപന്നു-
ന്മത്തവത് പ്രസ്ഥിതഃ .

ആരിഹ രണമതിനായി വിളിച്ചോരു
വീരനെവൻ വിരുതൻ?
ആരെങ്കിലുമിഹ ഭീരുതയൊടു പുന-
രോടുമെന്റെ നേരെ വന്നിടുന്നവൻ ; —ആരിഹ—

തരസാ രിപുമഹസാ മമ ഭുജ-
സാരതയലസാ ബത
ഹരിയൊടെതിർത്തൊരു കുറുനരിപോലിഹ
സാരമെന്ന്യെ ദൂരെയാക്കുമവനെ ഞാൻ ; —ആരിഹ—

ശക്രൻ ഗജവക്ത്രൻ ചതുർവക്ത്രൻ ജലശക്രൻ
സുരചക്രമോടു ചക്രപാണിയെങ്കിലുമാക്രമിക്കിൽ
വിക്രമേണ വെല്ലുവൻ ; —ആരിഹ—

അഹിതം ബലസഹിതം
പരിഹസിതം ഗതമിഹ തം
ക്ഷണമഹഹ! സമിതി നിഹതനാക്കുമഹമിഹ
സാഹസേന മോഹമോടു വന്നവൻ . —ആരിഹ—

ആഹരി—ചെമ്പട.

കല്പാന്താനല്പകോപക്ഷുഭിതഫണിവര-
ക്ഷ്വേളനിഃശ്വാസവാത-
ത്രസ്തോദ്ഭ്രാന്താതിഘോരാരവതരളതര-
ക്ഷ്മാബ്ധിനിധ്വാനനാദഃ
വക്രഃ ശക്രപ്രഭാവഃ സുരരിപുരബലം
കൃഷ്ണമാലോക്യ രോഷാദ്
ഗംഭീരാം വാചമൂചേ സബലമതിബലോ-
ദ്രിക്തഗർവ്വാന്തരംഗഃ .

വാരിധിയിൽ വന്നതാരഹോ ധൈര്യമോടെ
വാരിധിയിൽ വന്നതാരഹോ!
വാരിധീശനെങ്കിലും വിരോധമാശു കരുതി വരികിൽ
ആധിയോടു മണ്ടുമതിനു ബാധയില്ല നിർണ്ണയം ;
നെഞ്ചിലുള്ള തള്ളലോടു പഞ്ചജനനൊടേററു പൊരുകിൽ
പഞ്ചതാം ലഭിക്കുമിന്നു കിഞ്ചിദപി ന സംശയം .

കാനക്കുറിഞ്ഞി—പഞ്ചാരി.

സംശയം നിനയ്ക്കിലെവനു പഞ്ചത ഭവിക്കുമെന്നു
നെഞ്ചിലോർത്തു പോരു ചെയ്ക ചഞ്ചലം വിനാ;

അന്ധനായ നിന്നെയിന്നു ഹന്ത! കൊല്ലുമെൻെറ വീഴ്ചം
അന്തകനോടാശു ചൊൽക ചന്തമോട്ടു നീ;
ചന്തമോട്ടു കൊൽവതിന്നു ചിന്തിയാതെ വന്ന നിൻെറ
അന്തമാശു ചെയ്യുമതിനൊരന്തരം നഹി;
കുണ്ഠിതം വെടിഞ്ഞു ഝടിതി ശണ്ഠ ചെയ്കിലിന്നു നിൻ്റെ
കണ്ഠമാശു ഖണ്ഡയാമി കണ്ടുകൊൾക നീ.

സൗരാഷ്ട്രം—അടന്ത.

ഇത്ഥം പഞ്ചജനാഭിധസ്യ നിധനാവസ്ഥാം സുരൈർവർണ്ണിതാം
ശ്രുത്വാ ഹൃഷ്ടമനാസ്സദൈവ സഹസാ കംസാന്തകസ്യാന്തികം
ഗത്വാ പിഞ്ഛലസത് കിരീടകടകാദ്യാലംകൃതം തം ഹരിം
നത്വാ ഭക്തിപുരസ്സരം സ വരുണഃ പ്രോചേ നിബദ്ധാഞ്ജലിഃ.

സരസിജവിലോചന! സന്തതം നിൻപാദ—
സരസിജമഹം വന്ദേ സാദരം.
പരമപൂരുഷ! നിൻെറ കരുണാവാരികൊണ്ടെൻ്റെ
ദുരിതപങ്കമകററി പരിപാലയ മാം കൃഷ്ണ!
—സരസിജ—

സുജനദ്രോഹിയാമിന്നിദ്ദനുജനെ ഭവാൻ പോരിൽ
ദലനം ചെയ്തു മോദം മേ മനുജവിഗ്രഹ! തന്നോ—
രജനാം നിന്നുടെ പാദഭജനഭക്തി നൾകേണം;
രജനീനായകാനന മലിനമോചന ശൗരേ!
—സരസിജ—

വെറുതേ ഞാനരചെയ്യുന്നരുതേ നിന്മനതാരിൽ
അറുതിയിന്നസുരനു വരുവാനായിഹ ചൊന്നേൻ
അറിയാതെകണ്ടു ചെയ്തോരപരാധം ക്ഷമിച്ചെൻ്റെ
നെറുകയിൽ കരം ചേർത്തിന്നരചെയ്കാശീർവചനം.
—സരസിജ—

പീലിത്തിരുമുടിയും ഫാലേ നൽത്തിലകവും
ലലിതാപാംഗവും ഹാസാകലിതാനനാംബുജവും

വിലസൽതുക്കരം മാറും ചാലേ പീതാംബരവും
നലമോടംഘ്രിയുഗവും കലയേ ശ്രീപദ്മനാഭ !

—സരസിജ—

ശങ്കരാഭരണം—അടന്ത.

ദിക്പതേ നിഖിലസരിത്പതേ !
ചന്തമോടു നീ മമ അന്തികേ വരികയാൽ
അന്തരംഗത്തിലേററം സന്തോഷം വളരുന്നു.

–ദിക്പതേ !—

ദൈത്യഭീതി കൂടാതെ സത്യപാലനം ചെയ്തു
പ്രീത്യാ വാഴുക നീയും സ്വസ്തി ഭവതു തവ

–ദിക്പതേ !—

പാടി—ചെമ്പട.

ഹത്വാ ദൈത്യമമും വിദാര്യ ജഠരേƒദൃഷ്ട്വാർഭകം തദ്ഭവം
ഏത്വാ തം സബലഃ സമേത്യ നഗരീം യാമ്യാം സ ധർമ്മ ധരം
ശ്രുത്വാ തദ്ഭവമേത്യ തച്ചരണയോർന്നത്വാഥ കൃഷ്ണം ക്ഷണാ–
ദഭ്യർച്ച്യൈഷ തയോർവിധായ മഹതീം പൂജാമുവാചാന്തകഃ.

നാരായണ! നൗമി പുരാന്തക—
നാളീകഭവാദിസുരേശ്വര—
ഹീരാദിവിരാജിതമകുടൈ—
ർന്നീരാജിതചരണസരോജം ;

സംസാരസുഖത്തെ വെടിഞ്ഞൊരു
ഹംസാദ്യന്തഃസ്ഥിതരൂപം
മാംസാക്ഷിനിരീക്ഷിതമായതു
കംസാന്തക ! ഭാഗ്യമഹോ ! മേ ;

ഹേലാനിർമ്മിതനിഖിലചരാചര!
നീലാംബര ! സരസീരുഹലോചന !
ലീലാമാനുഷവേഷന്മാരാം
യുവയോഃ കിം കരവൈ ഭഗവൻ ?

ഭൂഭാരക്ഷപണായ ധൃതം
ഭൂമാവിദമത്ഭുതരൂപം
ഭൂയോ ഭൂയോऽപി ച കാണ്മാൻ
ഭൂമാ വരവരമരുളുക മേ ;

നിജകർമ്മമൃതം മമ ഗുരുവാം
ദ്വിജനന്ദനമാനയ വേഗം
ത്യജ നീതിവിരോധജചിന്താം
ഭജ ശാസനമലമഖിലേഷു മേ .

കേദാരഗൗഡം — ചെമ്പ

തദുക്തമാകർണ്ണ്യ ഹരേഃ സസംഭ്രമം
സചിത്രഗുപ്താൻ സ്വഭടാൻ പുരഃസ്ഥിതാൻ
പ്രശസ്തഭൂദേവസുതപ്രദാന-
പ്രവൃദ്ധതർഷോ ഗിരമാഹ ഭാസ്കരിഃ .

ചിത്രം ചരിത്രമിതു ചിത്രഗുപ്ത! കേൾ
അത്ര ജഗദീശാഗമത്തിന്നുടെ കാരണം;—ചിത്രം—

തീർത്ഥപാദന്റെ ഗുരു പുത്രപരിസ്വരാർഭകം
അഭ്യർത്ഥിതോ ദാതുമദ്യ ഹരിണാഹം—ചിത്രം—

യത്ര കുത്രാപി മമ പത്തനേ തം
വിപ്രപുത്രനെ നോക്കി സത്വരമിഹാനയ ;
—ചിത്രം—
കർമ്മാദികാര്യങ്ങൾ കഥനീയമല്ലിവിടെ
ധർമ്മാദി ഭഗവാന്റെ ശാസനമിതല്ലോ ;
—ചിത്രം—

മാരധനാശി— ചെമ്പട.

ധർമ്മരാജ മഹാമതേ ! നിർമ്മലകീർത്തേ!
നിർമ്മര്യാദമെന്നാലും നിന്നിൽ സമ്മതംപോലെ
ചെയ്തിടാം; —ധർമ്മ—

എങ്കിലജാമിളാദികൾ കിങ്കരബാധകരായി
ശങ്കിതനായതുമൂലം എങ്കൽ വേണ്ടിന്നപരാധം ; —ധമ്മ—

പങ്കജേക്ഷണകല്പന ശങ്ക കൂടാതെ ചെയ്യേണം
എൻകണക്കിക്കാര്യങ്ങളിൽ മുൻകണക്കൊടൊക്കുന്നില്ലാ .
—ധമ്മ—

വേകട — അടന്ത.

ആദായ ധമ്മാദഥ വാസുദേവോ
ഭൂദേവസൂനും പുനരേത്യ ശൗരിഃ
സാന്ദീപനിം തച്ചരണാരവിന്ദേ
സമർപ്യ നത്വാ നിജഗാദ വാചം .

ഗുരുവര! വന്ദേ തവ ചരണാരവിന്ദേ
ഗുരുകാരുണ്യമൊക്കേലും വരമെന്നുള്ളൊരു വാക്യം
പരമാത്ഥമതെന്നതു പരിചോടിന്നറിഞ്ഞേൻ ഞാൻ ;
—ഗുരുവര—

കരുണാംബുധേ! തേ ബാലം തിരവതിന്നായി
വരുണലോകേƒപി പാശിയുരചെയ്താസുരോദരേ
തിരഞ്ഞു കാണാഞ്ഞമം വൈതരണീതീരത്തു ചെന്നേൻ;
—ഗുരുവര—

നിൻകൃപാമൂലം ഭയങ്കരൻ കാലൻ
കിങ്കരനിവ വന്നിട്ടെൻകഴൽ തൊഴുതുടൻ
തൻ കമ്മത്തിനാൽ പ്രാപ്തമെങ്കിലും തന്നിവനെ ;
—ഗുരുവര—

സ്വാന്താഭിലാഷമന്യമെന്തൊന്നെന്നാലും
ചിന്ത വെടിഞ്ഞു ചൊൽകിലന്തേവാസികൾ ഞങ്ങൾ
ചന്തമൊട്ടു ചെയ്യാം ഹിതത്തെ ആശീരഭേദ്യാ
ഗുരുവര! വന്ദേ തവ ചരണാരവിന്ദേ .

മോഹനം—ചെമ്പട

മാനനീയ ! മമ മാനസമത്ര ഗത-
മൗനമായിഹ സുകീത്തേ !

മന്നിലെങ്ങുമൊരു മാനുഷൻ തവ
സമാനനായ് നഹിയമാനുഷമൂത്തേ ! ; —മാനനീയ—

പണ്ടു ധമ്മരാജൻ കൊണ്ടുപോയ ശിശു-
മിണ്ടലെന്നിയെ നീ നല്കുക
കൊണ്ടെനിക്കധികമുണ്ടു മോദമിഹ
കൊണ്ടൽവണ്ണ! കീത്തിപൂണ്ടു വാഴ്ക ; —മാനനീയ—

ഭാഗ്യരാശികളിൽ യോഗ്യനായഹം സൗ-
ഭാഗ്യമൂത്തേ ! ഭവൽക്കാരണാൽ
ഭോഗ്യമെന്നിലുമൊരാഗ്രഹം നഹി സ-
മഗ്രഹനായ് മനുജവിഗ്രഹാദരേണ . —മാനനീയ—

മുരതരചരണേ പ്രണമ്യ ഭക്ത്യാ
തദനു മുദാ സഹിതോ ഗുരുർമ്മുകുന്ദഃ
തദനു സ മധുരാം സമേത്യ മോദാത്
പിതൃബലമുഖ്യജനൈഃ സമം ന്യവാത്സീത് .

സൈരന്ധ്രീ വരഭൂഷണൈരഥ സൂമൈഃ
സമ്യക്സമാലംകൃതാ
കുബ്ജാ സാബ്ജവിലോചനാഞ്ചിതകര-
സ്പൃശാതിരംഭാദരാത്
സൈ്വരം സ്വാലയമാഗതം മുരരിപും
പ്രാപ്യാ ജഗന്മോഹനം
നത്വാ സോദ്ധവമബ്രവീന്മൃദുഗിരം
പ്രേമാഭിലാഷാന്വിതാ .

ഉശാനി—ചെമ്പട.

കനകലതാ സൈരന്ധ്രീ
കമലമുഖീ മുകിൽവണ്ണം
കനിവിനൊടങ്ങെതിരേല്പാൻ
തെളിവൊടവം കരുതി വന്നു

പുരികുഴലിൽ സുമജാലം
പരിചൊടലംകരിച്ചു മോദാൽ
രുചിരതരേ നിടിലതടേ
പരിലസിതം തൊട്ടുകുറിയും;

തരുണമനസ്സലിയും നൽ
തരുണിയുടെ കുനുചില്ലീ-
പരിചലനേനാനീതാ-
സ്സുരസജനാ ഇവ കണ്ടാൽ ;

സുലളിതമാം നയനയുഗം
സുഖകരമാലോകനവും
തിലകുസുമം തല താഴ്ത്തും
ചലിതമണി നാസികയും;

ഗണ്ഡതലേ മിന്നീടും
കണ്ണുലസൽക്കുണ്ഡലവും
വർണ്ണ്യമതല്ലധരഗുണം
പൂർണ്ണസുധാകരവദനം ;

കനകരുചി തടവീടും
സ്തനകലശം രോമാളീ
ജഘനതലേ മൃദുവസനേ
പരിവിലസന്മേഖലയും ;

പദകമലേ പാദസരാ-
ന്മൃദുരണിതം മോദകരം
സുദതിയുടെ രൂപഗുണം
സുരവധു തന്നിവരം കണ്ടാൽ .

ശരിക്കില—അടന്ത

കരുണാസാഗര! ലോകാഭരണനാം നിന്റെ
ചരണാരവിന്ദം വന്ദേ തരുണ! ഞാൻ,

ശരണാഗതവത്സല! തരുണിയാമെന്നെ
ഭരണം ചെയ്യേണമേ നീ കരുണയാ

പങ്കജേക്ഷണ! മമ സങ്കടം ചൊൽവാൻ
ശങ്കയേറുന്നു ചൊല്ലുന്നെങ്കിലും

സരസിജശരൻ പാരം വൈരമോടെന്നിൽ
ശരനിര തെരുതെരെച്ചൊരിയുന്നു;

തെളിയുന്നു ശശി, കാമം വളരുന്നു, ദേഹം
തളരുന്നു, വൃഥാ കാലം കളയുന്നു.

•

മല്ലവൈരിയാം നിൻെറ പല്ലവാധരം
മെല്ലവേ തരികെൻെറ വല്ലഭ !

നീലാംബരി — അടന്ത

നല്ലാരിൽമൗലിബാലേ! കല്യാണി ! കാന്തരാക്ഷി!
മെല്ലെ സല്ലാപം കേൾക്ക നീ മല്ലികലോചനേ !

മല്ലീശരൻെറ കലവില്ലിനെ വെല്ലും നിൻെറ
ചില്ലികൊണ്ടയി തല്ലൊല്ലാ പല്ലവാധരി !

ബന്ധുരാധരി, നിൻെറ ചന്തമാം ദന്തങ്ങളും
ബന്ധൂകാധരശോഭയും ദന്തിഗാമിനി !

മംഗലാംഗി, നിന്മുഖഭംഗികളോത്തു മനം
മങ്ങി മയങ്ങീടുന്നഹോ ! മംഗലശീലേ !

കുന്ദബാണാലയേ നിന്മന്ദഹാസചന്ദ്രിക
സുന്ദരി വഞ്ചിക്കുന്നെന്നെ ഇന്ദിരാകാരേ !

കുന്ദസൗരഭമേറും മന്ദമാരുതനിതാ
വന്നു വീശീടുന്നോമലേ, സുന്ദരാനനേ !

വണ്ടുകൾ മധുരസമുണ്ടു വനങ്ങൾ തേടി
മണ്ടീടുന്നതും കണ്ടാലും കൊണ്ടൽനേർവേണി!

മാലതീബാണനൻ കണ തൂകുന്ന മെയ്യിലിന്നു
ലീലകൾ ചെയ്‌വാൻ വൈകുന്നു നീലലോചനേ!
ലീലകൾ ചെയ്‌വാൻ വൈകുന്നു.

വിക്രാന്താഖിലമാനസോഽപി ഭഗവാൻ
സത്രാഽനയാ സാദരം
ചക്രേ ചിത്തജസംഗരം വരസുതം
ദത്ത്വാഥ തസ്യൈ മുദാ
അക്രൂരം പുനരേത്യ സോദ്ധവബല-
സ്തേന പ്രഹൃഷ്ടോ ജഗ-
ച്ചക്രേശഃ സ്വപുരേ രരാജ സുതരാ-
മിത്ഥം ച ചക്രായുധഃ.

പാടി—ചെമ്പട

കാലേ തസ്മിൻകദാചിത് സുചിലളിതവിലസ-
ച്ചന്ദ്രകാന്തപ്രദീപൈഃ
പ്രാലേയാംബുപ്രസൂനാനിലശശികിരണൈ-
ർഭാസമാനേഽസമാനേ
ലീലാസൗധേ വിരാജന്മണിശയനതലേ
സുസ്ഥിതോ ജീവനാഥാം
ബാലാമാശ്ലേഷലോലാം മൃദുഗിരമവദ-
ന്മാധവോ മന്മഥാന്ധഃ.

മാനിനിമാർമണിമാലേ! മാനനീയശീലേ!
യാനജിതഗജമൗലേ! സൂനകചജാലേ!

ചന്ദ്രാനനേ മമ നേത്രസുന്ദരചകോരങ്ങൾ
മന്ദഹാസചന്ദ്രികയാൽ സാന്ദ്രാനന്ദം തേടീടുന്നു.

സിന്ദൂരവിരാജിതഫാലേ ! സുന്ദരി ! നിൻവദനം കണ്ടു
മന്ദാക്ഷമോടംബുദനികരേ മന്ദമൊളിക്കുന്നു ശശാങ്കൻ ;

അരുണാംബരകാഞ്ചീകലാപേ തരുണാംഗി ! തവ കുചകുംഭം
തരണേ മമ മാറിലണച്ചു കരുണാംബുനിധേ! പരിരംഭം ;

പരിമളപങ്കജനേത്രേ ! പരമധുരം ബിംബാധരവും
പരമരസം പാനം ചെയ്തു പരമാനന്ദം തേടുക നാം .

സാവേരി—അടന്ത

വാരിജലോചന ! വീരമനോജസമാന !
വാരണവരഗമന !
സാരസുധാരസപൂരിതമൊഴി കേട്ടു
പാരമെൻമനതാരിൽ പരിതോഷം വളരുന്നു .

—വാരിജ—

ദരഹാസാനന മൃദുസരസിജമധുപാനം
സരസമോടു ചെയ്തേററം പരമാനന്ദവാരിയിൽ

കരുണാംബുധേ ! കളിപ്പാൻ പരിചോടെൻമനോഭൃംഗം
വിരവോടാഗ്രഹിച്ചു നിന്നരികിൽ വന്നു മേ കാന്ത !

—വാരിജ—

ചന്ദ്രനഹോ നമ്മെ കുന്ദബാണനു കാണ്മാൻ
ചന്ദ്രിക ചൊരിയുന്നു സുന്ദരാകൃതേ നാഥ !

സാന്ദ്രവൈരേണ കാമൻ മന്ദാനിലാദിപരി—
വൃന്ദങ്ങളോടു സാകം മന്ദേതരം വരുന്നു . —വാരിജ—

പ്രാണനായക ! മലർബാണനണഞ്ഞു സുമ—
ബാണങ്ങളെയ്യുന്നെന്നിൽ ഏണാങ്കാനന വിഭോ !

കാണിയും വൈകീടാതെ ചേണാന്നധരം നൽകി
ക്ഷീണഗാത്രിയാമെന്റെ പ്രാണരക്ഷണം ചെയ്ക.

—വാരിജ—

നാഥനാമക്രി—ചമ്പ

ഏവം മനോജസമരോത്സവഭഗ്നഗാത്രേ
   ദൈപമാതുരേ നിജവധൂസഹിതേ തദാനീം
വൈധവ്യതപ്തഹൃദയാംബുജമൗഗ്രസേനേ
   ർഭാര്യാദപയം സപപിതരം ഗിരമിത്യവോചത്.

ഹാ ഹാ! മഹാരാജ! പാഹി നൃവീര!
ദേഹി നിൻകാരുണ്യം സാഹായ്യഹീനേ;

കംസനാം വീരനെ കാര്യ്യമെന്നിയേ
ഹിംസിച്ചൊരു ഗോപൻ ഹീനാനുകമ്പം
—ഹാ ഹാ! —

ദേവകീനന്ദനൻ കൃഷ്ണനെന്നു പോൽ
കേവലം രാമനവനഗ്രജനെന്നു പോൽ
കിന്നു ചെയ്യേണ്ടു ഞങ്ങൾ മന്നവമണേ! കേൾ
നന്നു നന്നു ഞങ്ങടെ ദൈവവിഹിതം.
കഷ്ടം! മഹാമതേ! നിഷ്ഠുരകർമ്മം
പെട്ടെന്നു ചെയ്തതിൻശിഷ്ടം വിചാരയ
ധൈര്യ്യമുണ്ടെങ്കിലോ പാരാതെ ചെന്നു
വീര്യ്യവാന്മാരെ നീ പോരിൽ ജയിക്ക.

ഭൈരവി—ചെമ്പട

വല്ലഭേ, നീ കരയായ്ക തെല്ലുമേ താമസമെന്യേ
വല്ലവനാകിലുമിന്നഹോ
മല്ലലോചനേ! വെല്ലുവാൻ സംശയമില്ല മേ.

പുത്രികളെ, നിങ്ങൾക്കു വന്നത്തലും വെടിഞ്ഞു മമ
പത്തനത്തിലൊത്തു വാഴുവിൻ
തത്ര ചെന്നിതിനുത്തരം സതപരം ചെയ്യേൻ ഞാൻ

മദ്ധ്യമാവതി—ചെമ്പട

പ്രദ്ധ്വാനോദ്ധൂതപൃത്ഥ്വീധരവരനികരൈ-
രുദ്ധതൈരുദ്ധൃതാസ്ത്രൈഃ
സാർദ്ധം മൂർദ്ധാഭിഷിക്തൈർമ്മധുമഥന-
പുരസ്ഥാന്ധകാദീൻ നിരുന്ധൻ
യുദ്ധായോദ്ധഃ കദധ്വോന്മുഖശമനപരം
മാധവം ദ്രോഗ്ധുകാമഃ
ക്രുദ്ധഃ സ്പർദ്ധാലുരദ്ധാഹ്വയത സ മഗധ-
ക്ഷ്മാമഹേന്ദ്രോ നരേന്ദ്രഃ.

നേരേ വാടാ പോരിനായി, ഗോപഹതക
നേരേ വാടാ പോരിനായി.

രേ രേ ഗോപാലക നീ വീര-
നെങ്കിലെന്നോടു പോരിനാസ്സ്വരിക;
ഭീരുവായൊളിവിലിരിക്കി-
ലപഹസിക്കുമരികുലമിഹ. —നേരേ—

മഹോഗ്രഭുജബലയുതൗഗ്രസേനി-
മവിഗ്രഹേണ നിഹനിച്ചഹോ,
ദുരാഗ്രഹീ മാതുലാഗ്രമഹിഷിക-
ളനുഗ്രഹിപ്പതു ലഭിക്കുമോ?
സമഗ്രഭൂഷാദിയാഗ്രഹത്തോടു
മദഗ്രതോ വിലപതസ്സുതേ
വ്യഗ്രമെന്നിയേ നീ വാടാ നിന്നെ
നിഗ്രഹിപ്പനിഹ ഖേടാ ക്ഷണ-
മുഗ്രചാപശരഖഡ്ഗചർമ്മമൊടു മ-
ദഗ്രഭുവി രണാഗ്രഹമൊടു വരിക. —നേരേ—

രണത്തിലെന്നോടെതിർത്തിടാതങ്ങകന്നു വാഴുകിലിതുകാലം
സഹത്വരാപണഗ്രഹോത്തമാട്ടാലചിത്രനാനാബല്ലശാലം

പുരത്തെ വഹ്നിപ്രദീപ്തമാക്കിത്തകർത്തിടും ഞാൻ തവ മൂലം
ഇത്തരങ്ങൾ ഭവിയാതെ സവിധത്തിൽ വാ നീ മടിയാതെ,
യുധി മൃത്യു നിന്റെ അവനത്തിനുണ്ടുപരനൊരുത്തനേവൻ
കരുത്തനത്രമറിക നീ . —നേരേ—

നിനക്കു പരിചൊടു പടയ്ക്കു പരിചയം
നിനയ്ക്കിലെങ്ങനെ വരുന്നതോ
ഇടക്കുടികളിലെ പശുക്കളെയും കൊണ്ടാ
ശിശുക്കളോടു മേച്ചു നടപ്പതോ
വധുക്കളെ ച്ചതിച്ചുടക്കളയിൽ ചെന്നു
ദധിക്കലമഖിലമുടപ്പതോ
നില്ക്കു നില്ക്കു ഗവ്യചോര !നീ
മൽക്കരാഹതിക്കു പോരാ, ചതി-
യൊക്കയും തവ ഫലിക്കയില്ല മയി
രണക്കളമിതൊരിക്കൽ വരികറിക നീ. —നേരേ—

ശ്രുത്വാ മാഗധഭൂഭൃദുത്കടരണാ-
ഹ്വാനപ്രഘോഷം രുഷാ
ദധ്യൗ ചേതസി യോ മമാത്മഘടനേ
പ്രാപ്തോഽയമാപ്തോഽപ്യരിഃ
ക്രോശദ്ധാരം സബലഃ സമേത്യ സമരേ
ബദ്ധാദരഃ സോദരോ
രുദ്ധ്വാ ക്രുദ്ധവദിത്ഥമാഹ ഭഗവാൻ
ഗംഭീരമംഭോദവത് .

മാഗധ ! നില്ല നില്ലെടാ മൂഢമതേ! നീ
മാഗധ ! നില്ല നില്ലെടാ .

ആധി ജനങ്ങൾക്കേകും ബോധഹീനനാം നിന്റെ
ബാധയൊഴിച്ചിഹ മോദമതേകും മാധവനെന്നു ധരിക്ക.

—മാഗധ—

ഗോപകിശോരനല്ല ഗോരസമല്ലിതോർത്താൽ
പോരിനു വരികിലഹമ്മതി തീക്ഷ്ണവനരനിമിഷേണ ദുരാത്മൻ!

മാധവ! നില്ല നില്ലെടാ മൂഢമതേ! നീ
മാധവ! നില്ല നില്ലെടാം.

വാടാ രണഭൂമിയിലിപ്പോൾ
പാടവമുണ്ടെന്നാകിൽ
പേടി വെടിഞ്ഞതി ഝടിതിയടുത്തിഹ
പടപൊരുതീടുക മൂഢ! —മാഗധ—

ഘോരതരമാം ക്ഷുരധാരാശരങ്ങൾ കൊണ്ടു
ദാരണമങ്ങഥ തവ തനു ചെയ്തിഹ
സൂര്യ്യജനാശു ദദാമി. —മാധവ—

ആഹവം ചെയ്യാൻ ബദ്ധ
മോഹേന വന്ന നിന്റെ
ദേഹമിദം ലഘു മഹിതശരാഗ്നിയിൽ
ദാഹനമാശു കരോമി. —മാഗധ—

മദാന്ധം നിതാന്തം ജരാസന്ധമേനം
ബബന്ധാഥ രാമോ യദാ യുദ്ധമദ്ധ്യേ
തദാ തദ്വിമോക്ഷം സമീക്ഷ്യാത്മകാര്യ്യം
ദദൗ താർക്ഷ്യകേതുർവ്വിപക്ഷായ തസ്മൈ.

കൃതൈവം സമരം ച ഷോഡശമിതം
യോഽക്ഷൗഹിണീഭിസ്ത്രയോ-
വിംശത്യാ ച പരാജിതഃ പ്രതിരണം
ഭൂയോഽപി സോഽഷ്ടാദശം
ഉദ്യുക്തേ ചിരമോക്ഷ്യതീതി യവനോ
ബദ്ധ്വാ കൃതാം ദ്വാരകാം
മദ്ധ്യേഽബ്ധി സ്വജനാൻ സ്വയോഗബലതോ
നീത്വാവസന്മാധവഃ .

തുരുഷ്കവരപാരസീകമുഖബൗദ്ധകോടിത്രയൈഃ
പരിഷ്കൃത സമുൽഭ്രമൽഫലതിരസ്കൃതാഹസ്കരൈഃ

തുരുഷ്കവരപാരസീകമുഖബൌദ്ധകോടിത്രയൈഃ
പരിഷ്കൃതസമുദ്ഭ്രമത്ഫലതിരസ്കൃതാഹസ്കരൈഃ
സമം സ യവനേശ്വരഃ സുരമുനിസ്ഥലാഭാഷണാത്
നിരുദ്ധ്യ മധുരാം നിജാം നിജഗദേ നിരസ്തേശ്വരഃ

ചാരുതരമരുണൈസ്തു തം ഭജതാരുണം കിരണൈഃ
പാരാവാരവന്തിര പഹാരവകൃതസംഘോഷം
ഘോരതരവിരാജിതസരസീരുഹസ്മസംകുലം
ജംഭാരാതിസമാരംഭസുരസംഭാവിതപദാംഭോജം
*ളോകകളിഅതമസ്കുളണിമ്മൂളണാധികളംപടം.

—ചാ—

സോമസമധാമദേവമഹാമുനിഗിരം കിം ശ്രുതം
മേദുരാരിഗദാസരോജദരോജ്ജ്വലോരുചതുർഭുജം
കാളമേഘനീലകളകളേബരാ നളിനാക്ഷം തം
അഹന്നായ പടസന്നാഹൈർഭയനിഹ്നുതം നാം ജയിക്കേണം.

ചാരുതരമരുണൈസ്തു തം ഭജതാരുണം കിരണൈഃ

കേദാരഗൗളം —ചെമ്പട

ഭ്രാമ്യത്ഖേടവിശംകടോരുകറിനാഘാതോ-
ത്ഥിതൈതന്നിദ്ധ്വനൈ-
രുത്പത്യോല്ലിഖദംബരൈശ്ചലിതജിഹ്വാസി-
സ്ഫുരദ്ബാഹുഭിഃ
കോടിനാം തിസൃഭിശ്ച ബൌദ്ധനികരൈഃ
സാർദ്ധം പുരീം രോധയൻ
യുദ്ധാർത്ഥം യവനഃ പുരാണപുരുഷം
ഭാഷാം ബഭാഷേ രുഷാ.

രേ രേ! പോരിനു വരിക ദുരാശയ!
ശൗരേ! ഗോപകിശോര!
പാരമതായ് വളരുന്ന മദം തവ
ദൂരെയതാക്കിടുവേൻ ഞാൻ. രേ രേ! —

* ലോകകലിതതമസ്കല നിർമ്മൂലനാധികലമ്പടം (?)

വാരിധിതന്നിൽ മദിച്ചു വസിക്കും
നാരായണനെന്നാലും
പോരിലെതിക്കിലതക്കമമക്ക-
മഹമ്മതി പാക്കിലഹം കേൾ.

രേ രേ !—

സമരാജിരമതിലമരാധിപരും
മമ നേരിട്ടുമളവിൽ
സമരാധാപരിപോ കരി
ഹരിയോടെതിത്തു തിരിക്കുംപോലെ.

രേ രേ !—

മമ രാജിതകരനഖരായിത-
കരവാളാഘതിയേററു
യമരാജപുരേ പോയി-
ന്നമരുമതെന്നു ധരിക്ക സുഖം നീ

രേ രേ !—

ധാട്ടമതെന്ന്യേ നാരദവചസാ
കേട്ടു ഭവാൻെറ ചരിത്രം
കഷ്ടം ! കപടതയല്ലാതിന്നൊരു
ചേഷ്ടിതമില്ലതു പാത്താൽ

രേ രേ !—

ആകർണ്ണ്യാഹപാനമുച്ചൈർയവനകുലപതേർ-
ഗഹ്വരം ദേവദേവേ
സംക്രാന്തേ തം നിലീയ സ്ഥിതവതി യവനോ
ഹന്ത തസ്മിൻ മമാർഗ
ദ്രഷ്ടഃ സുപ്തോ നരേന്ദ്രസ്തദനു ഹരിധിയാ
തേന പാദാഹതഃ സൻ
ബുദ്ധോ ബൌദ്ധം തമീക്ഷ്യ ത്രിപുരസമദൃശാം
നേത്രവഹ്നാവനൈഷീൽ.

നാട്ടക്കുറിഞ്ഞി—ചെമ്പട.

ചക്രശംഖസൃഗദാബ്ജശോഭിതകരാബ്ജമാദിജഗദീശ്വരം
ശക്രനീലമണിമേചകം വിമതചക്രനാശനകരം പരം
നക്രരാജവരദം സരോജനിഭവക്ത്രമീക്ഷ്യ ഭവനാശനം
ചക്രപാണിമഭിനന്ദ്യ സാധു മുചുകുന്ദഭൂപതിരഥാബ്രവീൽ.

ആരഹോ കിം ഭവാനത്ര കാൎയ്യമെന്തും ചൊല്ലീടേണം
ആരോ മമ നിദ്രാഭംഗകാരീ ഭസ്മമായി പിന്നെ
ചാരത്തു കണ്ടേൻ ത്വാം തേജഃപൂരാഹതതമോലോകം;

ആരഹോ—

സൂൎയ്യേന്ദുപാവകാദികൾ പാരം തീവ്രശീതാഭന്മാർ
കാരുണ്യമൂൎത്തേ! ദിക്പാലന്മാരിലാരാണോ ഭവാൻ

ആരഹോ—

ഭാനുവംശജൻ ഞാനഭിധാനം മുചുകുന്ദനെന്നും
തേ നാമജന്മാദി കേൾപ്പാൻ മാനസേ വളരുന്നിഹ;

ആരഹോ—

നിന്നുടെ ദുസ്സഹതേജസ്സിനാൽ നഷ്ടൌജസ്സായേറെ
നിന്നോടൊരോന്നേ ചൊൽവതിനിന്നെനിക്കരുതാതായി.

മോഹനം—ചെമ്പട

എത്രയോ ബഹുകുലങ്ങളിൽ ജനി—
ച്ചിത്രയോ വളരെ നാമവുമുണ്ടു്
പാൎത്ഥിവരേണ്യനെണ്ണി പറകിലും
പാൎത്ഥിവ മമ ജന്മാദികൾ പറവതോ

നരദേവ! കേൾക്ക ഗിരം മേ പരമാൎത്ഥം സുമതേ!

അസ്തു തത്സരസിജാസനാദി ദേ—
വാൎത്ഥിതോഽഹമവനീഭരഹരണേ
അദ്യ യാദവകുലേ വസുദേവനു
പുത്രനായി വാസുദേവനിഹ ഞാൻ;

നര—

എന്നെയൊരിക്കൽ ശരണമണഞ്ഞവൻ
പിന്നെ വിഷാദിക്കരുതൊരുനാളും.
എന്നതിനാൽ ഞാനിവിടെ വന്നു
നിന്നെയനുഗ്രഹമിഹ ചെയ്വാനായ്.

യദ്യഭീഹിതം വര യത്
സുഖം നീ പ്രാർത്ഥിത: പുരാഹം
ഭവതാ തൽ ഭക്തവത്സലം മാം
പറവതിനിഹ ചിത്തതാരിൽ വേണ്ട സംശയം തേ.

നര—

മലഹരി—അടന്ത.

നാരായണോഽയമിതി തസ്യ ഗിരാ സ ബുദ്ധ്വാ
ഭ്രൂമൗ തനും കനകദണ്ഡവദാനിപാത്യ
നത്വാ സബാഷ്പപുളകം നിഹിതാഞ്ജലിഃ കേ
ഭക്ത്യാ മുകുന്ദമിദമാഹ മഹാനുഭാവഃ.

പാഹി പദ്മനാഭ ! മാം പരമദയാലോ !
മോഹിതോ മായയാ മോഘമാക്കി ഞാൻ കാലം ;
പാഹി—

മർത്ത്യജന്മം ജനിച്ചും ത്വാം യത്നമാം സേവ ചെയ്യാതെ
പുത്രദാരാദികളിലാസക്തനായിത്തന്നെ
നിത്യമല്ലാത്ത ദേഹത്തിൽ നിത്യമിപ്പാർത്ഥിവത്വമെ—
ന്നോർത്തസത്സംഗമാവാസം തത്തു ഭൂയോ ന ഭൂയാന്മേ;
പാഹി—

മന്യേ നിന്നനുഗ്രഹം തന്നേ രാജ്യഭാരം മാം
തന്നേ പോയൊഴിഞ്ഞിതുമെന്നു ഞാനും
അന്യമാം വരങ്ങളിലഭിലാഷമെനിയ്ക്കില്ല—
യെന്നും നിന്നുടെ പാദനളിനസേവനാലിന്നു
പാഹി—

ആരാധിച്ചു ഞാൻ പൂർവ്വം അരുണാംഭോരുഹാക്ഷം ത്വാം
ആരാൽ കണ്ടിതു തവ ചരണാംബുജം
തീരാതുള്ള സംസാരേ തിരിയെ വീഴാതിരിപ്പാൻ
നാരായണാഭയം നല്കേണം മമ കൃഷ്ണ !

പാഹി—

പൊറനീരു് —ചെമ്പട

സാർവ്വഭൌമ ! തരുവൻ വരമിതി മേ
സംപ്രതി വാക്കിനു വിമുഖനതായ് നീ
സർവ്വൈവ വിമലോർജ്ജിതമതി നീ
സാധുനതന്മമ ഭക്തജനേഷു. (?)

ത്വം തു പുരാ മൃഗയാദികളിൽ ചില
ജന്തുഹിംസ ചെയ്തുള്ളൊരു പാപം
ശാന്തമാവതിനു യത്നം തപസാ
സാംപ്രതം കുരു സമാഹിതമനസാ

ഭൂത്വാ വരുമൊരു ജന്മനി നീയും
ഭൂസുരനായ് സർവ്വസുഹൃത്സമനായി
തത്ര മുക്തിവരുമെങ്കലുറച്ചൊരു
ഭക്തിപൂർവ്വമിഹ തേ ശുഭമസ്തു.

ദത്വാ മുക്തിം ഭൂമിപാലായ കൃഷ്ണോ
ഹത്വാമിത്രാൻ വിക്രമീ ചക്രപാണിഃ
മിത്രൈസ്സാർദ്ധം ദ്വാരകായാമവാത്സീ-
ദിത്ഥംഭൂതഃ പാതു മാം പദ്മനാഭഃ

ശുഭം

# സാല്വവധം

## (ആട്ടക്കഥ)

ശീർഷോദ്യച്ചന്ദ്രഖണ്ഡം കരകലിതമഹാഭീഷ്മകോദണ്ഡദണ്ഡം
ദാനസ്രാവാർദ്രഗണ്ഡം പദസരസിജസംസക്തനാകേശഷണ്ഡം
ഹസ്തോദ്യദ്രത്നഖണ്ഡം സൂമഹിതമണികണ്ഠേശ്വരേ സന്നിഷണ്ണം
വന്ദേ വേതണ്ഡതുണ്ഡം മഹിതബലമഹാശത്രുസംഹാരചണ്ഡം.

ശ്രീബാലാദ്രിഗതാം ശ്രിതപ്രിയകരീം താമന്നപൂർണ്ണേശ്വരീം
ശ്രീകാരസ്കരകാനനസ്ഥിതിവരം ശ്രീശങ്കരം ശങ്കരം
ശ്രീനാഥം ശ്രിതലോകപാലനപരം ശ്രീശംബരാധീശ്വരം
ശ്രീനാഥാശ്രിതമാശ്രയേ പുരഹരം ലക്ഷ്മീപുരാധീശ്വരം.

ജംഭാരാതിചതുർഭുജാംബുരുഹഭൂശംഖാദിസംഭാവിത—
ശ്രീദുർഗ്ഗാപ്തകടാക്ഷലബ്ധസകലാഭീഷ്ടാർത്ഥതുഷ്ടാത്മനാ
ശ്രീമത്കോലമഹീശ്വരേണ രവിവർമ്മാഖ്യേന ലക്ഷ്മീപതേ—
രാഖ്യാതം ചരിതം ശുഭം കുരുത ഭോഃ ശ്രോത്രാവതംസം ബുധാഃ.

നിജഗുണഘനധാത്രീം നീലജീമൂതഗാത്രീം
നിഗമഭുവനമൈത്രീം നിർമ്മലോദാരകീർത്തിം
നിരുപമശുഭശക്തിം നിഷ്കളാമദ്രിപുത്രീം
ഭജത തിരുവർകാട്ടിൽ സംസ്ഥിതാം ഭദ്രകാളീം.

ആഹൂതഃ സ യിയക്ഷുണാ മധുരിപുർധർമ്മാത്മജേനാദരാ—
ദിന്ദ്രപ്രസ്ഥമവാപ്യ ചാദ്ധ്വരവരം വിഘ്നം വിനാ സാധയൻ
ഹത്വാ ചേദിമഹീപതിം ശഠമതിം ലോകത്രയപ്രീതികൃത്
സത്രാമിത്രകളത്രപുത്രനിവഹൈസ്തത്രാവസന്മന്ദിരേ.

ഹിമകരസമവദനൻ കമലാരമണൻ മുരദാരണൻ
അമലകമലനയനൻ അരമത രമണീയഗുണനിലയൻ
സുമനസാശുഗമധുരാകാരൻ ഹരിപ്രസ്ഥേ
സുമനസാച്ചിതചരണൻ വാമനയനാനിവഹൈരനുദിനം,

രാമസഹോദരൻ ദമിതദാനവനിചയൻ
കമലജഭവമുഖനുതചരിതൻ ഭാമാരതിലോലൻ
ഭവഭയശോഷണൻ ശുഭലീലൻ
ഇഭവരപരിപാലൻ ഭാസുരകരതലധൃതശൈലൻ.

ശങ്കരാഭരണം—ചെമ്പട

ഉദ്യാനേ മദമഗ്നകോകിലഗളത്പ്രോദ്യന്മനോജ്ഞസ്വനേ
സാന്ദ്രസ്യന്ദിമരന്ദവൃന്ദവിലസന്മാകന്ദകന്ദാഞ്ചിതേ
സൈ്വരം മാരമഹോത്സവോത്സുകമനാശ്ചാന്ദ്രേ സുസാന്ദ്രേ കരേ
പദ്മാക്ഷഃ പ്രമദാകുലാം പ്രിയതമാം പ്രോചേ പ്രസന്നാശയഃ.

**ശ്രീകൃഷ്ണൻ:—**

പങ്കജദളനയനേ! മങ്കമാർമൗലേ!
തിങ്കൾസമാനവദനേ!
സങ്കോചരഹിതയായങ്ങു വരിക മമ
കുങ്കുമാരുണവിധുമണ്ഡലം കാൺക! —പങ്കജ—

പദ്മജൻ തവ വദനനിർമ്മാണവിധൗ
പദ്മവൈരിബിംബസാരത്തെ
സമ്മദേന ഹരിച്ചതിനാൽ താവകമുഖം
നിർമ്മിതമിവ രാജതേ,
ചന്ദ്രിക ദിശി ദിശി പരക്കയാലിഹ
സാന്ദ്രമായി വന്നു പ്രകാശവും
കുന്ദകമുദസുമരാജികൾ താര—
വൃന്ദമിവ വിലസീടുന്നു ഭംഗിയിൽ
വന്നുതെളിഞ്ഞു ശശിപ്രഭ
അംഗജതാപവും വന്നുതുടങ്ങി. —പങ്കജ—

മല്ലികാശരനധികം ഉല്ലാസമായ
നല്ല വസന്തസമയേ
മല്ലസുമസുഗന്ധിയായി ഗന്ധവാഹനൻ
മല്ലലോചനേ! വരുന്നു,
കോകിലകളരവമോഹനദ്രുമസംഭവഫലദല
കോരകകോമളസുമചയഭാസുരവനശോഭയെ
കാൺക മനോഹരേ!
ഷട്പദസഞ്ചയം പുഷ്പമധുവുണ്ടു-
നല്ലരസേന മദിച്ചു വരുന്നു. —പങ്കജ—

കുഞ്ചിതാളകരാജിതേ! പഞ്ചസായകൻ
അഞ്ചിതപുഷ്പസായകം അഞ്ചാതെ ധരിച്ചതിനെ
ചഞ്ചലേക്ഷണേ! നെഞ്ചകമതിൽ തൂകുന്നു,
കിഞ്ചന മനസിജവരസമരം കുരു
ചഞ്ചലകുണ്ഡലമണ്ഡിതേ! വഞ്ചനരഹിതയാസ്സുരിക! നീ
വാഞ്ഛയാ തരിക ബിംബാധരം
ജൃംഭിതകുംഭീന്ദ്രകുംഭനിഭകുച-
കുംഭഭരേ! പരിരംഭണം ചെയ്ക. —പങ്കജ—

ഭൈരവി—അടന്ത

സത്യഭാമ:—

പ്രാണനാഥ! ശൃണു ഭാഷിതം മേ ജഗത്-
പ്രീണനോദ്യതമാനസ!
ഏണലാഞ്ഛനരുചിരവദന യാദവാധിപ! —പ്രാണ—

തണ്ടാർശരനുടെ കീർത്തിയെ വാഴ്ത്തി-
ക്കൊണ്ടു കാനനേ പൂമധുവുണ്ടു വേഗാൽ
ഇണ്ടലകന്നുള്ള വണ്ടുകൾ ദിശി ദിശി
കൊണ്ടാടിക്കൊണ്ടിതാ മണ്ടിവരുന്നഹോ!
കണ്ഠതയകന്നുള്ള കോകിലകണ്ഠനാദവു-
മുണ്ടിഹ കണ്ടാലും ഭവാ-
നിണ്ടലെന്നിയേ തണ്ടാർബാണസമാകൃതേ! —പ്രാണ—

ചന്തമേറീടുന്ന നിന്നുടെ മുഖ–
കാന്തിയെ കാണുമ്പോളെത്രയും പാരം
പന്തണിമുലമാക്ക് ചെന്താർബ്ബാണസന്താപം
ഹന്ത ! വളരുന്നല്ലോ കാന്ത ! നീ ധരിച്ചാലും,
അന്തരാഗത്തിൽ സന്തോഷത്തോടെ–
ന്നന്തികേ വരികാദരാൽ
ചന്തമായധരാമൃതം മമ ബന്ധുരാംഗ! നല്കീടുക: –പ്രാണ—

ചൊല്ലേറും വസന്തസമയേ നല്ല
മല്ലമല്ലികാസുമജാലങ്ങൾ നന്നായി
ഉല്ലസിച്ചിങ്ങിതാ കാണുന്നു മല്ലാക്ഷ!
നല്ല ഗന്ധവാഹനൻ മെല്ലവേ വരുന്നഹോ!
മല്ലികാശരനല്ലാസത്തോടെ
മല്ലസായകമെയ്തയാൽ
അല്ലൽപൂണ്ടുഴലുന്നു ഞാനിഹ
വല്ലഭ ! ഉണർന്നീടുക. —പ്രാണ—

കണ്ടാരം—പഞ്ചാരി

അഥൈകദാ തത്ര പുരേ മനോഹരേ
രഥാംഗപാണിന്നിവസൻ പൃഥാസുതൈഃ
നിയോക്തുകാമഃ സ്വപുരാവനായ തൗ
പ്രദ്യുമ്നസാംബൗ നിജഗാദ സാദരം.

ശ്രീകൃഷ്ണൻ:—

തനയ സാംബ ! ഹേ പ്രദ്യുമ്ന! കേൾക്ക മദ്ഗിരം
താമസം വിനൈവ നിങ്ങൾ വരിക സവിധേ —തനയ—

ഘോരരാം രിപുക്കൾ ചെന്നുപദ്രവിക്കിലോ
ദ്വാരകാപുരാവനാൎത്ഥം ആരുമില്ലഹോ! —തനയ—

അഗ്രജരായ നിങ്ങളാശു വ്യഗ്രതാം വിനാ
നിൎഗ്ഗമിച്ചു മത്പുരത്തെ രക്ഷചെയ്യേണ്ടോ —തനയ—

മിത്രപുത്രസൂനുവോടു യാത്രയും ചൊല്ലി-
യെത്രയും ക്ഷണേനന ഞാനും തത്ര വന്നിടാം. —തനയ—

ഭൈരവി—ചെമ്പട

സാംബൻ:—

താത! തവ നിയോഗത്താൽ താമസമെന്നിയേയിപ്പോഴം
ദ്വാരകാപുരിയെ പാലിപ്പാൻ പോകുന്നു ഞങ്ങൾ
താരകാധിപസുവദന!

കേദാരഗൗഡം

സാല്വോ ഭീഷ്മകഭൂപഭൂപരിണയേ നിർദ്ധാവിതോ യാദവൈഃ
കുർവേ വൃഷ്ണിവിവർജ്ജിതാമിതി മഹീം കൃത്വാ പ്രതിജ്ഞാം പുനഃ
ബന്ധൂശ്ചേദിമഹീശ്വരസ്യ തപസാ തീവ്രേണ ഗൌരീപതിം
കർത്തും തുഷ്ടമതിം ചകാര സുമതിം മാനീ മഹാദുർമ്മതിഃ.

ഭൈരവി—ചെമ്പട

അഥാഗ്രജൻ സാല്വമഹീപതിർ മുദാ
തപസ്വിസാംഘാതനിരന്തരം പുരാ
സ പുണ്യകാരണ്യമവേക്ഷ്യ ചേതസാ
സവിസ്മയശ്ചൈവമചിന്തയത് സുധീഃ.

സാല്വൻ:—

ചിത്രതരകാനനത്തിൽ മത്തഗജകേസരികൾ
ഒത്തു സഞ്ചരിക്കുന്നതു പാർത്താലെത്രയും ചിത്രം!
അഗ്ര്യരാം താപസരുടെ ഉഗ്രതപോവനമിതാ
അഗ്രഭാഗേ കാണാകുന്നു ഉഗ്രനിവാസമുമിഹ.
അത്രൈവ തപസ്സുചെയ്വാൻ എത്രയുമദ്ഭുതമല്ലോ
മിത്രകിരണങ്ങൾ പോലും എത്തുകയില്ലിവിടെ.

തതോ ധരിത്രീപതിരാത്തമോദം
സ പുണ്യകാരണ്യമവാപ്യ വേഗാത്

വൃഷധ്വജം പ്രീണയിതും നിതാന്തം
തപശ്ചചാരോഗ്രമുദഗ്രവീര്യഃ.

സാല്വൻ:—

പാഹി മഹേശ! ഫണിഗണഭൂഷ! ശിവേശ!
ത്രിദശഗണാർച്ചിതപാദസരോജ!
ത്രിപുരവിനാശക! ശംഭോ! ത്രിഭുവനനായക!
ത്രിദിവധുനീധര! ത്ര്യംബകദേവ! ത്രിലോചന!—പാഹി—

കനകഗിരീന്ദ്രധനുർദ്ധര! ഭൂസ്സുര—
തനയകൃതാന്ത! വൃഷധ്വജ! ദേവ!
വിധുവിധിസേവിത! സാധുകൃപാകര!
ദീനജനാവന! വൈരികുലാടവിദാഹദവാനല!
വാമദേവ! ദയാനിധേ! വേദപരായണ!
പാലയ മാം പരമേശ്വര!—പാഹി—

ഭീമരിപുക്കളെ ആശു ജയിപ്പാൻ
ഭീമവരം മമ നല്കുക നാഥ!
ഭൂതഗണാധിപ! ഭൂരിവരപ്രദ!
ഭാനുനിശാകരവഹ്നിവിലോചന!—പാഹി—

രക്ഷാവലക്ഷതനരീക്ഷണലക്ഷണീയ
രൂക്ഷാശുശുക്ഷണികണഃ ശ്രിതകല്പവൃക്ഷഃ
അക്ഷീണലക്ഷണമഹോക്ഷഗളേ ദിദൃക്ഷോഃ
പ്രത്യക്ഷതാമഗമദസ്യ പുരോഽനലാക്ഷഃ .

(നീലാം)കാമോദരി—അടന്ത

മന്ദസ്മിതേന്ദുകരസാന്ദ്രമുഖം മുകുന്ദ—
ദേവേന്ദ്രവന്ദിതമനോജ്ഞപദാരവിന്ദം
ബാലേന്ദുശേഖരമുദീക്ഷ്യ പുരഃ സ സാല്വോ—
ഽപ്യാനന്ദമഗ്നഹൃദയോ നിജഗാദ ചൈവം.

സാലപൻ:—

പാലയ പരമേശ! കലയേ ത്വത് പാദയുഗം
നീലലോഹിത! ഫാലലോചന! മഹാമതേ!
പരമാനന്ദരൂപ! തേ ചരണദർശനംകൊണ്ടു
പരിതോഷമിന്നു മമ ഹൃദയത്തിൽ വളരുന്നു,
പരിചൊടേ തൊഴുമെന്നിൽ കരുണയെച്ചെയ്ക
മോദാൽ. —പാലയ—

വൈദർഭീകാരണത്താൽ യദുവംശസംഭവന്മാർ
മേദുരബാണംകൊണ്ടു താഡിച്ചു മമ ദേഹേ
ഖേദം പൂണ്ടതിനാൽ ഞാൻ വന്നു താവകാന്തികേ. —പാലയ—

ദാനവാശരദേവന്മാരാലുമഭേദ്യമാം
സൗഭമാം വിമാനത്തെ മോദേന തരിക മേ
യാദവന്മാരെയെല്ലാം ജയിപ്പാനായിന്നു ദേവ!. —പാലയ—

ഇന്ദുളം

പരമശിവൻ:—

അയി! ഭയമപഹായ സപദി കുരു ക്ഷ്മാപതേ! ത്വം
മയരചിതവിമാനം സൗഭസംജ്ഞം മദനാജ്ഞം
സപദി വിവിധമായാചിത്രമന്യൈരഭേദ്യം
രിപുനികരജയാർത്ഥം സാലപ! യാഹി പ്രമോദാത്.

സാലപം നിശമ്യ പരമേശപരലബ്ധസൗഭം
ശ്രീമദപിമാനമുപയാന്തമനന്തവീര്യഃ
ദന്താവളാന്തകരവാഃ ഖലു തത്സമീപം
പ്രാപുർദ്യുമത് പ്രഭൃതയഃ സചിവാഃ പ്രമത്താഃ

ശ്രീകണ്ഠാദപരമാകലയ്യ ശാർവീഃ സൗഭം വിമാനോത്തമം
കണ്ഠദ്ധ്വാനവികുണ്ഠിതോഗ്രവിനദത് കണ്ഠീരവേന്ദ്രോ ബലീ
കുണ്ഠാത്മാ യദുകണ്ഠഖണ്ഡനരതഃ സാലപോ ബലൈർമന്ത്രിണം
വൈകുണ്ഠീയപുരാർദ്ദനോത്സുകമനാഃ പ്രോചേ ദ്യുമന്തം ക്രുധാ.

കേദാരഗൗഡം—അടന്ത

സാലപൻ:—

മന്ത്രിവീര! ശൃണു മേ ഭാഷിതമിദാനീം
സന്തതം രിപുനികരകൃന്തനവിചക്ഷണ !
ദുർജ്ജയരിപുജയാർത്ഥം ധൂർജ്ജടിയെ സേവചെയ്തു
അദ്ഭുതമാം സൗഭയാനം ലബ്ധമായിവന്നു മേ. —മന്ത്രി—

എത്രയും പരാക്രമിയാമെന്നോടു നേർപ്പതിന്നു
ഇത്ത്രിഭുവനങ്ങളിലൊരുത്തനപി വരുമോ ? —മന്ത്രി—

വൈരിയാം ശൗരിയുടെ ദ്വാരകയിൽ ചെന്നു നീ
പാരാതെ ഭഞ്ജനം ചെയ്ക ബലരാശേ ! —മന്ത്രി—

ശസ്ത്രാസ്ത്രജാലമതിമാത്രം പ്രയോഗിച്ചു
ശത്രുക്കളെ ഹനിച്ചത്ര വന്നീടുക. —മന്ത്രി—

സാരംഗം—അടന്ത

ദ്യുമാൻ:—

ഭൂപകുലതിലക! തവ പാദയുഗം വന്ദേ
സാലപനൃപ! ഞാനിഹ ദ്വാരകയെ ഭഞ്ജിച്ചു
യാദവരഹിതയാക്കിച്ചെയ്തീടുവൻ ഭൂമിയെ. —ഭൂപ—

ശക്രനെന്നാകിലും ചക്രായുധനെന്നാകിലും
വിക്രമേണ വരികിൽ ഞാൻ അക്ക്ജന്നു നല്കുവൻ—ഭൂപ—

ത്വത്കൃപയുണ്ടെങ്കിലോ എത്രയും വേഗേന
ഇത്ത്രിഭുവനങ്ങളെ ജയിച്ചു വന്നീടുവൻ. —ഭൂപ—

വേകട—ചെമ്പട

സാലപക്ഷോണിപതേർവ്വിപക്ഷവിപിനവ്രാതാതിരൂക്ഷാനല-
സ്യാകർണ്ണ്യാശു ഗിരം ദ്യുമാനതിരുഷാ ശോണാഭരൂക്ഷേക്ഷണഃ

സൈന്യൈൎദ്വാരവതീം സമേത്യ തരസൈവാക്രീഡസാലാദികാൻ
ഭങ്ക്ത്വാ ഗോപുരസംസ്ഥിതാൻ ഘനരവഃ പ്രോവാച ദൌവാരി-
കാൻ.

ദ്യുമാൻ:—

ആരെടാ ! ഗോപുരപാലനാരെടാ !
ബാലിശരാം നിങ്ങളെ ഞാൻ ശൂലധാരതന്നിൽച്ചേൎത്തു
കാലപുരംതന്നിൽച്ചെന്നു കാവൽ നിൽപ്പാനാക്കീട്ടുവൻ
—ഗോപുര—

ദ്വാരപാലകൻ:—

ഗോപുരാട്ടാളാദികളെ ആകവെ ഭഞ്ജിച്ച നിന്നെ
ഗോപുരത്തിൽ വസിപ്പാനായ് യാത്രയാക്കീട്ടുവനിപ്പോഠം.
ആരെടാ ! ഗോപുരേ വന്നതാരെടാ !

ദ്യുമാൻ:—

കേസരിയെജ്ജയിപ്പാനായ് ജംബുകങ്ങളൊരുമ്പെട്ടാൽ
കേവലം ഹാനിയല്ലാതെ ജയമുണ്ടോ ഭവിക്കുന്നു ?
—ഗോപുര—

ദ്വാരപാലകൻ:—

സംഹരിപ്പാനൊരുമ്പെട്ടിട്ടുന്നതനാം ഗജം വന്നാൽ
സിംഹഡിംഭാവലികഠംക്കു ഭീതിയില്ലെന്നറിഞ്ഞാലും.
—ആരെടാ—

ദ്യുമാൻ:—

ക്രൂൎത്തുമൂൎത്ത നഖംകൊണ്ടു ധൂൎത്തരായ നിങ്ങളുടെ
മൂൎത്തിയാകെ പൊടിയാക്കിച്ചേൎത്തീട്ടുവൻ പാൎത്തലത്തിൽ
—ഗോപുര—

ദ്വാരപാലകൻ:—

ഗോത്രതുല്യമായ നിന്റെ ഗാത്രമിന്നു താഡനേന
നഷ്ടമാക്കി മിത്രപുത്രപത്തനത്തിൽ ചേൎത്തീട്ടുവൻ.
—ആരെടാ—

ദൗവാരികാസ്തേ ദ്ധ്യമതാ നിതാന്തം
ദ്വാരവീര്യേണ വിമത്ഥ്യമാനാഃ
പ്രത്യുത്ഥിവ്യ ഃന്ദാന്മഥനപ്രവീണം
പ്രദ്യുമ്നമാസാദ്യ ബഭാഷിരേ ഗാം.

ദ്വാരപാലകൻ:—

മാധവാത്മജ ! കേൾക്ക മഹാമതേ ! മാമകവാക്യമിദം
മാനികളിൽവെച്ചു മുഖ്യനാം നിന്റെ സ-
മാനനായില്ലൊരുവനും മഹീപതേ!          —മാധവാ—

രുക്മിണിതന്റെ വിവാഹസമയത്തിൽ
വിഗ്രഹം ചെയ്തു മടങ്ങി ദ്രുതം സാല്വൻ
ഉഗ്രതപസ്സുകൊണ്ടുഗ്രനെ മോദിപ്പി-
ച്ചുഗ്ര്യമാം സൗഭവിമാനം ലഭിച്ചുപോൽ.—മാധവാ—

സാഗരതുല്യമാം സൈന്യത്തോടൊന്നിച്ചു
തത്സചിവൻ പുരദ്വാരത്തെ പ്രാപിച്ചു
ഘോരശരജാലമെയ്തവൻ ഞങ്ങളെ-
യാകെ മുറിച്ചു ധരിക്ക യദൂത്തമ !          —മാധവാ—

വാട്ടമകന്നുള്ള പ്രാകാരഗോപുരം
നഷ്ടമാക്കീടിനാൻ കഷ്ടമതോക്കുമ്പോൾ
നിഷ്ഠുരനാകിയ വൈരിയെ വേഗേന
നഷ്ടനാക്കീടുക ദുഷ്ടനിഷൂദന !          —മാധവാ—

ആകർണ്യ കൃഷ്ണതനയോ വിദധത് സ തേഷാ-
മാനീയ ശസ്ത്രതരസാ സുരധാമ മാന്യം
യോദ്ധും ജഗാമ സഹ തൈഃ സചിവൗഘമുക്തിം
മാനീ യശസ്തതരസാസുരധാമ മാന്യം. (?)

സംപ്രാപ്യ സാംബസഹിതോ മഹനീയകീർത്തിഃ
കൃത്വാ ശരാസനവരം സശരം സ ശൂരഃ
രോഷാതിഭീഷണതനുഃ ഖലു ശംബരാരിഃ
പ്രോവാച സാല്വസചിവം സമരാങ്കണസ്ഥം.

പ്രദ്യുമ്നൻ:—

ദ്വാരകാഭഞ്ജകനാരെടാ ! ധീരനെങ്കിലോ
പോരിനായ് വരിക മൂഢ ! നീ

വാട്ടമകന്ന കോട്ടകളും ഗോപുരാട്ടാലങ്ങളും
ശ്രേഷ്ഠമായൊരുദ്യാനവും ധൃഷ്ടതയോടാകവേ
നഷ്ടമാക്കിയൊരു നിന്റെ പുഷ്ടിയുള്ള ദേഹത്തെ
മുഷ്ടികളെക്കൊണ്ടു ഞാനും നഷ്ടമാക്കും നിർണ്ണയം.

—ദ്വാരകാഭഞ്ജക—

ദ്യുമാൻ:—

വിഗ്രഹഭ്രമത്തൊ വന്ന നിന്നെ വ്യഗ്രതയകന്നു ഞാൻ
ഉഗ്രയായ ഗദകൊണ്ടു വിഗ്രഹേ താഡിച്ചു തേ
നിഗ്രഹിച്ചീടുവനിപ്പോൾ അഗ്രഭാഗേ നിൽക്ക നീ
ഉഗ്രനായ സാല്വനുടെ അഗ്ര്യനായ മന്ത്രി ഞാൻ

വീരനായി വന്നതാരെടാ ! ധീരനെങ്കിലോ—

പ്രദ്യുമ്നൻ:—

പണ്ടു മനുജസിംഹമൂർത്തി ശണ്ഠയിൽ ദൈത്യനെ
കണ്ഠതയകന്നു നഖംകൊണ്ടു കൊന്നപോലെ ഞാൻ
കണ്ടുകൊൾക നിന്നെയിപ്പോൾ കണ്ഠത വെടിഞ്ഞുടൻ
അണ്ഡർകോന്റെ പുരത്തിങ്കൽ ഇണ്ടലെന്യേയാക്കുവൻ.

—ദ്വാരകാഭഞ്ജക—

ദ്യുമാൻ:—

നില്ലെടാ മുമ്പിൽ യദുകീട ! കല്യനെങ്കിൽ കാൽക്ഷണം
നല്ല ബാണജാലമെയ്തു അല്ലൽ വളർത്തീടുവൻ.

ത്തെല്ലുമേ സംശയമില്ല ചൊല്ലെഴും യമാലയേ
ചൊല്ലുവാൻ മദ്ഭുജവീര്യം ചെല്ലെടാ നീ ദുർമ്മതേ!

—വീരനായി—

പ്രദ്യുമ്നൻ:—

ഭീരുതയില്ല നമുക്കു നിൻഘോരനാദം കേൾക്കയാൽ
ഫേരനാദം കേട്ടീടുമ്പോൾ വീരനാം സിംഹത്തിനു
ഭീരുതയുണ്ടാകയില്ല പോരിനായി നേർത്തിടുക
വീരനായ പ്രദ്യുമ്നൻ ഞാൻ ശൗരിപുത്രനോർക്ക നീ.

—ദ്വാരകാഭഞ്ജക—

ദ്യുമാൻ:—

ഗോത്രസമാനമായ നിന്റെ ഗാത്രമാകെയിന്നു ഞാൻ
കൃത്ത ശരജാലമെയ്തു പാർത്തിടാതെ ദുർമ്മതേ!
കൃത്തമാക്കിപ്പരിചോടെ ചീർത്ത കോപമോടുടൻ
മിത്രപുത്രപത്തനത്തിൽച്ചേർത്തിടുവൻ ദുർമ്മതേ!

—വീരനായി—

നവരസം—ചെമ്പട

ഗദയാ ദ്യുമതാ സുതാഡിതോഽസൗ
ന്യപതന്മോഹമവാപ്യ ശംബരാരിഃ
രഥമാശു നിവർത്തയാംചകാര
പ്രവരോ ദാരുകനന്ദനോഽഥ സൂതഃ.

വിഹായ മോഹം വിധുനന്ദനസ്തദാ
വിദഗ്ദ്ധമുത്ഥായ വിലോക്യ സാരഥിം
വിവൃദ്ധകോപാരുണിതേക്ഷണഃ ക്ഷണാ-
ദ്വീരാഗ്രണീർവാചമവോചദാശു തം.

പ്രദ്യുമ്നൻ:—

നിശമയ മേ ഗിരം ദാരുകനന്ദന!
വിശദഗുണനിലയ വീര!

കുശലസാരഥേ! തവ കുത്സിതകമ്മം ബത!
ക്ലൈബ്യമദ്ഭുതമിഹ കിന്നു കരോമി
സമരധരണിതലാത് സ്യന്ദനസ്തപയാ
സഹസാനീയത കേന കഥ്യതാം
സപത്നസന്ദോഹം വീക്ഷ്യ സാദ്ധ്വസാദദ്യ
സ്യന്ദനോ നിവത്തിതോഽത്യദ്ഭുതം. —നിശമയ—

യദുവംശസംഭവാനാം കശ്ചന കലൗ
കാന്ദിശീകോ നാഭവത് സാരഥേ!
കാമപാലകേശവൗ ശ്രോഷ്യതോ യദി
കിം കരിഷ്യതോ മാം ന ജാനാമി. —നിശമയ—

വീരാണാമനുചിതകമ്മ യത്സദാ കൃതം
തത്ത്വയാ കഥം സതപരം
വിസ്തരേണ ബ്രൂഹി തത് കാരണം സൂത!
വിഹ്വലതയാ വിനാ സാംപ്രതം. —നിശമയ—

കാമോദരി—ചെമ്പട

സാരഥി:—

കലയേ താവകപാദസരോജം
കമലാവല്ലഭസൂനോ!
വലമഥനതുല്യനായ ഭവാനിപ്പോൾ
കലഹിക്കരുതേ കോമളരൂപ!

സ്യന്ദനം രണത്തിങ്കൽനിന്നു ഞാൻ കൊണ്ടു—
പോന്നതിൻകാരണം ചൊല്ലുവൻ വേഗാൽ
സന്ദേഹമെന്നിയേ ധമ്മശാസ്ത്രത്തിങ്കൽ
ചൊന്നോരത്ഥത്തെയിന്നു നന്മയിൽ കേൾക്ക. —കലയേ—

സാരഥി സമരത്തിൽ കൃച്ഛ്രഗതനാം രഥിയെ
പരിചോടെ രക്ഷിച്ചീടണം
അവിരതം സൂതനെ രഥി രക്ഷിച്ചീടണം
വിരവോടു ധരിച്ചാലും വീരശിഖാമണേ! —കലയേ—

സാല്വാമാത്യേന സഹ സംഗരത്തിങ്കൽ
നല്ല ഗദകൊണ്ടവൻ താഡിച്ചു തേ മാറിൽ
അല്ലൽ വളർന്നു തളർന്നു ഭവാനേററം
അപ്പോൾ രഥത്തെ ഞാനത്ര നയിച്ചു. —കലയേ—

നവരസം

പ്രദ്യുമ്നൻ:—

വൈരിയാം ദ്യുമാൻ തന്റെ സന്നിധൌ രഥം
വിരവോടു നയിച്ചാലും സാരഥേ!
നിർഭയനായ് രഥേ നിൽക്ക നീ വേഗാൽ
മദ്ഭുജപരാക്രമം കാൺകെടോ.

കല്യാണി—ചെമ്പട

ആകർണ്യ സൂതവചനം വനമാലിസൂനുഃ
കോപാർണ്ണവാപതിതധീഃ പരിഗൃഹ്യ ചാപം
ആഘൂർണ്ണിതാക്ഷിയുഗളഃ സഹസാ ദ്യുമന്ത-
മാകർണ്ണകൃഷ്ടസുശരോഽഭ്യവദത് സമേത്യ.

പ്രദ്യുമ്നൻ:—

രേ രേ വരിക മൂഢ! ദുർമ്മതേ!
രണനാടകം പരിചിലാടുവാൻ
പോരിൽജ്ജയിച്ചെന്നുള്ള ദുർമ്മദം പോരും
നേരിടുക ശൂരനെങ്കിൽ ദാരുണം ചെയ്തീടുവൻ
ഞാൻ. —രേ രേ—

ദ്യുമാൻ:—

മദ്ഭുജതാഡനംകൊണ്ടു നീയേററം ഭീതി പൂണ്ടു
മണ്ടീലയോ
അഹംഭാവസഹിതനായാഹവം ചെയ്വാൻ
നിർഭയനായി വന്നതോർത്താലദ്ഭുതം
ഇഭരാജമസ്തകത്തെ രഭസേന ഭഗ്നമാക്കി
ഭുജിച്ചീടും കേസരിയോടെതിർക്കുമോ ജംബുകങ്ങൾ?—രേ രേ—

പ്രദ്യുമ്നൻ:—

എന്തിഹ തവ ബഹുഭാഷണംകൊണ്ടു്
അന്തരംഗേ നഹി ഭീതി മേ
അന്തികേ വന്ന നിന്നെ വേഗേന അതി —
ബന്ധുരശരജാലങ്ങൾകൊണ്ടു ഞാൻ
അന്തരമെന്നിയേ നിൻ കന്ധരയെ മുറിച്ചു്
അന്തകൻ തന്നുടയ മന്ത്രിയാക്കീടുമിപ്പോൾ. —രേ രേ—

ദ്യുമാൻ:—

കണ്ടുകൊൾക മമ വിക്രമം യുധി ഇണ്ടൽ കൂടാതെ സാമ്പ്രതം
അണ്ഡർകുലേശൻ ജംഭദാനവൻ തന്റെ കണ്ഠനാളം
ഖണ്ഡിച്ചതുപോലെ ഞാൻ കണ്ഠതയെന്നിയേ നിൻ —
കണ്ഠം മുറിച്ചു യമനെക്കണ്ടുപറവാനായിക്കൊണ്ടു —
യാത്രയാക്കുവൻ—രേ രേ—

ഹത്വാ സ സാല്വസചിവം തരസാ ദ്യുമന്തം
സത്രാഥ സാംബഗദസാത്യകിമുഖ്യവീരൈഃ
സാല്വസ്യ സൈന്യനികരം സുതരാം വിഭിന്ദൻ
ശ്രീവാസുദേവതനയഃ പുരി തത്ര തസ്ഥൗ.

അസാവേരി—ചെമ്പട

ഭാസ്വച്ചന്ദ്രപരാഗസുന്ദരതനും മന്ദസ്മിതാർദ്രാനനം
കീലാലോദ്ഭവകേസരോജ്ജ്വലജടാജൂടപ്രഭാഭാസ്വരം
കൃഷ്ണം ബിഭ്രതമേണചർമ്മവസനം വീണാവിരാജത്കരം
ദൈത്യാരിർദ്രുഹിണാത്മജം മുനിവരം വീക്ഷ്യാചചക്ഷേ മുദാ.

ശ്രീകൃഷ്ണൻ:—

താപസപുംഗവ! താവകപാദപദ്മം
താപശമായന! വന്ദേഹം.

തോയജസംഭവനന്ദന ! തോയജകേസര-
സത്പ്രഭ ! കോടീരഭാസുര !
താവകമന്ദഹാസചന്ദ്രികാപാനത്താൽ മേ
നേത്രചകോരമെത്രയും മോദത്തെ പ്രാപിച്ചീടുന്നു
നിരന്തരം ഖേദമശേഷമകന്നകതാരിങ്കൽ. —താപസ—

ഭൂതലംതന്നിലിപ്പോഠം നൂതനയായ വാൎത്ത
ഏതാനുമുണ്ടോ ധരിച്ചു ദുരിതതമിസ്രദിനേശ ! തപോധന !
ത്രിഭുവനവാസികഠം സൈ്വരമായ് വാഴുന്നോ. —താപസ—

ഏതൊരു ദിക്കിൽനിന്നു ആഗതനായി ഭവാൻ
ചേതസി മോദമോടിപ്പോഠം
ആഗതനായതിൻകാരണമെന്നോടു്
ആദരവോടുരചെയ്ക മഹാമുനേ ! —താപസ—

ശങ്കരാഭരണം—ചെമ്പട

നാരദൻ:—

ശ്രീപതേ ! ശുഭമസ്തു ശൂര ! തേ
ശ്രീമദ്ദ്വാരകാപുരേ ജാതമായ വൃത്താന്തം
ശ്രീകൃഷ്ണ ! ധരിച്ചിതോ ശ്രീവത്സലാഞ്ഛന ! —ശ്രീ—

പാൎവതീശനുടെ പാദത്തെ അതി-
തീവ്രമായി ധ്യാനം ചെയ്കയാലിന്നു
ശൎവരീശധരൻ ഗൎവം പൂണ്ട സാല്വനു
സ്വാരിജയത്തിന്നായി ഉൎവ്വരവരം നല്കി. —ശ്രീ—

ക്രൂരനാം സാല്വഭൂപൻെറ മന്ത്രി
ദ്വാരകാപുരിനെ പ്രാപിച്ചു സൎവ-
ദ്വാരപാലകന്മാരെ പരിചോടെ മൎദ്ദിച്ചു
ഗോപുരോദ്യാനമാകെ വേഗേന പൊടിയാക്കി. —ശ്രീ—

ത്രുക്ഷതരനായ വൈരിയെ നല്ല
ശിക്ഷയെച്ചെയ്തു കാലാലയേ ചേർത്തി-
ട്ടിക്ഷിതിതലത്തിൻെറ രക്ഷ ചെയ്താശു
ദക്ഷനായി മരുവുക അക്ഷയബലനിധേ! —ശ്രീ—

ബലഹരി—ചെമ്പട

ശത്രൂദ്ഭവം പരിഭവം മുനിവര്യവാചാ
ശ്രുത്വാ സ താവദനിമിത്തശതം ച ദൃഷ്ട്വാ
ഗന്തും സമുത്സുകമനാഃ സരസീരുഹാക്ഷഃ
സമ്പ്രാപ്യ ധർമ്മതനയം ഗിരമിത്യുവാച.

ശ്രീകൃഷ്ണൻ:—

ശമനജ! അനുജ്ഞയെ ഗമനായ കുരു മമ
വിമലമാനസ! ഭൂപ! കമലാരികുലദീപ!

അഹിതരെ ജയിച്ചാശു മഹിതമാം രാജസൂയം
ഹിതമായി നിവർത്തിച്ച മഹനീയഗുണകീർത്തേ! —ശമ—

താപസേന്ദ്രൻ ചൊന്നതെല്ലാം താമസമെന്നിയേ കേൾക്ക
വൈരിവൃന്ദമാകെച്ചെന്നു ദ്വാരകയെ ഭഞ്ജിച്ചു പോൽ.—ശമ—

ചേദിഭൂപസഖിയായ ഭൂപനെ ഞാൻ വെന്നു വേഗാൽ
ചേദിഭൂപസഖിയാക്കിച്ചെയ്തിടുവൻ മഹീപതേ! —ശമ—

തോടി—ചെമ്പട

ധർമ്മപുത്രർ:—

വിധുസമവദന! ജയ ജയ മധുശാസന! ശൗരേ!
അധുനാ രാമേണ സഹ മധുരഭാഷണ! ഭവാൻ
ഗമിച്ചാലും ദ്വാരകയിൽ യദുവംശദീപ! വിഭോ! —വിധു—

ശ്രേഷ്ഠനാം നിൻസഹായാൽ ദുഷ്ടനിഗ്രഹം ചെയ്തു
പുഷ്ടമോദേന ഇന്നു ശ്രേഷ്ഠമാം രാജസൂയം

ഇഷ്ടമായി നിവൎത്തിപ്പാൻ സംഗതി വന്നു മമ
ധൃഷ്ടനാം ചേദിപനെ നഷ്ടമാക്കിയ വീര! —വിധൂ—

ചിത്പുരുഷനാം നിന്നോടെതിൎപ്പാനിന്നോൎത്തുകണ്ടാൽ
മൂപ്പാരിലാരാനുണ്ടോ അനല്പവീൎയ്യവാരിധേ!
ത്വത്പാദകല്പതരുവാശ്രിതന്മാൎക്കശേഷം
അല്പേതരാഭീഷ്ടത്തെ എപ്പോഴും നല്കീടുന്നു. —വിധൂ—

· വീരരിൽ മുമ്പനാം നീ ദ്വാരകതന്നിൽച്ചെന്നു
അരിനികരത്തെയൊക്കെ പരിചോടെ ജയിച്ചാശു
സ്വൈരമായി വാണീടുക കാരുണ്യവാരിരാശേ!
കരുണാം വിധേഹി മയി തരുണാരവിന്ദനേത്ര! —വിധൂ—

ആമന്ത്ര്യാൎക്കജനന്ദനം സസഹജം കുന്തീം ച മോദാത്തദാ
സ്മാരം സ്മാരമരാതിവൃന്ദരചിതം വൈരം സ വീരാഗ്രണീഃ
പക്ഷീന്ദ്രോജ്ജ്വലലക്ഷണം രഥവരം ചാരുഹ്യ ലക്ഷ്മീപതിഃ
ശക്രപ്രസ്ഥപുരാത് പ്രലംബരിപുണാ സാകം പ്രതസ്ഥേ പുരം.

കേദാരഗൌഡം

ഗളതലഗളത്ക്ഷ്വേളാപാളീജളീകൃതകാളികാ
ജലനിധിരവാ കങ്കാളാളീകരാളകളേബരാ
നളിനനയനം കാളാഭ്രാഭാ രുഷാ പഥി ഭീഷണാ
കരധൃതധനുൎന്നാളീകാ തം ജഗാദ ച രാക്ഷസീ.

രൂക്ഷയാകിയ രാക്ഷസീ സാ തീക്ഷ്ണദംഷ്ട്രാ ഭയങ്കരീ
അക്ഷിഗോചരയാകിലോ അവരം തത്ക്ഷണം ഭീതി നല്കിടും
വാരണവീരന്മാരെ ശ്രവസ്സിൽ ഭൂഷണമായ് ധരിച്ചവൾ
സിംഹസംഹതിയെ ജവേന സംഹരിച്ചീടുന്നവൾ
നന്ദനന്ദനസന്നിധിയിൽ മന്ദം മന്ദം ചെന്നുടൻ
സാന്ദ്രകോപം പൂണ്ടവളും ചൊന്നിവണ്ണം സത്വരം.

രാക്ഷസി:—

മാനവനാം നീ മാമകവിപിനേ
മാനസതാരിൽ ഭീതി കൂടാതെ
വന്നതു ചിത്രമതോർത്താൽ
കാനനേ വന്നതാരെടാ !

ശ്രീകൃഷ്ണൻ:—

ആശരനാരീ ! ഞാൻ ശരതതിയാൽ
പ്രാംശുതരാകൃതിയാകിയ നിന്നെ
ആശു വധിപ്പനിദാനീം
കാനനചാരിയാരെടീ!

രാക്ഷസി:—

മത് കരവിക്രമമോർത്തീടാതെ
അക്രമമിന്നു തുടങ്ങിയ നിന്നുടെ
മുഷ്ക്കു ശമിപ്പിച്ചീടാം. —കാനനേ വന്ന—

ശ്രീകൃഷ്ണൻ:—

എന്നുടെ മുമ്പിൽ വന്നതിന്നുടെ ഫലം
ഇന്നു നിനക്കു ഭവിക്കുമതോക്കണെ-
മിന്ദ്രപുരസ്ഥിതി നൂനം. —കാനനചാരി—

രാക്ഷസി:—

നിൽക്ക നീ മുമ്പിലരക്ഷണനേരം
പോകുവനിന്നിഹ നിന്നുടെ ദുർമ്മദം
നോക്ക നീ പോരിലിദാനീം. —കാനനേ വന്ന—

പരാജിതാ സാരസലോചനേന
സാ രാക്ഷസീരൂപമപാസ്യ വേഗാത്
ശരീരമഷ്ടാപദകാന്തിചോരം
താരുണ്യലാവണ്യമനോജ്ഞമാപ.

വിദ്യുല്ലതാ വിശദഹേമസുകോമളാംഗീ
താപിഞ്ഛകോമളതനോവ്സുദേവസൂനോഃ
ആത്മീയകാന്തിവിശദീകൃതദിഗ്വിഭാഗാ
വിദ്യുല്ലതേവ മുദിതാസ്യ സമീപമാപ.

**വിദ്യുല്ലതാ:—**

കരുണാസാഗര ! ദേവ ! കാരണപൂരുഷ !
കമനീയാകൃതേ ! ലോകമോഹന !
കമലാവല്ലഭ ! നിൻദർശനംകൊണ്ടു മമ
ഹൃദയത്തിൽ പരിതോഷം പാരം വളൎന്നീടുന്നു.—കരുണാ—

സത്യനിഷ്ഠനാകുന്ന താപസപുംഗവൻെറ
ശാപത്തിനാൽ ഞാനിഹ കാനനത്തിൽ വാഴുന്നു
താവകദർശനന ശാപമോചനം മമ
സാദ്ധ്യമായ് വന്നധുനാ ദീനജനപാലന !  —കരുണാ—

അപ്സരോനാരിമാരിലേകയെന്നറിക മാം
വിദ്യുല്ലതയെന്നു മേ വിശ്രുതമായ നാമം
അദ്യ നീ ധരിച്ചാലും അബ്ജലോചന ! വിഭോ !
ആശു പോവതിന്നായി അനുജ്ഞയെച്ചെയ്യാലും. —കരുണാ—

കല്യാണാലയ! വീര! മല്ലലോചന! വിഭോ!
മല്ലസായകനോടു തുല്യനായ ഭവാൻ
അല്ലലെന്നിയേ ഹൃദിയുല്ലാസത്തോടും കൂടെ
മെല്ലവേ ഗമിച്ചാലും ചൊല്ലേറും ദ്വാരകയിൽ. —കരുണാ—

വിദ്യുല്ലതായാഃ സ ഹി ശാപമോക്ഷം
വിഷ്ണുർവിധായാപ്സരസഃ പ്രതസ്ഥേ.
സാപി പ്രണമ്യാച്യുതപാദപദ്മം
സ്വധാമ താവത് സുമുഖീ ജഗാമ.

ആസാദ്യ ചാത്മനഗരീം നഗരീതിസാലാം
തദ്രക്ഷണായ സബലം സ ബലം നിയുജ്യ
ആസീത് സമൃദ്ധ്യതമതിസ്ഥമതിപ്രമത്തം
ഹന്തും ഹി സാല്വമഹിതം മഹിതപ്രതാപഃ.

നാഥനാമക്രി—ഏകതാളം

ദൃഷ്ടേ ഹതേ ദ്യുമതി ദാനവവൈരിജേന
നഷ്ടേഷു സൈനികഗണേഷു ച തേഷു കശ്ചിത്
സ്വായുർബലേന നിധനം ത്വനവാപ്യ ഗത്വാ
വൃത്താന്തമാശു നിജഗാദ ച സാല്വഭൂപം.

ഭൃത്യൻ:—

സാല്വഭൂപാല! പാലയ വീര!
നല്ല ബാണമേററല്ലലേറുന്ന
വില്ലാളിവീര! ചൊല്ലാവതല്ലേ
കല്യനാം നീയെന്നല്ലലൊഴിക്കം.

ദ്വാരകാപ്പുരേ ശൌരിപുത്രന്മാർ
ശൂരന്മാരവർ സംഗരഭ്രമാ
ഘോരബാണങ്ങൾകൊണ്ടു വേഗേന
ശൂരനാം ദ്യുമാനെ നിഗ്രഹിച്ചു.

വീരനെങ്കിലോ ധീരതയോടെ
ദ്വാരകതന്നിൽ ചെന്നു വേഗേന
വൈരിജാലത്തെയാകെയിപ്പോൾ
സംഹരിച്ചാലും വീരശിഖാമണേ!

മാനമുള്ളവനെങ്കിലോ നീയിപ്പോൾ
ദീനത വെടിഞ്ഞാശു രിപുക്കളെ
ആഹവേ സംഹരിച്ചാലുമല്ലെങ്കിൽ
ആശ്രയിച്ചാലും വൈരിയെച്ചെന്നു നീ.

ഭൈരവി—ചെമ്പട

സാല്വൻ:—

കഷ്ടമിതു ചൊന്നതോർത്താലൊട്ടുമേ സഹിക്കുന്നില്ല
ദുഷ്ടരാം യാദവന്മാരുടെ കൂട്ടമശേഷം
നഷ്ടമാക്കിച്ചെയ്തിടുവൻ ഞാൻ.

കല്യാണി—ചെമ്പട

വൈരിവ്രാതനികൃന്തനാതിചതുരം വീരം ദ്യുമന്തം ഹതം
ശ്രുത്വാ ഭൃത്യഗിരാരിഭിന്നിജബലവ്രാതഞ്ച കോപാന്ധധീഃ
പ്രത്യർത്ഥിപ്രകരപ്രതാപശമനപ്രൗഢപ്രവേഷോ ബലീ
സാല്വോ ദ്വാരവതീം രണായ തരസാ ഗത്വാജുഹാവാച്യുതം.

സാല്വൻ:—

ഏഹി കൈടഭാരേ! രണഭുവി!
ആഹവായ രേ രേ!
ഗോപകീടപുത്ര! ദുരിതപാത്ര!
വികൃതഗാത്ര! മത്കരവിക്രമേണ
തവ ഗാത്രമത്ര പൊടിയാക്കി
കാലപത്തനമതിലാക്കുവൻ. —ഏഹി കൈ—

ശ്രീകൃഷ്ണൻ:—

ഘോരബാണംകൊണ്ടു ഖേദംപൂണ്ടു
നാട്ടിൽ മണ്ടി ഗമിച്ചു നീ
പോരിലിന്നു മമ ദൃഷ്ടിമുമ്പിലിഹ
ദൃഷ്ടനായതതിചിത്രമതോർത്താൽ.
ഏഹി സാല്വഭൂപ! രണഭുവി
ആഹവായ രേ രേ!

സാലചൻ:—

ചപല! ഗോപഡിംഭ! അധികഡംഭ!
മേചകാഭ! തവ ദുർഭാഷണങ്ങൾ മതി
ഇന്നു നിൻെറ അഭിലാഷമൊന്നുമെന്നോടു ബത! ക്രൂടാ.
— ഏഹി കൈടഭാരേ! —

ശ്രീകൃഷ്ണൻ:—

ഭൂമിപാലകീട! കഠിനക്രൂട!
നികടേ വാടാ! ദുരാത്മൻ!
കണ്ടുകൊൾക തവ കണ്ഠനാളമിഹ
രണ്ടു ഖണ്ഡമാക്കുവനതിവേഗാൽ. — ഏഹി സാലച —

സാലചൻ:—

ഗോപനാരീജാര! ചേലചോര!
നിർവ്വികാര! മമ സഖി വീര—
ചേദിപതിഭാര്യതന്നെയപഹൃത്യ
കൊണ്ടുപോന്നോരു പശുപാലക! — ഏഹി കൈടഭാരേ—

ശ്രീകൃഷ്ണൻ:—

ഭീമകായഭൂപ! വികൃതരൂപ!
ശരകലാപപ്രയോഗാലി —
ക്ഷണത്തിലിഹ പക്ഷികൾക്കു ബത!
ഭക്ഷണാർത്ഥമിക്ഷിതിയിലാക്കുവൻ. — ഏഹി സാലച —

പുന്നാഗവരാടി

ഖഗപുംഗവവാഹനേന താവത്
ഖഗജാലൈന്നിതരാം പ്രപീഡിതഃ
ഖലലോകപതിഃ സ സാലഭൂപഃ
ഖലു തത്രാന്തരധീയത ക്ഷണാത്.

തതഃ സ്വമായായാബലതോ നൃപാലഃ
സ ദേവകീദൗത്യമവാപ്യ താവത്
രണാങ്കണസ്ഥം ഹരിമേത്യ വേഗാത്
രുദന്നിദം വാക്യമുവാച വാഗ്മീ.

സാല്വൻ:—

കൃഷ്ണ! കൃഷ്ണ! മഹാബാഹോ! വൃഷ്ണിവീര! ദയാനിധേ!
ഉഷ്ണാംശുസത്പ്രഭമണിഭാസുരമകുടധര!
ദേവകീനിയോഗത്താൽ ഞാൻ ദേവ! ത്വത്സവിധേ വന്നു
ദീനബന്ധോ! അവരു ചൊന്ന ദൈന്യവാക്യം കേൾക്ക
വേഗാൽ. —കൃഷ്ണ—

ചതുരനാം സാല്വൻ തവ താതനെ ബന്ധിച്ചുംകൊണ്ടു്
അതിവേഗാൽ ഗമിച്ചു പോൽ പതഗരാജവാഹന! —കൃഷ്ണ—

കേശവ! നിൻമാതാവിന്നു ക്ലേശം പൂണ്ടു രോദിക്കുന്നു
സംശയമില്ലിതിനൊട്ടും ആശു ചെന്നു കണ്ടാലും നീ. —കൃഷ്ണ—

ജയശീലനല്ലോ ഭവാൻ ജവമോടെ ചെന്നു തവ
ജനകനെ രക്ഷിച്ചാലും ജലചരധ്വജതാത! —കൃഷ്ണ—

സാമന്തലഹരീ—പഞ്ചാരി

അഥ സാല്വനൃപോ വസുദേവമപി
പ്രതിഗൃഹ്യ ഹരേഃ സവിധം പ്രവിശൻ
കരവാരിരുഹേ കരവാളധരഃ
സ രമാരമണം നിജഗാദ വചഃ.

സാല്വൻ:—

ദേവകിയാം മാതാവിൻെറ ജീവനാഥനായീടുന്ന
താവകപിതാവിനെ പിടിച്ചു കെട്ടി ഞാൻ
ദുഷ്ടനായ നിൻെറ മുമ്പിൽ കൊണ്ടുവന്നു കണ്ടുകൊൾക
ധൃഷ്ടനെങ്കിൽ വന്നു രക്ഷിച്ചാലുമിന്നു നീ.

കല്യനായ സാല്വനെന്നു മാമവേഹി ദുമ്മതേ! നീ
തെല്ലുനേരം മത്സവിധേ നില്ല നില്ലെടാ!

ആനന്ദഭൈരവി—ചെമ്പട

ഉക്തൈ്വവമത്യന്തരുഷാഥ സാല്വേ –
ഃവ്യുത്കൃത്യ മായാവസുദേവകണ്ഠം
ഗതേ നിതാന്തം സ വിഷാദശാലീ
ബഭൂവ താവത് സരസീരുഹാക്ഷഃ.

ശ്രീകൃഷ്ണൻ:—

എന്തിഹ കരവാണി ദൈവമേ ! ഹന്ത ! പാക്കിലധുനാ
ചിന്തചെയ്യിലിതിൻ കാരണമെന്തഹോ!
വരുവാനില്ലിതിൽപ്പരമായിട്ടൊന്നും.

വീരരിൽ വരനാകും രേവതീരമണനെ
ദ്വാരകാപുരം പരിപാലിപ്പാൻ നിയോഗിച്ചു
പരിചോടെ പിതാവിനെപ്പാലനം ചെയ്യീടാതെ
പാരം പ്രമാദം പൂണ്ടു പാത്തുമദ്ഭുതം! —എന്തിഹ—

താതനുടെ ശരീരമല്ലിതു വിചാരിച്ചാൽ
ദൂതനായ് പറഞ്ഞതു വ്യാജമെന്നു നിണ്ണയം
ചാതുയ്യമേറും സാല്വഭൂപന്റെ മായ തന്നെ
ചേതസി വിചാരിച്ചാൽ എത്രയുമദ്ഭുതം. —എന്തിഹ—

മൂഢനാമവനേററം മൂഢത മൂഴക്കയാൽ
പാക്കാതെ പാത്ഥിവാധമനാകുമവനെ
പോക്കളം തന്നിൽവെച്ചു ക്രുദ്ധ ശരങ്ങൾകൊണ്ടു
ചേക്കുവൻ ഞാൻ കാലപുരന്തന്നിലിദാനീം. —എന്തിഹ—

തതഃ സ നിശ്ചിത്യ ജവാദശേഷം
സാല്വസ്യ മായേദമിതി സ്വചിത്തേ

തദീയമായാപ്രശമായ താവത്
സംസ്കാര ചക്രം ഖലു ചക്രപാണിഃ.

സാമന്തബലഹരി—ചെമ്പട

കൃത്താശേഷാരിചക്രം സകലസുരനതം പ്രീണിതോദാരചക്രം
കല്പാന്താഗ്നിപ്രദീപ്രം വിദലിതവിബുധവ്രാതവിദ്വേഷിചക്രം
വിഭ്രാമ്യദ് ഭ്രമിചക്രം നിജരവചലിതോജ്ജൃംഭിതാംഭോധിചക്രം
ശീഘ്രം തത്രാവിരാസീത് സമരഭുവി മഹാഘോരവൈകുണ്ഠചക്രം

(സുദർശനം) ചക്രം:—

പാഹി! യദുദ്വഹ! കമലനയന! സുര-
സഞ്ചയസേവിതപദകമല!
സകലമഹിത്വൈസാരിണകല്പ
പോത്രീശമനുജസിംഹ
വടുപരശുധരണദശവദനഹരണ
സീരിനന്ദസുനകല്കിരൂപ! ഭോഃ! —പാഹി—

പുരാണപൂരുഷ! നിന്തിരുവടി മാം
മാനസത്തിലിന്നാശു നിനച്ചതു
കിമത്ഥമരുളുക എന്നോടു
സുരസംഹതിനിഷേവ്യ! ലോകനായക! —പാഹി—

ശ്രീകൃഷ്ണൻ:—

സാല്വമഹീപാലനുടെ മായയെ വൈകാതെ
സംഹരിച്ചീടുവാൻ നിന്നെയും ധ്യാനിച്ചു മാനസേ
ദുഷ്ടനാകുമവനുടെ മായയെയിന്നു നീ
നഷ്ടയാക്കി ഗമിച്ചാലും വിക്രമജലധേ!

കേദാരഗൗഡം—ചെമ്പട

സുദർശനസ്യാഗമനേന താവത്
സാല്വസ്യ മായാനിവഹേ വിനഷ്ടേ

തം ഹന്തുകാമോ നൃപതിം മഹാന്തം
ജഗാദ ചൈവം ജഗദേകനാഥഃ

ശ്രീകൃഷ്ണൻ:—

ഭൂപകുലാധമ! സംഗരധരണിയിൽ വീര! വിരവിൽ വാടാ!
മനസ്സിലഹമ്മതികം നിനയ്ക്കേണ്ട നിന്റെ
മായാപ്രയോഗമെന്നോട്ട ക്രൂടാ കുടിലമതേ!
വിഷധരൻ കോപം പൂണ്ടു ഗരുഡനോടെതിർക്കിലോ
വിവശത ഗരുഡനു വരുമോ മൂഢ! —ഭൂപ—

സാല്വൻ:—

ദധിഘൃതക്ഷീരങ്ങളും നവനീതമിവകളെ
വിരവൊട്ട ഹരിച്ചാശു ഭുജിക്കുന്ന നീ
രണഭുവി പൊരുവാനായ് വിരവൊട്ട വന്നതോർത്താൽ
അതിശയമെന്നു തന്നെ പറവാനുള്ളൂ. —ദേവ—

ശ്രീകൃഷ്ണൻ:—

കുടിലനാം നിന്നുടയ മഹിതമാം വിമാനത്തെ
ഉരുതരശരതതി പൊഴിച്ചുടനെ
വടിവൊട്ട പൊടിപെടുത്തിടുവനിന്നതിശം!
ചപലതകൾ മതി മതി തവ കുമതേ! —ഭൂപ—

സാല്വൻ:—

ജനനീസഹജൻ തന്നെ കനിവെന്യേ ഹനിച്ചൊരു
മനുജഹതക! ബത ദുരിതനിധേ!
കഠിനഹൃദയ! നിന്റെ കരബലമൊന്നുമിപ്പോൾ
കൃതിയാകുമെന്നോട്ടണ്ടോ ഫലിച്ചീടുന്നു. —ദേവ—

ശ്രീകൃഷ്ണൻ:—

ബഹുവിധകഥനംകൊണ്ടലമലമിഹ ഖലു
ജവമൊട്ട വരിക നീ രണധരണൗ

അരിയാകും നിന്റെ ഗളം അരികൊണ്ടു മുറിച്ചു ഞാൻ
സചിവന്റെ സവിധത്തെ നയിച്ചീടുവൻ. —ഭൂപ—

സാല്വൻ;—

ദമഘോഷസുതനല്ല ദനുജരിലേകനല്ല
ബഹുബലനിലയനാം നൃപതിലകൻ
ഉരുതരവരബലസഹിതനായുള്ളോരഹം
ശഠ! തവ ശമനനെന്നറിക ജള! —ഗോപ—

**മോഹനം—ചെമ്പട**

**ഭൂസുരന്മാർ:—**

പങ്കജലോചന! ശൗരേ! ജയ!
പങ്കജനാഥ! മുരാരേ!
പങ്കജസംഭവശങ്കരനിർജ്ജര-
സംഘനിഷേവിതപാദസരോജ!

ഉഗ്രനാം സാല്വനെ വേഗാൽ ഭവാൻ
നിഗ്രഹിച്ചീടുകയാലേ
അഗ്ര്യരാം ഞങ്ങളനുഗ്രഹിച്ചീടുന്നോൻ
ഉഗ്രപരാക്രമ! നന്ദകുമാര! —പങ്കജ—

അല്ലലകന്നു ഞങ്ങൾക്കു ഇന്നു
കല്യാണരൂപ! മുകുന്ദ!
തെല്ലുമതിനില്ല സന്ദേഹം ഇന്ദിരാ-
വല്ലഭ! വല്ലവീവല്ലഭസൂനോ! —പങ്കജ—

ദുഷ്ടരെ നിഗ്രഹിപ്പാനും ഭുവി
ശിഷ്ടരെപ്പാലിപ്പതിന്നും
പുഷ്ടമോദത്തോടവതരിച്ചീടിന
വിഷ്ടപപാലനലോല! കൃപാലോ! —പങ്കജ—

മംഗലമസ്തു തേ നാഥ ! യദു-
പുംഗവ ! ദ്വാരക തന്നിൽ
ഭംഗിയിൽ മോദേന അംഗജസന്നിഭ –
മംഗലരൂപ ! നീ വാഴ്ക ചിരകാലം. —പങ്കജ—

ഹത്വാ സാല്വമഹീപതിം യദുകുലാലംകാരഭൂതസ്തദാ
ലോകപ്രീതിവിവൃദ്ധിതത്പരമതിഃ കാരുണ്യവാരാന്നിധിഃ
ശൃണ്വൻ മുഖ്യമഹീസുരൗഘഗദിതാമാശീർഗിരം സാദരം
സ്വൈരം സ്വൈരവസത് സമം നിജപുരേ ശ്രീവാസുദേവോ മുദാ.

ശുഭം

# ലക്ഷ്മണാസ്വയംവരം

(ആട്ടക്കഥ)

ശീർഷോദ്യച്ചന്ദ്രഖണ്ഡം കരകലിതമഹാഭീഷ്മകോദണ്ഡദണ്ഡം
ദാനസ്രാവാർദ്രഗണ്ഡം പദസരസിജസംസക്തനാകേശഷണ്ഡം
ഹസ്തോദ്യദ്ദന്തഖണ്ഡം സുമഹിതമണികണ്ഠേശ്വരേ സന്നിഷണ്ണം
വന്ദേ വേതണ്ഡതുണ്ഡം മഹിതബലമഹാശത്രുസംഹാരചണ്ഡം.

ശ്രീബാലാദ്രിഗതാം ശ്രിതപ്രിയകരീം താമന്നപൂർണ്ണേശ്വരീം
ശ്രീകാരസ്കരകാനനസ്ഥിതിവരം ശ്രീശങ്കരം ശങ്കരം
ശ്രീനാഥം ശ്രിതലോകപാലനപരം ശ്രീശംബരാധീശ്വരം
ശ്രീനാഥാശ്രിതമാശ്രയേ പുരഹരം ലക്ഷ്മീപുരാധീശ്വരം.

ജംഭാരാതിചതുർഭുജാംബുരുഹഭൂശംഭ്വാദിസംഭാവിത –
ശ്രീദുർഗ്ഗാപ്തകടാക്ഷലബ്ധസകലാഭീഷ്ടാത്ഥതുഷ്ടാത്മനാ
ശ്രീമത് കോലമഹീശ്വരേണ രവിവർമ്മാഖ്യേന ലക്ഷ്മീപതേ –
രാഖ്യാതം ചരിതം ശുഭം കുരുത ഭോഃ ശ്രോത്രാവതംസം ബുധാഃ!

നിജഗുണനഘനധാത്രീം നീലജീമൂതഗാത്രീം
നിഗമഭുവനമൈത്രീം നിർമ്മലോദാരകീർത്തിം
നിരുപമശുഭശക്തിം നിഷ്കളാമദ്രിപുത്രീം
ഭജത തിരുവർകാട്ടിൽ സംസ്ഥിതാം ഭദ്രകാളീം.

പുറപ്പാട് — ശങ്കരാഭരണം

ശ്രീമാൻ സർവ്വധരാധിനാഥമകുടപ്രത്യുപ്തരത്നപ്രഭാ –
ഭാസ്വത് പാദസരോരുഹോ വിധുകുലാലങ്കാരഭൂതഃ സുധീഃ



222083
O32:1x
J9·1
UNIVERSITY
2 MAR 19
MUL
222083

വീരോ മദ്രമഹീപതിഃ സ ഹി ബൃഹത്സേനാഭിധാനോ ബലി
സൈ്വരം സൈ്വരവസത് സുരേന്ദ്രനഗരീരമ്യേ സ്വകീയേ പുരേ

ശർവരീകുലദീപൻ സർവാരിമഥനൻ
ഗീർവാണേന്ദ്രപരാക്രമൻ സാർവഭൗമൻ ധീരൻ
ഗർവ്വമേറുമുർവ്വശ്യാദിസ്വർവ്വധൂനിവഹൈഃ
സർവ്വദാ കീർത്തിതലീലൻ പാർവ്വണേന്ദുമുഖൻ

ദർവീകരസമഭുജശോഭിതശരീരൻ
ചാർവംഗിമാർക്കഭിരാമൻ സർവംസഹാധിപൻ
ഉർവീപാലന്മാരുടെ ഗർവ്വഹരൻ വീരൻ
സർവ്വഗുണസഹിതനായുർവ്വിയിൽ വിളങ്ങി.

തോടി—ചെമ്പട

ആരാമം രമണീയസോമകിരണസ്തോമം സ ഭൂമീപതി—
വ്വല്ലീവാരവധൂവിലാസനടനാചാര്യാനിലം നിർമ്മലം
ആമോദേന കദാചിദേത്യ മദനക്രീഡാരസാസക്തധീ—
ർവ്വീരോ മാരസമാനമോഹനതനുഃ പ്രോചേ വചഃ പ്രേയസീം.

ബൃഹത്സേനൻ:—

ബാലികമാർമൌലേ! ചാരുശീലേ! കേൾ മേ ഗിരം.

ചന്ദ്രബിംബശോഭ ദിശി സാന്ദ്രമായി വന്നു
മന്ദതയകന്നു കാൺക ഇന്ദീവരനയനേ!

നല്ല വസന്തസമയാ ഉല്ലാസേന വന്നു ബാലേ!
ഉല്ലസിച്ചു സുമജാലം പല്ലവാംഗി! കാൺക. —ബാലിക—

മത്തമധുപജാലങ്ങൾ ചിത്തമോദത്തോടും കൂടെ
ആർത്തു നേർത്തു വരുന്നതു പാർത്താലെത്രയും ചിത്രം!
—ബാലിക—

മന്ദപവനനാകും സ്യന്ദനേ കന്ദബാണൻ കരേറി
മന്ദേതരം വന്നു കന്ദബാണവൃന്ദം തൂകീടുന്നു. —ബാലിക—

ശ്രീരാഗം—അടന്ത

പതി:—

ഏണാങ്കസമവദന! പ്രാണനായക!
ശോണപങ്കജനയന!
കണവാ! സദ്ഗുണശീല! ചേണാന്ന തവ മുഖം
കാണുമ്പോൾ രാമമാക്ക് മാരതാപമേറുന്നു.

ബന്ധുവത്സല! രമണ! സിന്ധുരവര—
ബന്ധുരഗതേ! കുമുദ—
ബന്ധുബിംബശോഭയെ ബന്ധൂകാധര! കാൺക
ഗന്ധവാഹനൻ സുമഗന്ധിയായ് വരുന്നഹോ!
—ഏണാങ്ക—

മത്തകോകിലജാലങ്ങൾ ചിത്തമോദേന
ചിത്രരാഗങ്ങൾ പാടുന്നു;
മത്തകേകിനിവഹം ആർത്തിയകന്നു മോദാൽ
നർത്തനം ചെയ്തീടുന്നു, ആർത്തജനപാലന!— ഏണാങ്ക—

അംഗജതാപം അധികം പൊങ്ങി മയങ്ങി
എങ്ങിനെ സഹിക്കുന്നഹോ!
അംഗജസമരൂപ! ഭംഗിയിൽ മമാന്തികേ
വന്നു മധുരാധരം മംഗലാംഗ! തരിക. —ഏണാങ്ക—

പാടി—ചെമ്പട

ബൃഹത്സേനൻ:—

ചന്തമേറും കുചകുംഭം സന്തോഷേണ മമ മാറിൽ
ചന്തമോടു ചേർത്തധരം കാന്തേ! തരിക നീ.

സാവേരി—ചെമ്പട

വിമലവിലസത്ഗാത്ര്യാഃ പുത്ര്യാ ഹൃദാ പുനരേകദാ
ഗുണഗണയുതം കാന്തം ദാന്തം സ സാധു വിചിന്തയൻ

മഹിതമഹതീരാജത്പാണിം സരോജഭവാത്മജം
സുരമുനിവരം ദൃഷ്ട്വാ തുഷ്ടോ ജഗാദ ജനാധിപഃ.

ബൃഹത്സേനൻ:—

മാമുനേ! തവ പാദകമലം വന്ദേ
മഹിതഗുണനിലയ!
മുനികുലദീപ! മാമകനിലയത്തിൽ
വന്നതിനാലതിമോദം വളൎന്നീടുന്നു.

മംഗലരൂപ! ഭവാൻ എങ്ങുനിന്നിഹ വന്നു
തിങ്ങിന മോദമൊടെ ഇംഗിതമരുളുക
മംഗളവൃത്താന്തങ്ങൾ എങ്ങാനുമുണ്ടോ കേൾപ്പാൻ
തുംഗതപോനിധേ! പങ്കജഭവസൂനോ! —മാമുനേ!—

ഉത്തമതാപസ! മേ പുത്രിയെ നല്കുവാൻ
ഉത്തമനേവനെന്നു മോദേന കഥിച്ചാലും
എത്രയും ഗുണകീൎത്തിയുക്തനാം പുമാൻ മമ
പുത്രിയെ വിവാഹം ചെയ്തീടണം, ധരിച്ചാലും. —മാമുനേ!—

മുഖാരി—ചെമ്പട

നാരദൻ:—

ഭൂമിപാല! ഭവതു തേ മംഗലം
ഭീമപരാക്രമ! ഭൂപതേ! തനുജയ്ക്കു
ഭൂരിഗുണമുള്ള പ്രിയനെച്ചൊല്ലാം. —ഭൂമി—

ദ്വാരകാപുരംതന്നിൽ വീരനാം മാധവൻ
സ്വൈരമായ് വാണീടുന്നു മദ്രമഹീപതേ!
നാരീമണിയാകും കന്യകയെ വേഗേന
ശൗരിക്കു നല്കുക സംശയമെന്നിയേ. —ഭൂമി—

വൎണ്ണത്തോടുപമിച്ചാൽ അൎണ്ണോദപ്രഭയഞ്ചും
അൎണ്ണോജം മങ്ങീടും നേത്രത്തോടുപമിച്ചാൽ
കൎണ്ണഭൂഷണപ്രഭ കൎണ്ണതാർതന്നെ വെല്ലും
അൎണ്ണോജരിപുബിംബം മങ്ങിടും മുഖം കണ്ടാൽ. —ഭൂമി—

ഇങ്ങിനെ ഗുണമേറെയുള്ള വരാരെയും
എങ്ങുമേ വിചാരിച്ചാൽ കാണ്മതിനില്ല
മംഗലഗാത്രി തവ ഭൂരിഗുണപ്രാപ്തി
ഭംഗിയിലിതുകൊണ്ടു വന്നീടും നിർണ്ണയം. —ഭൂമി—

ആനന്ദഭൈരവി—ചെമ്പട

മുനിവരവചസാഥാകർണ്ണ്യ ശൗരേർഗ്ഗുണൗഘാൻ
നിജപിതൃനികടസ്ഥാ ലക്ഷ്മണാ തത്ക്ഷണേന
കുസുമശരശരാർത്താ സാ ബൃഹത്സേനപുത്രീ
രഹസി നിജവയസ്യാം സാദരം സാജഗാദ.

ലക്ഷ്മണ:—

കേൾക്ക മേ ഭാഷിതം സഖിമാരേ! കേൾക്ക മേ ഭാഷിതം
പാർക്കാതെ വരിക മേ സവിധേ സുമുഖിമാരേ!

മലയജം മേനിയിൽ ലേപനം ചെയ്താൽ പെരുകുന്നു മൂടഹോ!
നല്ല മാല കാണുമ്പോൾ അഹിപോലെ ഭയം തോന്നും
ചാലേ ചന്ദ്രകാന്തിയെക്കാണുമ്പോൾ തപിക്കുന്നു. —കേൾക്ക—

വീരനാം മാരനും പുഷ്പബാണേന മാറിടമതിലെയ്യുന്നു
മാരുതനതിമന്ദം ചാരവേ ചരിക്കുമ്പോൾ
മാരമാൽ പെരുകുന്നു സാരസമുഖിമാരേ! —കേൾക്ക—

നാന്മുഖനന്ദനൻ ചൊന്ന ശോകരം മേ മാനസമതി-
ലധികം മോഹം വളർത്തീടുന്നു മാനിനിമാരേ! കേൾപ്പിൻ
മോഹം മേ സാധ്യമാവാനരചെയ്യിനുപായത്തെ. —കേൾക്ക—

കാമോദരി—ചെമ്പട

സഖിമാർ:—

മാ കുരു താപം തവ മാനസേ മനോഹരേ!
മോഹം തേ സാധിക്കുമധുനാ മോഹനതരശീലേ!

മാമുനിനിയോഗത്താൽ മാധവൻ ഭർത്താവായി
ഭവിച്ചീടും നിർണ്ണയം ധരിക്ക നീ വേഗാൽ. —മാ കരു—

മല്ലലോചനേ! ബാലേ! നല്ലൊരുപായത്തെ ഞാൻ
മെല്ലവേ ചൊല്ലീടുവൻ അല്ലലകന്നു കേൾക്ക
ചൊല്ലേറുമംബികയെ നല്ല സേവയെച്ചെയ്കിൽ
കല്യാണരൂപനായ മല്ലാരിതന്നെ തവ
വല്ലഭനായിവരും നല്ലാരിൽമണിമൗലേ! —മാ കരു—

വണ്ടു പലരും ശിതികണ്ഠന്റെ വല്ലഭയെ
കൊണ്ടാടി സ്തുതിചെയ്തു വേണ്ടും വരം ലഭിച്ചു
കൊണ്ടുപോയ് വസിക്കുന്നു ഇണ്ടൽ കൂടാതെയിന്നും
വണ്ടാർകുഴലിയാളേ! ഇണ്ടലിതിനാൽ വേണ്ട
വേണ്ടുന്ന വരമിപ്പോൾ വീണ്ടാലും നൃപകന്യേ! —മാ കരു—

ദ്വിജാവന്തി—ഝമ്പ

സഖീജനേ സൂനൃതയാ ഗിരാ താം
വിഷാദഹീനാം വിരചയ്യ യാതേ
അശേഷദേവാർച്ചിതപാദപദ്മാ—
മുമാമുപാസ്തേ സ്മ സമാധിയുക്താ.

ലക്ഷ്മണാ:—

അംബുജദളേക്ഷണേ! അംബികേ! പാഹി മാം
അംബ! കചചയഭരകല്പിതഹിമകരേ! —അംബുജ—

സന്തതം തവ പാദം ചിന്ത ചെയ്തീടുമെന്നിൽ
സന്തോഷം നല്കീടുക ശാന്തേ! മഹേശ്വരീ! —അംബുജ—

കരുണാംബുധേ! മമ രമണനായി മാധവൻ
വരണമതിന്നു തേ ചരണയുഗം വന്ദേ. —അംബുജ—

പഞ്ചമുഖവാഹനേ! പഞ്ചഹരപ്രിയേ!
പഞ്ചശാഖധൃതാംബുജേ! പഞ്ചഭൂതാശ്രയഭൂതേ! —അംബുജ—

നിൻകരുണയുണ്ടെങ്കിൽ സങ്കടമകന്നീടുവാൻ
എങ്കലനുഗ്രഹം ചെയ്ക തിങ്കൾസമവദനേ ! —അംബുജ—

കേദാരം

കാളീ തദാ നളിനകോമളലോചനാ സാ
നാളീകരമ്യചരണാ കരുണാർദ്രചിത്താ
ആവിർബഭൂവ ച പുരോഭുവി ലക്ഷ്മണായാഃ
സാധ്വ്യ സ്തുതാ ഗിരിസുതാ മുദിതാ ജഗാദ.

ഇന്ദളം

ശ്രീപാർവ്വതി:—

അമലകമലനേത്രേ ! ലക്ഷ്മണേ ! ത്വാം മനോജ്ഞേ!
ശ്രിതസുഖദകടാക്ഷഃ പങ്കജാക്ഷഃ സമേത്യ
ധരണിപതിസമൂഹം ശസ്ത്രജാലൈഃ സ ജിത്വാ
ബഹുഗുണഗണപൂർണ്ണാം സ്വീകരിഷ്യത്യവശ്യം.

ഇത്ഥം നിഗദ്യാശു തിരോഹിതായാം
ദേവ്യാം മഹാദേവമനോരമായാം
അത്യന്തമോദാകുലചിത്തവൃത്തിഃ
സ്വൈരം ന്യവാത്സീന്നിജമന്ദിരേ സാ.

സാരംഗം—ഝമ്പ

ആഹൂയ മന്ത്രിവരമാശു പുനർന്നൃപാലഃ
പുത്രീസ്വയംവരമഹം സ വിധാതുകാമഃ
ആനേതുമപ്യഖിലഭൂമിപതീംസ്തദാനീ-
മിച്ഛൻ ജഗാദ ധനനിർജ്ജിതരാജരാജഃ.

ബൃഹത്സേനൻ:—

സചിവവര! സുമതേ ! ശൃണു മേ ഗിരം
സകലഗുണജലധേ!

ഖേചരവരസമവിക്രമ! ഖലവൃന്ദകൃന്തനചതുര!
സുശീല! വിമലമതേ! സചിവ!

എത്രയും വേഗേന പുത്രിയാം ലക്ഷണയ്ക്കു
മിത്രജനസംമേളന സത്രാ സ്വയംവരം
ചിത്രമായ് ചെയ്തീടുവാൻ ധാത്രീശന്മാർക്കശേഷം
അത്ര വന്നീടുവാനായ് പത്രിക നയിച്ചാലും. —സചിവ—

രൂക്ഷരാം ഭൂപാലന്മാർ കാംക്ഷയോടും കൂടവേ
ദക്ഷരായ് വസിക്കുമ്പോൾ ദക്ഷിണയാം പുത്രിയെ
ലക്ഷ്മീശനു നല്കിയാൽ പക്ഷപാതമുണ്ടെന്നു
ക്ഷോണീപാലന്മാർക്കു തത്ക്ഷണം ബോധിച്ചീടും.—സചിവ—

മാമുനിയിഹ വന്നു മാമകതനുജയെ
മാധവനു നല്കുവാൻ മോദമോടുരചെയ്തു;
മാനിനീമൗലിയാം മല്ലലോചനയെ
മല്ലാരിക്കു നല്കുവാൻ ചൊൽക നല്ലുപായത്തെ.—സചിവ—

പന്തുവരാടി—ചെമ്പട

സചിവൻ:—

കുവലയാധിപ! വീര! കലയേ താവകപാദം
കുവലയദളനയന!
കാമസമാകൃതേ! വാരണവൈരിസമവിക്രമ!
കൈരവബന്ധുകുലാവതംസ! —കുവലയ—

ചഞ്ചലേക്ഷണയ്ക്കാശു അഞ്ചിതസ്വയംവരം
വാഞ്ഛയാ ചെയ്തീടുവാൻ കിഞ്ചിത് താമസം വിനാ
കഞ്ചുകിശയനനും അഞ്ചാതെ വന്നീടുവാൻ
കഞ്ചന ദൂതനെ ഞാൻ ചാഞ്ചാടി നിയോഗിക്കാം.—കുവലയ—

കോടി ഭൂപാലവൃന്ദം കൂടി വന്നീടുകിലും
കൂടലർവൈരിയായ കൈടഭാരിയല്ലാതെ

പാടനം ചെയ്തിടാതെ കേടററ യന്ത്രമിന്നു
മോടിയിൽ നിർമ്മിക്കുവാൻ വാടാതെ ഉരചെയ്യാം. —കുവലയ—

കേദാരഗൗഡം—ഝമ്പ

അവനീപതിശാസനാദ് ബലീ
സചിവോ യന്ത്രവരം വിനിർമ്മിതും
നിജഗാദ ഗിരം തു ശില്പിനം
ഗുണശീലോ ഹരിരാജവിക്രമഃ.

സചിവൻ:—

രഭസമൊടു വരികരികിൽ ശുഭവചനം ശൃണു മേ;
മദ്രമഹീപാലനുടെ പുത്രിയാം ലക്ഷ്മണയ്ക്കു്
അദ്യാപി സ്വയംവരം നിർണ്ണയിച്ചു ഭൂപാലൻ.

ഭാഗ്യവീരമണ്ണം വിനാ ഭൂവരവീരന്മാർ
ശസ്ത്രങ്ങൾകൊണ്ടു യന്ത്രാ ഭേദിച്ചിടാതെ
ദക്ഷതയോടിക്ഷണത്തിൽ ലക്ഷണയുക്തമായ
ലക്ഷമിന്നു നിർമ്മിക്ക ശില്പിവര ! —രഭസ

ശില്പി:—

മന്ത്രിപുംഗവ! ഭോ! താവകപാദയുഗം കലയേ
താവകപാദയുഗം കലയേ.

ശില്പിവരനഹം തവ തൃപ്പാദത്തെക്കാണ്മാൻ
അല്പേതരകാലമായി ചൊല്ലിച്ചൊല്ലി മേവീടുന്നു. —മന്ത്രി—

നല്ലമാന്മാരെ എപ്പോഴും മേ അനല്പബഹുമാനം
കെൽപ്പിനോടു നല്കിടുവാൻ നണ്ണി നണ്ണി വാണീടുന്നു.
—മന്ത്രി—

ചന്തമായ യന്ത്രമിന്നു നിർമ്മിച്ചീടാം വേഗാൽ
യന്ത്രത്തിൻെറ രന്ധ്രത്തിൽ ഝഷകണ്ഠം കണ്ടു കണ്ടു നില്ക്കും.
—മന്ത്രി—

ഗർവ്വിതരാം ഉർവ്വീപാലന്മാരാലിതഭേദ്യം
സർവ്വലോകർ കണ്ടാൽ യന്ത്രം ചിത്രം ചിത്രമെന്നു ചൊല്ലും.

—മന്ത്രി—

ശങ്കരാഭരണം—ചെമ്പട

നിശമ്യ ദൂതഃ സചിവോ നൃപാജ്ഞാ- (?)
മാനീയ സൂതം സവിധം സ്വകീയം
സ്വയംവരാത്ഥം നൃവരാത്മജായാഃ
ശ്രീകൃഷ്ണമാദനേതുമമും ന്യയുങ്ക്ത.

സചിവൻ:—

ബന്ധുരഭാഷണ ദൂത ! മാധവാന്തികേ
സാധുതരം പോകെടോ !
സിന്ധുമദ്ധ്യേ വിലസും ദ്വാരകയിൽ ചെന്നു
മാധവനോടു ചൊൽക മദ്ഭൂപവാഞ്ഛിതം. —ബന്ധുര—

വൃന്ദാരകാധിപസോദരനാകിയ
ഇന്ദിരാരമണന്നു നല്കുവാൻ കന്യകയെ
സന്ദേഹമെന്നിയേ ഭൂപാലൻ നിർണ്ണയിച്ചു
മന്ദതയകന്നാശു നന്നായി ധരിക്കെടോ ! —ബന്ധുര—

കീർത്തിയേറീടുന്ന ധാത്രീശപുത്രിക്കു
ചിത്രമായ സ്വയംവരം പാർത്തിടാതെ ചെയ്വാൻ
പത്രീശവാഹനൻ എത്രയും വേഗേന
അത്ര വന്നീടുവാൻ തത്ര ചെന്നുരചെയ്ക. —ബന്ധുര—

ദൂതൻ:—

ദ്വാരകതന്നിൽ പോകുന്നേൻ
താവകനിയോഗത്തിനാൽ ഗോപികാനായകനുടെ
ചരണം കൂപ്പി തരുണിമാരിൽമൗലിയെ
വരണം ചെയ്വാൻ വരണമെന്നു ചൊല്ലുവൻ. —ദ്വാര—

ശൗരിണാ ജിതവൈരിണാ ധീരതയൊടഹമിഹ
ചാരുതരം തേന സഹ വരുവനെന്നു കരുതിടേണം
മാനസേ, ചരണം വന്ദേ കരുണാസാഗര! തവ. —ദ്വാര—

സുരുട്ടി—അടന്ത.

തതഃ സ ദൂതഃ സചിവാജ്ഞയാ ഗതഃ
സമേത്യ കൃഷ്ണസ്യ പുരീം ജവാന്വിതഃ
സമസ്തലോകേശ്വരപാദപങ്കജം
പ്രണമ്യ മോദാദ് വചനം സമാദദേ.

ദൂതൻ:—

നീലനീരദചാരുശരീര!
കലയേ തവ പാദം;
താലാങ്കാനുജ കേൾക്ക മമ ഗിരം
മദ്രേശദൂതൻ ഞാനെന്നറിഞ്ഞാലും. —നീല—

ചൊല്ലേറും ഭവാൻ വേഗാൽ ചെല്ലേണമെന്നു
വില്ലാളിവീരനാം മദ്രഭൂപന്റെ
ചൊല്ലിനാൽ താവകസന്നിധൗ വന്നു
തെല്ലും താമസം വിനാ പോകേണമെന്നും. —നീല—

ഭാഗ്യമേറീടുന്ന മദ്രേശപുത്രിക്കു
ഭദ്രമായ സ്വയംവരമുണ്ടിപ്പോൾ
ഭീമവിക്രമ! തത്ര ചെന്നു വേഗേന
ഭാമിനിയെ വിവാഹം ചെയ്തീടുക. —നീല

നിന്തിരുവടി തന്നെ കാന്തനായ് ഭവിപ്പാൻ
സന്തതം തവ പാദസരോജം
ചിന്ത ചെയ്തു മാനിനി ഹന്ത! വാഴുന്നു
ചെന്താർബാണസങ്കാശ! ചന്തമായ് ധരിക്ക. —നീല—

ബലഹരി—ചെമ്പട

ശ്രീകൃഷ്ണൻ:—

മോദകരമാം ഭാഷണം കേൾക്ക സുമതേ!
മോഹനഗുണവസതേ ! നീ
മേദിനീപാലകന്മാരാകവേ കണ്ടുനിൽക്കേ
കാമിനീമണിയെ ഞാൻ കൊണ്ടുപോരുവൻ ദ്രുതം.—മോദ—

ദൂത! തേ ഗിരം നിശമ്യ മാമകചിത്തേ
മോദം വളരുന്നധികം
മോഹനതരരഥേ മന്ദേതരം കേറി
മദ്രനഗരംതന്നിൽ പോക നാം നലമൊടു. —മോദ—

ലക്ഷണയുടെ ഗുണങ്ങൾ മത്സ്ഥവണാന്തേ
പ്രാപിച്ച സമയത്തിങ്കൽ
ഇക്ഷുചാപഗുണത്തെ കണ്ണാന്തേ ചേർത്തു മാരൻ
ദക്ഷനായ് സുമാസ്ത്രങ്ങൾ വക്ഷസി ചൊരിയുന്നു. —മോദ—

സുരുട്ടി

ദൂതൻ:—

അംബുദപ്രഭയുള്ള നല്ല ഭ്രമരം
അംബുജമധുവാഞ്ഛയാ വേഗാൽ
അംബുജമതിൽ ഗമിച്ചീടുന്ന പോലെ
അംബുജവിലോചന! ലക്ഷണാം പ്രവിശ. —നീല—

നിശമ്യ ദൂതസ്യ ഗിരം മുരാരി
രഥം സമാരുഹ്യ സഹൈവ തേന
സ്വാസക്തചിത്താം രമണീം ഗ്രഹീതും
ക്ഷണാദ് ബൃഹത്സേനപുരീം പ്രതസ്ഥേ.

പന്തുവരാടി—അടന്ത

മദ്ധ്യേമാർഗ്ഗം മഹിതബലവാൻ മാർഗ്ഗമന്വിഷ്യ മാർഗ്ഗം
കശ്ചിന്മാനീ വനഭുവി ചരന്നംബുജാക്ഷം സമീക്ഷ്യ

അത്യുഗ്രാത്മാ തദനു മൃഗയാസംവിഹാരീ രുഷാന്ധാ
മർത്ത്യാലോകാൽ പ്പുബരപതിരപ്യാത്മനീത്ഥം വ്യചിന്തീത്.

കാട്ടാളൻ:—

ചിത്രതരം വിപിനേ വരുന്നിഹ മർത്ത്യരിൽ വീരനഹോ!
മിത്രതനയനുടെ പത്തനേ ഇവനെ ഒച്ചത്തീടുവനധുനാ. —ചിത്ര—

വൃക്ഷലതാദികളാകെയടിച്ചുപൊടിച്ചതിദക്ഷതയോടെ
പക്ഷിവരാങ്കിതമായ രഥേ കരയേറിവരുന്നതിവേഗാൽ. —ചിത്ര—

വാരണവൈരിപരാക്രമനാകിയ എന്നോടു നേൎപ്പതിനിപ്പോൾ
ധീരതയോടതിഘോരവനാന്തരേ വന്നതു ചിത്രമതോർത്താൽ.—ചിത്ര-

ആൎത്തു തിമിൎത്തു എതിൎത്തു കയൎത്തു വരും നരകീടനെ ഞാൻ
ആൎത്തി വെടിഞ്ഞു പിടിച്ചു ഹനിച്ചു യമാലയേ ചേർത്തിടുവൻ.
—ചിത്ര—

ആഹരി—അടന്ത

ഇത്ഥം വിചിന്ത്യ ശബരോഽപ്യധിചിത്തമാരാത്
ഗത്വാ നിരുദ്ധ്യ കമലാരമണസ്യ മാൎഗ്ഗം
ധൃത്വാതതജ്യമപി ചാപമിഷൂത്കരഞ്ച
ക്രുദ്ധോ ജഗാദ തമനന്തബലം നിതാന്തം.

കാട്ടാളൻ:—

ഏഹി മാനുഷാധമ! ആഹവായ ഏഹി മാനുഷാധമ!
അടവിതന്നിൽ മിടമയോടു അടനം ചെയ്യും നിന്നെ ഇപ്പോൾ
പടുശരേണ വടിവിനോടു പാടനംചെയ്തീടുവൻ.
—ഏഹി മാനുഷാ—

ശ്രീകൃഷ്ണൻ:—

അബലനായ ശബരനിന്നു സമരേ വന്നെതിൎത്തീടുകിൽ
ദമനം ചെയ്തു ശമനഗേഹേ സത്വരം നയിച്ചിടും
ഏഹി ശബരകീടക! ആഹവായ ഏഹി ശബരകീടക!

കാട്ടാളൻ:—

ദുഷ്ട ! നിന്റെ ദേഹമിപ്പോൾ പിഷ്ടപേഷണങ്ങൾ ചെയ്തു
നഷ്ടമാക്കി ശ്രേഷ്ഠമാം ത്രിവിഷ്ടപത്തിലാക്കുവൻ.

—ഏഹി മാനുഷാ—

ശ്രീകൃഷ്ണൻ:—

അനിലസഖിയെക്കണ്ടിട്ടമ്പോൾ മോഹം പൂണ്ടടിച്ചിട്ടുവാൻ
പതംഗം ചെന്നു പതിച്ചിടുന്ന പോലെ വന്നിട്ടും ദൃഢം.

—ഏഹി ശബര—

കാട്ടാളൻ:—

ഉഗ്രമായ കാനനത്തിലാഗമിച്ച നിന്നെയിപ്പോൾ
അഗ്ര്യമായ മാർഗ്ഗണേന നിഗ്രഹിക്കുമഞ്ജസാ.

—ഏഹി മാനുഷാ—

ശ്രീകൃഷ്ണൻ:—

നിൽക്ക നിൽക്ക ശബരകീടി പോക്കുന്നേക്കിൽ നിന്റെ ദേഹം
ചക്രധാരതന്നിലാശു ചേർത്തീടുവൻ ദുർമ്മതേ!

—ഏഹിശബര—

ഇത്ഥം ക്ഷണേന പരമം പരമംബുജാക്ഷോ-
ऽപ്യുഗ്രപ്രതാപസഹിതം സഹിതം വിജിത്യ
മദ്രാവനീന്ദ്രസദനം സദനംഗകാന്തിഃ
സമ്പ്രാപ സത് സുഹൃദയോഹൃദയോऽരിസംഘേ.

മോഹനം—ചെമ്പട

തതോ ബൃഹത്സേനസുതാസ്വയംവര-
പ്രദർശനൗത്സുക്യധിയോ ധരാസുരാഃ
അതിപ്രമോദാകുലചിത്തവൃത്തയഃ
പരസ്പരേണാഹ്വരിതി സ്മ സസ്മിതം.

ബ്രാഹ്മണർ:—

ഭൂദേവന്മാരേ! ഗമിക്ക നാം വേഗേന
മദ്രനഗരംതന്നിൽ
ഭദ്രയാം കന്യകയ്ക്കദ്യ സ്വയംവരം
ഭൂപാലൻ നിർണ്ണയിച്ചു ധരിക്ക. —ഭൂദേവ—

വണ്ടാർകുഴലിയെക്കണ്ടു ഭൂപാലന്മാർ
തണ്ടാർശരാർത്തി മുഴുത്തു വിവശരായ്
ശണ്ഠയിടുന്നതും കണ്ടു രസിച്ചീടാം
ഇണ്ടൽ കൂടാതെ ഗമിക്ക നാം വേഗേന. —ഭൂദേവ—

ചൊല്ലേറും ഭൂപന്മാരെല്ലാരുമൊന്നിച്ചു
കല്യാണം മോഹിച്ചു ചെല്ലും സമയത്തിൽ
മല്ലാക്ഷിയെ അതിലേകൻ ഗ്രഹിച്ചീടും
അല്ലൽ പെരുകുമപരന്മാർക്കെല്ലാർക്കും. —ഭൂദേവ—

മൃഷ്ടമായഷ്ടി ലഭിച്ചീടുമാദരാൽ
കിട്ടും പണമിന്നു കേട്ടാലും വിപ്രരേ!
വാട്ടമകന്നു ഗമിക്ക സ്വയംവരേ
പെട്ടെന്നു ഘോഷങ്ങൾ കണ്ടിട്ടു പോന്നിടാം. —ഭൂദേവ—

മദ്രക്ഷ്മേശസുതാസ്വയംവരമഹം ശ്രുത്വാഥ ദൂതോക്തിഭിഃ
ധ്യായം ധ്യായമനംഗതാപവിവശാസ്തസ്യാ ജിതാബ്ജം മുഖം
സൗന്ദര്യേ ജിതമന്മഥം ശ്രിതജനശ്രീദാഃ സ്വവംശോത്ഭവാ
വിദ്വാംസോ മഗധാധിപപ്രഭൃതയോ ഭൂപാ യയുസ്തത്പുരീം.

പാടി—ചെമ്പട

അഥ നൃപനികരേ സ്വയംവരാർത്ഥം
രഥതുരഗേഭപദാതിഭിഃ പ്രയാതേ
അധിപദവി സ ചേദിമേദിനീന്ദ്രോ
വനമവലോക്യ ഹൃദാ ചകാര ചിന്താം.

ചേദിരാജാവ്:—

നളിനാകരമതിതെളിവൊടു പേടകളോടും
നളിനശരോത്സവമാടി കളഹംസങ്ങൾ വിളങ്ങീടുന്നു
മുഖജിതചന്ദ്രയാം ദയിതയുടെ
സുഖരതിശിഥിലിതകചവൽ ശിഖരിയിൽ
നടനംചെയ്യും ശിഖികളുടെ പിഞ്ഛം വിലസീടുന്നു.
കരിണീരതിസുഖരസികൻ ഹരികരവിദലിതകരടൻ
ഉരഗവരാർദ്ദിതചരണൻ കരിവരനിത വലയുന്നു

കേദാരഗൗഡം— ഝമ്പ

മഹതാ സഹിതാ ബലേന താവ—
ന്മഹിതാ മദ്രമഹീശപരേണ ഭൂപാഃ
പരികല്പിതശില്പമദ്ഭുതാഭം
പുരമാലോക്യ സവിസ്മയാഃ സമൂചുഃ.

രാജാക്കന്മാർ:—

അദ്ഭുതഗിരം ശൃണുത സുപ്രമോദം മേ
അംഭോധിഗംഭീരകുംഭിനീശന്മാരേ!
ജംഭചലഡംഭഹരസംഭാവനീയമിതു
സംഭൃതസമസ്തവരസമ്പദൗഘം
മുൻപിലായ് കാൺക പുരമമ്പിനൊടുനയനസുഖ
സമ്പാദനം നൃപതിമുമ്പരാം നിങ്ങൾ.

—അദ്ഭുത—

അഞ്ചിതമഹാമണികാഞ്ചനവിഭൂഷിതേ
മഞ്ചവരസഞ്ചയേ സഞ്ചിതസുഖേന
വാഞ്ഛയാ വാഴുന്ന ചഞ്ചലാക്ഷീജനം
വഞ്ചയതി യുവലോകനെഞ്ചകമപാംഗൈഃ. —അദ്ഭുത—

മിത്രനുടെ ശോഭയൊടൊത്ത മുകുരാവലീ
രഞ്ജിതസുഭിത്തിയുതപത്തനമിതല്ലോ!

മത്തഗജവാജിരഥൈരാവൃതമിതദ്ഭുതം !
ഇത്ത്രിഭുവനത്തിലിതു പോലെ നഹി നൂനം —അദ്ഭുത—

സ്വയംവരം കാരയിതും സുതായാഃ
സ്വയം വരോർവ്വീവരഭൂസുരോത്കരൈഃ
സത്രാരിഭേത്ത്രാ സ രമാവരേണ
രംഗം വിതാനൗഘമനോജ്ഞമാസദത്.

എരിക്കലകാമോദരി—ചെമ്പട

ചക്ഷുഃശ്രേണ്യാഃ ക്ഷിതിപതിതതേല്ലക്ഷതാം പ്രാപ്നുവന്തി
ലക്ഷ്മീജാനേർവ്വദനകമലം സ്വക്ഷിഭൃംഗം നയന്തീ
മന്ദാക്ഷക്ഷന്നമിതവദനാ സാന്ദ്രമന്ദസ്മിതാ സാ
മന്ദം മന്ദം നരവരസദഃ പ്രാപദിന്ദീവരാക്ഷീ.

അഞ്ചിതകുഞ്ചിതകചസഞ്ചയവും നല്ല
പുഞ്ചിരി തഞ്ചിന മുഖപങ്കജവും
ചഞ്ചലാസന്നിഭദേഹകാന്തിയേയും കണ്ടാൽ
പഞ്ചബാണനവാസഭൂമിയെന്നു തോന്നും.

ചഞ്ചലലോചനമാരിലഞ്ചിതാംഗിയിവൾ
പഞ്ചജനാധിപരുടെ നെഞ്ചകത്തിലതി—
ചഞ്ചലം വളർത്തീടുന്ന ഭാവമോടും നൃപ—
സഞ്ചയമദ്ധ്യത്തിൽ വന്നു നിന്നു മന്ദം.

കിഞ്ചന നെഞ്ചിൽ ചഞ്ചലമെന്നിയേ പഞ്ചബാണൻ നല്ല
അഞ്ചലർസായകമഞ്ചും കുഞ്ചിതവില്ലിൽ ചേർത്ത്
അഞ്ചിതരാകിയ നൃപരുടെ നെഞ്ചകം ലക്ഷമാക്കിച്ചെയ്തു;
വഞ്ചിതനായവൻ ചാഞ്ചാടിക്കൊണ്ടെയ്തു, പാരം
പൊങ്ങിന മോഹം പൂണ്ടു നൃപരുടെ ചിത്താംബുജമപ്പോൾ
തുംഗതരംഗകുതൂഹലവാരിധിതന്നിൽ മുങ്ങി.

കണ്ടാരം—ഝമ്പ

നൃപതതിഭിരഭേദ്യം തത്ര ലക്ഷം വിധായ
ക്ഷിതിഭൃദവനിദേവൈഃ പൂജയിത്വാഥ ചാപം
ക്ഷിതിപവരസമാജം പ്രേക്ഷ്യ മോദാകുലാത്മാ
വചനമവദദേതത് സർവ്വഗർവ്വാപഹാരീ.

ബൃഹത്സേനൻ:—

ശൃണുത മമ മധുരതരഭാഷണമിദാനീം
അംഭോജബന്ധുസുതഗംഭീര! ഭോജപതേ!
ജംഭാരിപുത്ര! ഭീമഭൃപാല! ചേദിപതേ! —ശൃണുത—

ആരട്ടമഹീപാല! ആനർത്ത ഹേ കാംബോജ!
ആന്ധ്രനൃപാവന്തിഭൂപ! മാഗധമഹീപതേ! —ശൃണുത—

വിപ്രതരകേതനന്നം വിപ്രവരസംഘവും
സത്പ്രഭരാം ഭൂപാലരും ക്ഷിപ്രം കാൺക രചിതയന്ത്രാം.
—ശൃണുത—

ദക്ഷഭാവമോട്ടും കൂടെ ഇക്ഷണത്തിൽ ധനുസ്സെടുത്തു
ലക്ഷഭേദം ചെയ്യുവന്നു ലക്ഷണയെ നല്കുവൻ.—ശൃണുത—

മോഹനം—ചെമ്പട

ഇതി നൃപകുലേ ശ്രുത്വാ വാക്യം നരേന്ദ്രമുഖോദിതം
പ്രമദസഹിതേ രംഗം ഗത്വാ ജവാദ് ധൃതകാർമ്മുകേ
സദസി സകലേ ലക്ഷം ഛേത്തും ഗതേഽപ്യസമർത്ഥതാം
സപദി സരസാഃ പ്രോത്ഥായോചുഃ സഹാസമഹീസുരാഃ.

ബ്രാഹ്മണർ:—

ക്ഷിതീശ്വരന്മാർ കാർമ്മുകധരണാത്
ക്ഷിതൗ പതിച്ചിതഹോ!
ക്ഷമേശവീരന്മാരുടെ ധമനികൾ
ക്ഷയിച്ചു വദനം നമിച്ചിതോ? —ക്ഷിതീ—

സമർത്ഥരാകിയ നിങ്ങടെ ശൗര്യം
നിരർത്ഥമായിട്ടിന്നു ഭവിച്ചു
കിമർത്ഥം നിങ്ങടെ കാർമ്മുകധരണം
പരാർത്ഥഹരണേ സമർത്ഥരല്ലോ. —ക്ഷിതീ—

ഹരീന്ദ്രസന്നിഭവിക്രമയുതരേ!
ഹരിപ്രിയോപമയാകിയ നാരിയെ
ഹരിച്ചു സ്വൈരം വാണിടുവാൻ
ധരിക്ക ചാപം ക്ഷണത്തിനാൽ. —ക്ഷിതീ—

ജയിക്ക ജയമൊടു ജലജവിലോചന!
ജനാധിപാനാം ജയമിഹ നാസ്തി
ജ്വലിച്ച കാഞ്ചനസത്പ്രഭകാർമ്മുകം
ധരിച്ചു ലക്ഷ്യം മുറിക്ക നീ. —ക്ഷിതീ—

സുപ്രിയം താവദാകർണ്ണ്യ
വിപ്രവാക്യം ജനാർദ്ദനഃ
ക്ഷിപ്രമേവാച്ഛിനല്ലക്ഷ്യം
സപ്രമോദം സതാം ഗതിഃ.

ലക്ഷ്യച്ഛേദം കൃതവതി ഹരൗ ലക്ഷണാ ച ക്ഷണേസ്മിൻ
പ്രേക്ഷം പ്രേക്ഷം തമഥ മധുരൈരീക്ഷണൈഃ പ്രേക്ഷണീയം
സാന്ദ്രാനന്ദാത് സവിധമുപഗമ്യാസ്യ മന്ദാക്ഷമന്ദം
മാലാം കണ്ഠേ മധുകരകുലാലംകൃതാമാസസഞ്ജ.

സ്വീകൃത്യ കന്യാം സരസീരുഹേക്ഷണോ
ഭൂപാലമധ്യാദഥ വീര്യവാരിധിഃ
സൃഗാലമധ്യാന്മൃഗരാഡിവാമിഷം
ദ്രുതം പ്രതസ്ഥേ സ്വപുരീം തയാ സമം.

സാരംഗം—ചെമ്പട

യാതേ ഹരൗ നൃപസുതാം തരസാ ഗൃഹീത്വാ
ഭൂപാലലോകമപമാനവലനം വിധായ

ആത്മാപമാനപരിമാർജ്ജനകാമ്യയാ തേ
കോപാതിരേകതരളാ ഗിരമൂചുരേവം.

രാജാക്കന്മാർ:—

പോക വൈകാതെ മാഗധ! ഗോപാലസവിധേ
പോക വൈകാതെ മാഗധ!

ക്ഷത്രിയസദസ്സിങ്കൽ ക്ഷുദ്രനാം ഗോപൻ വന്നു
ദക്ഷനായ് ബാണമെയ്തു ലക്ഷ്യഭേദനംചെയ്തു
ലക്ഷണയാം നാരിയെ ഇക്ഷണം ഹരിച്ചതു
ശിക്ഷയിൽ കണ്ടുനിൽക്ക ക്ഷത്രിയക്കുചിതമോ?

—പോക വൈകാതെ മാഗധ!—

ഇണ്ടൽ കൂടാതെ ഗോപൻ വണ്ടാർകുഴലിയാളെ
ശണ്ഠ കൂടാതെ ബലാൽ കൊണ്ടുപോകുമ്പോളിഹ
കണ്ടുനിൽക്കയില്ല നാം രണ്ടു പക്ഷമെന്നിയേ
ശണ്ഠ ചെയ്തു ബന്ധിച്ചു കൊണ്ടുപോന്നീടുക നാം.

—പോക വൈകാതെ ചേദിപ!—

ഇത്ഥം വിനിശ്ചിതമതിഃ പരിവൃദ്ധകോപാ-
ദ്രൂക്ഷാരുണാക്ഷിയുഗളഃ ക്ഷിതിപാലലോകഃ
ലക്ഷ്മീപതിം സപദി ലക്ഷണയാ സമേതം
മാർഗ്ഗേ നിരുദ്ധ്യ പരുഷാക്ഷരമാചചക്ഷേ.

വൃന്ദാവനസാരംഗം—ചെമ്പട

രാജാക്കന്മാർ:—

വരിക വരിക രണഭൂമിയിൽ യുദ്ധകീടക! പശുപാലക!
വിരവിനോടു സായകേന താവക-
ഗളമറുത്തു യമപുരത്തിലാക്കുവൻ.

ഗോപഹതക! നൃപസംഹതി കാൺകവേ
ചാപമെടുത്തു ലക്ഷ്യഭേദനങ്ങൾ ചെയ്തു നീ
ഭാമിനിയെക്കൊണ്ടുപോകുന്ന ദുർമ്മതേ! പാപനിലയ!

— വരിക...പാലക!—

ചാപചതുരരാം ഭൂപരോടേല്പാൻ
കോ൪പി വീരൻ ഭുവി സംഭവിച്ചീടുന്നു ?
കപടഹൃദയ ! തവ ചപലകമ്മരതി-
യപഗതയാക്കുവൻ സപദി ജള !

— വരിക…പാലക ! —

ശ്രീകൃഷ്ണൻ:—

വരിക വരിക രണഭൂമിയിൽ ക്ഷിതിപാലരേ! അതിമൂഢരേ!
ദുരിതം…………………………ശമിച്ചീടും
വരിക രണാങ്കണേ മരുദാലയംതന്നിൽ
തപരിതം നയിക്കുവൻ കരുതുക ഹൃദി ഭൂപരേ!

മാരുതൻ ഘനസംഹതിയെ ഹത-
മാക്കുമ്പോലെ ഹതമാക്കുവനഞ്ജസാ.
മാരുതസമഗതിബാണനികരമെയ്തു
നാരിതന്നിലുള്ള മോഹമകററുവൻ. —വരിക…മൂഢരേ!—

രാജാക്കന്മാർ:—

നരവരതനുജയെക്കൈവെടിഞ്ഞാശു നീ
സുരതരുണിമാരിലാശ വച്ചീടുക
ശരനികരമെയ്തു പരിചിനൊടാകവേ
സുരവരപുരമതിൽ നയിച്ചീടുവൻ.

നാരിചേലചോരണമതു തീരുമിന്നു തവ
രണരുചിയെല്ലാം സീരിസഹജ! നിൻെറ
കരബലമൊന്നുമിപ്പോൾ
വീരരാകിയ നൃപരൊടു കൂട്ടമോ ?

— വരിക…പാലക ! —

ശ്രീകൃഷ്ണൻ:—

കൃന്തസമത്തമതംഗജമസ്തക-
പിശിതാശനരതനാകിയ ഹരിയൊടു
എതിർത്തു ജയിച്ചിടുവാൻ ജംബുകസംഹതി
കരുത്തരായിബ്ഭവിച്ചിടുമോ ?

പാൎത്തീടാതെ രണധരണിയിൽ വരിക;
ക്രുൎത്ത ശസ്ത്രനികരങ്ങൾ പ്രയോഗിച്ചു
മൂൎത്തിയാകപ്പൊടിയാക്കി യമാലയേ
ചേൎത്തിടുവൻ പാൎത്തിടാതെ ഭൂപരേ! —വരിക... മൂഢരേ!—

രാജാക്കന്മാർ:—

ദധിഘൃതചോരകനാകിയ ഗോപകൻ
യുധി പൊരുതീടുവാൻ വിരുതനായ് വരുമോ?
അധികജളപ്രഭോ! ബധിരതകൊണ്ടു തേ
ബഹുവിധകഥനങ്ങൾ മതി കുമതേ!

സാദ്ധ്യമല്ല തവ ദുമ്മദമിപ്പോൾ
മാധവ! താവകരുധിരപാനം ചെയ്വാൻ
മോഹം പൂണ്ടു ശരസന്ദോഹമസ്മാകം
പാൎത്തിടുന്നതോൎത്തിടേണം. — വരിക... പാലക! —

ശ്രീകൃഷ്ണൻ:—

കുടിലഹൃദയരാം ഭൂപരെയിപ്പോൾ
വടിവിനൊടാകവേ പൊടിപെടുത്തീടുവൻ
അടർ പൊരുതീടുവാൻ കൊതി ഭവിച്ചീടുകിൽ
ഝടിതി മമാന്തികേ വരുവിനിപ്പോൾ.

ദുഷ്ടരാകിയ നൃപരുടെ ദേഹം
ശ്രേഷ്ഠമായ മമ മാൎഗ്ഗണങ്ങൾക്കതി—
മൃഷ്ടമായശനാൎത്ഥമാക്കീടുവൻ
ധാർഷ്ട്യമൊന്നുമെന്നോടു ബത കൂടാ.

— വരിക... മൂഢരേ! —

ശ്രീനാഥസ്സ്വാൻ സകലനൃപതീൻ യുദ്ധമദ്ധ്യേ/ഥ ജിത്വാ
പത്ന്യാ സാകം നിജപുരമവാപ്യാത്മനസ്സല്യയാസൗ
സാന്ദ്രാനന്ദം സകലജഗദാനന്ദകാരീ സ്വബന്ധു—
വ്രാതൈഃ സാകം സകലമഹിതഃ സ്വൈരമത്രാദ്ധ്യവാത്സീത്.

ശുഭം

# അശ്വമേധം

## (ആട്ടക്കഥ)

ശങ്കരാഭരണം—ചെമ്പട

സന്ധ്യാർത്ഥമേവ ഗതവത്യരവിന്ദനാഥേ
സന്തോഷവാൻ ഭഗവദാഗമനം പ്രതീക്ഷ്യ
സന്താനതുല്യസഹജൈഃ സഹ ധർമ്മസൂനുഃ
കാന്താസഖഃ സ ഖലു തത്ര സുഖം ന്യവാത്സീത്.

ധർമ്മനന്ദനനജിതൻ നിർമ്മലതരാത്മാ
ധർമ്മസാഗരശശാങ്കൻ ശർമ്മവാനതുലൻ
കീർത്തിയെപ്പത്തു ദിക്കിലും വിസ്തരിപ്പിച്ചവൻ
ദൈത്യരാജമഹാബലിക്കുംതാപം വരുത്തി,

കാട്ടിലുള്ള വൈരികളെക്കാലനു കൊടുത്തു
നാട്ടിൽ മേവും രിപുക്കളെ നഷ്ടമാക്കീടുവാൻ
ദൂതനായി മുകുന്ദനെ സാദരമയച്ചു
സോദരപത്നീസമേതൻ മോദാൽ തത്ര വാണു.

മന്ദാനിലേ ചലതി ജാതുചിദിന്ദുശോഭാ-
വൃന്ദേഽപി ച പ്രസരതീന്ദുകലാബ്ധിചന്ദ്രഃ
കന്ദർപ്പബാണവിധുരോ യമനന്ദനോഽയം
മന്ദം സ്വകീയശരദിന്ദുമുഖീമവാദീത്.

ധർമ്മപുത്രർ:—

സാരസപത്രനയനേ ! ശാരദചന്ദ്രവദനേ !
വാരണമന്ദഗമനേ ! ശാരികാമഞ്ജുവചനേ !

മാധവകാലത്തെക്കാങ്കെ മാധവീലതകൾ പൂത്തു
മധുകരജനത്തിന്നു മധുരസം നല്കീടുന്നു. —സാരസ—

കേകികൾ നിൻെറ വേണിയെ കേവലം കണ്ടു തങ്ങടെ
ശോകമോടു പിഞ്ഛങ്ങളെ വാർകുന്തളേ! മോചിക്കുന്നു.
—സാരസ—

ചക്രവാകം നിൻമുഖത്തെ ചന്ദ്രനെന്നു ചിന്തിച്ചു
ചക്രം തിരിഞ്ഞീടുന്നഹോ! വക്രിമാപാംഗിമാർമൗലേ!
—സാരസ—

നിന്നധരാമൃതം നല്കി ഉന്നതമാം കുചംകൊണ്ടു
കന്ദുകലീല ചെയ്യതിന്നെന്നരസി ശയിച്ചാലും.

എരിക്കല—അടന്ത

ദ്രൗപദി:—

ധർമ്മസൂനോ! മത്കാന്ത! നിർമ്മലമതേ! ശൃണു
മന്മൊഴിയെ വിരവിൽ വെണ്മതിനിഭാനന!

ചൂതമധുവെ പികശാതോദരിമാരാൻ
സാധുവായി മന്മഥനെ ഗീതേന വിളിക്കുന്നു.

സൂര്യ്യനസ്തമിക്കയാൽ ഭാര്യ്യയാമംബുജിനി
ധൈര്യ്യം വിട്ടു വാടുന്നു കാര്യ്യം നിന്നാൽ മൈവം മാം.

ചെന്താർസായകനെൻെറ അന്തികേ വന്നു ശര-
സന്തതിയെത്തുകുന്നു കാന്ത! നിൻഭയമെന്യേ.

നിന്നധരമധുവെത്തന്നു മത്കുചകുംഭം
മന്നവ! നീ പുണർന്നു കന്ദർപ്പമാൽ കളക.

കാമോദരി—ചെമ്പട

തത്രാന്തരേ ശമനഭൂരനുജൈശ്ച സാകം
തത്രാഗതം യദുകുലേന്ദുമുദീക്ഷ്യ മോദാത്

ആത്താദരഃ സ ഖലു സാത്യകിനാ സമേതാ
ബദ്ധാഞ്ജലിസ്തമിതി വാചമുവാച കൃഷ്ണം.

ധർമ്മപുത്രർ:—

യാദവേന്ദ്ര! ജയിച്ചാലും സാദരം മേ ശൃണു വാചം
താതനും പുനരംബയ്ക്കും താപമിന്നൊന്നുമില്ലല്ലോ ?

സോദരന്മാർക്കുമിന്നേററം സൗഖ്യമല്ലേ ജഗന്നാഥ!
മാധവ! നീ പോയ കാര്യം സാധിച്ചു
പോന്നിതോ നാഥ! —യാദവേന്ദ്ര! —

കിന്നു താതനരചെയ്തു? ശന്തനുജനെന്തു ചൊല്ലി?
സന്ധികാര്യമവർക്കിപ്പോൾ അന്തരംഗേ
സമ്മതമോ? — യാദവേന്ദ്ര! —

ശങ്കരാഭരണം—ചെമ്പട

ശ്രീകൃഷ്ണൻ:—

ധർമ്മതനൂജ! നീ മാമകവചനം
ധർമ്മമതേ! കേൾക്ക.

ധർമ്മം സത്യവുമില്ലവനില -
ധർമ്മത്തിൻെറ പാത്രമവൻ താൻ
ഊശി തറപ്പാൻ തരിവില്ലെന്നു ഭൂ
കാശിനു വിലപിടിയാത്തവനോതി. — ധർമ്മ —

ഭീമനെ ഞാൻ ഹൃദി ചിന്തിച്ചവരുടെ
കാമംപോലെ തിരിച്ചിഹ പോന്നു
അല്ലെങ്കിൽ കുരുവംശമൊട്ടുക്കും
മല്ലാന്തകനാമഹമരനിമിഷാൽ. — ധർമ്മ —

യുദ്ധത്തിന്നിഹ കോപ്പുകൾ കൂട്ടുക
ശസ്ത്രാദികളുടെ മൂർച്ചകൾ കൂട്ടാം
ക്ഷോണി മുഴുവൻ ഭൂപതിമാരുടെ
ക്ഷണമതു ചെയ്യണമിന്നിഹ പാർത്ഥ! — ധർമ്മ —

ദ്വാരകതന്നിൽ പോകുന്നേൻ ഞാൻ
ധീരശിഖാമണിയാളേ രാജൻ!
കൈകളൊതുങ്ങി നമ്മൊടറിച്ചാൽ
വെക്കം തന്നെ വരുവനിഹാഹം. — ധർമ്മ —

കാമോദരി

ധർമ്മപുത്രർ:—

സോദരന്മാരെയയച്ചു സാധുക്കളാം ഭൂപന്മാരെ
ആദരാൽ ക്ഷണിച്ചുകൊള്ളാം ഭേദമില്ലിതിനൊട്ടുമേ.

മോഹനം—ചെമ്പട

ധർമ്മഭൂരിതി നിശമ്യ തദ്ഗിരം
നിർമ്മലോന്നതമതിഃ സ്വസോദരാത്
ഭീമപാർത്ഥനകുലാദികാൻ സ്വയം
പ്രേമഗർഭമിതി വാക്യമബ്രവീത്.

ധർമ്മപുത്രർ:—

മാരുതനന്ദന! വചനം നമ്മുടെ
സാരമതായൊരു കേൾക്ക മഹാത്മൻ!
പാരാതേ പോയ് പാഞ്ചാലാദിക-
വീരന്മാരെ വരുത്തണമിപ്പോൾ.

നകുല! നീ പോയ് വിരാടമഹീശനെ
നഗരമിതുങ്കൽ വരുത്തണമധുനാ
സഹദേവൻ പോയ് ക്ഷത്രിയസംഘം
സാഹായ്യത്തിനു കൊണ്ടിഹ വരണം.

ജിഷ്ണുപരാക്രമ! വീര! ധനഞ്ജയ!
ജിഷ്ണോ! മാമകസോദര! പാർത്ഥ!
കൃഷ്ണനെയിന്നു നയിപ്പാൻ ഭഗവ-
ദ്ധിഷ്ണ്യം പ്രതി നീ പോകണമധുനാ.

ധമ്മസൂനുവചനം നിശമ്യ തേ
ഭീമസേനനകുലാദയോ യയുഃ
തത് പുരം പ്രതി സമസ്തവേദിനം
തല്പശായിഹരിമാപ ഫല്ഗുനഃ.

തത് കാലേ കുരുരാജസൂനുമവമം സിംഹാസനസ്ഥം നൃപം
ദിക്കാന്താപതിസൂനുരപ്രതിഹതഃ കർണ്ണോ രഥസ്ഥോഽഭ്യഗാത്
മാത്താണ്ഡപ്രതിമം മഹാരഥവരം രാമഷിശിഷ്യം തു തം
കൃതപാദ്ധ്യാസനഗം വിലോക്യ സ ഇതി പ്രോവാച ദുര്യ്യോധനഃ.

ദുര്യ്യോധനൻ:—

ബാന്ധവശിഖാമണേ! കേൾക്ക മന്മൊഴി
സന്താനാതീതദാനശീല!
ചെന്താമരാക്ഷനങ്ങെന്തു പറഞ്ഞെടോ!
സിന്ധുഗഭീരാശയ!

വീരനാം നീയിങ്ങിരിക്കുന്ന കാലത്തു
ആരേയും ഭീതിയില്ലെനിയ്ക്കു
പോരിൽ ജയിച്ചു നീ സത്വരം പാത്ഥനെ
സൂരാത്മജനു നല്കേണം. — ബാന്ധവ —

ഭീമൻ ഗദയുമാന്നിങ്ങു വരുന്നേരം
മാമകബാഹു തടുത്തിടും
ധമ്മജൻ സത്യമായ്ത്തന്നെ വരുന്നാകിൽ
സാമവാക്കുകൾ മതി. — ബാന്ധവ —

ഇക്ഷണം നീ മമ വൈരികൾ തന്നുടെ വി —
പക്ഷന്മാരെ ബാണമാമാത്തു—
ശുക്ഷിണിതന്നിൽ പൊടിച്ചു വരുത്തങ്ങു
പക്ഷികൾക്കു നല്കണം. — ബാന്ധവ —

കേദാരഗൗഡം—ചമ്പ

കർണ്ണൻ:—

കുരുവംശദീപമേ! വിരവിനൊട്ടു കേൾക്കെടോ!
മരണഭയമില്ല മേ സൂരസൂതനല്ല ഞാൻ.

ശമനൻ മമാഗ്രജൻ ശനിയും തഥൈവ തവ
വിമതിതതിയൊക്കവെ വിധിഹതകരല്ലയോ!
അവരോടു കൂടി ഞാൻ മേവേണമെന്നു ഹരി-
യപമാനവാക്കുകളതനവധി കഴിച്ചു ഭോ!

— കുരുവംശ —

നാഗാസ്ത്രമുണ്ടു മമ നാഗകേതോ! നൃപ!
പാകാരി നല്കിയിതു പാല്യമീയായുധം
ഒന്നു മതി ഫല്ഗുനവധത്തിനു നിർണ്ണയം
നിന്ദ്യയാം ചിന്തയെ ഇന്നു നീ കളഞ്ഞാലും. —കുരുവംശ—

പ്രത്യേകമിന്നു നീയത്തൽ വെടിഞ്ഞങ്ങു
സത്യേശനെച്ചെന്നു ഭക്ത്യാ വിളിക്കണം
ഇത്തരം ചൊല്ലുവാൻ ധാത്രീശ! തേ താത-
നത്തലൊടെന്നോടു പ്രത്യേകമോതിനാൻ. — കുരുവംശ —

രാധേയസ്യ വചഃ ശ്രുത്വാ
മദാന്ധോ നാഗകേതനഃ
ഹാരാദിഭൂഷിതാംഗഃ സൻ
ദ്വാരകാം പ്രത്യഗാദ് ദ്രുതം.

രഥേന ഗത്വാ ധൃതരാഷ്ട്രപുത്ര-
സ്തദീയശീർഷാന്തികമദ്ധ്യവാസ
സിംഹാസനസ്ഥാഽമരനാഥസൂനു-
ർവിഹംഗകേതോശ്ചരണേ ച തസ്ഥൗ

കല്യാണി—ചെമ്പട

കൃതാംഗഭങ്ഗം നയനാരവിന്ദ-
മുന്മീല്യ പാൎത്ഥം സ വിലോക്യ കൃഷ്ണഃ
ഉത്ഥായ ചാഽലോക്യ സുയോധനം തം
മാധ്വീമുഖം വാചമുവാച തൗ ദ്വൗ.

ശ്രീകൃഷ്ണൻ:—

വീര! സുയോധന! പാൎത്ഥ! യുവാം മേ
വചനമിദം കേൾപ്പിൻ.
പോരിനു നമ്മെ വിളിക്കുന്നെങ്കിൽ
വെറുതേ തന്നെയെന്നു ധരിപ്പിൻ. — വീര! —

ആയുധമൊന്നുമെടുക്കില്ലെന്നഹ-
മാണയതിട്ടു ഭീഷ്മസമീപേ
ന്യായം വിട്ടൊരു യുദ്ധവുമരുതേ
മായാഹീനമതായിഹ വേണം. — വീര! —

നാമില്ലാത്തൊരു പക്ഷംതന്നിൽ
നാലക്ഷൗഹിണി സൈന്യമതേകാം
നമ്മേത്തന്നെ വിളിക്കുന്നവനൊടു
നാമിഹ പോരാം പാണികൾ വിശി. — വീര! —

ഇത്യുക്തേഽസ്മിൻ നാഗകേതുഃ പുരസ്താത്
സത്യാകാന്തം വാചമേവം ബഭാഷേ
സൈന്യം ദേഹീത്യുക്തമാത്രേ ഹരിർദ്രാ-
ഗക്ഷൗഹിണ്യാശ്ചത്വരം തസ്യ ചാദാത്. (?)

കല്യാണി—ചെമ്പട

രഥാധിരൂഢഃ സഹസാഹികേതുഃ
പ്രതസ്ഥ ഏവാത്മപുരം സസൈന്യഃ
തതോ ഹരിഃ ഫല്ഗുനമന്തികസ്ഥം
സ്മിതാസ്യ ഏവാ വചനം ന്യഗാദീത്

ശ്രീകൃഷ്ണൻ:—

വീര ! ധനഞ്ജയ! പാൎത്ഥ! നീ മന്മൊഴി
സാദമിദം കേൾക്ക
കുരുകുലമൂഢനൊഴിച്ചു നടപ്പാൻ
വേറെയുപായവുമില്ലിഹ പാൎത്താൽ.

ജ്യേഷ്ഠന്മാൎക്കും സൗഖ്യമതല്ല ?
കനിഷ്ഠന്മാൎക്കതുപോലെയതല്ലോ ?
ദുഷ്ടന്മാരാമവരു നിമിത്തം
കഷ്ടത തേടീടുന്നിഹ നീയും. — വീര ! —

ഭീഷ്മദ്രോണകൃപാദിയുമായി ധ-
നഷ്മൻ ! സംഗതി വന്നു രണത്തിനു
ഭീഷ്മൻതന്നുടെ യുദ്ധംതന്നിൽ
കശ്മലകൎമ്മം കാണുകയില്ല. — വീര ! —

ദ്രോണാചാൎയ്യൻതന്നുടെ യുദ്ധേ
കാണും കപടവുമനവധി ബന്ധോ !
ദ്രൗണിയുമങ്ങിനെ തന്നെ, നിന്നുടെ
വേണെങ്കിൽ ഞാൻ തേരു തെളിയ്ക്കാം. — വീര ! —

കൎണ്ണനൊരുത്തനെച്ചിന്തിച്ചിന്നു
ദണ്ഡമതുണ്ടിഹ മാമകഹൃദയേ
വിണ്ണവർനാഥൻ നല്കിയ വേലതു
നിൎണ്ണയമവനുടെ പാണിയിലുണ്ടു്. — വീര ! —

സുരുട്ടി—ചെമ്പട

അൎജ്ജുനൻ:—

ചെന്താമരാക്ഷ ! മാധവ ! സന്താനഭൂരുഹകല്പ !
ചെന്തളിരൊക്കും തവ തൽപദം ബന്ധുവാമഹം കലയേ.

നിന്തിരുവടി നമ്മുടെ അന്തികത്തിങ്കൽ വസിക്കുമ്പോൾ
ജന്തുപ്രായമവരെയൊക്കെ കീഴുപിന്നെ ചൊല്ലേണ്ട ഞാൻ.
— ചെന്താമരാക്ഷ ! —

കുണ്ഠനെയാഹവന്തന്നിൽ ഗാണ്ഡീവിയാകുന്നൊരു ഞാൻ
ദണ്ഡമെന്യേ വധിച്ചീടും ദണ്ഡ്യന്മാരു കണ്ടിരിക്കേ.

— ചെന്താമരാക്ഷ ! —

മാമകാഗ്രജൻ വസിക്കും ഭൂമിതലം തന്നിലിന്നു
ദാമോദര ! ജഗന്നാഥ ! താമസമെന്യേ പോക നാം.

— ചെന്താമരാക്ഷ ! —

ഇത്യുക്തവന്തം സ ധനഞ്ജയം തം
ധൃത്വാ കരാഗ്രേ നിജപാണിനൈവ
രഥേഽധിരുഹ്യ ത്വരയാ സമേതോ
ഗത്വാ കൃതാന്താത്മജമിത്യുവാച.

ശ്രീകൃഷ്ണൻ:—

വിജയാഗ്രജ ! ധർമ്മരാജസൂനോ !
വിജയം പ്രാപ്സ്യസി കൗരവാദിസംഘാത്
അനുജേന വൃകോദരേണ വായോ-
സ്തനയം തം ത്വമിഹാനയ പ്രഭോ ! ദ്രാക്.

മദ്ധ്യമാവതി—ചെമ്പ

ശാതോദരീമധുകരദ്യുതികുന്തളാനാം
മാധുര്യമപ്യനുദിനം സ വിചിന്ത്യമാനഃ
രാധാപതേർമ്മധുമൊഴിം തു നിശമ്യ വാചം
വാതാത്മജോഽപി പവമാനസുതം വ്യചിന്തീത്.

ശ്രീരാഘവസ്മിതസുധാമധുരാനനം തത്
സൂരാത്മജാലയഗതിപ്രവിരോധി താവത്
ധ്യായൻ മുഹുഃ കദളികാവനമദ്ധ്യദേശ-
മദ്ധ്യാസ്ഥിതോ ഹരിരിതി സ്വമനസ്യചിന്തി.

ഹനൂമാൻ:—

ശ്രീരാമദാസനാം ധീരനാം നമ്മുടെ
സാരം സമാധിയിന്നു പാരം ചലിക്കുന്നു.

ഹന്ത! മന്നാഥൻെറ ചെന്തളിരോടൊത്ത പദ-
മന്തരംഗം വിട്ടതെന്തിഹ കാരണം?

"വൃത്രാരിപുത്രൻെറ തേർത്തടത്തിൽ വന്ന
ധാർത്തരാഷ്ട്രന്മാരെ മിത്രജനം നല്കണം."

ഇത്തരം ഭീമൻ കഥിച്ചതങ്ങോർക്കാതെ
അത്ര വസിക്കയാൽ എത്രയും മൂഢനഹം.

നമ്മുടെ സോദരൻ ഭീമൻ മഹാബലൻ
നമ്മെ നിനയ്ക്കുന്നു നന്മയോടഞ്ജസാ.

ആദരമോടു ഞാൻ സോദരൻ തന്നുടെ
മോദവും ചെയ്യുവൻ വാദമതിനില്ല മേ.

നാട്ടക്കുറിഞ്ഞി—അടന്ത

ഇതി വിചിന്ത്യ സ വാനരപുംഗവോ
ദശരഥാത്മജഭക്തശിരോമണിഃ
സജവമേത്യ സമന്വിതപാണ്ഡവം
സവിനയം പ്രണനാമ മുരദ്വിഷം.

ഹനുമാൻ:—

സത്യാകാന്ത! ഹരേ! തേ ഭക്ത്യാ വന്ദേ ചരണം
ഭക്തനാമെന്നെയും നിത്യം പാലിക്കേണമേ.

കൃഷ്ണ! ലോകേശ! ജയ ജിഷ്ണുബാന്ധവ! ജയ
വിഷ്ണോ! മാധവ! ജയ വൃഷ്ണികുലേന്ദോ! ജയ
രക്തപദ്മനയന! ഭക്തവത്സല! വിഭോ!
മുക്തിരൂപാമരൌഘസക്തമാനസ! ജയ.

പന്തുവരാടി—ചെമ്പട

ഇതി പ്രണമ്യാഥ ഹരിം ഹരീശ്വരഃ
കൃതാന്തസൂനും കുശലം നിഗദ്യ ച

സപ്രസോദരം ഭീമബലം സമാരുത്തിം
ദയാർദ്രധീരക്ഷരിപുർവ്വചോഽബ്രവീത്.

ഹനുമാൻ:—

സോമാന്വയദീപ! നൃപ! ഭീമാദികളുമായി നീ
താമരാക്ഷകടാക്ഷത്താലാമോദേന വാഴുന്നില്ലേ?

ഭീമപരാക്രമരാശേ ! ഭീമസേന ! മമാനുജ !
മാമകവചനം ശൃണു യാമിനീശബിംബാനന!

കുന്തീപുത്ര ! നിനക്കു ഞാനെന്തൊരു കാര്യമെങ്കിലും
ചന്തമോടു സാധിപ്പിക്കാം ബന്ധമെന്നിയേ ചൊല്ക.

നീലാംബരി—ചെമ്പട

ഭീമൻ:—

ആര്യ ! താവകപദം ശൗര്യാംബുരാശേ ! വന്ദേ
ഭാരതയുദ്ധമിപ്പോളാരംഭിച്ചു പൂർവ്വജ !

ശ്വേതവാഹനൻതന്റെ കേതുമുകളിൽ ഭവാൻ
സാഹായ്യം ചെയ്യതിന്നു വാഹനമായി ഭവിക്കം.

പന്തുവരാളി—ചെമ്പട

ഹനുമാൻ: —

വീര ! പാർത്ഥ ! നിന്നുടയ സാരമാകും കേതുതന്നിൽ
കേറുവാനനുവദിക്ക വൈരിവനധനഞ്ജയ !

നീലാംബരി

അർജ്ജുനൻ:—

മാരുതേ! നിൻപദം വന്ദേ മാമകവചനം ശൃണു
പോരിൽ കേതുവിങ്കൽ വാണു പാരാതെ വിജയം നല്ക.

ഏവം നിഗദ്യ വലവൈരിസുതോ ഹരീന്ദ്രം
കേതൗ വിധായ കുരുവംശമസൗ നിഹന്തും
കൃഷ്ണാഗ്രജാദിസഹിതോഽഭിയയൗ രഥസ്ഥോ
വേഗാത് പുരീം പ്രതി തു ഹസ്തിനനാമധേയാം.

തോടി—അടന്ത

ഭീഷ്മാദിമുഖ്യസഹിതം കുരുപാണ്ഡവാനാം
ഭീമാനുജസ്സദനു വീക്ഷ്യ രഥോപരിസ്ഥഃ
സൈന്യം നിഹന്തുമപി ഖിന്നമനാ നിതാന്തം
ധന്യം തമേവമവദത് സരസീരുഹാക്ഷം.

അർജ്ജുനൻ:—

കിരീടി ഞാൻ തവ പദകഞ്ജമഭിവാദയേ
ഗുരുക്കന്മാരിവരെ സംഹരിക്കിന്നു നല്കുവാൻ
വരനല്ല ഞാനഹോ ! പരമപുരുഷ! വിഭോ!
വിരവിൽ ഭവാൻ തന്നെ വധിച്ചാലുമിവരെ.

ഗുരുജനം കൂടാതെ ധരകൊണ്ടെന്തു കാര്യം
കരുണാപയോനിധേ! വിരവിനൊടു ചിന്തിക്ക
കരളിലിന്നെനിയ്ക്കു കനിവുമിവരിലും
ഒരുപോലവെ തീൻ ഉരുതരം മുകുന്ദ !

കാമോദരി—ചെമ്പട

ശ്രീകൃഷ്ണൻ:—

പാർത്ഥ! നീ മന്മൊഴി കേൾക്കുക ധീമൻ!
ക്ഷത്രിയമകുടമണേ!
പത്രികളും ബത ! പശുകുലവും ഖലു
മർത്ത്യന്മാരും ദേവകളും ഞാൻ.

മൂർത്തികൾ മൂവരുമെന്നുടെ കലകളി—
തോർത്തീടുക നീ മദ്ധ്യമപാണ്ഡവ!
തത്ത്വവുമൊന്നും ചിന്തിക്കാതെ
ഉക്തികളെന്തിഹ ചൊല്ലീടുന്നു. — പാർത്ഥ ! —

വിധിയും പ്രളയേ ചേരും വിഷ്ണൗ
മധുസൂദനനും രുദ്രേ ചേരും

അഥ രുദ്രൻ താനീശ്വരേ ചേരും
സദാശിവനിൽ മഹേശൻ ചേരും — പാത്ഥ ! —

സദാശിവനും ചേരും ശക്ത്യാം
സതതം തല്ലയമെന്നിൽത്തന്നെ
ചേതസി നീയിതു ചിന്തിച്ചാലും
ഖേദവുമൊട്ടും വേണ്ടയി ! രണമതിൽ. — പാത്ഥ ! —

വൈരികളെക്കൊലചെയ്തു നീ നാകേ
സ്വൈരമിരുന്നു ക നാരികളൊത്തു
ധരണിതന്നുടെ ഭാരം കളയുക
പാരിടമതിലിഹ കീർത്തി പരത്തുക. — പാത്ഥ ! —

പോരിൽ ജയമതു ചെയ്തീടുന്നതു
വീരന്മാരുടെ ധമ്മമതല്ലോ
മാറിയിരിക്കും ജീവൻെറ ഗതി
വൈരിധനഞ്ജയ ! മാമകഗാത്ര ! — പാത്ഥ ! —

സകലം ധമ്മമുപേക്ഷിച്ചിഹ നീ
നിഗമാന്തഗനാം നമ്മേത്തന്നെ
ശരണമതായി പ്രാപിച്ചാലും
ശരവും വില്ലുമെടുക്കുക ജിഷ്ണോ ! — പാത്ഥ ! —

കേദാരഗൗഡം—ചെമ്പട

ഗീതോപദേശം ഭഗവാൻ വിധായ
പൃഥാസുതസ്യാപി ദൃഢം തു ചിത്തം
തതാന ധന്വീ സ തദാ കിരീടീ
രഥസ്ഥിതോ ഭീഷ്മമഥാജ്ഞഹാവ.

അജ്ജുനൻ:—

സാധോ ! കൗരവപക്ഷപാതിൻ ! പോരിന്നോഹി !
കാതരം നമുക്കില്ല പാതകമിതിന്നില്ല
യാദവേന്ദ്രനിതിയോതി നമ്മോടിഹ

പാദം നിന്റെ പതതി മത്സരതതി
അഭിവന്ദതി വിരവിനൊടു ബത! — സാധോ! —

പ്രേതനാഥന്റെ നികേതനയാത്രക്കിന്നു
ശാതകുംഭകൃതശാതരായ മമ
സായകങ്ങഠം കാട്ടും വഴികളൊട്ടും
മടിന കേട്ടുകൊഠംക രണഭ്ലുവി° — സാധോ! —

അഷ്ടവസുക്കളിൽവച്ചഷ്ടമനല്ലോ ഭവാൻ
നഷ്ടയായി തവ കഷ്ടഭ്രുവസതി
ഇഷ്ടരോടു ദിവി വാഴ്ക ധനുഷി-
യധികനിപുണ! നാകമഖിലജനമൊടും — സാധോ! —

കാനക്കുറിഞ്ഞി—പഞ്ചാരി

ഇത്ഥം പാർത്ഥസ്യ വാണീം ശ്രുതിപുടപരുഷാം
ശ്രോത്രയുഗ്മേന പീത്വാ
ക്രുദ്ധശ്ചാപാസ്ത്രപാണിഃ സുരപുരതടിനീ-
സൂനരത്യന്തധീരഃ
ഗത്വാ യുദ്ധസ്ഥലീം താമുഭയഭടജനൈ-
രാവൃതാം സ്യന്ദനസ്ഥോ
യുദ്ധായൈതം ബഭാഷേ വലരിപുതനയം
മൗലിഭാസ്വത്കിരീടഃ.

ഭീഷ്മർ:—

നിന്നുടയ മുഴുലയായ തനുവതുങ്കൽ കഠിനബാണ-
വഹ്നിയെ വിടുന്നതെങ്ങനെ ധനഞ്ജയ!
എന്നുടയ നിശിതബാണതതികളെത്തടുപ്പതിന്നു
ജന്യനാടകത്തിലിന്നുനിന്നു പോരെടോ!

ത്വത്പ്രഭാവമൊക്കവേയറിഞ്ഞിടും നമുക്കു നിന്നോ-
ടപ്രിയത്തിനിന്നു വന്നുവല്ലോ സംഗതി

തത് പ്രമാദമല്ല മേ ധരിയ്ക്കു താത! താതദൈവ—
കല്പിതം ജഗത്തിലാരഹോ തടുക്കുവാൻ.

കാശിരാജമന്ദിരേ സ്വയംവരത്തിൽ ഭൂമിപതികൾ
പൂശകങ്ങളെന്നപോലെ കണ്ടിരിയ്ക്കവേ
ആശു ഞാൻ ഗ്രഹിച്ചു മൂന്നു കന്യമാരെ വന്നു വലിയ
മീശകൊമ്പരെ ജയിച്ചു കേട്ടതില്ലയോ ?

മത് പ്രിയംകര! ത്വദീയഗാത്രകേ പതിച്ചിടില്ല
ക്ഷിപ്രകാരിയായിട്ടും മദസ്ത്രസഞ്ചയം
ത്വത് പ്രയുക്തബാണതതിയെ മദ് ഭുജം സഹിച്ചിടാതെ
നിഷ് പ്രയോജനങ്ങളാക്കിട്ടും മഹാമതേ!

ബലഹരി — ചെമ്പട

ഇത്ഥം പരസ്പരവിജൃംഭിതയുദ്ധമദ്ധ്യേ
സത്ത്വാപതിസ്ത്വയദിനേ സമുദീക്ഷ്യ ജിഷ്ണോഃ
യുദ്ധം തു മന്ദമമിതാരുണദൃക് ക്ഷതാംഗഃ
സോഽഭ്യദ് ഗതോഽരിമനുഗൃഹ്യ ജഗാദ ഭീഷ്മം.

ശ്രീകൃഷ്ണൻ:—

ക്ഷത്രകുലത്തിനു സാദ്ധ്യമതായൊരു
യുദ്ധം തവ ചിത്രം !

താതപിതൃവ്യൻ നീയത്തുമൂലം
വധമതു ചെയ്‌വാൻ തവ മടി പാൎത്ഥനു. —ക്ഷത്ര—

നിന്നെ വധിപ്പാൻ ഞാനിഹ പോരും
നന്നായായുധമിതു നീ തടുക്ക. —ക്ഷത്ര—

ദ്രൗപദിതന്നുടെ വസ്ത്രാക്ഷേപേ
ഭീഷ്മ! നീ കണ്ടു വസിച്ചില്ലേയോ! —ക്ഷത്ര—

ആയതുതന്നുടെ നൽഫലമിതു തേ
കായവിനാശം വരുമേ നിയതം. —ക്ഷത്ര—

അഷ്ടവസുക്കടെ ലോകംതന്നിൽ
തുഷ്ടനതായി വസിക്ക നീ മേലിൽ. — ക്ഷത്ര —

മലഹരി—പഞ്ചാരി

ഇത്ഥം ശ്രുത്വാ വാസുദേവസ്യ വാക്യം
ഹസ്താഭ്യാം ത്യാഗാത്തകോദണ്ഡബാണഃ
ഭക്ത്യാ മൂർദ്ധ്നി ന്യസ്തഹസ്തോ രഥസ്ഥഃ
സത്യാകാന്തം വാചമൂചേ സ ഭീഷ്മഃ.

ഭീഷ്മർ:—

പദ്മനാഭ ! പാഹി പാഹി ഉത്തമപൂരുഷ ! പ്രഭോ !
പദ്മനേത്ര ! മീനഗാത്ര ! കൂർമ്മരൂപ ! മാമവ.
കോലകായ ! സിംഹരൂപ ! വാമനാംഗ !
രേണുകാംഗജാതരാമ ! കരുണപാന്തകാവ മാം.
രേവതീശ ! രുക്മിണീശ! ദേവദേവ ! കല്കിരൂപ !
മാധവീശ ! ഭക്തിപാത്ര ! രാധികേശ്വരാവ മാം.
മകരകുണ്ഡലാഞ്ചിത ! സ്വമകുടമണ്ഡിതാനനാബ്ജ !
ബകുളമാലികാങ്കിതാഭ ! ചികുരനികര ! മാമവ.
കൃഷ്ണ ! നിൻെറ നേരെ വച്ചു വിഷ്ണുതൻെറ ദിവ്യമായ
ധിഷ്ണ്യമിന്നു കാണ്മതിന്നു തൃഷ്ണയെ നീ സാധയ.

ദൃഷ്ട്വൈവം തത് കിരീടീ ദൃതതരമനുഗ-
മ്യൈവ കൃഷ്ണസ്യ പാണിം
ധൃത്വാരൂഢോ രഥേ സ്വേ മുഹുരപി കലയ-
ന്നുച്ചകൈർജ്ജ്യാനിനാദം
ലോകാലോകാചലാന്താം ധരണിമപി ദിവം
ചാലയന്നാത്തയുദ്ധോ
ഹത്വാനേകാൻ ദശാഹനി പ്രഹിതശരതതൗ
പാതയാമാസ ഭീഷ്മം.

നീലാംബരി—ചെമ്പട

തതഃ കിരീടീ നതമൗലിരേവ
സ്ഥിതോഽഭവത് തസ്യ പദാരവിന്ദേ
തദാ തമാലോക്യ ഹൃഷ്ടാത്തചിത്തഃ
പിതാമഹോ വാചമുവാച ഭീഷ്മഃ.

ഭീഷ്മർ:—

പാത്ഥ ! വീര ! നമ്മുടയ ഉക്തിയെ നീ കേട്ടുകൊൾക
യുദ്ധത്തിന്നു നിന്നെപ്പോലെ ഇത്രിലോകത്തിലാർഹോ!

വൃഷ്ണിവംശജാതനാകും കൃഷ്ണൻ നാരായണനല്ലോ
ജിഷ്ണുവാം നീ നരൻ തന്നെ കല്പിപ്പിക്കൊല്ല മാമത്ര.

— പാത്ഥ ! —

നമ്മുടയ ശിരസ്സിനെ നന്മയോടുയത്തിയാലും
സത്വരം ശരംകൊണ്ടു ശസ്ത്രശയ്യയല്ലോയിതും.

— പാത്ഥ ! —

എത്രയും വൈകാതെ മമ തീത്തീടുക തുട്ടിനെ നീ
കീത്തികൊണ്ടു ശ്രേയസ്സഭിവദ്ധിച്ചീടും തേ മേൽക്കുമേൽ.

— പാത്ഥ ! —

ശ്രുത്വൈവം വലരിപുനന്ദനസ്തദീയേ
നത്വാ തേ പദകമലേ സ ബാണസംഘൈഃ
ഉദ്യമ്യ ദ്രുതതരമേതദുത്തമാംഗം
പാതാളാത്തദനു ദദൗ പയോഽസ്യ ഗാംഗം.

ആഹരി—ചെമ്പട

കൃത്വാ ശാന്തനവസ്യ തൃപ്തിമമിതാം
ദ്രോണാദിമുഖ്യോ ഗതോ
യുദ്ധം ഘോരതരം വിധായ വിജയോ
നീത്വാ ദിനാനാം ത്രയം

ഹത്വാ പാശുപതേന സിന്ധുനൃപതിം
തത്രാവസത് തദ്ദിനേ
രാത്ര്യർദ്ധേ സ ഘടോത്കചഃ പ്രകുപിതഃ
കൃഷ്ണം സമേത്യാഭ്യധാത്.

ഘടോത്കചൻ:—

കുമർത്ത്യമൂഢ! രേ! രേ! കുമർത്ത്യമൂഢ!

കുമർത്ത്യമൂഢ! രേ! രേ! രണഭുവി
സമർത്ഥനെങ്കിൽ നമ്മുടെ നേരെ
അമിത്രരൊത്തിഹ സായുധമായി
തിമിർത്തു വരിക നീ കുടിലതരാത്മൻ! — കുമർത്ത്യ —

കടുത്ത താഡനമൊന്നു തടുപ്പാൻ
തടിക്കു നിന്നുടെ ശക്തിയതുണ്ടോ ?
മിടുക്കനെങ്കിൽ നമ്മൊടു പൊരുവാ-
നടുക്ക നീയിഹ കുമതിവതംസ! — കുമർത്ത്യ —

കുരുക്കളും നീ മൂലമതായി
മരിക്കുവാൻ കാലമടുത്തു വന്നു
ക്ഷിതിക്കു നാഥൻ ശമനജനെന്നു നീ
ധരിക്ക സമ്പ്രതി ജളതരബുദ്ധേ! — കുമർത്ത്യ —

വിരഞ്ഞു നീയിഹ വന്നുവതെങ്കിൽ
തിരിഞ്ഞു പോകും തവ തടി ഡംഭം
പറഞ്ഞിടാതെ കാട്ടുവനധുനാ
കരത്തെ നീയിതു ശമനൊടു ചൊല്ക. — കുമർത്ത്യ —

കണ്ഠാരം—മുറിയടന്ത

ഇത്ഥം ഘോരാട്ടഹാസം ശ്രുതിപരുഷതരം
രാക്ഷസേന്ദ്രസ്യ പീത്വാ
ശ്രോത്രാഭ്യാം മാനശാലീ ധൃതവിശിഖധനു-
സ്തത്പുരഃ പ്രാപ്യ കൃഷ്ണഃ

ദൃഷ്ട്വാ മായാവിനം തം ക്ഷുഭിതതരമനാഃ
കാളമേഘപ്രതീകം
യുദ്ധായാചഷ്ട രുഷ്ടോ ഗജമിവ മൃഗരാട്
തീക്ഷ്ണദംഷ്ട്രാങ്കുരം തം.

കണ്ണൻ:—

രാക്ഷസമൂഢ ! നീ നമ്മുടെ നേരേ വാ
ഇക്ഷണം തന്നെ നിശാചരന്മാരുടെ
ഈക്ഷണങ്ങൾക്കു കൃതാന്തന്റെ മന്ദിരം
കാൽക്ഷണം വൈകാതതിഥിയാക്കീടുവൻ.

ഘടോത്കചൻ:—

മോക്ഷദനായൊരു കൃഷ്ണനെ വൈകാതെ
വീക്ഷണം ചെയ്ക മരണകാലത്തു നീ
മോക്ഷം ലഭിക്കണമെന്നു നിന്മാനസേ
പക്ഷമതുണ്ടെങ്കിൽ മർത്ത്യലോകാധമ !

കണ്ണൻ:—

രാത്രിഞ്ചരാധമ ! നിന്നുടെ കായത്തെ
ശസ്ത്രതതി കൊണ്ടു താമസമെന്നിയേ
കൃത്തമാക്കീട്ടു ഞാൻ ഭൂതലേ മേവുന്ന
പത്രിഗണങ്ങൾക്കു നല്കുവനൂണിന്നു.

ഘടോത്കചൻ:—

മുഷ്ടികൊണ്ടുള്ളൊരു താഡനം കൊണ്ടിഹ
നഷ്ടമാക്കീട്ടു ഞാൻ നിന്നുടെ ജീവനെ
ജ്യേഷ്ഠന്റെ മന്ദിരം കാൽക്ഷണാൽ വൈകാതെ
കാട്ടിക്കൊടുക്കുവൻ മർത്ത്യകീടപ്രഭോ !

യുദ്ധേ നിശാചരവരം ഹൃദയേ നിതാന്തം
മിത്രാത്മജഃ സ തു സുദുർജ്ജയമേവ മത്വാ
ക്രുദ്ധോ ധനഞ്ജയവധാർത്ഥമപീന്ദ്രദത്താം
ശസ്ത്രം വരം നിഹിതവാൻ തദുരോജമദ്ധ്യേ.

സാരംഗം—മുറിയടന്ത

ശസ്ത്രപ്രഹാരനിഹതഃ സ ച രാക്ഷസോഽഭ്രാത്
പാദാർത്ഥാഽകരോത് സഗുരുകണ്ണനിഷൂദനഞ്ച

നിശ്ശങ്കമേവ പവമാനസുതഃ സമേത്യ
ദുശ്ശാസനം പ്രപരുഷം വചനം ബഭാഷേ.

**ഭീമൻ:—**

കുടിലകൗരവ ! പോരിനായേഹി കൈതവാകര !
കുടിലകൗരവ ! പോരിനായേഹി
നീരജലോചന തന്റെ നേരേ നീ ചെയ്ത കർമ്മവും
മാരുതിയാകുമിന്നെന്നാൽ കൗരവ! വിസ്മൃതമല്ല.—കുടില—

**ദുശ്ശാസനൻ:—**

ഒരിക്കലും നിന്റെ ചിത്തേ മറക്കാതെ വൃകോദര !
ഇരിക്കേണമെന്നു തന്നെ ധരിക്ക ചെയ്തതെന്നേവം
വിജയപൂർവ്വജ! പോരിനായേഹി മാരുതാത്മജ!
വിജയപൂർവ്വജ ! പോരിനായേഹി.

**ഭീമൻ:—**

കൃപാലേശം വെടിഞ്ഞു ഞാൻ കോപമോടെയടുത്തെന്നാൽ
ആപദംഭസ്സിൽമുങ്ങീടും പാപിയാം നീ ജവാലോട്ടും (?ലെടോ)
—കുടില—

**ദുശ്ശാസനൻ:—**

ക്രൂരമാകും വിഷം ചേർന്ന ഘോരസർപ്പം കുടിപ്പാനായ്
നേരെ തന്നെ വന്നുവെന്നാൽ ഗരുത്മാനു ഭീതിയുണ്ടോ
—വിജയ—

**ഭീമൻ:—**

പോരിൽ നിന്നെ ഗദകൊണ്ടു സൗരിഗേഹംതന്നിലാക്കി
ശാരദേന്ദുമുഖിതന്റെ, മാരുതി വേണി ബന്ധിയ്ക്കും.—കുടില—

**ദുശ്ശാസനൻ:—**

ധൂർത്ത! നിന്റെ ചോരകൊണ്ടു, കത്തിടും കോപവഹ്നിയെ
പോർത്തലംതന്നിൽ വച്ചിന്നു സത്വരം ഞാൻ കെടുത്തീടും.
—വിജയ—

നാഥനാമക്രിയ—മുറിയടന്ത

ഇത്ഥം പരസ്പരവിജൃംഭിതയുദ്ധമദ്ധ്യേ
ദുശ്ശാസനഃ പവനജേന നിപാതിതോഽഭൂത്
താവത് സുയോധനമമും സമവാപ്യ ദൂതഃ
കശ്ചിത് സഹോദരവധാക്ഷരമാഹ ഭീതഃ.

ദൂതൻ:—

കുരുകുലാംബുധിചന്ദ്ര! നിൻപദ—
സാരസത്തെയഹം ഭജേ.
വിരസമാണമിതെങ്കിലും നൃപ!
വിരവിനൊടു നീ കേൾക്കെടോ!

ധനജവൈരി യമാലയം പ്രതി
അനുജരെ നടയാക്കിതേ
അവനൊടിന്നു രണത്തിനായിഹ
ഭുവനവാസികളാരഹോ!

ഗദയുമാന്നവനത്ര വന്നുകിൽ
മൃതിവരും തവ നിശ്ചയം
അതിനു മുമ്പിൽ നീ ജീവനോടിഹ
ദ്രുതതരം നടകൊള്ളെടോ !

ജരഠനായ നമുക്കവൻ ബത!
ഉരുതരം ഭയമേകി ഭോ!
ഹരിസമാന സുതരെ യാമൃഹം
ഹരിവരാധികവിക്രമ !

ഉക്തൈപവം ഭീരുദൂതോ/സൗ
നത്വാ നാഥം സുയോധനം
യാത്രാപരോ/ഭൂദന്യത്ര
ഭീത്യാകുലിതമാനസഃ.

ദണ്ഡകം

ഇത്ഥം നിശമ്യ ഗിരമത്രാന്തരേ സ ഖലു
ധാത്രീശനൊന്നതി കലുങ്ങി
ജലമതിലിറങ്ങി ജവമൊടഥ മുങ്ങി
ഹലധരനുടയ നളിനനിഭകഴലിണയെ ഹൃദയ—
മതുകൊണ്ടു മുഹുരപി വണങ്ങി

ചന്ദ്രാർദ്ധചൂഡമഥ വന്ദാരുസർവ്വജന-
മന്ദാരമമ്പൊടു നിനച്ചു
അഴലഥ തരിച്ചു മുദമപി വരിച്ചു
തദനു ശശിധരനൊടു ലഭിച്ചു വരമന്ത്രവര-
നവനധികസുഖമൊടു വസിച്ചു
ഏണാങ്കവംശ്യമപി കാണാഞ്ഞതമും തദനു
പ്രാണാത്മജൻ ഗദയുമാന്നു
പരുഷത കലന്നു മുഖമപി ചുകന്നു
ജലദനിഭനിനദമതു ചെയ്തഥ തിരഞ്ഞു
മരുദിവ തമപി പലദിശി നടന്നു
അത്രാന്തരേ തദനു സത്ര്യേശനൻപിനൊടു
പാർത്ഥൻെറ തേരതു ത്യജിച്ചു
ജവമൊടു തിരിച്ചു ഭീമനെ ഗമിച്ചു
അനിലസുതനവനൊടഥ സകല വൃത്താന്തവും
ഝടിതി ചെന്നവനിതറിയിച്ചു.

സാരംഗം—ചെമ്പട

അഥ ശ്രീകൃഷ്ണാസ്യാദ് വിദിതകുരുരാജേന്ദ്രചരിതോ
മരുത്സൂനുഃ കോപപ്രഭവദഹനാലീഢനയനഃ
രുഷാന്ധോ ഭൂയോഽപി സ്മൃതകുരുകൃതാനേകകപടോ
നദീതീരം ഗത്വാ പരുഷമിദമൂചേ കുരുവരം.

ഭീമൻ:—

രേ! രേ! കൗരവകീട! നമ്മുടെ നേരേ വന്നാലും
ബാഹുബലം തവയുണ്ടെന്നാകിൽ
ബാഹുജ! വാരിയിൽ മുങ്ങിയതെന്തേ? —രേ! രേ!—

കണ്ണനൊടൊത്തു വസിക്കണമെന്നാൽ
പൊണ്ണാ! നീ കേറുക വാരിയിൽനിന്നു്
അണ്ണാജപ്രിയസൂനുഗൃഹത്തിൽ
വഞ്ചിച്ചവനൊടുക്രുടിയിരുത്താം. —രേ! രേ!—

ആഹവനാടകനടനേ നിന്നുടെ
ദേഹമഹംപൊടിയാക്കിട്ടുമുടനേ
വിഹഗഗണങ്ങളെ വിരവിൽ വരുത്തീ-
ട്ടാഹാരത്തിനു നല്കും നിയതം. —രേ! രേ!—

കുടിലജലാശയ! ഭീരുജനോത്തമ
പേടി വെടിഞ്ഞു നീ പോരിനടുത്താൽ
ഈടെഴുമസ്മദ് ഭുജയുഗതാഡന-
ച്ചൂടുകളറിയാം കുരുകുലകരഭ! —രേ! രേ!—

കാട്ടുകൾ ഞങ്ങടെ നാട്ടുകളെന്നിഹ
പേടിയകന്നു വസിച്ചോരു നിന്റെ
നാട്ടുകൾ ഞങ്ങടെയാണെന്നധുനാ
പാടിക്കാം ഞാൻ നിന്നെക്കൊണ്ടും. —രേ! രേ!—

നിന്നുടെ വരവു വരിപ്പാൻ യമപുര-
മിന്നു തവാനുജരൊക്കെ നടന്നു
നിന്നെയുമചിരാൽ തത്ര നയിപ്പി-
ച്ചന്നനടാതൻ മുടി ബന്ധിക്കും. —രേ! രേ!—

പന്തുവരാടി— ചെമ്പട

ശ്രുത്വാ ഭീമസ്യ വാണീം ശ്രുതിപുടപരുഷാം മാനശാലീ കുരൂണാം
ഭർത്താ/സൗ വാരിഗർഭാദ് ഗജ ഇവ തരസാ തീരദേശം രുഷാന്ധഃ
ഗത്വാ വാതാത്മജം തം സുരപതിജിദിവ ശ്രീഹനൂമന്തമുച്ചൈ-
ർഭീമം ഭീമാക്ഷരൗഘം ധൃതഗദ ഇതി സ പ്രോചിവാൻ കാലബദ്ധഃ

ദുര്യോധനൻ:—

പൊണ്ണാ! നീ യുധി നേരിടാൻ പോരുമോ മൂഢ!
പൊണ്ണാ! നീ യുധി നേരിടാൻ
സോമവംശാധമ! നീ മാമകനേരേ വന്ന
ഭീമസേന! തവ ഭീമബാഹുബല-
കാമപൂരമെടാ! നിഷ്ഫലം ജള! —പൊണ്ണാ!—

ഭീമൻ:—

കൗരവ! രണനാടകമാടുവാൻ വാടാ!
കൗരവ! രണനാടകം.
സത്യാകാന്തന്റെ കൃപ ധൂർത്ത! എങ്കലുണ്ടല്ലോ
ധാർത്തരാഷ്ട്ര! തവ മിത്രപുത്രഗൃഹ-
നാത്രഘോഷമിഹ ചാ (ഗതം ധ്രുവം) —കൗരവ!—

ദുര്യോധനൻ:—

മാരുതേ! വേഗേന മേ ചാരേ നിന്നു ഗമിക്ക
ശൂരനായ മമ നേരെ നിൽപ്പതിനു-
മാരുമില്ല ഭുവനത്തിലിന്നിഹ. —പൊണ്ണാ!—

ഭീമൻ:—

കാലനായി ഞാൻ നിന്റെ ചാലേ നിൽക്കുന്നു രോഷാൽ
നീലമേഘനിഭ! സാലതുല്യഭുജ!
കാലപാശദൃഢബദ്ധ! ദുർമ്മതേ! —കൗരവ!—

ദുര്യോധനൻ:—

പോടാ ഭീമ! നമ്മോടു കൂടാ കുന്തീനന്ദന!
ഈടെഴുന്ന ഭുജതാഡനാത്തശിഖി-
കൂട്ടുകൊണ്ടു കരിയും നീ നിശ്ചയം. —പൊണ്ണാ!—

ഭീമൻ:—

പ്രാണവേദനകൊണ്ടു നാണം വെടിഞ്ഞു നിന്റെ
പേടി വേണ്ടാ മമ പാണി കൂടറിക
വാണുകൊൾക യമ*ഗേഹേ ദുരാത്മൻ! —കൗരവ!—

പൂർവ്വകല്യാണി—ചെമ്പട

ഇത്ഥം ഘോരാജിമദ്ധ്യേ കുരുവരമചിരാദ് ഭീമസേനോ ബലീയാൻ
കൃത്വാ നഷ്ടോരുയുഗ്മം തദുരസി ഗദയാതാഡനം ചാപി കുർവ്വൻ
ധാത്രീശം പ്രാണശേഷം സ തു ഭുവന്തലേ പാതയിത്വാദ്രികല്പം
ക്രുദ്ധോഽഭദ്ധ്വാനജാലപ്രതിഭടവചനം പ്രോച്ചചാരാരുണാക്ഷഃ.

---

(*) സന്നിധൗ സുഖം. എന്നു പാഠവും ആകാം എന്നു ഗ്രന്ഥത്തിൽ കാണുന്നു.

ഭീമൻ:—

താഡനത്തെ വഹിക്ക നീ ബാഹുജാധമ !
താഡനത്തെ വഹിക്ക നീ.
മുന്നം നീ മമ വിഷം മന്നവാതിചപല
തന്നീലയോ അതിൻെറ തന്നെ നൽഫലമിതു
എന്നു ധരിച്ചുകൊൾക. —താഡനത്തെ—

ദുഷ്ട! വാരിയിൽ നമ്മെ കെട്ടിയിട്ടീലയോ നീ
മട്ടോലുംവാണിയോടു കാട്ടിയ ചപലത—
യൊട്ടും മറന്നീല ഞാൻ. —താഡനത്തെ—

ബലഹരി—ചെമ്പട

തത്കാലേഽപി ഹലായുധസ്സ ഭഗവാൻ ഗംഗാദിതീൎത്ഥാടനം
കൃത്വാ ഭ്രുവലയപ്രദക്ഷിണവിധിം തദ്ദേവതാനി സ്തുവൻ
ന്യായാതീതമൃധം വൃകോദരകൃതം ദൃഷ്ട്വാഥ രോഷാന്ധധീ-
രായാതോ യദുവീരമച്യുതമിതി പ്രോചേ വചഃ സാനുജം.

ബലഭദ്രൻ:—

വൃഷ്ണികുലത്തിൽ ജാതനതായൊരു
കൃഷ്ണ ! നീ മന്മൊഴി കേൾ
ഉഷ്ണിപ്പിക്കുന്നെന്മനമീ രണം
വിഷ്ണോ ! നിന്നുടെ സമ്മതിയാലോ —വൃഷ്ണി—

ന്യായംവിട്ടവനുരുസ്ഥലമതി-
ലന്യായമതായ്താഡിച്ചീലേ?
ദുൎയ്യോധനനിവനെന്നുടെ ശിഷ്യൻ
മൎയ്യാദക്കേടില്ലിവനൊട്ടും. —വൃഷ്ണി—

ഇത്തരമുള്ളൊരു യുദ്ധം കണ്ടു
ചിത്തമടക്കി വസിപ്പാനിഹ ഞാൻ
ശക്തനതല്ലാഴികയാൽ ഭീമനെ
മിത്രജപുരമതിലാക്കുവനധുനാ. —വൃഷ്ണി—

കാണെട ! സോദര! നിന്റെ പ്രിയനാം
പ്രാണാത്മജനെ പ്രേതപുരം പ്രതി

കാണിക്കും വഴി നമ്മുടെ മുസലം
ക്ഷീണമതിന്നില്ലൊട്ടുമിതിനു. —വൃഷ്ണി—

നവരസം—ചെമ്പട

ഇത്ഥം നിഗദ്യ മുസലം പരിഗൃഹ്യ വേഗാ—
ദുദ്യമ്യ ദക്ഷിണകരേണ ഹലായുധം തം
അഭ്യുദ്ഗതം ഹരിരുദീക്ഷ്യ തദീയപാണിം
ധൃത്വാ സ്മിതാഞ്ചിതമുഖോഽവദദേഷ സാമ്നാ.

ശ്രീകൃഷ്ണൻ:—

ആര്യ്യ! തവ പാദാംബുജമാദരേണ വന്ദേ
ഭൂപതിതന്നുടെ കേശഗ്രഹത്തെ ചിന്തിക്ക.
മുന്നമരക്കില്ലം തന്നിൽ നന്ദിയോടവരെ
മന്നനാമിവനിരുത്തിയഗ്നിവെയ്പിച്ചില്ലേ?
ഘോരമാം വിഷം ഭീമനു പാരാതെ കൊടുത്തു സൗരി-
പുരംതന്നിലയപ്പാൻ പാരം യത്നം ചെയ്തു.
കോപിക്കൊല്ലവരിൽ ഭവാൻ കാമപാലാഗ്രജ!
പാപിയാം ദുര്യ്യോധനൻെറ പാപകർമ്മഫലം
വേഗേന ഭഗവാൻ പോക നാഗകേതുവിവൻ
നാകപുരം തന്നിൽ പോയ് നൽസുഖം വസിക്കും.

സാമാക്ഷരൈരേവ ഹരേഃ സ രാമഃ
പ്രമോദസിന്ധൗ നിതരാം പ്രമഗ്നഃ
അഥാശിഷം തസ്യ വിധായ വായോഃ
സുതസ്യ വേഗാത് സ്വപുരം പ്രതസ്ഥേ.

തോടി—ചെമ്പട

കോപിച്ചു വന്ന ബലഭദ്രനെ യാത്രയാക്കി-
ട്ടാപത്തിൽ നിന്നു കരകേററി മുകുന്ദനപ്പോൾ
ആപാദചൂഡമതു നോക്കി വൃകോദരൻെറ
താപം കളഞ്ഞു ഭഗവാനരുളിച്ചിതേവം

ശ്രീകൃഷ്ണൻ:—

ഭീമസേന! മഹാബല! ഭീമവൈരിവഹേന!
താമരാക്ഷിയുടെ കചം കാമം ചിന്തിക്ക നീ.

മുന്നം ചൊന്നൊരു വചനം നിന്നാൽ വിസ്മൃതമോ?
ബന്ധിക്കുവാൻ തൻവേണിയെ കിന്തു താമസം തേ?
എത്രയും വൈകീടാതെ നീ രക്തങ്ങൾ വററാതെ
തത്ര പോയ് തന്മുടി കെട്ടി അത്തൽ കളഞ്ഞാലും.

പാടി—ചെമ്പട

ഏവം നിശമ്യ പവമാനസുതഃ പ്രഹൃഷ്ടഃ
ശ്രീവാസുദേവവചനം രിപുകാളരാത്രിഃ
ദുര്യോധനസ്യ തനുമാശു വിഹായ മുഖ്യ-
ഭാര്യ്യാം സമേത്യ മധുരാക്ഷരമേവമൂചേ.

ഭീമൻ:—

വാരിജാക്ഷി! നിൻവേണിയെ കൗരവന്മാരെക്കൊന്ന
ചോര ചേന്ന പാണികൊണ്ടു മാരുതി ഞാൻ ബന്ധിക്കുന്നേൻ
ഓരോരോ സമയത്തു നീ പാരവശ്യം തേടിയതു
ദൂരവേ മോചിച്ചാലും ആരോമലേ! ചന്ദ്രമുഖി!

സാമന്തമലഹരി—അടന്ത

ദ്രൗപദി:—

മാരുതസൂനോ! തവ സാരമാം ബലംകൊണ്ടു
ഭാര്യ്യയാകുമെന്നുടെ കാര്യ്യവും സാധിച്ചല്ലോ.
വേണിയെ ഭവാൻ മുന്നം ആണയിട്ടതു പോലെ
പ്രാണനാഥ! ബന്ധിക്ക കാണിനേരം വൈകാതെ.

ഇത്യുക്തവത്യാഃ സ തു യാജ്ഞസേന്യാഃ
മുക്താം കചം വായുസുതോ ബബന്ധ
കർണ്ണസ്യ പൂർവ്വം ജനനീനിയോഗാദ്
ശേഷക്രിയാഃ ധർമ്മസുതശ്ചകാര.

ഗൗഡപ്പന്തു—ചെമ്പട

ഭീഷ്മാദീനാം ശേഷകർമ്മാണി കൃത്വാ
ധർമ്മാത്മാഽസൗ ധർമ്മഭൂശ്ചിന്ത്യമാനഃ
കഷ്ടാവസ്ഥാം ദുസ്സഹാം പ്രാപ്തവന്തം
വാണീമേവം വ്യാസമാചഷ്ട ഖിന്നഃ.

ധർമ്മപുത്രർ:—

സത്യവതീസൂനോ! തവ സാദരം ചരണൗ വന്ദേ
വൈധികമാം ലേഖനത്തെ വേധിപ്പാനാരുള്ളു ലോകേ?
രാധേയൻ മേ ജ്യേഷ്ഠനെന്നു മാതാവിന്നരുളിച്ചെയ്തു
ചേതസ്സിങ്കലതുകൊണ്ടു ഖേദവും വളർന്നീടുന്നു.
കണ്ണൻതൻെറ ചാരുവാകും കാലടി കാണുന്നേരം
മാതാവിൻെറ പാദയുഗ്മം മാനസേ ചിന്തിക്കാറുണ്ടു്.
"രാമനെജ്ജനകനെന്നു സൗമിത്രേ! നീയറിഞ്ഞാലും"
തൻമാതാവങ്ങേവം ചൊല്ലി നന്മയോടതോക്കുന്നല്ലോ.
മുന്നമിതു കേട്ടുവെന്നാൽ ജന്യമൊന്നുമുണ്ടാവില്ല
എന്നുടെ ജ്യേഷ്ഠനെത്തന്നെ മന്നവേന്ദ്രനാക്കിച്ചെയ്യും.
എന്നിൽ കൃപയുണ്ടെന്നാൽ ഇന്നീ പാപം പോവതിന്നു
നന്നായൊരുപായം ചൊല്ക ധന്യ! മഹാഭാരതകൃത്!

സൗരാഷ്ട്രം—മുറിയടന്ത

വ്യാസൻ:—

കുന്തീപുത്ര! ധർമ്മശീല! എന്തിനു നീ ഖേദിക്കുന്നു?
ചെന്താമരക്കണ്ണൻ നിൻെറ ബന്ധുവല്ലോ സർവ്വകാലം.
ഈശ്വരൻെറ കൃപ നിന്നിൽ ശാശ്വതയായിട്ടുണ്ടല്ലോ
അശ്വമേധമായ യാഗം വിശ്വജയംകൊണ്ടു സാദ്ധ്യം.
വൃഷ്ണികുലജാതനാകും കൃഷ്ണനോടു കൂടിത്തന്നെ
തൃഷ്ണയോടാ യജ്ഞം ചെയ്ക വിഷ്ണുലോകപ്രാപ്തി ഫലം.
നവ്യം ഫലമൊന്നുമില്ല ദ്രവ്യമെന്യേ സാധിക്കില്ല
ദ്രവ്യം ധനമുണ്ടവന്നു ഭാവ്യം നിന്നാൽ കുത്രചിദ് ഭോ!
ആയതിന്നു കൃഷ്ണൻെറ സഹായംകൊണ്ടു സാധിച്ചീടും
മായാമാനുഷനെക്കണ്ടിന്നായവനോടിതു ചൊല്ക.

ഹരിപ്രസാദാത് സ തു ധർമ്മസൂനു-
ർമ്മരുത്തനിക്ഷിപ്തസുവർണ്ണവൃന്ദം
കരേ ഗൃഹീത്വാഥ തദേവ യജ്ഞ-
മാരബ്ധവാനശ്വവരം മുമോച.

മാരധനാശി—അടന്ത

ആഹൂതമാചാര്യവരം മുനീന്ദ്ര-
മായാതമാലോക്യ നിജാന്തികസ്ഥം
നിജാസനസ്ഥം സ വിധായ ധർമ്മ-
രാജാത്മജോ വാചമുവാച ധൌമ്യം.

ധർമ്മപുത്രർ:—

മാമകാചാര്യ! മുനേ! മാമകാചാര്യ!
ധൌമ്യ! നിൻപദയുഗം നിർമ്മലമതേ! വന്ദേ.
മന്മൊഴിയെ നീ കേൾക്ക സാമോദം. —മാമക

ജ്യേഷ്ഠവധമൂലമായ്ക്കിട്ടിയൊരു പാപത്തെ
നഷ്ടമാക്കവാനൊരുമ്പെട്ട ഞാൻ. —മാമക-

വിശ്രുതകീർത്തിരാശേ! ശാശ്വതഫലമുള്ളോ-
രശ്വമേധയാഗം മേ വിശ്വാസം. —മാമക-

നൂതനമൊന്നുമില്ലിഹ കൃത്സ്നധനം കിട്ടി
സ്വത്വജയാർത്ഥം ചെയ്വാൻ യത്നം ഞാൻ. —മാമക-

അശ്വപാലനത്തിന്നു വിശ്രുതനാം പാർത്ഥനെ
വീതഖേദമയച്ചു ശ്രൗതജ്ഞ! —മാമക-

നാരദനാദിയായ നാനാമുനിജനത്തെ
ആനയിക്ക സത്വരം സാനന്ദം. —മാമക-

എന്തിതിന്നു സഹായം നന്ദ(നന്ദ)നൻതന്നെ
നന്നായിക്കഴിപ്പിക്ക നീ ധന്യ! ഭോ! —മാമക-

മോഹനം—മുറിയടന്ത

വ്യാസൻ:—

കുന്തീകുമാരക! മന്മൊഴിയാശ്രിത-
സന്താനഭൂരുഹ! ഭോ! ശൃണു.



UNIVERSITY LIBRARY
2 MAR 1965
MADRAS

ചെന്താമരാക്ഷന്റെ കാരുണ്യപീയൂഷ-
സിന്ധോ! ജയിച്ചാലും നീ.
തത്കൃപകൊണ്ടു നിൻപാണിസ്ഥമെന്നിതു
വിക്രമവാരിരാശേ/ വൈഫി.
ദിക്കുകളൊക്കെ വെളുപ്പിച്ചു നിൻകീത്തി
മൈക്കണ്ണികേശം വിനാ.
നാരദമാമുനിമാരെ ഞാനിപ്പൊഴേ
പാരാതെയാനയിപ്പൻ ഇഹ.
വൈരികളെബ്ഭവാൻ പോരിൽ ജയിച്ചുള്ള
നീരാജനം കഴിഞ്ഞോ?
ഒട്ടുമിതിന്നു നീ താമസം കൂടാതെ
കൂട്ടുക കോപ്പുകളെ ദ്രുതം.
കേട്ടുകൊണ്ടാലുമീ യാഗത്തിൻഫലം
ത്രിവിഷ്ടപേയൊത്തുങ്ങില്ലം.

തദശപൃഷ്ഠാനുഗ ഏവ ജിഷ്ണൗ
ഗതേ ജവാത് സിന്ധുപുരം തദീശഃ
തദേവ വൃത്തം സ നിശമ്യ ചാരാത്
കൃതാന്തഗേഹം ഭയതഃ പ്രപേദേ.

തതോ/ർജ്ജുനഃ സർവ്വനൃപാൻ വിജിത്യ
കൃതാന്തസൂനോഃ സവിധം ജഗാമ
സ ധമ്മഭൃദ്ഭ്രാതൃവരാൻ പിതൄംശ്ച
തദീയദോർവ്വീര്യമഥ ചാചകഷ്.

തോടി—ചെമ്പട

ആഗതാനഷ്ടലോകേശാൻ
യാഗേ ഭൂപശിരോമണിഃ
ജഗാദ വചനാന്യേവം
സ്വാഗതാദീനി സാഞ്ജലിഃ.

ധർമ്മപുത്രർ:—

നാകനാഥാദിയായുള്ള ലോകപാലന്മാരേ! നിങ്ങൾ
സ്വാഗതമെഴുന്നള്ളീലേ യാഗം സാധു കഴിപ്പിപ്പിൻ.

ദേവന്മാരേ! നിങ്ങളല്ലോ ദൈവതങ്ങൾ യാഗത്തിങ്കൽ
ദൈവാനുഗ്രഹം കൂടാതെ നിർവ്വഹിക്കില്ലല്ലോ ഒന്നും.

സുരുട്ടി— ചെമ്പട

ഇന്ദ്രാദി അഷ്ടദിക്പാലന്മാർ:—

ധർമ്മതനുജ! ഭൂപതേ! നിർമ്മലമതേ! കേൾക്ക നി
കർമ്മഹീനത കൂടാതെ സമ്മതമായ് ചെയ്തു യജ്ഞം.
മായാമാനുഷന്റെ കൃപ കാരണേന മത്പുരേ ചേരാൻ
പൊയ്യല്ലേ സംഗതിവരുമായതിന്നു തേരയയ്ക്കാം.

പൂർണ്ണാഹുതിം ചെയ്തു പുരോഹിതൻതാൻ
കർണ്ണാരിതൻ ജ്യേഷ്ഠനൊടേവമോതി
പൂർണ്ണപ്രതിജ്ഞോഽസി സഭാര്യനായി
തൂർണ്ണം ഗമിച്ചീടുക * യവഭൃതാർത്ഥം.

മലഹരി—ചെമ്പട

യാഗാന്തേ ധൗമ്യനേവം പറയുമളവിലാ ധർമ്മജൻ പത്നിയോടും
വേഗം ശംഖാദിവാദ്യത്തൊടുമനുജരൊടും കൂടി മോദാൽ ഗൃമജ്ജൻ
ഗംഗാതീരം ഗമിച്ചിട്ടഥ സരസമൊടാ ക്ഷോണിപാലാവചൂഡൻ
ഗംഗാദേവീം നമിച്ചങ്ങതിവിനയനതായ് ചൊല്ലിനാൻ ഭക്തിപൂർവ്വം

ധർമ്മപുത്രർ:—

ഭാഗീരഥി! നമോഽസ്തു തേ ഭാഗധേയസുജനനി!
ലോകമിന്നു തവ സംഗാത് നാകം പ്രാപിച്ചീടുന്നല്ലോ.
അശ്വമേധയാഗം ചെയ്തു ശാശ്വതഫലം ലഭിപ്പാൻ
വിശ്വവന്ദ്യേ! നിന്നിലിന്നു സശ്രദ്ധനായ് മുഴുകുന്നു.
മജ്ജീവാവസാനത്തിങ്കൽ ത്വജ്ജലമജ്ജനംമൂലം
ത്വജ്ജനകസ്ഥാനംതന്നിലിജ്ജനത്തെ നയിപ്പിക്ക.

---

* അവഭൃതാർത്ഥം.

ഇന്ദ്രമം

ഭോഃ! ഭേ ഃ! രാജശിഖാമണേ! മമ ജലേ ഭക്ത്യാ വിഭോ! മജ്ജനം
ത്വം വേഗാത് കുരു ഭാര്യയാ ച സഹിതഃ സാകം ത്വദീയാനുജൈഃ
അദ്യ സ്നാനഫലം ദദാമി മുദിതാ ഗോലോകവാസം ക്ഷണാ-
ദിത്യുക്ത്വാഥ തിരോദധേ ഭഗവതി ശംഭോസ്ശിരോമാലികാം

ശ്രുത്വൈവം ധരണീപതിർന്നൃപദജായുക്തഃ സ ഗംഗാജലേ
കൃത്വാ യൗഭൃതനാമകം സുഫലദം സ്നാനം പിതൃണാമപി
ദേവാനാമപി തർപ്പണാനി മുനിവര്യാണാം ച കുർവ്വൻ തതോ
ദത്ത്വാപ്യൃദ്ധ്വരശാലികാം ച ശിഖിനേ സംപ്രേഷയാമാസ താൻ.

ഭൂപാളം—ചെമ്പട

നവ്യാം സ്വപ്തിതാം പതദ് ഭ്രമകരാം സൗരഭ്യലോഭാത് തതോ
ദിവ്യസ്ത്രീകൃതപുഷ്പവൃഷ്ടിമമലാം മൂർദ്ധ്നി സ്വകീയേ വഹൻ
ദേവാനാം പ്രഥമം പ്രണമ്യ വിനയം പ്രാപ്തഃ സഹേന്ദ്രം നൃപഃ
പ്രോവാച സ്മിതചാരുവക്ത്രകമലം രാധാപതിം മാധവം.

ധർമ്മപുത്രർ:—

രാധാകൃഷ്ണ! ജയ ഹരേ! സീതാരാമ! ജയ വിഷ്ണോ!
യാദവേന്ദ്ര! ജയ ശൗരേ! മാധവ! നീ ജയ വിഭോ!
മീനകൂർമ്മകോലസിംഹവാമന! ഭാർഗ്ഗവരാമ!
ജാനകീശ! ഹലായുധ! വാനരേശസുതാകാന്തി
സത്സ്വരൂപ! കൽക്കിമൂർത്തേ! ചിത്സ്വരൂപ! ജനാർദ്ദന!
വാത്സല്യമെന്നിലെപ്പോഴും മാത്സര്യമെന്നിയേ വേണം.
ത്വത്സഹായംകൊണ്ടിന്നു ഞാൻ നിസ്സപത്നനായിയല്ലോ
മത്സമീപേ കിഞ്ചിത്കാലം നത്സുഖമായ് വസിക്കേണം.
ഇന്ദ്ര! ലോകപാല! ജയ ഇന്ദ്രാണിവല്ലഭ! ജയ
എന്നുടെ മന്ദിരംതന്നിൽ നന്ദിയോടങ്ങിരുന്നാലും.

പൈരവി—അടന്ത

ശ്രീകൃഷ്ണൻ:—

ധർമ്മനന്ദന! രാജൻ! നിർമ്മലതരാശയ!
കന്മഷം നിന്നിൽനിന്നു ഛദ്മമെന്യേ നടന്നു.

തപസ്സഹായന്മാർ ഞങ്ങൾ വാത്സല്യേന വസിക്കാം
ഉത്സാഹികളാം തവ സഹോദരന്മാരുണ്ടു
കാൎയ്യാദികൾ ഭവാനു കേവലം സാധിപ്പിപ്പാൻ
കായക്ലേശം വേണ്ട തേ കൈവല്യമോക്ഷമസ്തു.

ഇത്യുക്ത്വാ/സൌ വാസുദേവഃ സഹേന്ദ്രഃ
പ്രീത്യർത്ഥന്തു പ്രേതനാഥാത്മജസ്യ
പാർത്ഥാദീനാം പൂജനൈസ്തുഷ്ടചിത്ത-
സ്തത്ര നൈചരം മോക്ഷദഃ സംന്യവാത്സീത്.

യദ്ഭക്തോ ധൎമ്മപുത്രഃ സഹ നിജസഹജൈഃ
കാന്തയാ ചാശ്വമേധ
തദ്ഭൂരിദ്രവ്യദാനൈഃ സകലജനമനോ-
രഞ്ജയന്നാധ്യവാത്സീത്
സാംബഃ സ്വാം രാജധാനീം മണിഖചിതതനും
രാധികാശ്ലിഷ്ടഗാത്ര-
സ്ത്വാബ്ധ്വമാന്തം സ കൃഷ്ണോ മമ കൃതിമപി മാം
പാതു ഗോകുലാനാഥഃ.

ശുഭം

# കുചേലവൃത്തം

## (ആട്ടക്കഥ)

ദ്വിജാവന്തി—ചെമ്പട

പൂർവ്വം കുചേലധരണീസുരധർമ്മപത്നീ
ലീലാവിലാസചതുരം വിട്ട്രം ക്ഷുധാർത്താ
ദാരിദ്ര്യദുഃഖമതിഭൂരിതരം വഹന്തീ
കാന്തം കദാചിദിദമാഹ സമാനശീലാ.

കുചേലപത്നി:—

കാന്ത! മമ മൊഴിയിതു ശാന്തമാനസ! കേൾക്ക നീ
ഹന്ത! ഹന്ത! വിചാരിച്ചാലെന്തു ചെയ്യേണ്ടു ഞാനഹോ!

ദാരിദ്ര്യാംബുധിയിൽ വീണു പാരമായി നീന്തി നീന്തി
തീരദേശം കാണാഞ്ഞുഴന്നേറിയ നാം വലയുന്നു. —കാന്ത!—

ആരിതിന്റെ മറുകര ചാരുമൂർത്തേ! കാട്ടീടുവാ-
നാരുമെനിക്കില്ലെന്നതോ നീരജഭവകല്പിതം. —കാന്ത!—

കയ്യും കാലും തളരുന്നു പൊയ്യല്ല വിശപ്പുമൂലം
മെയ്യിന്നും കൃശത വന്നിതയ്യോ! കഷ്ടമെന്തു ചെയ്യും. —കാന്ത!—

പുത്രരിതാ കരയുന്നു എത്ര കഷ്ടം! വിശക്കയാ-
ലിത്ര പാപി ഞാനൊഴിഞ്ഞിട്ടിത്രിലോകത്തിങ്കലില്ല. —കാന്ത!—

വിറ്റതിന്നാനെനിക്കില്ല ചിറ്റും താലിയൊഴിഞ്ഞൊന്നും
മറ്റതിനില്ലെന്നാകിലും വിറ്റതിന്നാലെത്ര കഷ്ടം? —കാന്ത!

ദേവദേവൻ മുരാന്തകൻ ദേവകീതനയൻ കൃഷ്ണൻ
കേവലം ഭവാനെക്കുറിച്ചിഷ്ടമുള്ളാളല്ലോ പണ്ടു? —കാന്ത!—

ചെന്നു വന്ദിച്ചപേക്ഷിച്ചാലൊന്നു രണ്ടു പണത്തോളം
തന്നയയ്ക്കും മുരാന്തകനിന്നതിന്നു ഗമിച്ചാലും. —കാന്ത!—

വേകട—ചെമ്പട

കുചേലൻ:—

സാധുശീലേ! നിന്മൊഴിയിതു തവ
സാധുവല്ല സുതനോ!
താപമിതിനുടെ സംഭവമറിക നീ
കേവലം പരധനകാംക്ഷയാലല്ലോ?

മുന്നം അഹിദ്ധ്വജനന്യധനമിച്ഛിക്കയാൽ
ധന്യനാം ധർമ്മജൻതന്നെച്ചതിച്ചു, ചൂതിൽ
ചതികൾ നിനച്ചു, ഭീമൻ പൊടിച്ചു,
സമരം ഭവിച്ചു, പരിചൊടവനേ വധിച്ചു. — സാധുശീലേ!—

ഖിന്നതയ്ക്കു മൂലമാകുമുന്നതധനികനായാൽ
ധന്യശീലേ! മദമഹ്സം വഹിക്കും പാരം,
കസൃതി നിനയ്ക്കും, പാപം ഭവിക്കും,
അസുഖമുദിക്കും, നരകഗതി ലഭിക്കും. —സാധുശീലേ!—

നല്ല വസ്തു ചെയ്യാനായിട്ടല്ലസിക്ക നിന്മാനസം
മല്ലവൈരിതന്റെ രൂപം നിനയ്ക്കുക ഹൃദി,
സ്തുതികൾ പഠിക്കും, നാമം ജപിക്കും,
തരുണി! നിനക്കു, പരഗതി ലഭിക്കും. — സാധുശീലേ!—

ദ്വിജാവന്തി—ചെമ്പട

പത്നി:—

വല്ലതെന്നാകിലുമിതു മല്ലവൈരിയോടു ചെന്നു
ചൊല്ലീടു നീയെന്റെ കാന്ത!

തരമിതു ശുഭമായി നീരജാക്ഷം നമിപ്പാ-
നരുവയർമണിതൻെറ വാക്കിനാലെൻെറ ഭാഗ്യം
ഇവളുടെ മതിമോഹം സാദ്ധ്യമായെങ്കിലായെ-
ന്നിതി കരുതി മുദാ താം വാചമൂചേ കുചേലൻ.

മാരധനാശി—ചെമ്പട

കുചേലൻ:—

മല്ലവൈരിതന്നെക്കാണ്മാനല്ലോ പോകുന്നു ഞാനും
വല്ലതെന്നാകിലും ബാലേ! തെല്ലു വേണം കാഴ്ചദ്രവ്യം.

എന്താകിലും മുരഹരനു കൊടുപ്പതൊക്കെ
സന്തോഷമെന്നു കരുതീട്ടവളക്ഷണത്തിൽ
ചിന്തിച്ചു തെല്ലവൽ പൊതിഞ്ഞു പടച്ചരത്തിൽ
കാന്തൻെറ കയ്യിലതു നല്കി മുദാ കൃശാംഗി.

മാരധനാശി—ചെമ്പട

കുചേലൻ:—

നന്ദസുതൻതന്നെക്കാണ്മാനിന്നിതുകൊണ്ടാശു യാമി
നന്നായ് സുഖിച്ചിരിക്ക നീ വന്നീടും ഞാനിന്നു തന്നെ
ചെന്നു ചൊല്ലാം നിന്മൊഴികളൊന്നും പിഴച്ചിടാതെ ഞാൻ
നന്ദസുതനതു കേട്ടു തന്നുവെങ്കിൽ കൊണ്ടുപോരാം.

ശാന്തോഽസാവംബുജാക്ഷീമനുനയവചനൈഃ
സാദരം സാന്ത്വയംസ്താം
കാന്താനാം ചിത്തപദ്മേ പ്രണയതരളിതേ
ഭൃംഗവത് സഞ്ചരന്തം
സംദ്രഷ്ടും വാസുദേവം നിരുപമപരമാ-
നന്ദപീയൂഷസാന്ദ്രം
ശിഷ്ടാനാമിഷ്ടരൂപം മുരരിപുവിലസ-
ദ്രാജധാനീം പ്രതസ്ഥേ.

ഇന്ദുമം

ചന്തം കുറഞ്ഞ കുടയും കിഴിയും ധരിച്ചാ-
ച്ചെന്താമരാക്ഷസദനത്തിനടുത്തു ചെന്നു

ചന്തം കലൎന്ന തിരുമേനി തെളിഞ്ഞു കണ്ടി-
ട്ടന്തൎമ്മുദാ സ്തുതികളീവിധമോതി വിപ്രൻ.

കുചേലൻ:—

ജയ ജയ യാദവവംശപതേ!
ജയ ജയ രുഗ്മിണീഭാമാപതേ!
ജയ ജയ ദേവകീനന്ദന! ഗോവിന്ദ!
ജയ ജയ മാധവ! കൃഷ്ണ! ഹരേ!
കണ്ണാ! നിൻപൂമേനി കാൺകമൂലം
കണ്ണിണയ്ക്കാനന്ദമുണ്ടായ് വന്നു
നിശ്ചലയായൊരു ഭക്തി ഭവിക്കേണം
അച്യുത! നിങ്കലതിന്നു വന്ദേ.

ഗതം തമാലോക്യ സതീത്ഥ്യതാം ഹരേ-
ഗ്ഗതം തമിത്യാദരഭക്തിസമ്പദം
ജിതേന്ദ്രിയം ഭൂസുരവംശതല്ലജം
സവിസ്മയോഽഭൂത് [1]ബത നന്ദനന്ദനഃ.

ഉത്ഥായ തല്പാത് സരസീരുഹാക്ഷോ
ബദ്ധാഞ്ജലിർഭൂസുരതല്ലജസ്യ
കരം ഗൃഹീത്വാഥ പുരം ഗതൌ തൌ
നിരാമയൌ മാധവഭൂസുരേന്ദ്രൌ.

കല്യാണാലയനായ വിപ്രനെ മുദാ മാനിച്ചു പദ്മേക്ഷണൻ
ഉല്ലാസത്തൊടിരുത്തി നല്ല തളിമംതന്നിൽ തദാ രുഗ്മിണീ
ചന്തം ചിന്തിന താലവൃന്തമതുകൊണ്ടാഹന്ത! വീശുംവിധൌ
ചെന്താമ്മാനിനികാന്തനന്തണവരൻതന്നോടു ചൊന്നാനിദം.

മദ്ധ്യമാവതി—ചെമ്പട

ശ്രീകൃഷ്ണൻ:—

ഭൂസുരേന്ദ്രമൌലിരത്നമേ! നിൻപദമിഹ
ഭാസുരേന്ദ്ര! കലയേഽഹം
ധന്യധന്യനായ ഭവാനെന്നുടെ പുരിയിലിന്നു
വന്നതോൎത്തിടുമ്പോളതിധന്യനഹമെന്നു വന്നു. —ഭൂസുരേന്ദ്ര—

---

1. ഗത - ഗതം

പണ്ടു ഗുരുവരപുരിയിൽ തമ്മിലൊന്നിച്ചു
ഇണ്ടലകന്നിരുന്നീലയോ ?
അന്നു ഗുരുപത്നിചൊല്ലാലിന്ധനാർത്ഥം വനഭൂവി :
ചെന്നുഴന്നു മഴയേററതിന്നു ഭവാൻ മറന്നിതോ? —ഭൂസുരേന്ദ്ര—

ദ്വന്ദ്വചാരികളായിട്ടല്ലോ വാണിതു നമ്മൾ
മുന്നമെന്നതൊക്കെ മറന്നിതോ?
പണ്ടു തമ്മിൽപ്പിരിയുമ്പോൾ കണ്ടതിന്നിപ്പുറമിന്നു
കണ്ടതല്ലാതെ ഭവാനെക്കണ്ടതില്ലിത്രനാളും ഞാൻ.
—ഭൂസുരേന്ദ്ര—

ധർമ്മദാരങ്ങൾക്കും സുതർക്കും സൗഖ്യമല്ലയോ?
ധർമ്മമേററം ചെയ്യുന്നീലയോ?
കന്മഷഹരയാം ഭക്തി നിന്മനതാരിലില്ലയോ?
നിർമ്മലനാം ഭവാൻ വന്നതിന്മൂലം വദ. —ഭൂസുരേന്ദ്ര—

മലഹരി—ചെമ്പട

കുചേലൻ:—

വന്ദനീയ! നന്ദസുത! വന്ദേ നിൻപാദാരവിന്ദം
നന്ദിയോടു മമ വാക്യമിന്ദിരാകാമുക! കേൾക്ക.
മുന്നം ഗുരുപുരിയതിലൊന്നിച്ചു നാമിരുവരു-
മൊന്നുപോലെ കഴിഞ്ഞതിലൊന്നും ഞാൻ മറന്നതില്ല.
—വന്ദനീയ!—

ധർമ്മപത്നിയോടും നല്ല കർമ്മം ചെയ്കമൂലമിന്നു
ചിന്മയ! നിൻഗാത്രശോഭ കാണ്മതിന്നു യോഗം വന്നു
എന്നതിൽപ്പരമെനിക്കുമെന്നുടെ കുടുംബിനിക്കും
സൗഖ്യമെന്തു വരേണ്ടതു പങ്കഹര! പങ്കജാക്ഷ! —വന്ദനീയ!—

പണ്ടു തമ്മിൽപ്പിരിയുമ്പോൾ കണ്ടതിന്നിപ്പുറം ഹരി
കണ്ടതല്ലാതെ മേ കണ്ണിൽക്കണ്ടതിന്നു ഭവദ്രൂപം
ഭക്തവത്സലനാം തവ തൃക്കഴലിണ നമിപ്പാൻ
സക്തിയോടെ വന്നു ഞാനെന്നുൾക്കാമ്പിലറിഞ്ഞുകൊൾക.
—വന്ദനീയ!—

ഐഹികമാം സുഖത്തിങ്കലാശ നമുക്കില്ലല്പവും
കേശവ ! ഭവത് ഭക്തിയിലാശയുണ്ടായ് വന്നമൂലം
നിങ്കലതിനിശ്ചലയാം ഭക്തി നമുക്കുണ്ടാകേണ-
മെന്നതിന്നായനുഗ്രഹിക്കേണമെന്നെ വാസുദേവ ! —വന്ദനീയ!—

മദ്ധ്യമാവതി—ചെമ്പട

ശ്രീകൃഷ്ണൻ:—

മത്സഖേ ! ഭൂസുര ! ഭക്തി ലഭിക്കും തേ
മുക്തിയുമതിനാലേ വന്നുഭവിച്ചിടും.

വന്നതു ഭവാനെന്നെക്കാണുവാനല്ലയോ?
തന്നീടേണമുപഹാരങ്ങൾ വല്ലതും. —മത്സഖേ !—

ഭക്തിയുള്ളാളുകൾ വല്ലതെന്നാകിലും
തന്നതൊക്കെ പ്രിയമെന്നറിഞ്ഞീടു നീ. —മത്സഖേ !—

കക്ഷത്തിലെന്തൊരു ഭാണ്ഡമിരിക്കുന്നു
ഭക്ഷണസാധനമെങ്കിലതു തന്നാലും. —മത്സഖേ !—

നാളെയാകാമെഴുന്നെള്ളുവാൻ മത്സഖേ !
വാണീടുകിന്നെന്റെ സദ്മ[1]മതിൽ ഭവാൻ. —മത്സഖേ !—

ഇത്ഥംകാരം ഗദിച്ചിട്ടധികതരജവാ-
ദന്തണൻപക്കൽനിന്നും
പൊക്കണ്ണം കൈക്കലാക്കീട്ടരുതരകൃപയാ
കെട്ടഴിച്ചാരണന്റെ
ദാരിദ്ര്യം തീർത്തുകൊൾവാനൊരു പിടിയവിലും
ഭുക്തിചെയ്തിട്ടു ദേവൻ
പാരം മോദേന രണ്ടാമതുമുടനധികം
വാരിനാനെന്നനേരം,

'അലം കൃതം കാന്ത' ഇതി ബ്രുവന്തീ
ദ്വിജേന്ദ്രദാസീതപമന്ദസ്മരന്തീ

1. തിൽ - ഗ്രന്ഥം

രമാധവസ്യാഽഥ കരം ത്വരാധ
ദ്വിജേന്ദ്രമുദ്ദിശ്യ കൃപാകുലസ്യ.

### ദണ്ഡകം—ഇന്ദളം

ധാത്രീസുരേന്ദ്രനഥ ധാത്രീശനോടുമൊരു
രാത്രീം കഴിച്ചഥ നടന്നു
ശോകവുമകന്നു സുഖരസമിയന്നു
മഹിഷിയുടെ വിവശതകളഖിലജഗദീശനൊടു
പറവതിനു നിജഹൃദി മറന്നു
എന്തൊന്നു ചൊല്വതഹമെന്തൊന്നു ചൊല്ലുമവ-
ളെന്തൊന്നു ചെയ്വതതു തീർന്നു
വിവശമവളിന്നു പുരിയിൽ മരുവുന്നു
ഇതി മനസി കരുതി മുഹുരവനിസുരവരനധിക-
വിവശതയൊടധികതരമുഴന്നു
ചെന്താമരാക്ഷപദപങ്കേരുഹം മനസി
ചിന്തിച്ചു ഭക്തിയുമുയന്നു
പഥി കിമപി നിന്നു പുനരഥ നടന്നു
അതുപൊഴുതിലമരപുരിസദൃശമൊരു ഭവനരുചി
വിമലതരമഖിലദിശി പരന്നു
ഏണാങ്കകാന്തമണി ചേണാർന്ന സദ്മമതി-
ലേണാങ്കശാലകരം വിളങ്ങി
ധവളമതിഭംഗി വിരവിനൊടു പൊങ്ങി
ധരണിസുരനിവ പലതു തെളിവിനൊടു കണ്ടളവു
കിമിദമിതി ചിന്ത ഹൃദി തുടങ്ങി.

ഏവം വിഷണ്ണഹൃദയം ധരണീസുരേന്ദ്രം
ദൂരാദ്ദദർശ നളിനീവ ദിവാകരം തം
സ്നേഹാതുരാഥ വിശദസ്മിതപൂർവ്വമേനം
പ്രത്യുജ്ജഗാമ ധരണീസുരധർമ്മപത്നീ.

പുറനീര — ചെമ്പട

കുന്നിച്ചീടിന മോദമോടു തരസാ
തന്നംഗിയോടൊത്തുപോ-
യ്യുന്നങ്ങൻപൊടു മന്ദിരത്തിനകമേ
പൂക്കോരവസ്ഥാന്തരേ
വന്ദ്യന്മാർകളിൽ മുൻപനായ ധരണീ-
ദേവൻ ചിരിച്ചെത്രയും
മന്ദം മന്ദമുവാച സാന്ദ്രകരുണാ-
വാണീമിദം വല്ലഭാം.

കുചേലൻ:—

കഞ്ജുളമഞ്ജുളലോചനേ! വല്ലഭേ!
കഞ്ജനാഭൻതന്നെക്കണ്ടു ഞാനിന്നലെ
മത്പുരമിങ്ങനെ ചിത്രമായിടുവാൻ
ചിത്പുരുഷൻ കടാക്ഷിക്കകൊണ്ടല്ലയോ?

നിന്മൊഴി കേട്ടു ഞാനംബുജനേത്രന്റെ
പൊന്മയമാം പുരി പുക്കോരനന്തരം
ചിന്മയൻതന്നുടൽ ശോഭിച്ചു കാൺകനാ-
ലെൻമനതാരിൽ വളൎന്നു കുതൂഹലം. — കഞ്ജുള—

മന്ദിരേ കൊണ്ടുചെന്നെത്രയും നല്ലോരു
തല്പമതിന്മേലിരുത്തി വിരവൊടു
കാലു കഴുകിച്ചു പൂജിച്ചിതെന്നെയും
കാലാരിവന്ദിതനായ ജനാർദ്ദനൻ. — കഞ്ജുള—

മത്പാദക്ഷാളനം ചെയ്ത ജലമതു
ചിത്പുരുഷൻ തിരുമൗലിയിലേററിതു
മത്പാരവശ്യം കളവാൻ വിരവൊടു
രുഗ്മിണി താലവൃന്തേന വീശീടിനാൾ. — കഞ്ജുള—

സാദരം തത്സഭാവാസികൾ കാണവേ
മോദമോടെന്നെപ്പുണർന്നിതു മാധവൻ
ധന്യരാം യാദവന്മാരുമന്നേരം
ധന്യനെന്നെന്നെ പ്രശംസിച്ചു വല്ലഭേ ! —കജ്ജള—

ഞങ്ങളിരുവരുമൊന്നിച്ചു മുന്നം
ഗുരുവരമന്ദിരേ വാണോരു വാസ്തവ-
മെല്ലാമരുൾചെയ്തിതെന്നോടു മല്ലാരി
കല്യാണിമാർകുലമൗലേ ! മനോഹരേ ! —കജ്ജള—

മത്സഖേ ! എന്നൊന്നെപ്പിന്നെയും പിന്നെയും
ചിത്പുരുഷൻ വിളിച്ചീടിനാൻ വല്ലഭേ !
ഭക്തിയോടെന്നോടു പിന്നെയുമോരോന്നു
മുക്തിപദനരുൾചെയ്തു കുതൂഹലാൽ. —കജ്ജള—

കാഴ്ചവെച്ചീടുവാനേതാനും കൊണ്ടുവ-
ന്നാകിലോ തന്നുകൊൾകെന്നരുളിച്ചെയ്തു
കൊണ്ടൽക്കുഴലി! ഞാനായതിന്നുത്തരം
മിണ്ടാതിരു[1]ന്നിതു നാണമുണ്ടാകയാൽ. —കജ്ജള—

എന്നനേരം കമലായതലോചന-
നെന്നുടെ കക്ഷത്തിലുള്ള കിഴിയതു
തട്ടിപ്പറിച്ചതിൽനിന്നങ്ങൊരു പിടി
പുഷ്ടമോദാലെടുത്തഷ്ടിചെയ്തീടിനാൻ. —കജ്ജള—

രണ്ടാമതുമെടുത്തീടുവാൻ ഭാവിച്ചു
കൊണ്ടൽ[2]വർണ്ണനന്നേരത്തു രുഗ്മിണി
മണ്ടിവന്നായതു രോധിച്ചു നിർത്തിനാ-
ളിണ്ടലുണ്ടുള്ളിലെനിക്കതുകാരണം. —കജ്ജള—

എന്തിതിൻകാരണമെന്നെനിക്കേതുമേ
ചിന്തിച്ചിട്ടുണ്ടായ[3]തില്ലെന്നറിക നീ
നിന്നുടെ വാക്കുകളിന്ദിരാകാമുകൻ
തന്നോടു ചൊൽവാൻ മറന്നുപോയേനഹം. —കജ്ജള—

---

1. ന്നു - ഗ്രന്ഥം 2. വർണ്ണൻ - ഗ്രന്ഥം 3. യില്ല - ഗ്രന്ഥം

ധാത്രീശശാങ്കനാം മാധവൻതന്നോട്
യാത്രയും ചൊല്ലി ഞാൻ രാത്രിയും പിന്നിട്ട
ചീൎത്ത മോദം ഗമിച്ചോരു നേരത്തു നിൻ
വാൎത്തകളോൎത്തു വിഷാദിച്ചിതേററവും. — കജ്ജള —

നൂതനകാന്തിയോടൊത്തൊരു മത്പ്രിയേ!
ശാഃതാദരിയായ നീ വന്നൊതിരേററ
നേരമറിഞ്ഞു ഞാൻ മത്പുരമെന്നതും
... ... ... ... ... — കജ്ജള —

ആൎത്തികളെല്ലാം കളഞ്ഞതു കൃഷ്ണനെ-
ന്നോൎത്തു സുഖിച്ചു വസിക്ക നീ വേശ്മനി
മാനം കളക നീ ദേഹാഭിമാനജം
ധ്യാനിച്ചുകൊൾക നീ സാദരം നന്ദജം.

ദ്രവ്യമുണ്ടായെന്നു ചിന്തിച്ചു മാനസേ
ഗൎവ്വമുണ്ടാകാതിരിക്കണം, നാഥനെ
സൎവ്വകാലം ഭജിക്കേണം മനോഹരേ !
സൎവ്വസത്കൎമ്മങ്ങൾ ചെയ്തുകൊൾകാശു നാം — കജ്ജള —

കുചേലപത്നി:—

എന്നാൽ നമുക്കിനി നന്ദജൻതൻപദം
വന്ദിച്ചിരുന്നു സുഖിച്ചീടുകല്ലല്ലീ ?
വല്ലഭ ! നിൻകൃപയാലെനിക്കിങ്ങനെ
വന്നിതു സൗഖ്യവും ദൈവാനുകൂലവും.

സമാപ്തം

# നരകാസുരവധം

## (ആട്ടക്കഥ)

മാരധനാശി—ഏകതാളം

അവനിഭരനിരാസായാവതീർണ്ണഃ പുരാണോ
ലവണജലധിമദ്ധ്യോല്ലാസിവൈകുണ്ഠപുര്യ്യാം
പുരുഷ ഇഹ ദിശോഽഷ്ടൗ പൂരയൻ കീർത്തിപൂരൈ—
രഭജത രതിമിഷ്ടാമഷ്ടഭിർവ്വല്ലഭാഭിഃ

ദ്വാരകതന്നിലിരുന്നു ചിരം നാഠ
ഭൂരിസുഖം ദനുജാരി മുകുന്ദൻ

നാരികളെണ്മരിൽ നവനവകൗതുകം
പൂരികുവൻ ശൗ(രി) മുകുന്ദൻ. — ദ്വാരക —

ദേവകിയുടെയും വസുദേവരുടെയും
സേവകനായി നിതാന്തമതാന്തൻ — ദ്വാരക —

ഉദ്ധവസാത്യകികൃതവമ്മാദിഷു
ബദ്ധവിശൃംഖലവത്സലഭാവൻ. — ദ്വാരക —

മുഖാരി—ചമ്പ

എല്ലാരിലും പ്രണയവാനപി വല്ലഭാസു
മല്ലാരി ഭാമയൊടിണങ്ങി വിശേഷരാഗാത്
ചൊല്ലാവതല്ല ചില ശീലമജേനാജബന്ധോ—
രുല്ലാസയൻ കുമുദിനീം ഭൃശമോഷധീശഃ (?)

ശ്രീകൃഷ്ണൻ:—

കിളിമഞ്ജുളവാണീ! നീ കേളെടോയെൻവാണീം
ഒളിവാർന്ന തളിർമേനി! ഓമൽമുകിൽവേണീ!

തനച്ചി! ഭാമിനി! ഭാമേ! മന്മഥലീലാസീമേ!
മാമകരതിധാമാഗാരേലച്ചരി! — കിളി —

രമണീയം മനം നിന്നിൽ മാരേണ വിവശിത-
മെന്നറി കഥാ പ്രഥാ നിശി നിശി. — രമണീയം —

ഓർത്താൽ വാർത്താ സാ നേരത്രേ നീതാ-
നിതരഥാ കരുതി വഹസി മയി കഥ-
മപത്രപാമതാകാ മതിമുഖി! — രമണീയം —

രതാമേ! യോഷിതാം മന്നിൽ ലഗ്നം നിതരാ-
മെന്നാകിൽ ലജ്ജയെന്തിനിനിമേൽ. — തനച്ചി —

കപടോക്തി എനിക്കില്ലേ കാമിനിമാർമുടിക്കല്ലേ!
കണ്ണും കാമാഗ്നി കെടുന്നില്ലേ കൈതകിക മെല്ലേ—തനച്ചി!—

സത്യഭാമ:—

കാന്ത! താവകം കൈതവമറിവതി-
നാന്തരമെനിക്കില്ലേതും
മാന്തളിർപ്രായം മമ മനം നവഫലന-
കാന്തിമോര! നിന്നപഫലനം മനമപി. —കാന്ത!—

ശ്രീകൃഷ്ണൻ:—

പ്രാണനാഥേ! നീ പ്രതികൂലഭാവേന
പ്രതികാലമകലായ്കെടോ!
അവശ്യായരുചിമുഖി! ഘനശ്യാമകബരി! കേൾ
അവശ്യനോ നിനക്ക ഞാനവിശച്ചാസമരുതേ.
അവശ്യമൊന്നറിക വിവശ്യമാനസേ! കേൾ നീ
തച്ചടിച്ചാനഗമനേ ഞാൻ കൊതിച്ചേനല്ലിതരാം.
നിരുപമാ നവതരുണിമാരിൽ നീയെ-
ന്നസുസമാ നയനാമൃതസുഷമാ. —പ്രാണ—

സത്യഭാമ:—

ഹൃദയദയിത! മയി സദയതാ ഭവദീയ-
ഹൃദി യദി പ്രഭവതി മതിയത്തു ഗതി മേ.
കതി പതിവ്രതമാർ പതി വരുമ്പൊഴുത്തു
രതിലീലാദിഷു ദധതി വിമുഖതാം.
ബല്ലജനം തവ പരിജനം തദപി
പ്രതിദിനം ദിശ മേ തവ പദസ്പർശനം. — കാന്ത! —

ശ്രീകൃഷ്ണൻ:—

ധരണിയിലിനിയുള്ള തരുണിമാരെ ഞാനിനിയും
പരിണീയ പരിണീയ പുരി നിറയ്ക്കിലും കേൾ
ഹരിണലോചനേ! നിൻചരണദാസനി ഞാൻ
സ്മരണീയം മമ രമണി! നീയേകദാ
മൃദുതനോ! നിന്നെ വിട്ടവനോ ഇതരാം
തൊട്ടവനോ രതിപതി ഇതിന്നില്ലേ നട്ടവനോ.— പ്രാണ—

ഭൈരവി—ഏകതാളം

തന്വീമേവം സരസവചസാ സാന്ത്വയൻ സത്യഭാമാം
മന്ദീരേഴിന്നപി പരിവൃഢൻ വാഴമന്നാളൊരുന്നാൾ
വിണ്ണോർനാട്ടും പിഴകി വിശദച്ഛത്രവീതൻ വിനീതൻ
വന്നാനിന്ദ്രൻ വരദനൊട്ടുണർത്തീടുവാൻ ഭൗമവാർത്താം.

വന്നാനമരേന്ദ്രൻ മന്ദാക്ഷകലാ-
വന്ദാക്ഷികലാൽ

നരകാസുരനാലാശു നിപാതിതൻ
കര കാണാതൊരു ദൈന്യപയോധൗ. — വന്നാൻ —

നാരദതുംബുരുമാത്രസഹായൻ
ദ്വാരവതീം പ്രതി വാഹനഹീനൻ. വന്നാൻ —

അങ്ങോടിങ്ങോടന്വേഷണപര-
നെങ്ങോൻ മാധവനെന്നു നിഗൂഢം. — വന്നാൻ —

അച്ഛായെ ധൃതകല്പകസൂനൻ
വജ്രായുധധരനച്യുതസവിധേ. — വന്നാൻ —

വേഷ്ടവോടരികിൽ വന്നു മഹേന്ദ്രൻ
കാഴ്ച വച്ചു നവകല്പകകുസുമം
മൂച്ഛ്ഛേറുമൊരു വജ്രവുമേന്തി
കാഴ്ചയോടെ തൊഴുതേവമവാദീത്.

ദേവേന്ദ്രൻ:—

ശങ്കരാഭരണം — അടന്ത

പങ്കജലോചന! പരമപുരുഷ! പാഹി
നിൻകഴലിണ തൊഴുന്നേൻ
നിൻകൃപ പെരികെയുണ്ടെങ്കിലും കരഞ്ഞൊരു
സങ്കടമുണ്ടു സംക്രന്ദനൻ ഞാൻ. — പങ്കജ —

നിൻമകൻ പുരാതനൻ നിർമ്മര്യാദൻ നരകൻ
നമ്മോടു പിണങ്ങീടുന്നു ഉണ്മ ചൊല്ലാമവൻ
മോടിവിളിക്കവാനാർ ഓടി ഒളിക്കമെല്ലാരും
നാട്ടുമൊഴിച്ചു നാണക്കേടുമനുഭവിച്ചു
മമ ചാട്ടു വലിച്ചീടുന്നു ഐരാവതം. — പങ്കജ —

പൊന്മണിമയമെന്റെ അമ്മതൻകുണ്ഡലവും
നിർമ്മലം മമ കുടയും
തന്മന്ദിരത്തിലായി നന്മധുമൊഴിമാരും
ദുർമ്മതിയുടെ ചരിതം കിം മയാ കഥനീയം. — പങ്കജ —

ശ്രീകൃഷ്ണൻ:—

സാവേരി — ചെമ്പട

മാ മാ വിഷീദ മഘവൻ! അയി ഭോഃ! —മാ—
ഭൗമം നയാമി യമഭവനമസുരാധമം
ഖലനായ കംസനുവരൻ പോയ വഴി
പലനാളേ തേടി വിധുരനവൻ.

അവന്റെ ഗളനാളമരിവനഹം
അത്തു നാളെയെന്നറിക
കളക ഹൃദി കലുഷതകൾ തെളിക വലമഥന! —മാ—

കണ്ടാലുമെങ്കിലുടനേ പതി-
കഃണ്ടു കരേറി ഗഗനേ നടകൊണ്ടിടാം
കുണ്ഡേതരം ചെന്നു കൊന്നവനെ അദിതിയുടെ
കുണ്ഡലവുംകൊണ്ടു വിണ്ണിൽ വരുവൻ ഞാൻ. —മാ—

ചൊന്നതിനൊരന്യഥാത്വം ഉണ്ടെന്നു മാ സ്മ ഹൃദി മന്യഥാ [ത്വം
വിരവൊടിനി വിണ്ണവരോടൊരുമിച്ചു വിണ്ണില-
മരാവതിയിലിന്നു തന്നെ കുടിപൂക നീ പോക. —മാ—

ശങ്കരാഭരണം—ചെമ്പട

പാകാരി പോയി ഭഗവന്നിയോഗാത്
നാഗാരിയെദ്ധ്യാനമിയന്നു നാഥൻ
നാകാരി തേനാപി വിളംബമെത്തും
നാകാരിവൈരിം സ നനാമ ശൗരിം

ഗരുഡൻ:—

അനുഗൃഹാണ മാം നിൻ-
കനിവിങ്ങാകിലേണമാം
നിനവറിഞ്ഞേനേ സ്വയം പിണകയില്ലപജയം
അനുഗമനപതിതമാരോടുമർഹസി നീ. —അനു—

ആരംഭമിതു നന്നു പാരം ഭുവനോപകാരം
ക്രൂരൻ നരകന്റെ വ്യാപാരം വേണ്ടാ വിചാരം
സ്വൈരം നിനയ്ക്ക ഭൂമിഭാരം പോക്കും പ്രകാരം
സാരം തദർത്ഥമത്യുദാരം തവാവതാരം. —അനു—

ദുർഗ്ഗന്ധവഹ്നിവായുദുർഗ്ഗം തോയാദ്രിദുർഗ്ഗം
തദ്ഗൃഹം പാശയന്ത്രദുർഗ്ഗം പരിവാരിദുർഗ്ഗം

ദുർഗ്ഗർവ്വദൈത്യഭടവർഗ്ഗം അവനതു സ്വർഗ്ഗം
കൊക്കും നഖങ്ങളുമെനിക്കുണ്ടതു ഞാൻ തകൎക്കും —അന—

സാവേരി—ഏകതാളം

ഖഗപതിമധിരുഹ്യ യോദ്ധുകാമം
ജിഗമിഷുമാശു വിലോക്യ വീതസൈന്യം
ചകിതമതിരുപേത്യ സത്യഭാമാ
സഹ ഗമനാൎത്ഥമയാചദാത്മനാഥം.

സത്യഭാമ:—

പോകയോ നാകിലെന്നെക്കൂട്ടിക്കൊണ്ടു
പോകണമെൻകണവാ!
സ്നേഹമധികം വിയോഗം പൊറാ മമ
സാഹസികനേ! നീയേകൻ പ്രിയതമൻ. —പോക—

ശ്രീകൃഷ്ണൻ:—

പോരിനായല്ലോ പോവാൻ തുനിയുന്നു ഞാൻ
പുനരുടൻ വരുമേ ഭാമേ !
വൈരിയോടു ചെന്നു പോരിനണയുന്ന
വീരനുചിതമോ നാരി പുറകിൽ ? —പോരി—

സത്യഭാമ:—

നെറികേടെന്തതിനാൽ പ്രഹരതാം വിശേഷിച്ചു-
മറിയേണം ഭവാനെന്നെ ത്വരിതം കാണ്മാൻ
നിന്നുടെ വീര്യം കലയാമി കുതുകിതാം
ഇല്ല ഭയം മമ മാമവേഹി നൃപസുതാം
ചരണമോ കരമോ തവ സമരഭുവി ഭാരമോ? —പോക—

ശ്രീകൃഷ്ണൻ:—

ഗഗനലംഘനം വേണം പ്രഥമമതോ മഹാതപ-
സഹനമതിനും പൂർണ്ണമെ പദമിതോ
പൈദാഹശമനവും സുകരമോർത്തയിതോ
രമണി! രണഭുവി താപമൊരോന്നെളുതോ
ഏതധനം തരുവൻ അതിരധടിതി ഞാൻ വരുവൻ.—പോരി—

സത്യഭാമ:—

അരനിമിഷവും നീതാൻ പിരികില്ലോ എന്നാക്കും
പരിമിതേതരധനം തരികിലോ സുഖമെല്ലാം
വന്നിതു മമ യദി നീയെന്നരികിലോ തവ തു ജയ-
രമ ചേരുമരികുലമരികിലോ മതി
അതെന്നറിവൻ ബത! കിമിവ ഞാൻ പറവൻ.—പോക—

ഗളിതസലിലനേത്രാം സത്രാജിതീമിതി കാതരാം
ഗരുഡഗളമാരോപ്യാരൂഢവാൻ ഭഗവാൻ ജവാത്
വിയതി ഗതവാനഹനാഗദാരിധനുർധരോ വിമത-
നഗരീമരുധദ് ദൃഷ്ട്വാ മുരേണ സുരാരിണാം.

മുരാസുരൻ:—

രേ രേ! നീയാരെടാ ചോര! ശൂരനാകിലെൻ
നേരേ വരിക ദുരാചാര !
നാരിയോടൊരുമിച്ചു ശാരികമേൽ കരേറി
വീരമാനിസാരമേഘസാര!
ചാര! വന്നാണത്താരറിയാതേ? — രേ—

ദർപ്പാന്ധ ! ദുർബല! നീതാൻ അഭ്രാലിറങ്ങി
മത്പാശമെന്തു മുറിപ്പാൻ പോരും?
കല്പാന്തലോപിമൻ ഞാൻ ദുഷ്പ്രധർഷ!
മത്പരാഭവാനലവിഷ്ഫുലിംഗശഷ്പകല്പ! ശുഷ്യസി.

ശ്രീകൃഷ്ണൻ:—

മുഖര! പഞ്ചമുഖ! മർക്കട! മൂഢ! ദർദ്ദുരാദാരൂഢ!
വിഹര ഖിചര! ഖര! വികൃതാം വ്യാഹരതി
വിതതതന്തുശതവഞ്ചിതജന്തോ! — മുഖര! —

ക്രൂരം മാമകത്രോട്ടികോടികഠാരീധാരയാ
ദ്ദൂര ഏവ വീരവാദമാപാര
ദാരയാമി മാരയാമി നോ ചേത്. — മുഖര! —

മുരാസുരൻ:—

ഡീനം പ്രഡ്ഡീനമുഡ്ഡീനം കണ്ടേനദീനം
പീനം നവീനമിദ്ദശ്യേനം ശൈ്യേനം പാതയി—
ന്നെരാശ്യേനാത്യുദാസീനൻ ഞാൻ
ലൂനപക്ഷമഥ ശൂലപകപമചി—
രേണ ഭക്ഷയിതുമേനമിഹേഹേ. — രേ! —

ശ്രീകൃഷ്ണൻ:—

ശൂലശാസനാദ് ഭ്രൂലതാ മനാക് കുടിലീകുരുഷേ കിം?
കാലദൂതി! കീലിതോ ഹതോ ബത!
കോലപാതമാഹവേ പതിഷ്യസി. — മുഖര! —

കേദാരഗൗഡം—ഏകതാളം

ചക്രായാഗ്രേ ദിതമുരശിരഃപഞ്ചകം പഞ്ചകോലം
ശക്രാരാതിഃപ്രചുരപൃതനാൎക്രാന്നം ച പശ്ചാത്
സക്രോധോദ്യദ്ബഹ്ഗമുഗജം ജംഭടം ഭൗമമാപ്തം
ചക്രേ തപ്തം ഭിഷഗിവ പുനസ്തപ്തവച്ചക്രപാണിം.

നരകാസുരൻ:—

ഡംഭാവലിപ്ത! നരഡിംഭ! നീ കേളെടാ!
ഡംഭോളിധരനായവൻപോലുമെമ്പദകമലേ
സംഭ്രമേണ തമ്പുരാനേ ശരണമെന്നമ്പതുഴം വീഴുമേ
ബഹ്ഗ പുകഴുമേ തൊഴുതു തൊഴുതു നൂറുഴം. —ഡംഭാ—

പോരിൽ ആളാന കുതിര തേരിൽ എന്നോടു നേപ്പാൻ
പാരിലാരുള്ളു സുരന്മാരിൽ അഥവാ രാജാക്കന്മാരിൽ?
ഈദൃശനാമെന്നുരിൽ നീ നിന്നുടത്താരിൽ
കാരണമെന്ന കരുതിവന്നതേന്ന ധാരണ യദി ചൊൽക
എന്നെ വെൽക ഏൽക്ക തൽകളല്ലായ്കിൽ —ധ്വം॥—

ഗംഗാധരനണ്ടെന്നെ്യുങ്കാ കാലനം ചൂട്ടമെൻകാൽ
ആരോടും ഞാൻ മടങ്ങാ കോപം വന്നാലടങ്ങാ
ആപത്തിന്നുള്ള നങ്ങാ ആനന്ദം മങ്ങാ
ഞാനും നീയും മേരുസപ്പാവിവ
മമ ഹി സഹജൻ ചൊവ്വാ
നമ്മിലൊവ്വാ അമിതപവ്വാധീരഗവ്! — ധ്വം॥ —

ശ്രീകൃഷ്ണൻ:—

അഭിപ്രായമറിയിപ്പൻ ഞാൻ അവനെ,യായെ—
ന്നഭിപ്രായമറിയിപ്പൻ ഞാൻ.
അനല്പവീരനാം നിന്നെ അമപ്പാനായി ഞാൻ വന്നേൻ.
—അഭി—

പണ്ടെ ഇരുന്നവണ്ണമിരിക്കേണം പിഴകളുണ്ടായി—
പ്പോയതിന്നു പ്രതിവിധി കഴിക്കേണം
വിണ്ണവരോടു വിരോധമൊഴിക്കേണം ഇളമാർ—
കണ്ണിമാരുടെ ബന്ധമൊഴിക്കേണം അയയ്ക്കേണം.—അഭി—

തന്നെത്താനറിഞ്ഞു നീ ഇരിക്കേണം ഇനിമേൽ
പുണ്യത്തെ വളരെസ്സംഭരിക്കേണം
എന്നസ്തുരമററുന്നോ ചേത് മരിക്കേണം യമ—
ദണ്ഡത്താൽ നാമ സഫലീകരിക്കേണം തപരിക്കേണം.
— അഭി—

വന്നെത്തും മനോരഥം ഉപേക്ഷിക്ക
ധന്യമാന്യതപമൊഴിച്ചുള്ളിൽ നിരീക്ഷിക്ക

എന്നൊത്താണു തൊഴുതൊന്നപേക്ഷിക്ക
എന്നാൽ നിന്നത്തലൊഴിപ്പാൻ ഞാൻ
പരിക്ഷിക്കാം കടാക്ഷിക്കാം. — അഭി —

സാവേരി—അടന്ത

നന്ദാത്മജസ്യ നരകാസുരനോട്ടു ജന്യേ
വന്ത്യ തളച്ച് വരദാനബലാത് പുരാരേഃ
വിണ്ണോർഭിഷഗ്വരസുതൻ വിവിദൻ തദാനീം
വന്നാശു ഭൗമനൊടുവാച വചോ ഗഭീരം.

വിവിദൻ:—

അസുരേന്ദ്ര! സഖേ! അയി മാം ആജ്ഞാപയ
അധിരാഗമാഹവേ മമ
ആധി ഞാൻ കളയുന്നോൻ ഇതുപൊഴുതസുരേന്ദ്ര!
— അസുരേന്ദ്ര —

ആസനേ നീ ഇരിക്ക ദാസനെന്നെനൊയോക്ക
പ്രീതനായി ഞാനടക്കാം
പൂതനാരിയേ ഹനിക്കാം അറിക നീ. — അസുരേന്ദ്ര —

നരകാസുരൻ:—

അയി തേ സ്വാഗതമിപ്പോൾ ആയോധനേ
വിവിദ! കിം മോഹമുണ്ടെങ്കിൽ
വൈരിയേ ഹനിച്ചാലും ഝടിതിയിൽ. — അയി —

ഒരു ശകുനിമേലേറി പുരിയിൽ വന്നിവൻ ചീറി
മുരനേ വധിച്ചു പോരിൽ
മൂവരിലൊന്നു നാരിയറിക നീ. — അയി —

വിവിദൻ:—

ഇരിവരിവരെക്കൊന്നു വരുവൻ അങ്ങു മതിന്ന-
ങ്ങറ തുറക്ക പെണ്ണിന്നു ആശു നീ
പുരേ ചെന്നു വിളംബമില്ലസുരേന്ദ്ര! — അസുരേന്ദ്ര! —

ഭൈരവി—ഏകതാളം

ലബ്ധാനുജ്ഞം ഭൗമതോ യോദ്ധുകാമം
ദസ്രാപത്യം ദർശിതക്രൂരഭാവം
സത്രാജിത്തിൻ നന്ദിനീ വീക്ഷ്യ കാന്തം
വിത്രാസം പൂണ്ടിത്ഥമൂചേ സ്വകാന്തം.

സത്യഭാമ:—

ദൂരത്തു നിന്നാരിവൻ ദുഷ്ടചേഷ്ടിതനോടിയണവതു
താരൊത്ത വിലോചന! തടുത്തുകൊൾവാനാവതോ ?
ചാരത്തു വരുന്നാകിലോ ചതിയും പിണയും കണവാ!
— ദൂരത്തു —

ക്രൂരസ്വഭാവൻ സംഹാരരുദ്രനേക്കാളും
ഭീഷണൻ അതിരോഷണൻ
ഭാരം തവ ഞാനായി ചാരിത്രമെനിക്കായിവ-
നൊച്ചയോ ഇടിയലച്ചയോ
ഒരു വാനരം വരുവാനരങ്ങിതോ വാനരം
പരിമ്ലാനതനുരസി കാന്ത! — ദൂരത്തു —

ശ്രീകൃഷ്ണൻ:—

ആരെത്തുകിലെന്തിനിമേൽ
അത്തൽ പോയി സുമുഖി മേ
കാറൊത്ത കരിംകുഴലി!
കണ്ടുകൊൾക ഭുജബലം. — ആരെത്തു —

ദാനവൻ നരകന്റെ പ്രാണനായവനിവൻ
വാനരൻ അതിപാമരൻ ഹീനവീര്യനെന്നറിക
ഞാനറിയുമിവനെ മുന്നമേ മൊഴി കേളൊന്നു മേ
ചാടുമേ ഭഞ്ജിച്ചീടുമേ പേടിച്ചോടുമേ
വനം തേടുമേ ഇവൻ നൂനം. — ആ —

തളച്ച്യയും തീൎന്നെഴുന്നേറ്റു കൃഷ്ണൻ
കുലച്ച വില്ലങ്ങു കരത്തിലേന്തി
വിലജ്ജചേതാ വിവിദസ്തദാനീം
വിളിച്ചു ചൊന്നാൻ ബലദൎപ്പശാലി.

സൗരാഷ്ട്രം—ചെമ്പട

വിവിദൻ:—

മോഹമെന്തു തവ മനുജാധമ!
മോഹമെന്തു നിനച്ചേവം
സാഹസം തുനിഞ്ഞു പര-
ദ്രോഹമിന്നു ചെയ്തു നിജ-
ദേഹം ത്യജിക്കുന്നു മൂഢ! — മോഹ —

വിണ്ണോർമനം വെന്തുരുക്കി
വിഭവമെല്ലാമിങ്ങൊതുക്കി
വീൎയ്യശൗൎയ്യനീതിഭാസുരൻ
വിജയലക്ഷ്മി വിളയാടുന്ന ദാനവേശ്വരൻ
വിളയാടുന്ന വിശ്വവിശ്രുതമാം നഗരത്തിൽ
നീ വന്നെന്തൊരു വിദ്യ കാട്ടിടുന്നു
സമരത്തിൽ മുരനെക്കൊന്നു
വിക്രമമല്ലിതു മിക്കതും തസ്കരവൃത്തി
ആമെങ്കിലെന്നോടിക്ഷണമിപ്പോ-
ഴെതിൎക്ക കരുത്തിനൊടെത്തി
ആയുധമെനിക്കുഗ്രനഖദംഷ്ട്രകൾ
നീ നിൽക്കയില്ലെൻ ചേഷ്ടകൾ
കൈയ്യിലകപ്പെട്ട നിന്നെ
നിഗ്രഹിപ്പേനിപ്പോഴേ. — മോഹ —

മാരധനാശി—ഏകതാളം

ശ്രീകൃഷ്ണൻ:—

മൎക്കട! ഭവദുക്തി ദുർഘടാ ജനയ-
ത്യുല്ബണരോഷമെനിക്കെടാ!
ജീൎണ്ണമൃതഘടാസമം നിന്നിടുന്നുടൽക്കെടാ!

വരുമേ കേടകക്കണക്കിനി
ദുഃഖമില്ല മൃത്യുക്കനെമപുരി പൂക്കിരിക്കിലും.

— മക്കട! —

വിവിദൻ:—

ഓർത്തറിഞ്ഞ മൌഢ്യം മാറു മൂത്താലല്ലേ കാതലേറു
ക്രുത്ത നഖം മൂത്ത ദന്തവും കാൺക നീയെൻെറ
മൂർത്തിഗാത്രസന്ധിബന്ധവും ബലവും വീര്യവും
സ്വാസ്ഥ്യമോടേ ഞാൻ വിളയാടുന്ന എന്നെക്ക-
ണ്ടാശാഹാസ്തികങ്ങറം പേടിച്ചോടീടുന്നു
ഒരു ദിവസം ഞാൻ വാദ്ധിയിലഴകൊടു മുഴകി നടന്നു കളിച്ചു
തിമിതിമിംഗിലസാർത്ഥവുമത്തുപൊഴ—
തഴലൊടു ചെളിയിലൊളിച്ചു
ഞാനേകൻ പോരും മൂപ്പാരും മുടിപ്പാനും
ഉഡുഗണമുതിപ്പാനും
ശഷ്പതുല്യ! ദുബ്ബല ! നീ മല്ലാടാളോ നില്പാനും. — മോഹ —

ശ്രീകൃഷ്ണൻ:—

നീ നരകസേവകനുനരായഭി-
മാനരഹിതൻ വൃദ്ധവാനര !
ഞാനരനിമിഷേണ ഹീനരഭസം
ഭൂതശ്രേണിബലിം കരവാണി
ദശദിശി ബാണവിദലിതം പ്രാണവിരഹിതം! — മക്കട —

ദേവകീപുത്രനോടൊട്ടമർ ചെയ്തു
സേവ തികപ്പതിനായ് നരകൻെറ
ചാവതിനത്ര മടിച്ചതിഭീത്യാ
ധാവതി വച്ചിതൊരശചിതനുജൻ.

താർക്ഷ്യേ കരേറി ഭഗവാനൊരു യുദ്ധദക്ഷേ
നാൽക്കൊമ്പദന്തിനി സിതേ നരകോപി താഭ്യാം

തത്തൂര്യഘോഷമുഖരം തടിളുജ ചലാസ്രം
സോത്കമ്പമാനഖചരം സമരം വ്യധാതാം.

നരകാസുരൻ:—

ചപല ! സഫലതാ നിന്നുടെ
നിനവിന്നറിക വരികയില്ലെന്നുമേ
പ്രബലനരകനഹം പ്രാണബലാധികൻ
അപലപിതും അലം തവ ബാഹുബലം ച
വാസ്തവം ഗ്രഹിച്ചു ചീത്ത പെൺ കൊതിക്കു
പാത്രമംഗ ! തവ മാനസം
ശ്രോത്രകാലമിതു ധൂർത്തശീല ! തവ
വാർത്തപോലുമവമാനദം
പോർതുരംഗഗജനേത്തരങ്ങൾ പുരു—
ഷാർത്ഥമെന്നു മമ മാനസം
ക്രൂത്ത ശൂലമിതു മൂർത്ത വാളിതെന്നു—
മാത്തലീല ! ബഹുമാനിതം
നിനക്കുചിതം എനിക്കിതുചിതം
ശതക്രതുജിതം കഥം ജയിപ്പു നീയെന്നെ. — ചപല —

ശ്രീകൃഷ്ണൻ: —

അവരധികാരി നീതാനപരാധി നിണ്ണയം
യമരാജധാനിയിൽ യാതനാവുകെ—
ന്നെൻറ ശാസനം നീ കേൾ. — അവ —

പൊറുത്തുകൊള്ളുക യദി ഭുജബലസാരം
വിരുതു പറവതെല്ലാം വിഫലമസാരം
അരിയുമെന്നരിവരമചിരേണ തവ ശരീരം
അരിഗളഗളദസൃഗരുണിതപാരം. — അവ —

നരകാസുരൻ:—

രക്ഷിതം നഗരികുക്ഷിതന്നിലിഹ
പക്ഷിമേലുപഗമിച്ചയും

ശിക്ഷിതാത്ഥമപി ലക്ഷമെൻപട
യമക്ഷയത്തിന്ന നയിച്ചതും
ഇക്ഷണേ മമ സമക്ഷമേ ചില
വിവക്ഷിതങ്ങളെ വമിച്ചതും
അപക്ഷമാം തവ ബലക്ഷയായ ച
കുലക്ഷയായ ച ഭവിച്ചതും
എടാ ജളപ്രഭോ! രട ഗളത്തുപാ
മതി തിളപ്പെടാ!
കളി കളിപ്പിപ്പൻ നിന്നെ. — ചപല —

ശ്രീകൃഷ്ണൻ:—

നിരവധിപടജനവിഹിതനിദാനം
നിന്നവയവമെന്നു നിണ്ണയിക്കേണം
നിരതിശയമിന്നയം നിനക്കതെങ്കിൽ
പ്രധാനം നിന്മരണവുമെനിക്കഭിമാനം. — അവ —

നല്ലവനല്ലതിന്നില്ലൊരു കില്ലിനി
കൊല്ലുമേ തെല്ലിനി നില്ലെടാ! — അവ —

അപാത്ഥിവഗജസ്ഥനായതതിനൊന്നിനൊന്നു പെരുമാറുമാ-
റപാസ്ത പരമാസ്ത്രനായനകൃതാതതായീ ക്രമം
നിപാത്യ നരകം ക്ഷിതൗ നിമിഷമാസ്ത ശൗരി ശ്രമാ-
ദുപാസ്ഥിതതമാസ്ഥയാ ഉചിതവാദിനീ മേദിനീ.

ഭൂമീദേവി:—

ലീലാമനുജ! വിശാലാലയ!
വനമാലാധര! പരിപാലയ ജയ!

വേലാ സ്മരയതി കോലാവതരണ!
കോലാഹലം കരുണാലയ! — ലീലാ —

മാധവ! മദ്ദരജാതനായോരിവന്നു
താതനതാകും പുരാതനൻ നീ. — ലീലാ —

ശ്രീകൃഷ്ണൻ:—

പിറന്നാകിൽ വരുന്നൊന്നു മരണവും പ്രേയസി! പ്രസീദ
അകന്നാധി ചേതസി നിനക്കോ
ആത്മഭാരമകന്നതും നിനയ്ക്കും. — പിറ —

പരവശതകൾ പാരമെന്തു മേദിനി! ഭക്തബാന്ധവോഽഹം
സുരവിരോധി സുചിരമേഷ ജീവിക്കിൽ തൊഴിലെന്തെന്നു
സുരജനനികുണ്ഡലഹരനുണ്ടോ സുഖിപ്പാനും യോഗം
തിരുവണികുഴലിതു രണ്ടും നല്കുക
ത്രിദശജനനീമുഖം തെളിക്ക സരാഗം — പിറ —

ഭൂമീദേവി:—

കുണ്ഡലയുഗമിതാഖണ്ഡലജനനിയെ-
ക്കൊണ്ടുപോയണിയിച്ചാലും
ഉണ്ടല്ലോ ചോറുണ്ടല്ലാ വസിക്കുന്നു
കുണ്ടിലറയിൽ ചില തണ്ടിൻമൊഴിമാർ ഗതി കണ്ടില്ലാ.
— ലീലാ —

ശ്രീകൃഷ്ണൻ:—

അനഘമിവർകളാഭിജാത്യമാവോളമാത്മശുദ്ധ്യുദാരം
കണികപോലും കാണ്മാനില്ല ദൂഷണം കരുണാ മേ പാരം
അണകിലിമാം നയനമുൾക്കാമേ അമിതാ മേ
ദാരാജനകനു ചിലവിനു സുതാജ്ജിതം മുതൽ
ജഗതി വിദിതമതു ജനവ്യവഹാരാത്. — പിറ —

# ദേവയാനീചരിതം

## (ആട്ടക്കഥ)

ഗൗരീനേത്രചകോരശീതകിരണം ദൈവം മദീയം പരം
കാരുണ്യാംബുനിധിം ചതുർമ്മുഖശിരഃസൽഗ്ഗാപഗാഭൂഷണം
താരാനാഥകലാവതംസമഹിരാണ്മാലാധരം തം ഭജേ
മാരാരിം നിജഫാലനേത്രഹസിതപ്രാഭാകരാംഭ്രസ്തടം.

അംഭോജഗാത്രമതസീസുമചാരുനേത്രം
അംഭോധിജാഹൃദയപങ്കജബാലഹംസം
ജംഭാരിമൗലിമണിരാജിതപാദയുഗ്മം
സംഭാവയാമി രവിമന്ദിരപൂർണ്ണചന്ദ്രം.

വാണീ നൃത്യതു പദ്മവാസതരുണീ ജിഹ്വാഗ്രരംഗേ സദാ
വിഘ്നേശം ച ഗുരും ഗുഹം ഫണിപതിം ഭൂതാധിപം ഷൺമുഖം
വാല്മീകിം ച ശുകം പരാശരസുതം ശ്രീശങ്കരം നാരദം
ലക്ഷ്മീം ചാപി തുഷാരപർവ്വതസുതാം ദുർഗ്ഗാമഹം ഭാവയേ.

ശ്രീഹർഷായ നമോഽസ്തു തേ സുകവയേ ശ്രീകാളിദാസായ തേ
തുഭ്യം ശ്രീഭവഭൂതയേഽപി വിദുഷേ ശ്രീഭട്ടബാണായ തേ
തസ്മൈ ഭോജനൃപായ തേ ച ജയദേവായാതി(സിദ്ധായ) തേ
സാരജ്ഞായ മുരാരയേ തദനു തേ ശ്രീരാജചൂഡായ തേ.

വാണീവിരിഞ്ചൗ ഹൃദയേ നിധായ
ക്ഷോണീസുരഃ കാവ്യസുതാചരിത്രം
പ്രവക്തുകാമോഽസ്മി സുഗാനരൂപ-
മവിഘ്നഗാം തൗ തനുതാം സമാപ്തിം.

ശങ്കരാഭരണം—ചെമ്പട

പൂൎവ്വം രാജേന്ദ്രവംശേ നഹുഷ ഇതി ജനൈ-
ൎവ്വിശ്രുതോ വിഷ്ണുകല്പോ
ഗീൎവ്വാണാധീശമുഖ്യത്രിദശഗണനമ-
സ്കാരഭാസത്പദാബ്ജഃ
ഔൎവ്വാഗ്ന്യുദ്യത്പ്രതാപോ നഗരമധിവസൻ
ഹസ്തിനാഖ്യം സഭാൎയ്യഃ
പൂൎവ്വാദ്രേസ്തുംഗശൃംഗം രവിരിവ സുബഹൗ
സ്വീയശോഭാസമേതഃ.

ഇന്ദുകുലരത്നദീപൻ വൃന്ദാരകസേവ്യൻ
കുന്ദബാണസുകുമാരൻ നന്ദനീയശീലൻ
ചന്ദ്രികാവിശദകീൎത്തിചന്ദ്രനെക്കൊണ്ടേററം
മന്നിടം പ്രകാശിപ്പിച്ചു മന്നവൻ നഹുഷൻ.

ശത്രുവൎഗ്ഗമെല്ലാം യമപത്തനത്തിലാക്കി
മിത്രഭൃത്യവൃന്ദങ്ങൾക്കു നിത്യസമ്പത്തേകി
ഹസ്തിനനഗരംതന്നിൽ ചിത്തമോദമോടു
പുത്രദാരങ്ങളൊന്നിച്ചു പാൎത്ഥിവൻ വസിച്ചു.

തോടി—ചെമ്പട

കാലേഽഥ തത്ര ശതപത്രദളായതാക്ഷീം
പ്രാലേയഭാനുകബളീകൃതദീൎഘവിഭാഗേ
ബാലാം സ്മരോത്സവരസാം നഹുഷഃ കദാചിത്
ലീലാപരഃ പ്രണയപൂൎവ്വമിദം ന്യഗാദീത്.

നഹുഷൻ:—

സാരംഗാക്ഷി! മമ ജായേ! ചാരുവേണി! വരികയേ!
മാരനെന്നെ ബാണരൂപസാരസം കൊണ്ടടിക്കുന്നു. — സാരം —

ചന്ദ്രനിവനായതിന്നു ചന്ദ്രികാരൂപമാം ദീപം
കാട്ടീടുന്നു കോകിലങ്ങൾ കൂട്ടീടുന്നു ഘോഷണിയെ. — സാരം —

വണ്ടുകളതിന്നു ശ്രുതി മണ്ടിവന്നു പിടിക്കുന്നു
കണ്ടുകൊൾക മാരുതനും ശണ്ഠ കൂട്ടുവാൻ വരുന്നു. — സാരം —

നിന്നുടയധരാമൃതം തന്നേ നമുക്കു ശരണം
അന്നയാനേ! കുചകുംഭംതന്നിലാക്കി മാം മറയ്ക്ക. — സാരം —

എരിക്കലകാമോദരി—അടന്ത

നഹുഷപത്നി:—

മാന്താർസായകരൂപ! കാന്ത! നമ്മോടു ഭവാൻ
കിന്തു ചൊല്ലുന്നതേവം ഹന്ത! ഞാൻ ഭാര്യയല്ലോ. — മാന്താർ —

ധൂർത്തനാം ചന്ദ്രനേവം നിത്യം ചെയ്തീടുകയാൽ
ഗാത്രംതന്നിൽ പാതകം വർത്തിക്കുന്നങ്കമിഷാത്. — മാന്താർ —

ചിത്തജൻ ബാധിക്കില്ല മദ്ധ്യസ്ഥാണുഭാവത്തെ
സത്യം ഗതയല്ലേ ഞാൻ ധാത്രീനായകരത്ന! — മാന്താർ —

ഉന്നതമേതത് കുചംതന്നിൽ നീ മറഞ്ഞാലും
നിന്ദിതമധുവാകുന്നെന്നധരം സ്വീകുരു. — മാന്താർ —

കല്യാണി—ചെമ്പട

ലാളയന്തമിതി കാമിനീമണീം
വ്രീളയാവനമദാനനാംബുജാം
സ്യന്ദനേന സഹസേന്ദ്രചോദിതോ
മാതലിസ്തമുപഗമ്യ സോഽബ്രവീത്.

മാതലി:—

രാജവര്യ! പദ്മരേഖാരാജത്കര! ജയ!
യോജിച്ചൊരു ലക്ഷ്മികൊണ്ടു രാജരാജതുല്യ! — രാജ —

ജന്യമതിന്നസുരന്മാർ സന്നാഹം കൂട്ടുന്നു
എന്നു കേട്ടിന്ദ്രൻ വളരെ ആർന്നല്ലോ ഭീതിയെ. — രാജ —

ഇന്ദ്രൻ നിന്നെക്കാണ്മതിന്നു നന്നേ വാഞ്ഛിക്കുന്നു
സ്യന്ദനം കൊണ്ടുവന്നിട്ടുണ്ടിന്നു നീ പോന്നാലും. — രാജ —

മോഹനം—ചെമ്പട

നഹുഷൻ:—

മാതലേ! ശൃണു വചനം സാദരം മദീയം
ആധിയില്ലായതുകൊണ്ടിന്നേതുമേ നമുക്കു. — മാതലേ! —

രാജ്യഭാരം ഏദി പാർത്താൽ യോജ്യമായാരില്ലെന്നാൽ
ദുർജ്ജരന്മാരുണ്ടനേകം വർജ്ജ്യന്മാരാണല്ലോ. — മാതലേ! —

ശത്രുത തേടീട്ടവരിൽ ശക്തിമാന്മാർ ചിലർ
ധാത്രിതന്നിലുണ്ടെന്നാലും സത്വരം ഞാൻ പോരാം. — മാതലേ! —

തോടി—ചെമ്പട

ഇത്യുക്ത്വാ നഹുഷസ്സ മാതലികരന്യസ്തസ്വഹസ്തോ ജവാ-
ദാരൂഢോ രഥവാഹനം മണിമയം ദിവ്യാശ്വകോട്യുജ്ജ്വലം
തത്തദ്ഭാഗ്ഗ്വരാമചിത്രവിലസദ്ഭിത്തിപ്രദേശം നൃപോ
ഗത്വാ നാകപുരീം തദീശ്വരമിതി പ്രോവാച ഗിരം സാഞ്ജലിഃ.

നഹുഷൻ:—

വൃന്ദാരകേശ! നിൻപദമന്ദാരങ്ങളെ തൊഴുന്നേൻ
ഇന്നെനിക്കു നാകവാസം മന്ദേതരസുഖകരം. — വൃന്ദാര —

പോര മാമകതനയൻ ക്ഷീരകണ്ഠനാകയാലെ
വൈരാഗ്യവും മമ രാജ്യഭാരംതന്നിൽ വരുന്നില്ല. — വൃന്ദാര —

വീരന്മാരാം രാജാക്കന്മാർ പാരിലുണ്ടല്ലോ വളരെ
വൈരമോടായവരെന്റെ പാരിടം കൈക്കലാക്കീട്ടും. — വൃന്ദാര —

ശങ്കരാഭരണം—ചെമ്പട

ഇന്ദ്രൻ:—

ധാത്രീപതേ! മന്മൊഴിയെ ചിത്തമോദേന കേട്ടാലും
പാർത്തുകൊൾക മാനവന്മാർ നൽത്തൃഷപ്രായന്മാരല്ലോ. — ധാത്രീ —

ആയവരെ വിചാരിച്ചു കായക്ലേശം ചെയ്യിട്ടൊല്ല
മായയേറും ദാനവന്മാർ ആയോധനാർത്ഥം വന്നപ്പോൾ. –ധാത്രീ–

ഇന്നു നീയവരെയൊക്കെ ജന്യമതിൽ നിഗ്രഹിച്ചു
എന്നുടെ സ്ഥാനം ലഭിച്ചു നന്ദിയോടിഹ വാഴുക. –ധാത്രീ–

ഇന്ദ്രാരിവൃന്ദമജിതം സ നിഹത്യ രാജാ
മന്ദാരകോ നതജനസ്യ മഹേന്ദ്രകല്പഃ
മന്ദാകിനീപയസി മഗ്നവപുഃ പ്രഹൃഷ്ടോ
വൃന്ദാരകേന്ദ്രപദവീമഗമത് സദാരഃ.

സുരുട്ടി—ചെമ്പട

യുദ്ധേ ഹത്വാ ദൈത്യവീരാനനേകാൻ
നീത്വാ നാകേ ഭൂരികാലം ക്ഷണേന
ഗത്വാ ധാത്രീം മന്ത്രിവര്യം സ രാജാ
പുത്രേ രാജ്യാ കർത്തുകാമോ ജഗാദ.

നഹുഷൻ:—

മന്ത്രിവര്യ! കേൾക്ക രാജ്യതന്ത്രഭാരം പുത്രൻതന്നിൽ
സന്തോഷമോടു നല്കുന്നു അന്തരംഗത്തിലുറച്ചു. – മന്ത്രി–

എന്നുടെ വാസമധികം ഇന്നു നാകത്തിലാണല്ലോ
ഇന്ദ്രനിങ്ങു പോരുന്നതാനന്ദകരമല്ലേതുമേ. – മന്ത്രി –

നിന്നുടയ പക്ഷമെന്താണെന്നു നമ്മോടുരച്ചാലും
ഇന്നായതു കേട്ടു വേണം നന്ദനനിലുറപ്പിക്കാൻ. – മന്ത്രി –

സാവേരി—ചെമ്പട

ഇത്ഥം വാക്യം രാജവര്യസ്യ തസ്യ
ശ്രുത്വാ മന്ത്രീ നീതിശാലീ വിനീതഃ
മിത്രാതീതപ്രസ്ഫുരത്തേജസം തം
നത്വാ ഭാഷാം ഹൃഷ്ടചേതാ ബഭാഷേ.

മന്ത്രി:—

രാജവര്യ! മീനലേഖാരാജിതം തവ ചരണം
വ്യാജമെന്നിയേ കലയേ ആജിവിജിതാസുരൗഘ! - രാജ -

വീര! രാജ്യഭാരത്തിന്നു പോരും തവ തനയൻ നൂനം
ധീരതാദിഗുണങ്ങളെല്ലാം പാരം വിലസുന്നവനിൽ. - രാജ -

അത്രയുമല്ല സുതന്റെ ധാത്രീരക്ഷ കാണ്മതിന്നു
ചിത്തതാരിൽ കൗതുകം മേ അത്യന്തം വളൎന്നീടുന്നു. -രാജ-

ജ്ഞാതേതി തസ്യ സചിവസ്യ നൃപേണ ഹൃഷ്ട-
ചിത്താംബുജാതമമുനാ സുരവന്ദിതേന
ധാത്രീ നിജാ സ്വതനയായ മുദാ പ്രദത്താ
മിത്രേണ സായമനലായ യഥാത്മശോഭാ.

പാടി—ചെമ്പട

തസ്മിൻ കാലേ കദാചിദ് ദിതിസുതമകുടോദ്യത്-
പ്രഭാപദ്മരാഗ-
സ്ഥായത്തപിട്ഭാനുകാന്തിപ്രകരവികസിത-
ശ്രീമദംഘ്രിദ്വയാബ്ജഃ
സൗധാസീനഃ സ്മരാർത്തോ വിജിതസുരജനഃ
സ്വീയഭാര്യാം മൃഗാക്ഷീം
ദൈത്യാനാം ചക്രവൎത്തീ തദനു സ വൃഷപ-
ൎവാസുരോ വാചമൂചേ.

വൃഷപൎവാ:—

രാജീവായതകോമളനയനേ!
രാജമദാപഹനിൎമ്മലവദനേ!
രാജമരാളകമന്ഥരഗമനേ!
ആജിയിൽ വെല്ലുക കാന്തേ! സ്മരനെ. - രാജീവാ -

നിന്മുഖചന്ദ്രം കണ്ടു ശശാങ്കൻ
ബിംബവ്യാജാത് ജലമതിൽ മുങ്ങി
നന്മയൊടിന്നിത ചലിതനതായി
നാണംപൂണ്ടു വസിച്ചീടുന്നു. - രാജീവാ -

ശതപത്രദളയമക്ഷികചഞ്ചങ്ങളെ
ശാതോദരി! തേ കണ്ടതിഭീത്യാ
ഒന്നു വനത്തിൽ പോയ് മുഴുകുന്നു
പെണ്ണങ്ങളപരൻ കളിയാടുന്നു. - രാജീവാ -

നിൻകേശങ്ങൾ പയോധരകായം
ശങ്ക കളഞ്ഞു ഭരിക്കുന്നെങ്കിൽ
തങ്കതനോ! തവ മദ്ധ്യവുമിപ്പോൾ
ഝങ്കാരേണ ഭവിക്കുമളീ(ക)ഭൃത്. - രാജീവാ -

ഹൃദി മദനാഗമഹിതഭാവത്തെ
രതിവത് യൗവ്വനകചഗതികൾ തേ
ദധതി ശ്ലേഷമിതെന്നു നിനച്ചാൽ
സുദതി! തവാത്ഥം ബോധം വരുമേ. - രാജീവാ -

നിർജ്ജിതദിക്പതികരിവരകുംഭം
തർജ്ജിതസുമശരമണിമയകുംഭം
മാറിലണപ്പാൻ നിൻകുചകുംഭം
മാനിനി! മാ കുരു കാലവിളംബം. - രാജീവാ -

വേകട—ചെമ്പട

വൃഷപതി:—

വല്ലഭ! കേൾക്കുക മന്മൊഴിയേ നീ
മെല്ലവേ ധന്യനല്ലൊരു പവനൻ
മധുരസമാന്നിത ഉല്ലാസത്തൊടു വീശിടുന്നു. - വല്ലഭ! -

കാമിനികൾക്കു മോദം ചേർപ്പതിന്നായി
പൂർവ്വദിക്കതന്നിൽ ചന്ദ്രനുദിച്ചുയർന്നു കാൺക
ചന്ദ്രിക പരന്നു കുമുദിനി വിടർന്നു
മധുകരി വരുന്നു നളിനി മയങ്ങുന്നു. - വല്ലഭ! -

ചന്ദ്രിക രൂപപടത്താൽ മന്നിടം മൂടുകയാലേ
ചന്ദ്രകാന്തമണികളുമലിഞ്ഞു നാഥ! ബഹു കരഞ്ഞു
കോകികൾ പിരിഞ്ഞു അളികളണഞ്ഞു
ബഹുധാ ഞാൻ വലഞ്ഞു. - വല്ലഭ! -

സുന്ദരാംഗി നിന്നുടയ സൗന്ദര്യാതിശയംകൊണ്ടു
നിന്ദിതനാകയാൽ പാരം കയൎത്തു കാമൻ
അധികം കടുത്തു ചാപവുമെടുത്തു ഇഷുനിര
തൊടുത്തു അതിനാൽ ഢമനടുത്തും — വല്ലഭ! —

ആഹരി—അടന്ത

ആലാപൈരമൃതോപമൈഃ പ്രിയതമാം സംലാളയൻ ദൈത്യരാ-
ഡാലോക്യാത്മപുരോഹിതം സ്വതനൂജയാ സാകം നയജ്ഞാഗ്രഗം
ആയാതം നിജമാസനം ച മുനയേ ദത്വാർഘ്യപൂജാവിധിം
കൃത്വാഹ സ്മ ഗുരും സ്വഭക്തിജനനീം വാണീം സ ബദ്ധാഞ്ജലിഃ.

വൃഷപർവ്വാ:—

മാമുനീന്ദ്രതിലകമേ! ഭവത് പാദ-
താമരസങ്ങളെ ഞാനിത തൊഴുന്നേൻ.

മാമകകുലാചാൎയ്യ! തവാനനമുഖേന്ദുലോകനാത്
മന്മാനസകുമുദം നന്മയിൽ വിലസുന്നു. — മാമുനീ —

നിന്നുടെ പാദരേണുവൃന്ദസമ്പൎക്കംകൊണ്ടു
മന്ദിരം ശുദ്ധമായി എന്നിലനുഗ്രഹിക്ക. — മാമുനീ —

ധൎമ്മപത്നിക്കു തവ നിൎമ്മലസുഖമല്ലേ?
കല്മഷമകലുവാൻ ധൎമ്മമിന്നോതേണമേ. — മാമുനീ —

താവകീനകൃപയാ താപമില്ലൊരിക്കലും
ഭാവമെന്നിൽ തെളിഞ്ഞു മേവീടണമെപ്പോഴും. — മാമുനീ —

പുത്രിയോടുകൂടി നീ അത്ര വന്നതിൻമൂലം
ചിത്തമോദേന ചൊല്ക, ശാസ്ത്രാംഭോധിപാരഗ! — മാമുനീ —

ആചാൎയ്യനന്ദിനി! നീ ആനന്ദേന പോന്നിതോ
മോചമധുരവാണി! മോദമോടിഹ വാഴ്ക.

താമരാക്ഷിമുടിമാലേ! ഭവത് പദ-
താമരസങ്ങളെ ഞാനിത തൊഴുന്നേൻ.

ശുക്രൻ:—

ദൈത്യകുലാംഭോധിരാകാസുധാകര!
കാത്ത്യായനീശഭക്ത!
ഉക്തികൾ നമ്മുടെ കേൾക്ക മഹാബല!
മാർത്താണ്ഡവഹ്നിപ്രതാപ! ജഗത്പതേ! — ദൈത്യ —

നിന്നെയനുഗ്രഹിച്ചീടുവാൻ വന്നഹ-
മെന്നു ധരിക്കുക മേ ശിഷ്യപൂർവ്വജ!
നിന്നുടെ കീർത്തിയാൽ മന്നിടമൊക്കെയും
നന്നായ് വെളുത്തുപോയ് വെള്ളിപോലേ ദൃഢം. —ദൈത്യ—

ക്ഷീരജലങ്ങളുമാന്നു വിരിഞ്ചിയും
ഈരേഴുലകിലുമന്വേഷിച്ചുംകൊണ്ടു
പാരാതെ നീളേ നടക്കുന്നു തന്നുടെ
പക്ഷിതൻ നിർണ്ണയമാവുന്നതിന്നായി. — ദൈത്യ —

ചക്രവും കയ്യിലെടുത്തുംകൊണ്ടിന്നഹോ!
ചക്രപാണി നിജധാമമറിയാതെ
ദിക്കുകളൊക്കെ നടന്നു വലയുന്നു
വിക്രമാംഭോനിധേ! എന്തിഹ ചൊല്ലുന്നു. — ദൈത്യ —

നന്ദിനി നമ്മോടു നിത്യം പറയുന്നു
നിന്നുടെ പുത്രിയോടൊത്തു മേളിക്കണം
ഇന്നിഹ വന്നതുമായതുകാരണം
നന്നായിവളേ വഴിപോലെ നോക്കണം. — ദൈത്യ —

ഭൈരവി—ചെമ്പട

വൃഷപർവ്വാ:—

സാധുതരം തവ തോന്നിയതിങ്ങനെ
സാധുമതേ! പാർത്താൽ

യോഗ്യനതായൊരു നിന്നുടെ കൃപയാൽ
ഭാഗ്യം മുടിയിൽ വസിക്കുന്നിഹ മേ. — സാധു —

പുത്രിയൊടൊത്തു ഭവാനിഹ വന്നതു
പാത്താൽ നമ്മുടെ ഭാഗ്യാതിശയം. – സാധു –

കണ്ണും വഹ്നിയതായതിൽ നെയ്യതു
വീഴുന്നേരമതധികം കണ്ണും. – സാധു –

ഭാഗ്യമതുള്ളൊരു ജനമതിലേററം
മൃഗ്യതമാം ധനമഭിവദ്ധിക്കും. – സാധു –

പുത്രി നീ മുന്നിൽ വരിക സുശീലേ!
ഒത്തു വസിക്കുക മുനിസുതയോടിഹ. – സാധു –

മോഹനം

ശുക്രൻ:—

എന്നാലഹമൊന്നു നിന്നോടു ചൊല്ലുന്നു
ഇന്ദ്രനാൽ പോരിൽ ഹതനായി പാകനും
ഇന്നിതു കേട്ടിതോ നഹുഷനോടൊന്നിച്ചു
പിന്നെ വലനും ഹതനായി ആഹന്ത!

എന്നാലിതിന്നിനി വേണ്ടതുപോലവേ
സന്നാഹമൊക്കെ നീ സാധിച്ചിടേണമേ
ഇന്നാ ക്ഷിതീശനങ്ങില്ലെന്നു കേട്ടു ഞാൻ
പിന്നെയാട്ടേയിനി ഞാനിതാ പോകുന്നു.

ഭൈരവി

വൃഷപവ്വാ:—

സാധുതരം വലശാസനവൃത്തം
സാധുമതേ! പാത്താൽ.

സ്വൎഗ്ഗം നമ്മുടെ കയ്യിലതായെ-
ന്നോക്കുക നിന്മനതാരിലിദാനീം. – സാധു –

ബന്ധിച്ചിന്ദ്രനെ യമനൊടുകൂടി
ചിന്തുകൾ പാടിപ്പിക്കും നിയതം. – സാധു –

നിൻപദതാരിണയാണിതു സത്യം
സമ്പ്രതി പോകുന്നമരാവതിയതിൽ. – സാധു –

ഖണ്ഡാരം—അടന്ത

പുത്രീം സംസ്ഥാപ്യ കൃഷ്ണാദ്രിതിസുതനഗരേ
തസ്യ വാക്തുഷ്ടചേതാഃ
ദൈത്യാചാര്യഃ സ്വഗേഹം പ്രതി സ ജവമഗാ-
ന്നന്ദിനീദത്തചിത്തഃ
ആഹൂതാ ദൈത്യവീരാസ്തദനു ദനുജനാഥം
സമേത്യാശു നത്വാ
പ്രാഹുഃ കാലാതിരൂക്ഷാഃ സരസഘനഗഭീ-
രം വചഃ കാലകേയാഃ.

കാലകേയന്മാർ:—

ജംഭാരിവൈരികുലോത്തമ! നിന്നംഘ്രി-
യംഭോജം വയം വന്ദാമഹേ
സംഭാഷണങ്ങളെ കേൾക്കുക സാദരം
അംഭോധിഗംഭീര! ഭോ! — ജംഭാരി —

ശത്രുക്കളാരാനുമിന്നിങ്ങു വന്നിതോ
ദൈത്യകുലാധിപ! ചൊല്ലുക
ഇത്രിലോകം ഞങ്ങൾ കുത്തിയെറിഞ്ഞിടാം
മിത്രജപുരംതന്നിൽ. — ജംഭാരി —

ആകീടവിഷ്ണുവരെയുമുള്ള ജന്തുക്ക-
ളാകവേ കൊണ്ടിങ്ങു പോന്നിടാം
നാകത്തെത്തന്നെ മതിയോ മഹാമതേ!
മൂകഭാവം കളക. — ജംഭാരി —

രൂക്ഷതയേറുന്ന ഞങ്ങളെ വെല്ലുവാൻ
ഇക്ഷിതിതന്നിലാരുമില്ല
പക്ഷീന്ദ്രവാഹനംകൂടി ഭയപ്പെട്ടും
ഈക്ഷണങ്ങൾ കാണുമ്പോൾ. — ജംഭാരി —

വൃഷപർവ്വാ:—

സിന്ധുഗഭീരരായുള്ളോരു ദൈത്യരേ!
സന്തോഷമോടു മേ നിങ്ങൾ കേൾപ്പിൻ ഗിരം
ഹന്ത! സുരാധിപൻ നഹുഷനോടൊത്തുകൊ-
ണ്ടന്തകപാരണയ്ക്കാക്കിപോൽ പാകനെ
ബന്ധുവധങ്ങളെക്കേട്ടു സഹിപ്പതി-
ന്നന്തരംഗംതന്നിലില്ല മേ ധൈര്യവും. — സിന്ധു —

ജന്തുകണക്കവേയുള്ളോരു പാർത്ഥിവ-
നന്തികേയില്ലെന്നു കേട്ടു ഞാനിന്ദ്രന്റെ
ആലയവനില്ലാതെ ചെന്നങ്ങു സത്വര-
മാമോധനത്താലപമാനമുണ്ടു മേ. — സിന്ധു —

എങ്കിലും ഞാൻ ക്ഷമിച്ചിരിക്കില്ല ഭോ!
ബന്ധിച്ചു കൊണ്ടുവന്നീടുവനിന്ദ്രനെ
കാലകാലൻതന്റെ ഭക്തരായുള്ളോരു
കാലകേയന്മാരേ! നിങ്ങളുമൊന്നിച്ചു
കാലനെ മാണിച്ചീടുവാനവന്റെ
കാലവും വന്നു നാം പോകയല്ലീക്ഷണം. — സിന്ധു —

സാരംഗം—ചെമ്പട

ഉക്ത്വൈവം ദൈത്യനാഥസ്തദനു സ വൃഷപ-
ർവ്വാ സമം കാലകേയൈഃ
ധൃത്വാ ശസ്ത്രം കൃപാണം ധനുരപി തരസാ
നാകലോകം രുഷാന്ധഃ
ഗത്വാ രൂക്ഷാക്ഷിയുഗ്മസ്ഫുരദനലശിഖാ-
ലീഢഭൂചക്രവാളഃ
സുത്രാമാണം സമസ്തത്രിദശനതപദം
ചാഹവായാജുഹാവ

വൃഷപർവ്വാ:—

സത്രാശന! പോരിന്നു സത്വരം വാടാ നീ

പടനാടകനടനത്തിനു കുടിലാശയ! ജള! രേ!
ഝടിതി കീടി! തടവു വിട്ടു മൂഢ! നീ
പട്ടുതയോട്ടു ഭടജനേന വായെടാ! — സത്രാ —

വലശാസനകലഹേ തവ കുലിശായുധചലനം
ബലവിഹീന! നലമൊടിന്നു ചെയ്യു നിൻ
വലിയ ഡംഭു കളവനിന്നു ഞാനെടാ! — സത്രാ —

പുരശാസനനനിശം മയി കരുണാമയി! കരുതേ
ശപഥമെന്റെ വിഫലമാകുവാൻ
തവ കാമമിന്നു നിഷ്ഫലമെന്നറിക നീ. — സത്രാ —

സുരനാരികളൊരുമിച്ചിനി സരസം ദിവി മരുവാൻ
സുരപതേ! നീ കരുതീടേണ്ട വാസവ!
സൗരിഗേഹനാരിയോടു ചേരുക. — സത്രാ —

പടതന്നുടെ നടുവിൽ തവ തടിയും പൊടിപൊടിയും
വടുവിനോടു കഠിനബാണമേററതി-
പേടി പൂണ്ടു ഭടജനങ്ങളോടിടും. — സത്രാ —

സുരതോത്സവരതനാം തവ വിരുതോടടൽ പൊരുതാൻ
വിരവിനോടു ധൈര്യമില്ല എങ്കിൽ നീ
ഭീരുഭാവമാർന്നു ദൂരെ മണ്ടുക. — സത്രാ —

കേദാരഗൗഡം — ചെമ്പട

ശ്രുത്വൈവം വചനം സുദുഃസഹമമർത്ത്യേശഃ സ വജ്രായുധം
ധൃത്വാ രോഷകഷായിതേക്ഷണരുചിർന്നാഗാധിരൂഢോ ബലീ
ക്രുദ്ധോ വഹ്നിയമാദിദിക്പതിഭിരപ്യായാസശ്ശൂന്യഃ ക്ഷണാദ്
ദൈത്യേന്ദ്രം തമുപേത്യ സായകഗണാൻ വർഷൻ ബഭാഷേ ഗിരം.

ഇന്ദ്രൻ:—

ദാനവ! നീ സമരത്തിനു വാടാ ദിതിസുതകീടക! രേ!

അമത്ത്യനാഥനാമെന്നോടെതൃത്തുനിൽക്കുവാൻ കിഞ്ചിത്
പടുത്വം നിനക്കുണ്ടെങ്കിലടുത്തു വാടാ!
കരത്തിൽ വില്ലെടുത്തതിൽ സമത്ഥനാമെന്നുടെ നീ
കടുത്ത താഡനങ്ങളെ തടുത്തുകൊൾക. — ദാനവ! —

പരം നീയുമിപ്പോളെൻെറ മറന്നിതോ പരാക്രമം
വിടുന്നില്ല നിന്നെ ഞാനങ്ങമത്തിടാതെ
ശരം നന്നായ് തവ നേരേ വരുന്നോരു നേരം മൂഢ!
പരന്നോരു സൈന്യമോടു പറന്നിടും നീ. — ദാനവ! —

വൃഷപവ്വാ:—

വിരഞ്ഞിങ്ങു വന്നതിനാൽ കുറഞ്ഞു നമ്മുടെ ഭാരം
വിരിഞ്ഞോരു ശരംകൊണ്ടു തിരിഞ്ഞീടാതെ
അറിഞ്ഞോരു മമ വീര്യം കുറഞ്ഞീടാതെ നീ വേഗം
കരഞ്ഞങ്ങു യമനോടു പറഞ്ഞുകൊൾക. — വാസവ —

കേചിദ് യുദ്ധേ ഹതാസ്തത് കഠിനതരശരൈ—
ദൈത്ത്യനാഥേന സാദ്ധം
കേചിദ് യാതാ വിഷാദാഃ കതിചന കതിചിത്
നഷ്ടനാസാശ്ച കേചിത്
നഷ്ടശ്രോത്രം മഹേന്ദ്രഃ സഹയമവരുണൈ—
ർഗ്ഗഹാരം പവ്വതസ്യ
പ്രാഗാദ് ദൈത്യാധിപോഽപ്യാഹൃതനിഖില
ധനഃ സ്വീയഗേഹം പ്രപേദേ.

കാമോദരി—ചെമ്പട

കാലേഽതീതേ താതപാശ്ചാത് കദാചിത്
ശമ്മിഷ്ഠാ സാ ദേവയാനീസമേതാ
സ്ത്രീഭിഃ സാകം നമ്മദാതീരദേശം
ഗത്വൈവം താഃ സംന്യഗാദീത് വസന്തേ.

ശമ്മിഷ്ഠ:—

നളിനായതനേത്രേ! തെളിവോടു നീ കേൾക്ക
കളമാം മമ വചനം

അയി സഖി! നീയീ വിപിനംതന്നിൽ
മയിലുകളാടീടുന്നിതു കാൺക. – നളിനാ –

നല്ലൊരു സുമതതി തരുനിരതന്നിൽ
ഉല്ലാസത്തോടു മേവീടുന്നു
വില്ലുശരങ്ങൾ ചമപ്പാനായി
മല്ലീസായകനുപയോഗമിതു. – നളിനാ –

തിലകസുമങ്ങളിൽ മധുകരപടലീ
മേളിച്ചീടുന്നിതു ഹൃദി പാർത്താൽ
കളമൊഴി! ദൃഷ്ടിനിപാതമിവററിനു
വളമതിനാൽ മഷി പററിയതാണോ. – നളിനാ –

കേതകകുസുമാഗ്രത്തിൽ ഭ്രമരികൾ
കേവലമിന്നിത ശോഭിക്കുന്നു
ശിവനാൽ ദത്തമതായൊരു ശാപം
ശിരസി സ്ഥിതമായെന്നിഹ തോന്നും. – നളിനാ –

അബ്ജാജായതനേത്രമിഴിമാരുടെ
ഗണ്ഡൂഷാസവസേചനമൂലം
ബകുളതരുക്കൾ സുമതതി ചേർന്നിത
ബകനിരപോലെ വിലസീടുന്നു. – നളിനാ –

ചരണാഘതിയാൽ സുന്ദരിമാരുടെ
അരുണസുമാവലിയോടിത ചേർന്നു
രക്താശോകദ്രുമതതിയൊക്കെ-
യലക്തകചാറു വമിച്ചീടുന്നോ. – നളിനാ –

ബാലികമാരേ! നിങ്ങളു വെക്കം
മാല ചമപ്പാൻ പൂക്കളെറപ്പിൻ
ഗുരുതനയേ! തേ പൂക്കളു വേണ്ടേ?
സരസം നീ മലർ പൊട്ടിച്ചാലും. – നളിനാ –

എരിക്കലക്കാമോദരി—ചെമ്പട

ദേവയാനി:—

സുന്ദരി! തേ നവസുമതതി വേണമ-
തെന്നാലായതറുത്തീടുക നീ
എന്നിഹ നമ്മോട്ടുരചെയ്തില്ലേ?
നന്നു തവാശയമാസുരഭാവം. - നളിനാ -

നിന്നെത്തന്നെ നിനച്ചിട്ടാണഹ-
മിന്നിഹ വാസം ചെയ്യുന്നതയേ!
എന്നിൽ പ്രീതിയതില്ലെന്നാകിൽ
എന്നുടെ താതഗൃഹം പ്രതി യാമി. - നളിനാ -

കാമോദരി

ശർമ്മിഷ്ഠ:—

കളഹംസി! നീ പുഷ്പമറുത്തതു
നലമൊടു ഗുരുപുത്രിക്കിഹ നല്ക;
കളകണ്ഠി! നീ മാലകൾ കോർക്ക
തലയിൽ ചൂടുവതിന്നായിഹ മേ. - നളിനാ -

മുഖാരി

കളഹംസി:—

ഗുരുവത്സേ! തവ നല്കീടുന്നേൻ
സരസമൊടിന്നിതു മേടിച്ചധുനാ
വിരവൊടു മാലയതാക്കിച്ചെയ്തു
സുരഭിലമുടിയിൽ ചൂടുക ബാലേ! - നളിനാ -

സാമന്തമലഹരി

കളകണ്ഠി:—

ദൈത്യകുലാധിപനന്ദിനി! ഇതു ഞാൻ
നിസ്തുലമാല്യമതാക്കിച്ചെയ്തു
സപത്നസ്ത്രീകൾക്കിതു ദുർല്ലഭമല്ലോ,
പൂന്തേൻമൊഴി! അണിയുക മുടിയിൽ. - നളിനാ -

ദേവയാനി:—

തന്നലത ഞങ്ങടെ വാടിയതല്ലോ
ഭാനുകരാതപതാപത്താലേ
കനമില്ലാത്തൊരു വാരിയിതുങ്കൽ
സ്നാനം ചെയ്തിതു പിന്നെച്ചൂടാം — നളിനാ —

ശർമ്മിഷ്ഠ:—

നീരിലിറങ്ങുന്നേരം വസ്ത്രം
ഈറമതായിത്തീരുമതല്ലോ
ആരെയുമിന്നിഹ കാണ്മാനില്ല
കരയിൽ നമുക്കിതു വയ്ക്കുകയല്ലീ. — നളിനാ —

നവരസം—ചെമ്പട

ഇതി പരസ്പരവാഗമൃതൈഃ സ്ഫുടം
സ്നപിതഗാത്രലതാ അപി താഃ സ്ത്രിയഃ
പുളിനസീമ്നി നിധായ തദംബരാ-
ണ്യപി സമാഃ പയസീതി വിഗാഹിരേ.

ശർമ്മിഷ്ഠ:—

പക്ഷിവൃന്ദം മീനബുദ്ധ്യാ ഇക്ഷണംതന്നിൽ നിന്നുടെ
ഈക്ഷണത്തിൻപ്രതിബിംബം ഭക്ഷണാർത്ഥം മുഴുകുന്നോ.

ദേവയാനി:—

അന്നജാലം നിൻജഘനം എന്നതന്നെ വിചാരിച്ചു
ഉന്നതമാം മണൽത്തിട്ടിൽ നന്ദിയോടെ മരുവുന്നോ.

കളഹംസി:—

ആവർത്തതതി നിൻനാഭി ആവർത്തിച്ചു കണ്ണെത്രയും
ഭീതിപൂണ്ടിളകിക്കൊണ്ടു ശാതോദരി! വർത്തിക്കുന്നോ.

കളകണ്ഠി:—

നല്ലൊരു നിർമ്മല കണ്ടു കല്ലോലങ്ങൾ രോഷമോടു
തെല്ലുവാനടുത്തു ഭീത്യാ മെല്ലെ നിൻപാദേ വീഴുന്നോ.

മുഹുശ്ചിരം തജ്ജലന്താനി വജ്രീ
സംസൃഷ്ടഗന്ധൈഃ സുചിബന്ധവസ്ത്രഃ
ഭ്രുത്വാനിലസ്തദ്വസനേഷു ദൂരം
നീതേഷു താഃ പ്രാപുരമന്ദലജ്ജാം.

സ്വം സ്വം നേത്രം നേത്രമംഭോജനേത്രാഃ
ധൃത്വാ ധൃത്വാ പര്യധുർദൈത്യപുത്ര്യാഃ
ധൃത്വാ വസ്ത്രം ദേവയാനീ ത്വജാനാ-
പ്യാചാര്യാസ്ത്രീ പര്യധാത് സ്വം നിതംബേ.

മുഖാരി—ചെമ്പട

ദൈത്യേന്ദ്രസ്ത്രീ വീക്ഷ്യ തത്കർമ്മ സദ്യോ
രക്താംഭോജദ്വന്ദ്വതുല്യാരുണാക്ഷീ
ഗത്വാ തസ്യാഃ സന്നിധിം ചാസുരത്വാം
ധൃത്വാ സൈവം ശുക്രപുത്രീം ചുകോപ.

ശർമ്മിഷ്ഠ:—

ദുഷ്ടേ! നീയിഹ പുരി വാഴുന്നതു
മോഷ്ടിപ്പതിനാണോ?
കിട്ടിയതൊക്കെത്തരമെന്നോർത്തു നീ
നഷ്ടിപിടിച്ചിഹ മരുവീടുന്നോ? — ദുഷ്ടേ! —

നല്ലൊരു വസ്ത്രം വേണമതെങ്കിൽ
നമ്മോടായതു യാചിച്ചെന്നാൽ
കില്ല വെടിഞ്ഞഹമുടനേ നല്കാ-
മല്ലോ കുമതിയാളേ മൂഢേ! — ദുഷ്ടേ! —

നിന്നുടെ ഗൃഹമതിൽ വാഴുംസമയം
നന്ദി കലർന്നു നീ ചുററീടുന്നതു
നിന്ദിതയായൊരു മരവുരിയല്ലോ
ഇന്നിഹ ഭേ കസവിട്ടതു വേണോ? — ദുഷ്ടേ! —

പാപേ! നീയുമുടുത്തൊരു വസ്ത്രം
ശവദാഹത്തിനു മൂടാൻ കൊള്ളാം.

ആപന്നദിയിൽ കേളികരം ചെയ്വാൻ
കൂപംതന്നിൽ മരുവീടുക നീ. - ദുഷ്ടേ! -

ഇത്യുക്ത്വാ ദൈത്യപുത്രീ നിജഗുരുതനയാം
കൂപഗർത്തേ നിപാത്യ
സ്വഃസ്ത്രീവൃന്ദപ്രസൂനാർച്ചിതപദകമലാ
താതപാർശ്വം ജവേന
ഗത്വാ തം സ്വീയതാതഃ ഗുരുവരനികടം
പ്രത്യഗാദ് ദേവയാനീ-
ത്യുക്ത്വാ തച്ചിത്തമേഷാ സസുഖമന്വവിധാ-
യൈവ തത്ര ന്യവാത്സീത്.

ശങ്കരാഭരണം—അടന്ത

തത്കാലേ മൃഗയാർത്ഥമേവ മുനിഭിഃ സംപ്രേരിതോഽപ്യേകദാ
ദൂതഃ കോഽപി സമേത്യ ഭൂപതിമണിം വക്തും യയാതിം ജവാത്
തച്ചാപോദ്ഗതഘോരസായകഗണപ്രോദ്ഭിന്നവൈരാകരം
വീരം മൂർദ്ധ്നി കൃതാഞ്ജലിഃ സവിനയം ഹൃഷ്ടോ വചഃ സോഽബ്രവീത്.

ദൂതൻ:—

കരബലം ഭാതി താവകം സുരപുരേ
നരവരശിഖാമണേ! നിൻകീർത്തിചന്ദ്രനെ
സുരയുവതികൾ വീണയിൽ വർണ്ണിച്ചീടുന്നു
പരിചിനൊടതു കേട്ടപരസുധാകരൻ
പരമഖേദേന മലിനനായ്മേവുന്നഹോ !
സുരവിപക്ഷന്മാർ ഭവാന്റെ പരാക്രമത്തെ
വിംവിനൊടു വന്ദിക്കയാലതിദൈത്യനായി
അരുണസാരഥിയും ജനങ്ങൾക്കിന്നു കിഴ-
ക്കറിയുന്നതിന്നു തീർന്നഹോ ! മഹേന്ദ്രോപമ! -കരബല:-

മുനികളയച്ചോരു ഞാൻ കനിവിനൊടു ചൊല്ലുന്നേൻ
വനമതിൽ വസിപ്പാനായനവധിയും ധ്രുവം

ഘനമതായ് തീൎന്നവൎക്കു കനക്കവേ മൃഗയാട്ട-
മിനി ഭവാൻ ചെയ്തീടണം മനതാരിലറിഞ്ഞാലും.

—കരബലം—

മോഹനം—അടന്ത

യയാതി:—

ദൂത! നിന്നുടെ മുഖസ്തുതിവചനമലം
കൗതുകമിതുകൊണ്ടില്ലത്രയുമല്ല മമ
ചേതോംബുജം നാണഹിമംകൊണ്ടു കുമ്പുന്നു
ആതപേന കമലംപോലവേ ധരിക്ക നീ.
ശൗനകാദിമുനീശ്വരന്മാൎക്കിതു കൂടാതെ
മാനസതാരിലിപ്പോഴും വേറെയൊന്നുമില്ലല്ലോ
കാനനത്തിൽ നായാട്ടിന്നു നീയൊന്നിച്ചു
ജനകജനനിമാരെക്കണ്ടു പോരുന്നുണ്ടു്.
മേലിലവൎക്കു മൃഗബാധ വരാത്തവിധം
വ്യാളാദിജന്തുക്കടെ ദീൎഘനിദ്രയെച്ചെയ്തു
കാലന്നു പാരണയ്ക്കു നല്കി താപസേശ്വര-
ജാലത്തിന്നാനന്ദം ചെയ്യുന്നതിൽ ബന്ധമില്ല.

തോടി—അടന്ത

ഇതിവദൻ ധരണീധരശേഖരഃ
സ ത്രുജവാദ് ധൃതദൂതകരാംബുജഃ
ജിതരിപുജ്ജനകം സമവാപ്യ തം
നതപദം വിബുധൈരിദമൂചിവാൻ

യയാതി:—

താത! നിൻപദം ആദരേണ ഞാൻ കലയേ
സാദരം നീ മന്മൊഴികൾ മോദമൊടു കേട്ടുകൊൾക. —താത!—

കാട്ടതന്നിൽ മൃഗയാട്ടമാടുവതിന്നു മുനികൾ
ചൊല്ലി വിട്ടു ദൂതനേ നീ മെല്ലവേ കണ്ടുകൊണ്ടാലും. —താത!—

താപസേന്ദ്രന്മാരുടയ താപമകററുവതിന്നു
സോമകുലദീപ! ഭവാൻ സാമോദം നിയോഗിക്കെന്നെ. —താത!—

നഹുഷൻ:—

കല്യാണി—അടന്ത

തനയ! മാമകമൊഴി വിനയജലധേ! കേൾക്ക
മുനിപാലനം നമുക്കു മഹലധർമ്മമല്ലോ - തനയ!

നന്ദന! തദനുഗ്രഹം നന്മയോടേ ലഭിക്കേണം
ആയതുകൊണ്ടു വേണം തേ ശ്രേയസ്സുണ്ടാകുവാൻ. -തനയ!

എത്രയും വൈകിടാതെ നീ ഭൃത്യജനങ്ങളൊത്തു്
അത്തലുമൊഴിഞ്ഞു മൃഗയാത്ഥം യാഹി സൂനോ! -തനയ!-

കാമോരി—ചെമ്പട

അനുജ്ഞാം ഗൃഹീത്വാ സ്വതാതസ്യ രാജാ
തനുശ്രീജിതാനംഗസൗന്ദര്യഗർവ്വഃ
മുനിപ്രേരിതായാത താം വീക്ഷ്യ സോ
വിനീതോ വചോ മാതരം സംന്യഗാദീത്.

യയാതി:—

ജനനി! തവ പദകമലമിന്നു ധന്യേ!
തനയനഹമിത കൈതൊഴുന്നു
മുനികളുടെ പാലനത്തിന്നു അംബ!
മൃഗയാത്ഥമഹം പോകുന്നു.

ആയതിന്നനുവദിക്കണം എങ്കൽ—
ലനുഗ്രഹമപി നല്കീടണം
നിഖിലയുവതിനതപദനളിനേ ! ദേവി
നിരുപമനിരവധിഗുണസദനേ!

മാതാവു്:—

മമ തനയ! മന്മൊഴി കേൾക്കു
അമൃതമിതെന്നോക്കു വഴിയേ

മൃഗതതികളഭിമുഖം വരുന്നേരം
മനമുറച്ചു നിന്നാൽ നീ പോരും.

മുനികളുടെയനുഗ്രഹം വാങ്ങി-
യിനി രിപുക്കളുടെ നിഗ്രഹം
വഴിപോലെ ചെയ്തുകൊണ്ടാലും മേലിൽ
വിരവൊടു കീർത്തി ലഭിച്ചാലും.

മൃഗയായൈ സ രാജേന്ദ്ര-
ന്മൃഗസങ്കുലകാനനേ
മുനിബാധാനിവൃത്ത്യർത്ഥ-
മനുജ്ഞാം മാതുരഗ്രഹീത്.

ദണ്ഡകം

ധാത്രീപതിസ്സുദനു ധാത്രീയനുഗ്രഹവു-
മത്രാന്തരേ ഖലു ലഭിച്ചു
ജവമൊടു ഗമിച്ചു ക്ഷിതിയത്തു ചലിച്ചു
നരസമൊടു മൃഗതതിയെ
യമനു ബഹു നല്കീ ഹയ-
മതിമലറി വനഭുവി ചരിച്ചു
ഹര്യക്ഷവൃന്ദമപി ഭാര്യാസമേതമതി-
ധൈര്യത്തൊടമ്പിനൊടടുത്തു
നരപതി കൂർത്തു ചാപമതെടുത്തു
വേഗത്തൊടാ ക്ഷിതിപനായാസമെന്യേ നിജ-
ധനുഷി ശരതതികളവ ചേർത്തു
കുംഭീന്ദ്രജാലമപി കുംഭങ്ങൾ പൊക്കി ബഹു
സംഭ്രാന്തമോടവയടുത്തു
ധൈര്യവുമെടുത്തു ഇഷുനിര തൊടുത്തു
ജവമോടഥ നൃപതിയവനരനിമിഷകാലേന
കളഭവരതലകളു തകർത്തു
ധാർഷ്ട്യം ഗ്രഹിച്ചു തനുവാട്ടം വെടിഞ്ഞു മൃഗ-
യാട്ടം വഴിക്കഥ തുടങ്ങീ

കാടതു കലുങ്ങീ ദ്യോവതു മുഴങ്ങീ
അവനുടയ നിശിതശരമേററതു മൃതമതായ്
കരിമുഖ്യ മൃഗകുലമൊട്ടുങ്ങി.

ദ്വിജാവന്തി—മുറിയടന്ത

നിപാതിതാ സാ ദിതിജേന്ദ്രപുത്ര്യാ
കൂപേ മുനീന്ദ്രസ്യ സുതാ വ്യലാപീത്
സ്വകീയമാതാപിതരൗ പ്രതീവ
പികാംഗനാവാഗിതി ദേവയാനീ.

ദേവയാനി:—

അംബ! താത! ഭവത്പദൗ അംബുജാതൗ ഹൃദാ വന്ദേ
നിർമ്മര്യാദയായിട്ടെന്നെ ശർമ്മിഷ്ഠ കിണററിലാക്കി.

ഘോരമായ വനംതന്നിലാരെയും കാണ്മാനുമില്ല
ഭീരുഭാവമെൻെറ മനതാരിലേററം വളരുന്നു —അംബ!

ജന്തുക്കൾ വന്നടുത്തല്ലോ എന്തു വേണ്ടൂ ഞാനിപ്പോഴെ-
ന്നന്തരംഗംതന്നിലൊന്നും ചിന്തിച്ചു കാണുന്നീലയ്യോ!
—അംബ!—

നിങ്ങളുടെയനുഗ്രഹം തുംഗമായിട്ടെന്നിലില്ല
ഇങ്ങനെ ഞാൻ കിടക്കുവാൻ സംഗതിയുണ്ടോ അല്ലെങ്കിൽ.
—അംബ!—

കാത്തുകൊൾക മഹാവിഷ്ണോ! കാത്തുകൊൾക നീലകണ്ഠ!
കാത്തുകൊൾക താത! നമ്മെ കാത്തുകൊൾക ഭൂമിപാല!
—അംബ!—

ശങ്കരാഭരണം—ചെമ്പട

ഏവം വദന്ത്യാഃ സ തു ദേവയാന്യാഃ
ശ്രുവാനഃവഃ ക്രന്ദനമാനിശമ്യ
ജവാദ് ധനുഷ്പാണിരഥാഭിഗമ്യ
കൂപസ്ഥിതാം താം വചനം ന്യഗാദീത്.

യയാതി:—

ബാലികമാരണിമാലേ! കേൾക്ക നീ
നലമൊടു മേ വചനം
പ്രാലേയാംശുകുലാധിപനെന്നോടു
പാടലാലുംമൊഴി! ചൊല്ലുക സത്യം. —ബാലിക—

ഈവിധമാരിഹ ചെയ്തതു നിന്നെ
അവനുടെ നഗരം യമപുരമിനിമേൽ
പശുമുനിയുവതിഗദാത്തന്മാരുടെ
പാലനമല്ലോ ക്ഷത്രിയധർമ്മം. —ബാലിക—

ലോകേശനഹം സവിധേ വന്നു
ശോകവുമകലെക്കളക സുശീലേ!
അകതാരിൽ ബ്രഹ്മ മോദം ചേർക്ക നീ
ആകേശാംഘ്രിമനോഹരരൂപേ! —ബാലിക—

ചന്ദ്രനുദിച്ചങ്ങുയരുന്നേരം
സാന്ദ്രതമോദയമെങ്ങനെയുളവാം
സൂര്യനുദിച്ചാൽ കോകത്തിനു
ഭാര്യയൊടുള്ളൊരു വിരഹമതുണ്ടോ —ബാലിക—

ശത്രുവിനാശം സജ്ജനതതിയുടെ
ആർത്തികളന്തന്നുടെ ഹരണം തോഷണ-
പൂർത്തിവിധാനം സത്യമിദാനീം
ഇത്ഥംവിധം മമ നിയമം തന്നെ. —ബാലിക—

നീലാംബരി—ചെമ്പട

ദേവയാനി:—

സോമവംശദീപ! കേൾക്ക മാമകീയവചനത്തെ
കാമരൂപ! ഭവാൻ നമ്മെ കാത്തു പാലിച്ചീടണമേ.

ദൈത്യപുത്രിയാം ശർമ്മിഷ്ഠയൊത്തു ഞാനിവിടെ വന്നു
വസ്ത്രം മാറിയുടത്തവൾ പാരത്തന്നെയീവിധമാക്കി.

ശുക്രപുത്രിയാകുമെന്നെ വെക്കം കൂപത്തിൽ നിന്നു
ചക്രാങ്കിതകരംകൊണ്ടു വിക്രമാഢ്യ! കയററുക.

കല്യാണി

യയാതി:—

ക്ഷിതിസുരകാമിനിമാരെത്തൊട്ടുവാൻ
വിധികളതൊന്നും സ്മൃതികളിലില്ല
അതിനാൽ മാമകചിത്തവുമിപ്പോ-
ളന്നഗതേ! മിഴി ചിമ്മീടുന്നു. —ബാലിക—

ആർത്തസ്ത്രീകളെ രക്ഷിക്കാഞ്ഞാൽ
തീർത്തൊരു നരകം സ്മൃതികളിലുണ്ടു്
ഓർത്തങ്ങായതു പാണിയെ നീട്ടി-
ന്നാർത്തി കളഞ്ഞു പിടിച്ചു കരേറുക. —ബാലിക—

നീലാംബരി

ദേവയാനി:—

പാണിഗ്രഹണമെന്നുടെ ക്ഷോണീപതേ! ഇതു തന്നെ
പ്രാണനാഥ! താതപാദമാണെ സത്യം നയശീല!

കല്യാണി

യയാതി:—

നിന്നുടെ താതനതറിയാതെ ക-
ണ്ടിന്നു വിവാഹം ചെയ്യുന്നാകിൽ
ഇന്ദുകുലത്തെ ഭസ്മമതാക്കും
ധന്യതമൻ മുനി ശാപത്താലേ. —ബാലിക—

താതനു സമ്മതമുണ്ടെന്നാകിൽ
ശാതോദരി! ഞാനിന്നിതു ചെയ്യാം
മോദം പൂണ്ടു നീ നടകൊണ്ടാലും
താതഗൃഹം പ്രതി യുവതികളൊത്തു്. —ബാലിക—

പുന്നാഗവരാളി—ചെമ്പട

ഇത്യുക്താ സാ പ്രേഷിതാ രാജമുഖ്യേ-
നാത്താനന്ദാ പദ്മപത്രായതാക്ഷീ
യോഷാസൈന്യൈർദ്ദേവയാനീ സമേതാ
ഭൂഷാശൂന്യാ ശുക്രമേത്യാബ്രവീത് തം

ദേവയാനി:—

താത! തവ പാദയുഗ്മം വീതഖേദമഹം വന്ദേ
സാദരം നീ മന്മൊഴിയെ സാധുമതേ! കേട്ടുകൊൾക
ദൈത്യപുത്രിതന്നുടയ വസ്ത്രമഹമറിയാതെ
സത്വരമുടുത്തു കണ്ടു ക്രുദ്ധവാക്കു ചൊല്ലിയവൾ
പാപയാകുന്ന ശർമ്മിഷ്ഠ കോപിച്ചാസുരത പൂണ്ടു
താപസ! നിൻപുത്രിയെന്നെ കൂപംതന്നിൽ പതിപ്പിച്ചു
ഭൂപരത്നമാം യയാതി ആപത്തിൽ നിന്നു കരേറ്റി
ആ പാണിഗ്രഹണം തന്നെ ശപഥമായുറച്ചു ഞാനും
ആയവൾ നമ്മുടെ ദാസിയായിരിക്കേണമേ മേലിൽ
ആയതനുവദിക്കാഞ്ഞാൽ ആയവനെ ശപിക്കേണം
എന്നുടെ വിവാഹമിപ്പോൾ ധന്യനാമവനെക്കൊണ്ടു
നന്ദിയോടു കഴിപ്പിക്ക എന്നിൽ കരുണയുണ്ടെന്നാൽ
ക്ഷത്രിയന്നു നല്കുന്നതു യുക്തമല്ലെന്നുറച്ചെങ്കിൽ
മൃത്യുവശയായ് തവ വിൽ പുത്രിയെ നീ കണ്ടുകൊൾക.

ബലഹരി—ചെമ്പട

ഇത്യുക്തോ ദേവയാന്യാ മുനിരതികുപിതോ
ദന്തദഷ്ടാധരോഷ്ഠഃ
പ്രോത്ഥായാമന്ദഹത്യാഖിലഭുവനതലം
ചാലയൻ പാണിപദ്ഭിഃ
ദൈത്യേന്ദ്രം സ്വീയപുത്രീസഹിതമമുമുപേ-
ത്യാശു രുഷ്ടോ നയജ്ഞഃ
ക്ഷുബ്ധാംഭോധിപ്രതീകഃ ക്ഷുഭിതതരമനാഃ
ശുക്ഷമിത്യാചചക്ഷേ.

ശുക്രൻ:—

ദൈത്യകുലാധമ! നിന്നുടെ ചരിതാ
പാത്താലതിചിത്രം !
എന്നുടെ സുതയേയിഹ പാപ്പിച്ചതു
നിന്ദിപ്പാനതിനാരാണോ കമഃത! —ദൈത്യ—

നിന്നുടെ കുലമിതു ഭസ്മമതാക്കാ-
നെന്നിൽ ശക്തിയതുണ്ടെന്നറിക. —ദൈത്യ—

നിന്നുടെ സുതയിവളെന്നുടെ സുതയെ
നിന്ദിച്ചങ്ങു കിണററിൽ തള്ളി. —ദൈത്യ—

ഇത്തൊഴിലൊന്നുമറിഞ്ഞില്ലേ നീ?
ഉത്തരമവളൊടു ചോദിച്ചില്ലേ. —ദൈത്യ—

ഇവളേയും സഖിമാരേയും മമ
മകളുടെ ദാസ്യമെടുക്കാൻ നല്ക. —ദൈത്യ—

അല്ലെങ്കിൽ തവ കാണിച്ചീടുവ-
നില്ലൊരു സംശയമിതിനുടെ ഫലമിഹ. —ദൈത്യ—

മലഹരി—പഞ്ചാരി

ഇത്യുക്തോ ദൈത്യരാജഃ സ തു നിജതനയാം
സ്ത്രീസഹസ്രം ച തസ്യൈ
പ്രാദാത് കാവ്യായ താഭിഃ സഹ സ മുനിവരഃ
സ്വീയഗേഹം സമേത്യ
ആഹൂതോ ദേവയാനീപരിണയവിധയേ
ശുക്രമഭ്യേത്യ നതപാ
പ്രാഹ സ്മ പ്രേമപൂർവ്വം വചനമിതി യയാ-
തിഃ പ്രഹൃഷ്ടാശയസ്തം.

യയാതി:—

മാമുനീന്ദ്ര! തേ നമോ/സ്തു നാമിഹാസ്മി ഭോ!
തവന്മുഖേന്ദുദർശനേന മന്മനോംബുജം വിടന്നു

കന്മഷേതര! ത്വദീയചിന്മയത്വകാരണാത്
മന്ദിരത്തിലിവിടെ വന്ന മന്ദഭാഗ്യശൂന്യനായി
നന്ദിയോടു മസ്തകത്തിൽ തന്നുകൊൾകനുഗ്രഹം
താവകീനനന്ദിനിയെ ക്രൂപ്യഗഹ്വരത്തിൽ നിന്നു
താപസേശ! കരുണകൊണ്ടു താപമിന്നകററി ഞാൻ.

പുന്നീരു്

ശുക്രൻ:—

ഭൂമിപാല! നീ ജയിക്ക കോമളാകൃതേ!
എന്നുടയ വചനമിന്നു മന്നവ! നീ കേട്ടുകൊൾക
നിന്നുടയ കീത്തികൊണ്ടു മന്നിടം വെളുത്തഹോ!
കോകിലാദിവൃന്ദമിപ്പോളാകവേ വെളുത്തുപോയി
കണ്ടിടുന്ന കൃഷ്ണവസ്തു കിന്തുവെന്നു ചൊല്ലിടാം
നീയൊഴിഞ്ഞു ഭൂമിപതികളയുതമുണ്ടു ധരണിതന്നിൽ
ദുഷ്പ്രഭുക്കളവരുടയ ദുയ്യശസ്സിതാണുപോൾ
എന്നുടയ നന്ദിനിയേ മന്നവ! നിനക്കു തരുവതിന്നു
ഞാനുറച്ചു ധന്യ! സ്വന്ദീയശോനിധേ!

മലഹരി

യയാതി:—

അത്ഥമേവ നിന്റെ വചനം പാത്തു ചേന്നീടുന്നതോടു
ഉക്തി നമ്മുടെ മുനീന്ദ്ര! അത്ഥമോടു ചേരുമേ
നിസ്തുലപ്രഭാവപാത്ര! ധാത്രിപാലനാമെനിയ്ക്കു
പുത്രിയേ നീ തന്നാകിൽ കൃതാത്ഥനായി ഞാനിഹ

പുന്നീരു്

ശുക്രൻ:—

ഭാനുനാളെ വന്നുദിച്ചു മീനരാശി നല്ലതാണു്
ആയതിന്നു തന്നെവേണമായതാക്ഷിപരിണയം.

ഇത്യുക്തഃ സ മഹീപതിർമ്മുനിവരേണാഗ്ഘ്യാദിനാ സത്കൃത-
സ്തത്രസ്ഥഃ സരസം ച തസ്യ തനയാലാവണ്യചിന്താപരഃ

സത്രാശാദിസമസ്തലോകനമിതാംഘ്രിദ്വന്ദ്വപങ്കേരുഹഃ
സ്വഃസ്ത്രീവൃന്ദസമാച്ഛ്യമാനമകുടോ ഹന്താഘയത് തത് ക്ഷപാം

ശ്രീരാമവാമനജനാർദ്ദനമീനകൂർമ്മ-
ശ്രീരാധികാപതിഹലായുധകല്ക്കിരൂപഃ
താരേന്ദുസൂര്യ്യവസുധാവധി മത്കൃതേശ്ച
നാരായണോ മമ ച മംഗളമാതനോതു.

ലക്ഷ്മീരസ്മദ്ധൃദയകമലസ്ഥാ മഹാവിഷ്ണുപത്നീ
പക്ഷ്മാളീരുക്ജിതമധുകരീ ഹസ്തിഹസ്താഭിഷിക്താ
അംഗാരത്വിട് പ്രതിഭടതനുശ്രീജിതാംഗാരശോഭാ
മംഗല്യം മേ ദിശതു ജനനീ വിഷ്ണുപാനാം കൃതേശ്ച.

---

# ദൂതവാക്യം

## (ആട്ടക്കഥ)

ഭക്താനാമന്തരായോത്കരതിമിരവിധും
വിഘ്നരാജം ച വാണീം
വിദ്യാസമ്പത്പ്രദാത്രീം ഗുരുവരമുരുവി-
ജ്ഞാനദം സാധുചിത്തം
വിഘ്നച്ഛേദായ മാധ്വീസമകവനകലാ-
യൈ ച വിജ്ഞാനസമ്പത്-
പ്രാബല്യപ്രാപ്തയേഽഹന്നിശമുരുമനസാ
ദേഹവശ്യാം നമാമി.

ഭോഗീന്ദ്രഃഭോഗകൃതതല്പതലേ ശയാനം
ഭോഗീന്ദ്രഭൂഷണപിതാമഹമുഖ്യവന്ദ്യം
ഭൂഭാരനാശനകൃതേ വിവിധാവതാരം
ഭൂനായകം കമലനാഭമഹം നമാമി.

അമലകമലഭാസം താപഹൃന്മന്ദഹാസം
പ്രണതപരമഹംസം ചന്ദ്രഖണ്ഡാവതംസം
ദളിതസുമശരാസം ഭക്തലോകൈകദാസം
നമത ഫണിവിലാസം വ്യാഘ്രഗേഹാധിവാസം.

ഗളിതവിവിധകാമൈഃ സാധുഗമ്യാപി ദുർഗ്ഗാ
കരധൃതകടുശൂലധ്വസ്തദേവാരിദുർഗ്ഗാ
പുരടമയസുവാസാ ഖണ്ഡനാരണ്യവാസാ
വിതരതു ശുഭമാര്യാ ശ്രീമഹാദേവഭാര്യാ.

പരസ്സപഗജപങ്ക്തേര്മ്മസ്തകാകൃഷ്ടമുക്താ-
മണികലിതസുമാലാഭാസമാഭിഹര്യ്യക്ഷഭക്തഃ
ഭുവനകഠിനദാരിദ്ര്യാന്ധകാരസ്ഥലഭാനു-
ര്ഹരിപദയുഗധീമ്മാം പാതു വഞ്ചിക്ഷിതീശഃ

ശങ്കരാഭരണം—ചെമ്പട

രാജാ ധര്മ്മതനൂദ്ഭവഃ ഖലതരൈ-
സ്സൈന്ധവാത്തരാഷ്ട്രൈഃ കൃതം
ദുസ്തീര്ണ്ണം സമയാബ്ധിയാണ്ണവമത-
സ്തീത്വാ സഗഭൈര്യഃ സുഖം
വക്ത്രാന്താത്തമസോ വിമുക്തശശിവ-
ല്ലബ്ധാഭാനാപിതോ ഗ്രാഹയൻ
പാണിം ഫാല്ഗുനിനാ വിരാടദുഹിതു-
മ്മാത്സ്യേശഗാമാവസത്.

രാജവംശശിഖാമണി രാജരാജതുല്യൻ
രാജീവദളനയനൻ രാജവംശജാതൻ
ഭീമവിക്രമന്മാരാം ഭീമാദികളോടും
ഭീഷിതയുവതിഗർവാ ഭാര്യയോടും കൂടി

മുക്തഗർജ്ജിതപൂരിതദിഗന്തന്മാരാം
നക്തഞ്ചരന്മാരെക്കൊന്നു നക്താദിവം കാട്ടിൽ നിന്നു
മത്സ്യപുരേ ചെന്നു മത്സ്യകേതനസഹോദരൻ
മത്സരിസമയസിന്ധു തരണംചെയ്തു വാണു.

കാമോദരി—ചെമ്പ

പരിജിതസുമധനപാ മുഗ്ദ്ധഭാ സ്വീയതനയ്യാ
സ്വകരനിഹിതധനപാ സേഷ്ടകൃല്ലബ്ധധനപാ
ശശധരകുലജന്മാ ധര്മ്മകൃദ്ധര്മ്മജന്മാ
മുഖജിതശശിബിംബാം പാഞ്ചാലീമേവമൂചേ.

യുധിഷ്ഠിരൻ:—

സുരുചിരകുളബന്ധരേ! സുദതി! വരിദകാമലേ!
പരഭൃതമനോജ്ഞവചനേ!

പരികലയ സാമ്പ്രതം വചനമയി! മാമകം
സുരരമണിമാർമകുടകലിതമണിഹാരമേ! —സുരുചിര—

ദുരിതമതിയായിട്ടും ദുര്യോധനൻതൻെറ
ക്ഷണയകൃതമായിട്ടും വിപിനപരിപാലനം
പരമപുരുഷൻതൻെറ പരമകൃപയാ വയം
പരിതോഷമാന്നു ബത! പരിചൊടു നയിച്ചതും. —സുരുചിര—

കഷ്ടതരയായിട്ടും പരഹൃദയതുഷ്ടിയെ
വിഷ്ടപനിഗ്രഹിതം പരിചാരപുഷ്ടിയാൽ
കഷ്ടദശയെന്നിയേ പെട്ടെന്നു വത്സരമേകമ-
നുഷ്ഠിച്ചതും തത് കൃപാവൈഭവാത്. —സുരുചിര—

കഞ്ജവിശിഖാസ്ത്രതതിമഞ്ജുളനികേതമേ!
മഞ്ജുതരഗാത്രനാം കഞ്ജനയനൻതൻെറ
ഭഞ്ജിതശരണ്യജനപാപപുഞ്ജേ പദേ
സഞ്ജിതസുചേതസാം ഭക്തി വരാ ദൃഢം. —സുരുചിര—

മുഖാരി—അടന്ത

ദ്രൗപദി:—

വാരിജദലനയന! വചനം മേ ശൃണു കാന്ത!
വാരിധിശായിഭക്തക്ക് ഭവ്യമെന്യേ വരാ ദൃഢം. —വാരിജ—

ഐഹികസുഖകാമികൾക്കദ്ധ്യം ദൈവമദ്ധ്യം ദേഹ—
മെന്നു മണിവരന്മാരാലുക്തമല്ലോ ശാസ്ത്രാദിഷു. —വാരിജ—

തേന ന വാന്തർയ്യാമിയാമീശ്വരങ്കൽ സമസ്തവും
സമപ്പിച്ചു പൗരുഷമാം യത്നം ചെയ്കയത്രേ യോഗ്യം.
—വാരിജ—

വല്ലഭയായിട്ടുമെന്നെ മുക്തകുന്തളയായ് നിത്യം,
വല്ലഭന്മാരാകും നിങ്ങൾക്കില്ലയോ ലജ്ജ കാൺകയിൽ.
—വാരിജ—

കല്യാണി—ചമ്പ

തത്കാലേ തു യുധിഷ്ഠിരോ വലരിപോഃ സൂനും സമാദിഷ്ടവാൻ
കൃഷ്ണസ്വീകരണാൎത്ഥമാഹവമുഖേ സഞ്ജഗ്മൃത്യ സ ദ്വാരകാം
കൗരവ്യായ വിസൃഷ്ടസൈന്യനിചയം നാഥം ഹി സാരഥ്യകേ
സ്വീകൃത്യാഗ്രജമാശു തേന ഗതവാംസ്തം മാധവം സോഽബ്രവീത്.

യുധിഷ്ഠിരൻ:—

പരിപാഹി കൃപാനിധേ! ശരണാഗതം മാം
പരിതോഷമകതാരിൽ വളരുന്നു സാമ്പ്രതം.—പരിപാഹി—

പരവശജനങ്ങളിൽ പരിചോടു നിഷക്തയാം
കരുണാവാരിപൂരിതനീരദകളേബരം
തപ്തചാതകങ്ങളാം ഞങ്ങൾക്കദ്യ കാൺകയാൽ.
—പരിപാഹി—

പങ്കജഭവമുഖവാനവർജനത്തിനും
സങ്കടമകററീടും ഭവാനെ സുയോധനൻ
നിശ്ശങ്കം വെടിഞ്ഞതുമിജ്ജനേ നിൻകാരുണ്യാൽ.

സാവേരി—ചെമ്പട

ശ്രീകൃഷ്ണൻ:—

ധൎമ്മനന്ദന! കന്മഷഹീന! ധൎമ്മനിരത!
ശൎമ്മ കൎമ്മഹേ! കീൎത്തിനിൎമ്മലായിത-
സൎവ്വലോക! കേൾക്ക മമ വചനം. — ധൎമ്മ—

ഹാനി കൂടാതെയുള്ള നിസ്സംഖ്യസൈന്യജാലം
മാനിയാം സുയോധനനാശു നിസ്സംഗം നല്കി
ആയുധഹീനനായിട്ടേകനായീടുമെന്നെ
ആയോധനേ വരിച്ചതെത്രയുമത്ഭുതം. — ധൎമ്മ—

ആയുധവിഹീനനായാഹവമഹിയിൽ ഞാൻ
വാരിവാഹവാഹനപുത്രസാരഥ്യം ചെയ്യാം,
ആയുധാപഗതനായേകപക്ഷത്തിൽ ഞാനും
യോദ്ധാക്കൾ മറുപക്ഷമെന്നുരയ്ക്കയാൽ മുന്നം. —ധൎമ്മ—

കല്യാണി

യുധിഷ്ഠിരൻ:—

വജ്രപാണിയായ് ശക്രൻ സുരചക്രത്തോടും രിപു-
പക്ഷേ നില്ക്കുന്നാകിലും നിഗ്രഹിച്ചീടാം വയം
രിപുപക്ഷത്തെ ക്ഷണാത് തവ തത്കാരുണ്യമുണ്ടെങ്കിൽ
—പരിപാഹി—

സാവേരി

ശ്രീകൃഷ്ണൻ:—

കരുണാപസൃത! പാരതിമിരസഞ്ചയത്തെ നീ
ശരനികരമിഹിരഖരകിരണത്താൽ
പരിചൊടു പരിച്ഛേദംചെയ്തു പാരിടം കാത്തു
പരിതോഷമാന്നു വാഴ്ക ധരണീതലസൂര്യനായി. —ധമ്മ—

കാമോദരി—ചെമ്പട

അത്രാന്തരേ മാത്സ്യനൃപസ്യ പത്തനേ
പാദേഷു സാദ്ധ്യം ഹി വസത്സു ശൗരിണാ
പിത്രാ കുരൂണാം പ്രഹിതഃ സുചേതനോ
ധമ്മാത്മജം പ്രാപ്യ ജഗാദ സഞ്ജയഃ.

സഞ്ജയൻ:—

ധമ്മനന്ദന! ഭോ! ഭവാനൊടു ധമ്മസഹിതമാകും
പത്ഥ്യവചനമുരയ്ക്കുന്നു
പ്രേമമോടു പിതാവുതാനതു
മോദമോടു ബത! കേൾക്ക മഹാത്മൻ! —ധമ്മനന്ദന!—

സവ്വഗുണഗണസംയുക്തന്മാരായി
സവ്വജന്തുക്കളിലും സമബുദ്ധ്യാ വാണീടും നിങ്ങൾ
സവ്വോത്കൃഷ്ടമാമാകിഞ്ചന്യമനുഷ്ഠിക്കാതിഹ
പാപജാലനിധാനമായ് ബഹു-
താപമോടു വിധേയമാകിയ
ഭൂഭരണേ മനമെന്തിനു ബഹു-
വിധമോത്തിന്നു ചേത്തീടുന്നു. —ധമ്മനന്ദന!—

ഭാരമായുള്ള നിജദേഹമെന്നിയേ
പരമൊന്നും വരാ രുചിരമാകും തരുഫലങ്ങൾ ഭോക്തും
സുലഭം നദീതോയം കുടിച്ചീടാം ബഹു-
ലോകമൊക്കയുമാത്മവശ്യമതാക്കിടാം
തപസാ നിനയ്ക്കിലിതുന്നതമായുള്ള
പുരവസതവനവാസം വിഗതാപഹാസം. —ധർമ്മനന്ദന—

ഉത്തമമായതിതു നിങ്ങൾക്കു പരമാർത്ഥം
മദ്ധ്യമം വരമൊന്നു ചൊല്ലാം
മുകുന്ദനാകും ഗോവിന്ദപദപദ്മമഭക്ത്യാ
തദ്ഗൃഹേ വിരവൊടു
പുഷ്ടമോദമൊടിഷ്ടി മുഷ്ടമതായ് കഴിച്ചു ത-
ദിഷ്ടമൻപൊടു ചെയ്തു വസിക്ക സുഖാദികൾ
പലവകയോർക്കാതെ മനസി വൃഥാ തേ. —ധർമ്മനന്ദന—

പന്തുവരാളി—ചെമ്പട

യുധിഷ്ഠിരൻ:—

സാധുസഞ്ജയ! സത്യമിദം ജനകഭാഷിതം പ്രേമവശാത്
സാധുക്കളാം ഞങ്ങൾക്കു ശ്രേയസ്കരമീ മാർഗ്ഗം
സംശ്രയിക്കുന്നതില്ല ചേതസി ക്ഷാത്രദോഷാത്. —സാധു—

സൗഹൃദംകൊണ്ടു മുന്നം മാതുലനാൽ ഞങ്ങൾക്കു
കല്പിതമായിട്ടുള്ളോരടവിപര്യടനത്താൽ
ഈശാനൻതങ്കൽനിന്നു പാശുപതമാമസ്ത്രം
പാകശാസനപുത്രനാശ്ചര്യം ലഭിച്ചതും. —സാധു—

നിഷ്ഫലമായീടുന്ന ഭാഷണാലെന്തു ഫലം
ക്ഷത്രകുലജന്മന്മാർ ഞങ്ങളെന്നറിഞ്ഞാലും
ഉസ്സാഹങ്ങളായിട്ടമാഗസ്സുകളെ ക്ഷമി-
ച്ചർദ്ധരാജ്യം തരികിൽ സന്ധിയേ യാചിക്കുന്നേൻ. —സാധു—

എന്തിന്നു ബഹുവിധം വാക്കുകൾ പറയുന്നു
ബന്ധഹരാശ്രയന്മാർ സന്തതം ഞങ്ങളോക്കെ
ബന്ധുരാളൂന്നാമിവൻ നിബന്ധിച്ചുരചെയ്യും
ബോദ്ധ്യമാംവണ്ണം ഞങ്ങൾക്കിഷ്ടവുമനിഷ്ടവും. —സാധ

ബലഹരി—ചെമ്പട

കുരുപ്രവരദുന്നയശ്രുവണജാതദുഃഖാർണ്ണവ-
പ്രമഗ്നമനസോ ഗിരം വ്യസനരോഷജാം ക്ഷ്മാപതേഃ
നിശമ്യ ച കുരുപ്രഭോർദ്ധൃതിമഹീധ്രസംലുണ്ഠനേ
ഹരിസ്സ കുലിശായിതാം ഗിരമവാകിരത്സഞ്ജയം.

ശ്രീകൃഷ്ണൻ: —

ചെന്നു സഞ്ജയ! അന്ധനൃപൻതന്നോടു
ഹന്ത! പറക പറക
മാന്ദ്യരഹിത! മന്നിവിഷ്ടചേതന!
മദ്ഗിരങ്ങളെല്ലാമയി! വിരവൊടു. —ചെന്നു

ദോഷരഹിതരായിടുന്ന പാർത്ഥരി-
ലാദിതൊട്ടു നിന്റെ പുത്രരാൽ
കൃതദൂഷണങ്ങൾ ഭുവനസാക്ഷിയായിട്ടു-
മെങ്കലെന്നു ചിന്തയാശു തേഷു ന. —ചെന്നു

നാഗകേതനാനുജേന ദുഃഖിത-
യാകിയോരു യാജ്ഞസേനീരോദന-
മെന്മനസ്സിൽനിന്നു ഭൂമി കൗരവ-
രഹിതയാകിലും ഗമിച്ചിടാ ദൃഢം. —ചെന്നു

ഭീമമുഖ്യരായിടുന്ന പാണ്ഡവർ
വാണിടുന്നു ഖഡ്ഗചാപപാണികൾ
സൗഹൃദേന ഞങ്ങളും ക്ഷണേന നീ
പുത്രപാരതുഷ്ടി ചെയ്ക പലവിധം. —ചെന്നു

പന്തുവരാളി—ചെമ്പട

യുധിഷ്ഠിരൻ: —

സഞ്ജയ! മഹാമതേ! അഞ്ജസാ ചെന്നു ഭവാ-
നിജ്ജനഭാവമൊന്നു ചൊല്ലീടുക

അംബികാസുതനോടും തത്സുതനോടും ഗ്രാമ-
പഞ്ചകമെന്നാകിലും തന്നാകിൽ നന്ദിക്കുന്നോൻ. സാധു —

ശ്രുത്വാഥ സഞ്ജയമുഖാദ്വചനം മുരാരേ-
ർവ്വാത്യാപ്രഭഗ്നതരുവദ് ധൃതരാഷ്ട്രഭൂപഃ
ഭൂപൃഷ്ഠ ഏഷ പതിതോഽഥ സുധാമയീഭി-
ർവ്വാഗ്ഭിർജ്ജഗാമ വിദുരസ്യ മുദം കഥഞ്ചിത്.

പാടി—ചെമ്പട

ശശ്വത്പുഷ്പിതവൃക്ഷസഞ്ചയലസത്-
പുഷ്പാവലീസൗരഭേ
വാപീതീരതരംഗവാദനപികോ-
ദ്ഗാനൈഃ കൃതേ മോഹനേ
മാദ്യദ്ബർഹികുലപ്രകല്പിതലസ-
ല്ലാസ്യൈശ്ച തൗര്യത്രികേ
ത്വാരാമേ രതിലാലസഃ പ്രണയിനീം
പ്രോചേഽഥ ദുര്യോധനഃ

ദുര്യോധനൻ:—

മാനേലുംമിഴിമാർകുലതിലകേ!
മാനിനി! വരികയി! മാമകസവിധേ
മാനസമതിൽ മമ വളരുന്നധികം
മനസിജതാപം പനിമതിവദനേ! — മാനേലും —

സുന്ദരി! നിന്മുഖനിർമ്മാണാർത്ഥം
സുകുശലനാകിയ വിധിനാ മുന്നം
ലാവണ്യാംശമശേഷമുപാത്തം
തേന ശശാങ്കേ പശ്യതി ഗർത്തം. — മാനേലും —

ഗിരികളിലുളവാം ലതികാനികരം
ഗിരി ലതികായാം നഹി ബത! കുഹചിത്

ബാഹുലി നിന്നുടെ മൂർത്തിലതായാ
വൃത്യയമുളവായ് കുചഗിരിയുഗ്മം. —മാദനല

മഞ്ജുളയാകിയ മാധവനിശയിതു
മഞ്ജുളഗാത്രി! വൃഥാ കളയാതെ
കഞ്ജശരോത്സവമാട്ടുക സരസം
കഞ്ജദലായതമോഹനനയനേ! —മാദനല

ഏരിക്കില—ചെമ്പട

ഭാനുമതി:—

പാർവ്വണശശിവദനേ! ശൃണു വചനം
ഭാമിനീമനോമോഹനേ!
ഗർവ്വിതരിപുജനദോർമ്മദശമനാ! ഹേ!
കാന്ത! കലയ തവ കാന്തിനദിയിലതി-
താന്തയായി ബത! നീന്തുമെന്നെ നീ. —പാർവ്വ

പുഷ്പമധു കുടിച്ചു മത്സരമാകും
ഷട്പദവരജാലം
കെല്പോടു പല പല നല്പരിമളമെഴും
പുഷ്പനികരമതിലല്പമതിമോട്ടട-
ന്നുത്പതനം ചെയ്യുന്നു പല ദിശി. —പാർവ്വ

കോകമിഥുനമിതാ കരുണാഹീന-
കാമവിശിഖവിവശം
ചൂതതരുശിരസി ശോകമൊടു തങ്ങളിൽ
കൂജനകപടാന്നിജനിജപരിശുചാ-
മരചെയ്യുന്നിതു ഭാസ്കരമേതത്. —പാർവ്വ

കുസുമവിശിഖ! സമരേ ചതുരനാകും നിൻ-
കൗശലമഖിലവും
മാരവിശിഖതതിമർദ്ദിതഹൃദി മയി
മോദമൊടയി! തവ മാനസമതിലതി-
വേഗമൊടുടനിഹ കാട്ടുക രമണ! —പാർവ്വ

ഖണ്ഡാരം—അടന്ത

സമരബദ്ധധിയഃ സ പൃഥാസുതാൻ
ലഘു നിശമ്യ കുരുപ്രവരോ ബലീ
കപടജാലനിധിം നിജമാതുലം
രവിസുതം ച വയസ്യമഥാബ്രവീത്.

ദുര്യോധനൻ:—

നീതിനിപുണ! ഹേ മാതുല! ശൃണു
വീതശങ്കം മമ ഭാഷിതം
വീര്യപരാക്രമവാരിധേ! നീയും
സൂര്യസുത! ശൃണു മത്സഖേ!
നിങ്ങളുടെ നയചാതുര്യത്താൽ
പണ്ടു പാർത്ഥരേ കാട്ടിലയച്ചതും
പിന്നെയും വന്നവർ വൃദ്ധവിരാടന്റെ
പത്തനേ വാഴുന്നു യുയുത്സുക്കൾ
കാട്ടിലിനിയുമവരെ നയിപ്പിപ്പാ—
നെന്തിഹ വിധേയമെന്നതും
ദീർഘദർശികളാം നിങ്ങളുടെ ചിത്തേ
സാദരം ചിന്തിച്ചു ചൊല്ലുവിൻ.

സാരംഗം—മുറകിയടന്ത

കർണ്ണൻ:—

മാനവേന്ദ്ര! ധരിക്ക മേ വചനം
മനതാരിൽ നീ ബത!
മാനനീയഗുണാംബുധേ! സുമതേ!

മാനിയാം തവ ചേതനത്തി-
ലുദിച്ചതിന്നു നയേന വിരവൊടു
സാധയേഹമതിന്നു കിമപി ന
സങ്കടം ഹൃദയേ നമുക്കിഹ. -മാന-

കണ്ടുകൊൾക മദീയവൈഭവ-
മിണ്ടലെന്നിയെ കാടതിൽ പുന-
രണ്ടർകോൻതനയാദിപാൎത്ഥരെ-
യിന്നിയും ന വിവാദമാക്കിടാം. -മാന-

രാജ്യലുബ്ധരതായിടുന്നവരേ
പുരേ വനത്തിലാക്കുകി-
ലിന്നിയും വരുമവരതോൎക്കി-
ലെനിക്കിതിന്നു ന രോചതേ ഹൃദി. -മാന-

എന്തിതിന്നു വിവാദമോൎക്കില-
രക്ഷണേന പൃഥാതനൂജരെ-
യിന്നഹം യുധി കൊന്നൊടുക്കുവ-
നാശു താൻ സമരേ വരുത്തുക. -മാന-

ഘണ്ടാരം

ദുൎയ്യോധനൻ:—

ഇന്നു നിൻവാചികം കേൾക്കയാൽ മമ
നന്നായ് വളരുന്നു കൗതുകം
എന്നാൽ മടിയാതവരെ ഞാനിന്നു
സന്നദ്ധരായ് വരുത്തീടുന്നേൻ.

ഇത്ഥം പറഞ്ഞവരൊടൊത്തു രസിച്ചു ഭൂപൻ
നിൎജ്ജഗമിവാൻ ജനകദൎശനകൗതുകാത്മാ
കാംക്ഷിച്ചു വസ്തുഘടനേ ഗുണദോഷചിന്താ
സത്തിന്നുമില്ല പുനരെന്തസതാം നിനയ്ക്കിൽ.

മാരധനാശി—അടന്ത

തദാനീമാസീനേ കുരുപിതരി സാൎദ്ധം സുരനദീ-
തനൂജദ്രോണാദിപ്രബലകുലവൃദ്ധൈഃ പ്രിയതമൈഃ
സ്വരാഷ്ട്രാൎദ്ധം ദേയം സഹജതനയേഭ്യോ നിജസുതം
പ്രവക്തും മനപാനം കുരുപതിരശാന്തം പ്രണതവാൻ.

ദുര്യോധനൻ:—

താത! നിൻപദാംബുജയുഗളമിതാ
കൈവണങ്ങീടുന്നേൻ വഴിപോലെ.
താതനാം ഭവാൻതൻെറ പാദപദ്മരേണുവാൽ
പൂതനാക്കീടേണം മാം ഭൂതലപലാരതേ!
ശത്രുക്കളായീടുന്ന മിത്രപുത്രാദി-
പാർത്ഥന്മാർ വാഴുന്നപോൽ യുദ്ധസന്നദ്ധരായി.
ജ്യേഷ്ഠനാം യുധിഷ്ഠിരൻ യുദ്ധഭീതിമാനത്രേ
ഭീഷണനാം ഭീമനും മദ്ഗദാപാരണയാം.
സവ്യസാചിതന്നുടെ സാടോപം ശമിപ്പിപ്പാൻ
കർണ്ണനുണ്ടു മത്സഖാവെന്തു ചെയ്‌വൂ ശിഷ്ടന്മാർ.

ശങ്കരാഭരണം—ചെമ്പട

ധൃതരാഷ്ട്രർ:—

ഭദ്രമസ്തു തേ തനയ! വിദ്രുതം ശാശ്വതം
വിദ്രുതവികല്പമതിതത്പരപരമ്പര! —ഭദ്രമസ്തു—

വിക്രമികളായീടുന്ന പാർത്ഥന്മാർതൻ പക്ഷേ
സാക്ഷിയായി നിന്നീടുന്നു ചക്രപാണി—
യോർക്ക സന്തതം മനസ്സിൽ. —ഭദ്രമസ്തു—

അർദ്ധരാജ്യമവർക്കിന്നു ബദ്ധമോദം നല്കി
ശ്രദ്ധയോടും ശക്രപ്രസ്ഥ ബുദ്ധി ചെയ്തു
വാഴ്‌വാൻ ശുദ്ധരാമവരിൽ. —ഭദ്രമസ്തു—

മാരധനാശി

ദുര്യോധനൻ:—

അർദ്ധരാജ്യമവർക്കു സിദ്ധം നല്കുകയില്ല
വീതഖേദമവരെ വദ്ധ്യരാക്കിടാം യുധി.

കാനക്കുറിഞ്ഞി—പഞ്ചാരി

ധൃതരാഷ്ട്രർ:—

പണ്ഡുനന്ദനർക്കു രാജ്യമർദ്ധമിന്നു നല്കിയവരൊ-
ടൈകമത്യമായി വാഴ്ക യോഗ്യമെത്രയും.

ആയതിന്നു സാധ്യമല്ല എന്നു നിന്മനസ്സിലെങ്കിൽ
നല്കിടേണമാശു പഞ്ചഗ്രാമമെങ്കിലും.
ഏവമെങ്കിലും യുധിഷ്ഠിരാദികൾക്കു നല്കിടാതെ
യുദ്ധകാമിയെങ്കിലാശു വധ്യമാം കുലം.

മാരധനാശി

ദുര്യോധനൻ:—

ബന്ധുക്കളായീട്ടുന്ന നിങ്ങളിന്നിതിൽപ്പററി
ബന്ധുത്വമൊന്നും തന്നെ ബന്ധമില്ലുരചെയ്യാൻ.
രാജ്യാനർഹന്മാരായി ത്യാജ്യന്മാരായീട്ടുന്ന
പാണ്ഡവർക്കിന്നുമഹിയിൽ സ്വല്പവും കൊടാ ദൃഢം.

ഗിരമതി സുഗുണാം സുഹൃജ്ജനാനാം
കുടിലമതിഃ സ തു നാശൃണോത്സ്വപഥ്യാം
യമവശഗജനേ കഥം ഭവിഷ്യ-
ത്യഹഹ! ഗുണഃ സുമഹദ്ഭിരൗഷധൈശ്ച.

കല്യാണി—അടന്ത

യദാ സ്വപിത്രാ ച സുഹൃദ്ഭിരീരിതം
വചോ വിധൂനന്നഗമത്സുയോധനഃ
തദാ തു സന്ധിപ്രവണാഃ പൃഥാസുതാഃ
രമാപതിം ദൗത്യവിധിം യയാചിരേ.

യുധിഷ്ഠിരൻ:—

സ്വാമിൻ! നതോഽസ്മി തവ പാദപദ്മേ ഞാൻ
കാമിതമഹമൊന്നുരയ്ക്കുന്നേനതു ഭവാൻ
സാമോദമിഹ കേൾക്ക സാമജഗമ! ഹരേ! -സ്വാമിൻ!-

ദുരിതശീലന്മാരാകും കൗരവന്മാരോടു
ഘോരരണം തന്നെ യോഗ്യമായതും
ഏവമെങ്കിലും മമ മടിക്കുന്നിതു മനം
ബന്ധുരാകൃതേ! നാഥ! ബന്ധുവധമോർത്താൽ. -സ്വാമിൻ!-

ആയോധനമഹിയിലേതു പാർശ്വത്തിങ്കൽ
വിജയം ഭവിക്കുമെന്നും സ്ഥിരത അത്ര

നിൻകൃപയാലെ ഞങ്ങൾക്കെങ്കിലും ജയ-
മെന്തൊരു സുഖമോർത്താൽ ബന്ധുവർഗ്ഗം വിനാ. -സ്വാമിൻ!-

ബന്ധുവത്സല! ഭവാൻ ബന്ധുവധമെന്യേ
സന്ധി വിരവൊടു സാധിച്ചീടുവാൻ
അസ്മദ്ദൂതഭാവേന കൗരവന്മാരോടിന്നു
കൈതവമകന്നു മേ കാമിതം യാചിക്കണം. -സ്വാമിൻ!-

വേകട—ചെമ്പട

ശ്രീകൃഷ്ണൻ:—

രാജൻ! ധർമ്മജ! വാക്യം ശൃണു മേ
രാജിതശശിവദന!
രജനികാന്തപ്രരാജിതനവമണി-
സഞ്ചയമഞ്ജുളതരള! മഹാത്മൻ! -രാജൻ!-

കാംക്ഷിതമിതു തവ സാധിതമാവാൻ
ക്ഷീണിതയിതി മമ ഹൃദി തോന്നുന്നു
ക്ഷോണിപരാവലിസംയുതനവനാ-
യോധനമതിലതികാംക്ഷിതനോർക്ക. -രാജൻ!-

എങ്കിലുമിഹ തവ സമ്മതി പോലെ
ശങ്ക വെടിഞ്ഞഹമിന്നു ഗമിക്കാം
തത്സഭ തന്നിലിരുന്നുരചെയ്യാം
നിൻഗുണവും രിപുദോഷവുമഖിലം. -രാജൻ!-

മന്നവ! ജനങ്ങൾക്കു ബോദ്ധ്യമാം നിന്നിൽ
ദൂഷണമില്ലെന്നു കേവലമോർത്താൽ
ദൂതകർമ്മം കൊണ്ടു ചിന്തിക്കുന്നതുമില്ല
അന്യമായൊരു ഫലമിന്നിതിൽപരം. -രാജൻ!-

നവരസം—അടന്ത

യുധിഷ്ഠിരൻ—

ഏവം വിരസഭാവാം കൗരവന്മാരോടു
വീര! ഭവാനിന്നു ഭാവിച്ചീടാതെ

സാമവചനംകൊണ്ടു സാധുചിത്തന്മാരാക്കി
സന്ധി സാധിച്ചീടണം സാമോദമാംവണ്ണം. —സ്വാമിൻ!—

രാജ്യമല്പവും ഞങ്ങൾക്കേകുകയില്ലെങ്കിലും
രജനികരസദൃശവദന!
ഭൃത്യവൎഗ്ഗം കണക്കെ വൎത്തിച്ചുകൊള്ളാം ഞങ്ങൾ
വിത്രസിക്കുന്നു മനം മിത്രവധമോൎത്താൽ. —സ്വാമിൻ!—

പന്തുവരാളി—ചെമ്പട

ശ്രീകൃഷ്ണൻ:—

ചിത്രം! ചിത്രമഹോ! തവ മൊഴിയിതു ചിത്രം! ചിത്രമഹോ!
ശസ്ത്രഭൃതാംവരനാം തവ ശൌൎയ്യം കുത്ര ഗതം പറക. —ചിത്രം!—

കോപമതാകിയ വഹ്നിശിഖാപരിതപ്തനതായ്ബത! മുന്നം
വ്യൎത്ഥമതാം നിൻകത്ഥനമോൎത്താൽ ഭീരു! ശ്വാസനതുല്യം.
—ചിത്രം!—

ശൂരനതാകിയ കൌരവകരതലനിഹിതഗദാംഹതിയോൎത്തു
ഹന്ത! വൃകോദര! ഭീരുവതാം നിന്നുരു വിറച്ചീടുന്നോ?
—ചിത്രം!—

ദുശ്ശാസനനുടെ രൂക്ഷമതാകിയ വക്ഷോനിസ്സൃതമാകും
അക്ഷീണം തവ ശോണിതമധുരമതിലരുചി ഭവിച്ചീടുന്നോ?
—ചിത്രം! ചിത്രമഹോ!—

കേദാരഗൌഡം—ചെമ്പട

ശ്രുത്വൈവം മുരരിപുവക്ത്രനിൎഗ്ഗതാം താം
സാക്ഷേപാം ഗിരമഥ മാരുതിഃ സ കുപ്യൻ
സാംവൎത്തസ്മരഹരഭീഷണാട്ടഹാസ-
പ്രസ്ഥാനൈഃ ക്ഷിതിമിതി കമ്പയൻ ന്യഗാദീത്.

ഭീമസേനൻ:—

പോരും പോരുമുരത്തു ഭീരുവെന്നു ഭവാൻ
പാരം സൎവ്വലോകങ്ങൾക്കും ഭീതിദനാമെന്നെ

മത് കരനിഹിതഗദാഘട്ടനം കൊണ്ടിന്നു
ദുഷ്ടധാർത്തരാഷ്ട്രന്മാരെ പിഷ്ടമാക്കീടുവൻ
ഉജ്ജ്വലത് കോപവഹ്നിയെ വിജ്വരമാംവണ്ണം
മജ്ജയാമി ദുശ്ശാസനശോണിതജലത്തിൽ
സന്ധി സന്ധിപ്പതിന്നു നീ വിദ്രുതം ഗമിക്ക
രോധനം ചെയ്യും ഭവാനെ ശോണിതസിന്ധുക്കൾ
നാഥ! നിന്നനുമതിയും പൂർവ്വജമതവും
ഇന്നൊരു ദിവസമഹം ശ്രദ്ധിക്കുന്നില്ല.

പന്തുവരാളി

ശ്രീകൃഷ്ണൻ:—

വീര! ഭവാനുടെ വീര്യമശേഷമുദിച്ചിട്ടുവാനരകേതനൻ
വീതവിളംബം സമരമഹോത്സവമുദിതമതായിട്ടും മമ
ശാമ്യതു ശാമ്യതു കോപമഹാശിഖി ശാമ്യതു ശാമ്യതു തേ.

ദ്വിജാവന്തി—ചെമ്പട

കുരുജനകൃതിരിദ്ധാ സംഭൃതക്രോധവഹ്നി-
പ്രസൃതബഹളഘോരശ്യാമധൂമോപമം സ്വം
വിഗളിതചികുരം സാ ബിഭ്രതീ ഭർത്തൃവാക്യ-
ശ്രവണകലുഷചിത്താ കൃഷ്ണമൂചേഽഥ കൃഷ്ണാ.

ദ്രൗപദി:—

പരമപുരുഷ! പരിപാഹി കൃപാകര!
പരമിഹ മാമവശാം
പരിണതശശിരുചി തേടും നിജമുഖ-
സുഷമയാപഗതപാതകതിമിര! —പരമ—

മിഹിരതനയനന്ദനമുഖമത് പതി-
വരരാലുക്തഗിരങ്ങളും
തവ മൊഴിതാനതുമിഹ കേട്ടേനഹ—
മതിതരരുചിരമഹോബത! സാമ്പ്രതം. —പരമ—

രമണജനവചോനിരസനമനുചിതം
രമണിമാർക്കു ഖലു നിർണ്ണയം

അഹമതിനാലയി വീര! ഭവാനൊട്ടു
മുരഹര! ന കലയേ സന്ധിതൻ ദൂഷണം. —പരമ—

കുടിലഹൃദയകൗരവസഭയതിലിഹ
നിജസുഹൃജ്ജനസമ്മതം
പരിചൊടു നീ പരമോത്തമളുന്നാളവതി-
ഗളിതചികുരവും മമ ചിന്തയ. പരമ—

ഭൈരവി—ചെമ്പട

ശ്രീകൃഷ്ണൻ:—

നെഞ്ചകമതിൽ നിന്നു നീ-
യഞ്ചാതെ വെടിഞ്ഞു ശുചാ
കിഞ്ചന വിളംബം കൂടാതെ
സഞ്ചിന്ന മുദം പാഞ്ചാലനരേന്ദ്രനന്ദിനി!
വഞ്ചനയല്ലിതു ചഞ്ചലമിഴി! തവ
വാഞ്ഛിതഘടനേ പഞ്ചശരപിതാ. —നെഞ്ചക—

ധൂൎത്തന്മാരായിട്ടന്നൊരു
ധാൎത്തരാഷ്ട്രന്മാരോടിന്നു
തീൎത്തു സന്ധി ചെയ്യുന്നതില്ല
പാൎത്തലംതന്നിൽ പൂൎത്തിയായിട്ടുവാൻ തദ്ഘോഷം
കീൎത്തനമിഹ ഞാൻ പാൎത്ഥവരരുടയ
പേൎത്തുമരപ്പൻ പാൎത്ഥിവസദസി. —നെഞ്ചക—

മൗക്തികരുചിരദനേ!
മുക്തയാം നിന്നുടെ വേണി
വ്യക്തമിഹ ഗൎഭിണി പാൎത്താൽ
ത്യക്തവിളംബാ നക്തന്ദിവം കേരം സവിത്രിയാം
ശത്രുനരാധിപശ്ശൂലാന്തേ ബത!
മുക്തമതാകിയ കുന്തളനിചയം. —നെഞ്ചക—

വൈരികളായിട്ടന്നൊരു
കൗരവന്മാരെ വൈകാതെ

പാരതിൽ പതിതന്മാരായി
പാരം മോദേന വാരിജേക്ഷണേ! നീ കണ്ടീടും
പാരിടമമരിലവരെ ഹതരാക്കി
പാലനം ചെയ്യും പതിവരരെയും. —നെഞ്ചകാ

ദണ്ഡകം

വിശ്വംഭരാർത്തിഹരവിശ്വംഭരൻ തദനു
വിശ്വംഭരാരമണരോടും
ദ്രുപദസുതയോടും ഹൃദി കുതുകമോടും
പരിചിനൊടു യാത്രയുമുരച്ചു
ശിനിതനയനോടും സഹമിളിതവൻപടകളോടും
ഭാസ്വത്സുവർണ്ണമയഭാസ്വന്മണിപ്രകര-
ഭാസ്വദ്രഥേ സപദി ശൗരി
ദനുജകുലവൈരി പ്രണതവലവൈരി
കനകഗിരിയതിൽ മിഹിരനുദിതനതുപോലെ ബത!
തത്ര തു രരാജ മുരവൈരി
ചാലേ തിരിച്ചു ബലകോലാഹലത്തൊടഥ
കൂലേന സൂര്യ്യസുതതന്റെ
തിരനിരകളതന്റെ സഹഗപവനന്റെ
സുമനികരദലചലനകലിതഗതിവിഗതതര-
മാർഗ്ഗശ്രമേണ ഹൃദി തന്റെ
നീത്വാ പുരാണി ബത! നീത്വാ നഗാൻ സ ഖലു
നീത്വാ ധുനീശ്ച പരിതോഷം
ജനിതജനതോഷം തദനു സവിശേഷം
വിരവിനൊടു ചെന്നു ഹരി കൗരവപുരദ്വാരി
അകിരദഥ കംബുവരഘോഷം.

കാമോദരി—ചെമ്പട

വൈകുണ്ഠഃ സ്വീയകുണ്ഠേതരകരവിലസത്-
കംബുരാജോദ്വിജൃംഭദ്-
ബ്രഹ്മാണ്ഡാന്തഃപ്രസർപ്പന്നിനദനിശമനാ-
ദാഗമന്തൂഹയദ്ഭിഃ

കൗരവ്യൈർഭീഷ്മമുഖ്യൈർധൃതമതികുതുകാ-
ന്മാനിതോ വാസുദേവഃ
സംപ്രാപദ്ധീനചക്ഷുഃ ക്ഷിതിപതിനിലയം
സോഽബ്രവീദേവമേനം.

ധൃതരാഷ്ട്രർ:—

സുദിനമിന്നു മമ വിഭോ! ഭവദീയാഗമത്താലേ
സുജനസമാഗമംകൊണ്ടു സകലക്ഷേമുണ്ടാകും ഭവ്യം. -സുദിന-

അന്യചരരെ വിടാതെയെന്നിലയമതിലഹോ!
നിന്തിരുവടി തന്നെയിന്നെന്തുമൂലം വന്നീടുവാൻ? -സുദിന-

ഇജ്ജനങ്ങളെക്കുറിച്ചു നിന്മനസ്സിൽ കൃപാലേശം
സംജാതമാകയാലിന്നു സംഗതനാകയോ ചൊല്ക. -സുദിന-

മധ്യമാവതി—ചെമ്പട

ശ്രീകൃഷ്ണൻ:—

കുരുകുലജലധിചന്ദ്ര! ശൃണു മാമകവചനം

ധരണീവല്ലഭനായീടും തരണിനന്ദനസുതന്റെ
ദൂതഭാവം കൈക്കൊണ്ടു ഞാനത്ര വന്നേൻ നിന്നെക്കാണ്മാൻ.
-കുരുകുല-

നന്ദനന്മാരോടും നിജബന്ധുജനത്തോടും ഭവാൻ
പ്രത്യുഷസി സഭതന്നിലെത്തുന്നേരമെത്താം ഞാനും.
-കുരുകുല-

മോഹനം—അടന്ത

തദനു സ ഭഗവാൻ കൃഷ്ണോ
ഗത്വാ ക്ഷത്രാ സമം ഹി തന്നിലയം
തത്ര തു തനയവിയോഗാ-
ദ്വിവശാം കുന്തീം സമാശ്വാസയന്നവദത്.

ശ്രീകൃഷ്ണൻ:—

ദേവി! മാ കുരു പരിദേവിതമിനി മൽ ഭവിക്കും സുഖം
ഭവതിതൻ സുതരാകും പാർത്ഥന്മാരപഗതദുഃഖന്മാരോർക്ക
സതതം നിൻതനയരെ സപദി കാക്കുന്നതും ഞാനെന്നു
ധരിച്ചാലും.

നീലാംബരി—ചെമ്പട

കുന്തി:—

വാരിജദലരുചിനയന! ശൃണു
രാജിതശശിസമവദന!
ആശ്രിതവത്സലനാകും തവ
ആശ്രയമവേക്ഷിഹ നൂനം
ആയതിനാൽ മമ ഹൃദയ ബത!
ആധി കിമപി നഹി നാഥ!
കാടതിലനവധി കാലം മമ
ബാലർ വലഞ്ഞതു പാർത്താൽ
നിൻകൃപയെന്നിയേ തേഷാമൊരു
താരകമില്ലിനി മന്യേ
പൂർവ്വകൃതദുരിതമിന്നു മമ
നിത്യവുമനഭ്രതമോർത്താൽ
എന്നഹോ! മമ സുതരെ ഞാൻ ഹന്ത!
കണ്ടുകൊണ്ടീടുന്നു ചൊല്ക.

മോഹനം—അടന്ത

ശ്രീകൃഷ്ണൻ:—

ഏണനേർമിഴിയാളേ! കാണാം വൈകാതെ
ക്ഷോണി പാലിക്കും സുതരെ.

സാവേരി—ചമ്പ

പ്രണിധായ മുദം വൃഥാ ഹൃദി
പ്രസൃതൈഃ സ്വീയമുഖാദപചോളുതൈഃ
പ്രണതം വിദുരാം പ്രഹൃഷ്ടധീഃ
സരസം പ്രാവദദച്യുതസ്തദാ.

ശ്രീകൃഷ്ണൻ:—

വിദുര! ശൃണു മമ വാക്യം വിധുരിതപാപ!
സാദരം പാണ്ഡുസുതചരിതമയി! സാമ്പ്രതം. —വിദുര!—

രിപുകലിതസത്യസിന്ധുപരവശഹൃദയരായി
പരിചിനൊടു തരിച്ചിട്ടും ഫലമുണ്ടായതുമില്ല. —വിദുര!—

അതു വൃഥാ പറഞ്ഞതിനാൽ സാധ്യമല്ല നിരൂപിക്കിൽ
അസതി കിമു സത്യംകൊണ്ടുമതിരുചിരം ദണ്ഡനം. —വിദുര!—

ധരണി ഖലു യോഗ്യജനേ നഹി ബത! ദുഷ്ടരിൽ
അതിനാലിന്നു ധാർത്തരാഷ്ട്രരഹിതയാകും ക്ഷിതി. —വിദുര!—

മലഹരി

വിദുരർ:—

കൃഷ്ണ! തവ പദയുഗളമനിശം വന്ദേ
ഇത്രിലോകമതിൽ നിനച്ചാൽ നിൻകളികളല്ലാതെ
നിരതിശയമോഹനാംഗ! കിമപി നഹി വസ്തു. —കൃഷ്ണ!—

സകലജനചേതസ്സിങ്കൽ സതതം സ്ഥിതി ചെയ്യുന്ന
സച്ചിദാനന്ദരൂപിയാം നിന്മതത്തിനുണ്ടോ ക്ഷതി. —കൃഷ്ണ!—

ഭൂമിഭാരനാശകൃതേ ഭൂരിതരതത്പരനാം
ഭുവനപതേ! ഭവദീയഭാവമിതോ ശിവ ശിവ! —കൃഷ്ണ!—

നീത്വാ നിശാം ബഹുവിധൈയന്സത്യയുക്തൈ-
ർവൃത്തൈശ്ച പാണ്ഡുജനഷാം വിദുരേണ സാകം
പ്രത്യൂഷ ഏവ കുരുരാജസഭാം പ്രവേഷ്ടും
ചക്രേ മനോ മുരരിപുഃ ക്ഷിതിഭാരഹന്താ.

സാരംഗം—ചമ്പ

സംഗ്രാമസമ്മിളിതഭൂപതിവൃന്ദഭീഷ്മ-
ദ്രോണപ്രമുഖ്യനിജബന്ധുജനൈഃ പരീതഃ
സോമോ ഭമദ്ധ്യഗ ഇവ പ്രവരഃ കുരൂണാം
ഭദ്രാസനേ പരിലസൻ നൃപതീനഭാണീത്.

ദുര്യോധനൻ:—

ഭൂപകുലമൗലിവരരേ! ശൃണുത ഗിരം
ഭൂരി ദൃഢചിത്തമധുനാ
ഭുവനമതിലധികതരവിശ്രുതനായ് സകല-
ഭുവനബഹുമാന്യനാം മമ സപദി സാദരം. —ഭൂപ—

ക്രുദ്ധമദമോടു മരുവും പാണ്ഡുസുത-
ദൂതനൊരു ഗോപഹതകൻ
ആഗതനവൻ നിജകുമായയാ മൂഢജന-
മോഹകരണേ നിപുണനെന്നതു ധരിക്കണം. —ഭൂപ—

ധീരവരനായി മരുവും നമ്മെയവൻ
കാണ്മതിന്നിന്നു വിരവിൽ
സജ്ജനസമക്ഷയാമിസ്സഭയിൽ വരുമളവു
കോഽപി ബഹുമാനമവനിന്നു ചെയ്തീടൊലാ. —ഭൂപ—

നില്ലംഘിതാജ്ഞാമഖിലൈർമ്മാമകാ-
മുല്ലംഘിതോ യദി അവൻ
നല്ലൊരു ഭാരശതസൗവർണ്ണമിന്നു മമ
തന്നീടണമതുമല്ല ദണ്ഡ്യൻ മയാ ദൃഢം. —ഭൂപ—

ശങ്കരാഭരണം—അടന്ത

ഇത്യുക്തവാ താൻ നൃപാലാൻ രവിതനയഗള-
ന്യസ്തവാമോരുബാഹാ-
വാസ്ഥാനീമാസ്ഥിതേഽസ്മിൻ കുരുകുലവൃഷഭേ
സഞ്ജാതസ്താൻ മുരാരിഃ
ഭാസ്വദ്ഭാസ്വത്കരൗഘപ്രതിഭടസുമഹ-
സ്വീയഭാസാ പ്രകുർവ്വം-
സ്തദ്വാണീവൈപരീത്യം ക്ഷിതിപതിമകുടം
വ്യാജഹാരാദരേണ.

ശ്രീകൃഷ്ണൻ:—

നരപതേ! കേൾക്ക മേ ഗിരം നരപതേ!

സന്ധികാമുകന്മാരാം കൗന്തേയന്മാരാൽ
നിര്യോജിതനഘമെന്നു ധരിച്ചാലും ഹൃദി
സന്ധാനവിമുഖന്മാരാകും ത്വൽസുതന്മാരെ
രോധിച്ചു പാണ്ഡവരെ പൂർവ്വവദാദരിക്ക. —നരപതേ!—

ഭൂരിവിക്രമികളായി പരിചിനൊടു
മാത്സ്യപ്രമുഖധരണിപതിമിത്രരാമവരിൽ
വൈരരഹിതരായ ഭീഷ്മമുഖ്യസഹിത—
സുതരാൽ ഗുപ്തനാം നിന്നിൽനിന്നിന്നൂനം ത്രസിക്കും.
—നരപതേ!—

ജ്ഞാപയന്തി ഭവന്തമിന്നവർ ഹന്ത!
സന്താപാന്ധചിത്തന്മാരായി ബഹു—
വന്ദനാദികൾ ചെയ്തു കൗരവകുലസിന്ധു—
ബന്ധുരരജനീശ! മന്മുഖേന വിരവിൽ. —നരപതേ!—

ബാല്യമതിലാത്മാനമതുപോലെ പാലി—
ച്ചഖിലകലാനൈപുണ്യം ലഭിപ്പിച്ചതിനാൽ
കലിതവിപിനവാസം നയിച്ച ഞങ്ങളിലിനി
കൃപയാ നല്കുകാത്മാംശക്ഷിതിതലമെന്നു രാജൻ!
—നരപതേ!—

ആയതുകൊണ്ടു ഭവാൻ വൈകാതെ കുലക്ഷേമ—
കരത്തിനിന്നു വരിക്കേണമവരെ
സമരസജ്ജന്മാരാമവനിപാലകന്മാരെ
നയിപ്പിക്ക നിജനിജനഗരങ്ങളെ നിഭൃതം. —നരപതേ!—

കേദാരപ്പന്തു്—ചെമ്പട

ധൃതരാഷ്ട്രർ:—

കൃഷ്ണ! മുകിൽവർണ്ണ! കേൾക്ക ഗിരം മമ
വൃഷ്ണികുലോദ്ഭവ! വീര! ഗുണാബ്ധേ!

എന്തിഹ ചെയ്യുന്നു ഞാനിവനെന്നുടെ
വാക്കു ശ്രവിക്കുന്നില്ലിഹ നിയതം
സാന്ത്വഗിരത്താൽ നാഥ! മത്സുതനെ
അപമാർഗ്ഗത്തിൽനിന്നു നിവർത്തയ. —കൃഷ്ണ!—

പന്തുവരാളി—ചമ്പ

ശ്രീകൃഷ്ണൻ:—

കൗരവകുലാമലസുകൈരവവിധോ! കേൾക്ക
ഭൂരിഗുണനാസക്ത! വചനമയി മേ.

ഉന്നതകുലോദ്ഭവനായ നിന്നെയനിശം
സന്നതാ ശ്രീരഖിലശത്രുവരമന്നരും
ഉന്നതഭുജപ്രൗഢകർണ്ണാദിമിത്രരാൽ
സന്നുതരഹോ! നിങ്കലെന്തിനു ഗുണാസ്പദം. —കൗരവ—

കപടതരമായുള്ള ചൂതിങ്കൽ മുൻപനിഹ
നിന്നുടയ മാതുലൻ ശകുനിയെന്നോർക്കണം
കർണ്ണനും ദുർന്നയമഹാർണ്ണവമതാകയാ-
ലിവരോടയുക്തമുരുസഹവാസമിന്നു തേ. —കൗരവ—

ജന്മയുഗളത്തിനും കന്മഷമതാം ലോഭം
സചിവോപദേശത്തൊടനിശം വെടിഞ്ഞു നീ
അഞ്ജസാ പാണ്ഡവരൊടൈകമത്യേന സഹ
ചേർന്നിഹ ഭുജിക്കെടോ! വിഗതരിപുപാർത്ഥലം. —കൗരവ—

അഞ്ചു ഗ്രാമം നമുക്കഞ്ചാതെ നല്കുകിൽ
കാംക്ഷാമഹേ സന്ധിയെന്നു യാചിക്കയാൽ
പാണ്ഡവന്മാർക്കു നിജരാജ്യാർദ്ധവും നല്കു
നോ ചേതു് ധരിക്ക നീ നിഷ്ഠുരവാ ക്ഷമാ. —കൗരവ—

ബലഹരി—ചമ്പ

ധൃതരാഷ്ട്രർ:—

പുത്ര! നീ പ്രസീദ മാം ബദ്ധാഞ്ജലിയായിട്ടും
അത്ര നിന്നോടിന്നു ഞാൻ പ്രാർത്ഥ്യമരയ്ക്കുന്നേൻ. —പുത്ര!—

രോഷമാം തവ രോഗശമനത്തിനിന്നു നീ
ലോകേശവചനമാമൗഷധത്തെ പിബ. —പുത്രി—

ഗൗളിപ്പന്തു്

ഭീഷ്മാദികൾ:—

ഭോ! ഭോ! ശൃണോതു ഭവാൻ ഞങ്ങളുടെ ഭാഷിതം.

വംശക്ഷേമകരത്തിന്നു സന്ധിചെയ്ക പാൎത്ഥരോടു
ചാപങ്ങളിൽ മാത്സ്യമുഖ്യർ സായകാൻ സന്ധിക്കവേണ്ടാ.
—ഭോ! ഭോ!—

നാഥനാമക്രിയ

ഉല്ലിദം നിങ്ങളുടെ സങ്ഗമം കണ്ടു സൎവ്വരും
ആനന്ദാശ്രു പൊഴിക്കാതെ പാൎത്ഥശരജാസൃക് വേണ്ടാ.
—ഭോ! ഭോ!—

കാനക്കുറിഞ്ഞി

നിങ്ങളുടെ മൈത്രികഥാശ്രവണമൊഴിച്ചിന്നു ലോകർ
ക്രുദ്ധനാകും മാരുതിതൻ സിംഹനാദം ശ്രവിക്കേണ്ട.
—ഭോ! ഭോ!—

ശങ്കരാഭരണം—അടന്ത

ദുര്യോധനൻ:—

ദൂത! ഹേ! ജ്ഞായതേ കിം ന തത്കൃതം
ദൂത! ഹേ! ജ്ഞായതേ
വീതകലഹമൊടവരിൽ മരുവീടും
സാധുചിത്തരതായ ഞങ്ങളിൽ. —ദൂത!—

രാജ്യലോഭം മുഴുക്കയാൽ യോഗ്യത വിട്ടു
പൂജ്യന്മാരായ ഞങ്ങളെ ദ്യൂതമതിൽ വിളി-
ച്ചപജയപ്പെട്ടുകയാൽ ഹന്ത! നീതിബലത്തോ-
ടവരെ ഞാൻ കാട്ടിലാക്കിയതഖിലസുവിദിതം. —ദൂത!—

വൃദ്ധന്മാരായ ഭൂപന്മാർ മാത്സ്യപാഞ്ചാലർ
സാദ്ധ്യം വസിക്കകൊരണാൽ

ഭുജബലവാനാമെന്നെക്കുറിച്ചുള്ള
മത്സരം ബത! കേൾക്കിലഖിലരു–
മനുദിനം പരിഹസിച്ചീടും ദൃഢം. –ദൂതി!–

ചെന്നു ചൊല്ക നീ പാർത്ഥരോടിന്നു വൈകാതെ
എന്നിലീ ഭൂമി സുസ്ഥിതയായതിനാ–
ലിന്നു നില്ക്ക സംഗരേ
തന്നിടാമഹമസ്ത്രപടലിയാൽ
പുണ്യലഭ്യമതാം സുരാലയം. –ദൂതി–

ശ്രീകൃഷ്ണൻ:—

മാന്യ! നിൻകാമിതം നിഷ്ഫലമോർത്താൽ.

ചണ്ഡപരാക്രമനായ ഫല്ഗുനൻതന്റെ
ഗാണ്ഡീവമായ ചാപം
ഖണ്ഡപരശുതൻജടാമകുടത്തിങ്കൽ
കലിതസുരനദിയതിലജസ്രവും
താണിടാതെയുയർന്നകാരണാൽ. –മാന്യ!–

ദുര്യോധനൻ:—

നാലു മാനുഷരെക്കാളുമെന്തൊരുത്കർഷം
നിന്റെ ബന്ധുവാമവനു
പാർത്ഥൻ പാർത്ഥനെന്നേററം ഘോഷിക്കുന്നതെന്തിനു
കണ്ണനൊപ്പൊട്ടു നേരിട്ടുന്നള–
വെന്തു ചെയ്തു ശൂരനർജ്ജുനൻ ? –ദൂതി!–

ശ്രീകൃഷ്ണൻ: —

യജ്ഞസേനനന്ദിനിയാം യാജ്ഞസേനിതൻ–
വൈവാഹോത്സവാദികളിൽ
വൈദഗ്ദ്ധ്യം വളരുന്ന വിജയപരാക്രമം
ഹന്ത! നിന്നുടെ ചിത്തതാരിൽ
നിനച്ചിടാത്തതുമധികമദ്ഭുതം. –മാന്യ!–

ദുര്യോധനൻ:—

ഗോപ! നിന്നുടെ ബന്ധുക്കളായ പാർത്ഥർക്കു
രാജ്യാർഹതയില്ല പാർത്താൽ
കുണ്ഡന്മാരത്രേമല്ല കാന്തയവർക്കൊരുത്തി
വേഗമോടു വനമതിൽ മടിച്ചിടാ–
തദ്യ യാന്തു ന കുണ്ഠിതം വൃഥാ. –ദൂതി–

ശ്രീകൃഷ്ണൻ:—

നിന്റെ പിതാമഹന്മുന്നം നാകലോകത്തിൽ
യാതനതിനനന്തരം ജാതനാം
ധൃതരാഷ്ട്രഗോളകസുതനാം തേ
രാജ്യമെങ്ങനെ ലഭ്യമായതും
വ്യർത്ഥമെന്തിനു കത്ഥനം ജള! –മാന്യ–

കേദാരഗൗഡം—ചെമ്പട

ദുര്യോധനൻ:—

ഭൃത്യവർഗ്ഗമരപ്പത്തു ഭർത്തൃവാക്യമെന്നതും
ചിത്തതാരിൽ നിനയ്ക്കാതെ മത്തനായീ കശ്മലൻ
പ്രത്യക്ഷമാംവണ്ണം നമ്മെ ശിക്ഷിച്ചുരച്ചീടുന്നു
രണ്ടുപക്ഷമില്ലിവനെ ബന്ധിച്ചീടുന്നേൻ ഞാൻ
ബന്ധനത്തിൽനിന്നിവനെ ശക്തന്മാരാമെങ്കിൽ
മോചിപ്പിച്ചു കൊണ്ടുപോട്ടെ പാണ്ഡുനന്ദനന്മാർ.

സാരംഗം—ചെമ്പട

ദുശ്ശാസനാദ്യൈർഹരിമാത്തബന്ധം
ബദ്ധും വിനിശ്ചിത്യ സുയോധനേസ്മിൻ
സാർദ്ധം സപദീഠാച്ചലിതേ പ്രവിശ്യ
രൂക്ഷാക്ഷരം തം ശിനിസൂനുരൂചേ.

സാത്യകി:—

ചിത്രമിന്നു പാർത്താൽ സുയോധന! ബുദ്ധിവൃത്തമെല്ലാം
പത്രിവാഹപൂജയിന്നിവൻ ബഹു–
വിസ്മരിച്ചു നിശ്ചയിച്ചതതിതര –ചിത്രമിന്നു–

സാധുബന്ധുവാകും മുരാന്തകനിന്നു ബലനായാൽ
ബന്ധുഹീനരായി പാണ്ഡുനന്ദന-
രെന്നോർത്തിതിന്നവൻ മുതിന്നു. -ചിത്രമിന്നു-

നക്രചക്രിജാലൈഃ സമാകുലവാരിരാശിതന്നെ
പാണിനാ തരിച്ചിടുന്നതാകിലു-
മാർത്തബന്ധുബന്ധനം ന ശക്യം. -ചിത്രമിന്നു-

പാവകന്റെ ഘോരാം ശിഖാം സുഖഭക്ഷ്യമെന്നോർത്തു
ശലഭജാലമനലന്തിൽ പതിപ്പതു
പോലെയിവനു കാലമായി നാശം. -ചിത്രമിന്നു-

രുഷാന്ധസ്തദാനീം സപുത്രൈശ്ച സമേതഃ
കർണ്ണാം വരോ മിത്രപുത്രപ്രമുഖൈഃ
വിരിഞ്ചപ്രമുഖപ്രവന്ദ്യസ്യ ശൗരേഃ
സകാശം നിബദ്ധും ഗതഃ പാശഹസ്തഃ.

മലഹരി—ചമ്പ

തത് കാലേ കല്പകാലക്ഷുഭിതതരവിരൂ-
പാക്ഷരൂക്ഷാക്ഷിമണ്ഡ്ക്ഷു
പ്രക്ഷുഭ്യത്തൃഷ്ണഭിഷ്മം മുരമഥനവപു-
ർജ്ജാതതേജോന്നികായം
ത്രൈലോക്യഗ്രാസശൗണ്ഡം കുരുപതിരപത-
ദ്വീക്ഷ്യ സത്രാത്മമിത്രൈ-
ർഭീഷ്മാദ്യാസ്തത്ര മഗ്നാ ഗതദൃഗപി നൃപഃ
പ്രാസ്തവല്ലബ്ധദൃഷ്ടിഃ.

ധൃതരാഷ്ട്രർ:—

ജഗദീശ! പാലയ മാമനന്യശരണം വിഭോ!
ജഗദണ്ഡനികരപരിപൂരിതതേജോമൂർത്തേ!

വിവിധമായ തപംകൊണ്ടു വിഗതാഖിലകാമന്മാരാം
വിമലചിത്തമുനിവരരാൽ സാധു, ദൃശ്യമാം ത്വദ്രൂപം.

ഭവമയജലധിയതിൽ ഭൃശമുഴലും മമ നയനഗോചരമായ്
ഭവിച്ചതിനാൽ ജന്മം മമ സഫലമായി. —ജഗദീശ!—

അന്തരഹിതങ്ങളായഘപടലങ്ങളൊക്കെയും
വിശപമൂർത്തേ! ഭവദീയനാമസങ്കീർത്തനങ്ങൾ
നിരവധി വിവശനായി മൃത്യുപാശബദ്ധനാകും
സമയമതിൽ മമ രസനാഗ്രത്തിങ്കൽ വർത്തിക്കണം.
—ജഗദീശ!—

ഭൂപാളം — അടന്ത

ഭീഷ്മാദികൾ:—

പാഹി പാഹി നതാഃ സ്മ താവകപാദപങ്കജയുഗ്മം
പാവകം ജഗദീശ! വയമിഹ ഭക്തലോകശരണ്യ!
ജയ ജയ വിഭോ! സുരപതേ!

രാജസം ഗുണമാശ്രയിച്ചു വിരിഞ്ചരൂപിയതായി
വിശപഷ്ടസ്സി സുഖേന ചെയ്യുന്നുമീശ! നീ പരിചോടു
ജയ ജയ വിഭോ! സുരപതേ!

ശുദ്ധസത്വഗുണേനചിന്മയ! വിഷ്ണുവായ് കലശാംബുധൗ
ശേഷഭോഗമതിൽ ശയിച്ചഥ കാപ്പതും ഭുവനങ്ങൾ നീ
ജയ ജയ വിഭോ! സുരപതേ!

പ്രളയകാലമതിൽ പ്രപഞ്ചമശേഷമാശു ഹനിപ്പതും
രുദ്രനായ് ബത താമസേന ഭവാൻ ദൃഢം കരുതുന്നു
ജയ ജയ വിഭോ! സുരപതേ!

ഉഗ്രമാം ഭവദീയദേഹജ തേജസാ ഭുവനങ്ങൾ
ദഗ്ദ്ധമാവതിന്മുന്നമിതു ബത സംഗ്രഹിക്ക മുകുന്ദ!
ജയ ജയ വിഭോ! സുരപതേ!

ആകണ്ണേന്ത്യതത്ത്രിഭുവനതനൗ ഭീഷ്മമുഖ്യൈഃ സഭക്തൈ-
രുക്താം ദേവസ്തുതഖിലജഗദ്ഘോരമൂർദ്ധ്യ രൂപം

ഗോപീനേത്രഭ്രമരപടലക്രീഡനാക്രീഡമങ്ഘ്രിം
സ്വീകൃത്യൈവം ചരണവിനതാൻ താൻ ബഭാഷേ മുകുന്ദഃ.

പുറനീരു്

ശ്രീകൃഷ്ണൻ:—

കുരുകുലപുംഗവ! വീര! മഹാത്മൻ! തവ
സഹജതനയസവിധമതിൽ ഞാൻ
വിരവൊടു ഗമനം ചെയ്തീടുന്നേൻ
സുഖമൊടു മരുവുക തനയൈഃ സാകം.

നീതിവിശാരദന്മാരാം നിങ്ങൾ
നീതി പൃഥാതനുജന്മാരുടെയും
കുപതിവരൻ ദുര്യോധനനുടെയും
മാനസഗോചരമാകുക സതതം.

ദൗത്യം ചെയ്യണമെന്നവരെന്നോടു
യാചിച്ചീടുകകൊണ്ടഹമിന്നു
യാചിച്ചേൻ തത്കാമിതമഖിലവും
ചിത്തം പോലെ ക്രൂരാത്മ സുയോധനൻ.

നിർഗ്ഗത്യ തത്പുരവരാത് ഭഗവാൻ സ്മരാംസ്താം
ഭൂഭാരനാശകരണോന്മുഖാം ഗിരം സഃ
ദൗര്യോധനീം പ്രമുദിതോऽഥ യുധിഷ്ഠിരാദി
മിത്രാധിവാസനഗരീം ഝടിതി പ്രപേദേ.

വൃഷ്ണിവംശകലശാംബുധിചന്ദ്രം
ജിഷ്ണുസാരഥിമനന്തമമേയം
ജിഷ്ണുമുഖ്യസുരവന്ദ്യപദാബ്ജം
കൃഷ്ണമാശു കലയേ കുശലായ.

# താരകാസുരവധം

## (ആട്ടക്കഥ)

വിദ്വേഷാദഗ്രപ്രതാപോൽഭടഭടപടലീ-
ദുർജ്ജയാൻ നിർജ്ജരാരീൻ
ഹത്വാ യശ്ചാതുവാപീതടകൃതവസതിഃ
സേവ്യമാനഃ സുരൗഘൈഃ
സാന്ദ്രാനന്ദസ്വരൂപോ നിരുപമമഹിമാ
മാനസേ മാമകീനേ
നിത്യം സമ്പൂർണ്ണമോദം വിഹരതു വിലസത്-
കീർത്തയേ കാർത്തികേയഃ.

ഭൈരവി—ചെമ്പട

പൂർവ്വം ഗർവ്വിതതാരകാസുരഭയാദുത്സൃജ്യ രാജ്യം നിജം
പ്രാജ്യം മിത്രകളത്രപുത്രസഹിതോ രാത്രിന്ദിവം വൃത്രഹാ
പ്രച്ഛന്നഃ കില കാലകാലചരണാംഭോജം ഭജന്നന്തരാ
കാന്താരേഷു ചിരം ചചാര നിതരാം ചിന്താതിതാന്താശയഃ.

'സ്വർല്ലോക' എന്ന പോലെ

ലോകപാലവീരൻ സുരലോകപരിപാലൻ
പാകശാസനനുദാരൻ പാവനചരിതൻ

സുന്ദരിമാർമണിയാളാം ഇന്ദ്രാണിതന്നുടെ
സൗന്ദര്യസാരത്തിന്നൊരു മന്ദിരമാമിന്ദ്രൻ

വാരണാസുരാരിതന്റെ വരബലംകൊണ്ടതി-
വീരനായ താരകന്റെ ബാധാപദേശേന

ദുർഗ്ഗതിവൈഭവാത് സുരവർഗ്ഗത്തോടും കൂടി
സർഗ്ഗവും വെടിഞ്ഞു ചിരം ദുർഗ്ഗമമാം കാട്ടിൽ

അന്തകാരിതൻെറ ചരണാന്തരങ്ങളെത്തന്നെ
സന്തതം മാനസതാരിൽ ചിന്ത ചെയ്തു വാണാൻ.

തോടി—ചെമ്പട

കാലേ ദുർഗ്ഗമമാർഗ്ഗനിർഗ്ഗമശ്രുചാ ഹാ! നാഥ! നാഥേത്യഹോ!
ക്രോശന്തീമസകൃത് പദം പ്രതി വിധാതാരം ശപന്തീം വനേ
വൃത്രാരാതിരസൗ കദാചന തപഃ പ്രൗഢാതപാന്ധാം പ്രിയാ-
മിന്ദ്രാണീമവലോക്യ സാന്ദ്രകരുണാം വാണീമഭാണീദിമാം.

'ചന്ദ്രമുഖി' എന്ന പോലെ

ഇന്ദ്രൻ:—

മാനിനിമാർകുലമൗലിമാലികേ! മമ വല്ലഭേ!
മാനസം തെളിഞ്ഞു കേൾക്ക മമ വചനം ബാലേ!

കനകമണിമേടകളിൽ ഘനകുതുകം വാണിട്ടും നീ
വനകരിണി പോലെ കാട്ടിൽ വാഴുന്നതെങ്ങനെ?

ഗ്രീഷ്മകാലതപനൻെറ ഊഷ്മാവുകൊണ്ടു തളർന്നു
നിന്മുഖം കാണുമ്പോളഹോ! മന്മനമുരുകുന്നു

താമരസവിലോചനേ! താരകനാലുള്ള താപം
താമസം കൂടാതെ തന്നെ തീരുമെന്നറിക.

കാലകാലൻ ഭഗവാനും വേലായുധസ്വാമിതന്നെ
കാലേ നിർമ്മിച്ചതും സുരകാര്യമൂലമല്ലോ.

ദ്വിജാവന്തി—ചെമ്പട

ഇന്ദ്രാണി:—

ജീവനാഥ! കേൾക്ക മമ കേവലമിന്നേവമുള്ള
ദൈവദോഷം സഹിപ്പാനിങ്ങാവതല്ലിന്നഹോ!

കഷ്ടം! താരകനെ ഭയപ്പെട്ടു നാമീപ്പെരുങ്കാട്ടിൽ
കാട്ടുജന്തുക്കളെപ്പോലെ കിടപ്പാറായിയല്ലോ!

എത്ര നാളിങ്ങനെ ദുഃഖിച്ചത്ര വാണീടേണ്ടു ഹാ! ഹാ!
പാർവ്വതീവല്ലഭ! പരിപാഹി പാഹി ശംഭോ!

നീലാംബരി

ഇന്ദ്രൻ:—

ബാലേ! പരിതപിക്കരുതേ നാലു ദിനം താമസിക്ക
കാലതാമസങ്ങൾ ചില കാര്യത്തിനുണ്ടല്ലോ.

മുഖാരി—പഞ്ചാരി

ഏവം സാമഗിരാ പുലോമതനയാമാശ്വാസ്യ യാവത് സ്ഥിത-
സ്താവദ്ദൈവതശാസനാദിവ ദിവം പ്രാപ്തം പവിത്രാകൃതിം
ദൃഷ്ട്വാ ശാരദനീരദോപമമമും ശ്രീനാരദം ത്വാദരാത്
നത്വാലാപപുരസ്സരം സുരപതിഃ പ്രോവാച വാചം തദാ.

'കേൾക്കെ'ന്ന പോലെ

ഇന്ദ്രൻ:—

സ്വാഗതം ഭവതു തേ മുനേ!
സാരസസംഭവസൂനോ! മഹാമുനേ!
സാമ്പ്രതം നിൻസമാലോകനംകൊണ്ടഹോ!
സൂര്യനെക്കണ്ടൊരു കൂരിരുൾ പോലവെ
ദൂരത്തു പോയി മമ ദുഃഖങ്ങളൊക്കെയും.

താരകനെ ഭയപ്പെട്ടു നാമെത്ര നാൾ
പാരമിക്കാനനംതന്നിൽ കിടക്കേണ്ടു!
ഘോരമാം സങ്കടവാരിധിതന്നുടെ
പാരം കടത്തുവാനാരഹോ! ദൈവമേ! — സ്വാഗതം —

കാരണപൂരുഷനാം ഭഗവാനും
കാരുണ്യം ഞങ്ങളിലില്ലാതെയാകുവാൻ
കാരണമൊന്നുമേ കാണ്മാനുമില്ലഹോ!
കാരുണ്യവാരിധേ! കാത്തുകൊള്ളേണമേ.

ശങ്കരാഭരണം—മുറിയടന്ത

'നക്ഷത്രേശ്വരാധിപ' എന്ന പോലെ

നാരദൻ:—

ദേവരാജ! ശൃണു ഭാഷിതം പരി—
ദേവനമെന്തഹോ! സാമ്പ്രതം
ദൈവനിയോഗം തട്ടുപ്പാനമിന്നിപ്പോൾ
ആവതല്ലോർത്താൽ വിരിഞ്ചനും നിർണ്ണയം. —ദേവ—

ആപത്തടുക്കുന്ന കാലത്തു മിത്ര—
സമ്പത്തുകൊണ്ടും ഫലം വരാ;
ഹേമന്തകാലത്തെത്താമരപ്പൂക്കൾക്കു
ഹാ! ഹന്ത! സൂര്യസഹായം ഫലിക്കുമോ? —ദേവ—

കേവലം സർവ്വജനങ്ങൾക്കും പാരിൽ
ദൈവതമായിഹ സന്തതം
ശ്രീവാസുദേവാദിസേവിതനാം സാക്ഷാത്
ദേവദേവൻ മഹാദേവനതല്ലയോ. —ദേവ

തത്ര ഗമിക്ക നാമെല്ലാരും പര—
മത്തലിതെല്ലാമുണർത്തിക്ക സത്വരം
ലോകൈകനാഥനും നമ്മുടെ സങ്കടം
തീർത്താശു രക്ഷിക്കും നിർണ്ണയം. —ദേവ—

ദീനജനാവനലാലസ! കാലേ
ദാനവവീരരെക്കൊല്ലുവാൻ
സേനാനിതന്നെയും നിർമ്മിച്ചു നിങ്ങടെ
സേനാധിപത്യവുമാശു കൊടുത്തീലേ. —ദേവ—

എന്നതുകൊണ്ടു ഗിരീശനും നിജ—
നന്ദനനെക്കൊണ്ടു നമ്മുടെ
സന്താപം തീർക്കും വിഷാദം മതി മതി
ചിന്തയും കാര്യവിനാശിനിയല്ലയോ? —ദേവ—

നാരദോദിതസുധാരസം സരസമാപിബൻ സുരവരോഽപ്യസൗ
നീരജാസനമുഖാമരൗഘമുനിവീരവാരപരിവാരിതഃ
കാളകൂടഗരളാശനം ശമലമോചനം ജ്വലനലോചനം
കാലകാലമവലോകിതും രജതശൈലരാജമഗമത്തദാ.

മലഹരി—അടന്ത

ഗത്വാ ജഗത്ത്രയഗുരും സ്വഗുരും ഗിരീശം
ഗൗരീകുമാരസഹിതം മഹിതപ്രഭാവം
ഭക്ത്യാ ഹരിർജ്ജയ ജയേത്യവദത് പദാന്തേ
നത്വാ സമസ്തശരണം ശരണം ജഗാമ.

ഇന്ദ്രൻ:—

ജയ ജയ ജഗന്നാഥ! ജയ ജയ ദയാനിധേ!
ജയ ജയ ദീനബന്ധോ! ജയ ജയ പാഹി ശംഭോ!
താരകഭയംകൊണ്ടോരോരോ വനങ്ങളിൽ
താപം പൂണ്ടേത്രനാളായ് വാഴുന്നു ഞങ്ങളഹോ!
നിന്തിരുവടിയല്ലാതെന്തൊരാശ്രയമിപ്പോൾ
പോതകന്മാർക്കു നിജമാതാവല്ലാതാരുള്ളു?
കഷ്ടമിത്താരകന്റെ ദുഷ്ടത ഭവാനെല്ലാം
കേട്ടിരിക്കവേയെന്തു കേൾപ്പിപ്പതഹോ! ഞങ്ങൾ
ക്രൂരപദ്മാദികളെ പാരാതെ സംഹരിച്ചു
പാരിടങ്ങളെ പരിപാലിച്ചുകൊള്ളണമേ!

ഇന്ദളം

പരമശിവൻ:—

സുരവര! വരികാരാദന്തകാരാതി തന്നിൽ
പരിഭവമരുതേതും മാനസേ മാനശാലിൻ!
സുരരിപുവരവീരന്മാരെയും സംഹരിച്ചി—
ന്നുരുതരപരിതാപം തീർത്തു രക്ഷിച്ചിടുന്നേൻ.

മോഹനം

ഭദ്രം തേ ബാഹുലേയ! ത്രിഭുവനജനതാ-
മാരകം താരകം ത്വം
ഹത്വാ തത്പക്ഷപാതാനപി വിബുധരിപൂൻ
ശൂരപദ്മപ്രധാനാൻ
ദത്വാ മോദം സുരാണാം രണശിരസി ജവാദ്
ദേവസേനാസമേതോ
വീര! ത്വം വീരലക്ഷ്മ്യാ സഹ സപദി സമാ-
ഗച്ഛ താൻ സൗമ്യകീർത്തി!

മധ്യമാവതി—ചെമ്പട

ഇത്ഥം നിശമ്യ പുരശാസനശാസനം തത്
ലബ്ധ്വാശു ശക്തിമഥ ശക്തിമതാം വരിഷ്ഠഃ
സസ്മാര സംഗരരസന സ വീരമാരാത്
സമ്പ്രാപ്യ സാധു ഗുഹമാഹ സ വീരബാഹുഃ

'കുത്ര വദ' എന്ന പോലെ

വീരബാഹു:—

ശങ്കരകുമാര! ജയ നിൻകഴൽ തൊഴുന്നേൻ
കിങ്കരനതാകുമഹം കിന്തു കരവാണി വിഭോ!
ഹന്ത! ഭവദീയകൃപയടിയനിലുദിക്കിലോ
എന്തൊന്നസാദ്ധ്യമിഹ ബന്ധുരതരാകൃതേ!

സുബ്രഹ്മണ്യൻ:—

വീരവര! ധീര! ഹേ വീരബാഹോ! സഖേ!
വരിക വരികാദരാത് വചനമിതു കേൾക്കക.
സിംഹസമി താരകനെ സംഹരിച്ചീടുവാൻ
സംഹാരമൂർത്തി ശിവസാംബനരുൾചെയ്തുതേ.
ഭൂരിബലശാലികളാം ഭൂതബലമൊക്കെയും
വിരവൊടു വരുത്തുക വീരചൂഡാമണേ!
കുംഭൻ നികുംഭനും കുംഭീരവക്ത്രനും
കുംഭാണ്ഡവീരനും കുംഭിവരകർണ്ണനും

ഭൃംഗിബലിഭൃംഗീരടിഭൈരവന്മുഖ്യന്മാം
എന്നു പല സംഘവുമിഹ വന്നു കാൺകഹോ!
പ്രഥമമവനോടു നീ പ്രഥമബലയുക്തനായ്
പ്രധനമതു ചെയ്ക ബഹുപൃഥുലബലനല്ലോ.

ഇത്ഥം യുദ്ധരസോദ്ധതോഽഥ രഥിഭിഃ സാർദ്ധം രഥീ സാനുഗഃ
ക്രുദ്ധോ മാരുതസാരഥിഃ സരഭസം യാവത് പ്രതസ്ഥേ പ്രഭുഃ
താവത് തത്ര ഹി ബാഹുലേയവചസാ ശ്രീവീരബാഹുർജ്ജവാത്
സൈന്യാർദ്ധേന രുരോധ താരകപുരീം യുദ്ധായ ബദ്ധോദ്യമഃ.

പാടി—ചെമ്പട

കാലേ മാലേയബാലാനിലചലിതലതാലോലലോലംബമാലാ—
ലീലാഖേലത്തമാലാവലിദലവിലസത്കേളിശാലാം വിശാലാം
കാമാരാമേ കദാചിത് കൃതഗതിരവിദന്നാപദം താരകോഽസൗ
കാന്താം കാന്താളകാന്താം കമലശരശരൈരാഹതഃ പ്രാഹ താന്തഃ.

'ബാലികമാർ' എന്ന പോലെ

താരകാസുരൻ:—

നളിനദളമിഴിയാളേ! തെളിവിയലുന്നൊരു നല്ല
നളിനശരകേളീവനം നലമൊടു കണ്ടാലും
ഉപവനപവമാനൻ ഉപകണ്ഠംതന്നിൽ വന്നു
ഉപഗതരതികാലം ഉപദേശിക്കുന്നു.

പുളിനതളിമങ്ങളിൽ കളഹംസമിഥുനങ്ങടെ
കളമൃദുമണിതങ്ങളും കിളിമൊഴി! കേൾക്കുന്നു
മദനശരപരിതാപം മനസി മമ വളരുന്നു
മധുരമൊഴി! തവ മധുരാധരം തരിക.

എരിക്കല—ചെമ്പ

താരകപത്നി:—

അംബുജാക്ഷ! മമ കാന്ത! നിന്മൊഴി കേൾക്കയാലിപ്പോൾ
മന്മനം തെളിഞ്ഞു പാരം മന്മഥസുന്ദര!

മാമകമാനസം മുന്നേ കാമകേളിലോലമല്ലോ
കാമസമ്പ്രാപ്തിക്കിനി താമസമെന്തഹോ!

മലയമാരുതബാലൻ മാലതീസുമങ്ങൾകൊണ്ടു
മൃദുലതരശയനവുമുളവാക്കിപ്പാക്കുന്നു
സരസമിഹ വന്നാലും നീ സരസീരുഹവദന!
പരിരംഭണാമൃതം മമ പരിചൊടു തന്നാലും.

പാടി

താരകാസുരൻ:—

സംഭോഗരസങ്ങൾകൊണ്ടു സമ്പൂർണ്ണമാകും നിൻകുച-
കുംഭങ്ങളെൻമാവിൽ ചേർത്തു പരിരംഭണം ചെയ്ക.

സൌരാഷ്ട്രം—ചെമ്പട

ഏവം ഭാവാനുകൂലൈർവിവിധചടുശതൈഃ
        പ്രീണയിത്വാ പ്രിയാം താം
യാവത് സ്വൈരം ന്യവാത്സീദധിനഗരി തദാ-
        കർണ്ണ്യ തത്സൈന്യഘോഷം
കുർവൻ സർവാദിസാരം രഭസമഥ രഥീ
        രോധസംരംഭരൂക്ഷോ
ഗത്വാസൗ വാരിവാഹധ്വനിഭിദുരഗിരാ
        വാരയദ് വീരബാഹും.

'നില്ക്ക' എന്ന പോലെ

താരകാസുരൻ:—

ആരെടാ! നമ്മുടെ നേരെ പോരിനായി വന്നതിപ്പോൾ
പാരിടത്തിൽ നമ്മുടയ നേരെ നില്പ്പാനാരും പോരാ
ശൂരപദ്മസഹോദരൻ ശൂരനാകും താരകന്റെ
പൗരുഷങ്ങൾ പാരിടത്തിൽ ആരറിയാത്തുള്ളു മൂഢ!

വീരബാഹു:—

പോരും പോരും ഭവാനുടെ വീരവാദങ്ങളിതെല്ലാം
പൗരുഷങ്ങൾ പറയുന്ന പൂരുഷന്മാർ ഭോഷരല്ലോ?

വീരനെങ്കിൽ പാരാതെ നീ വീരബാഹുതന്നുടയ
നേരെ നിന്നു പോരാടുക ഭീരുവെങ്കിൽ മാറിപ്പോക.

ഭൈരവി—മുറിയടന്ത

താരകാസുരൻ:—

അദ്ഭുതമദ്ഭുതം! തവ സദ്ഭാവങ്ങളോക്കുമ്പോൾ
കേസരിക്കു ശശകത്തെ ക്രുസലുണ്ടായിട്ടുമോ?

വീരബാഹു:—

അണ്ടർകുലനാഥനേററം ഇണ്ടൽ ചേർത്ത നിന്നുടെ
കണ്ഠം മുറിച്ചിട്ടും ഞാനും കണ്ടുകൊൾക ദുർമ്മതേ!

യുദ്ധേ തത്ര ഹി താരകഃ സ തരസാ യദ്വീരബാഹോർമ്മഹാ-
കോദണ്ഡാദ്ഗതവീരഭദ്രവിശിഖാദ് ഭീതഃ പ്രധാവൻ പുനഃ
ഗത്വാ നിസ്തുലകുംഭസംഭവമഹാശാപേന ശൈലായിതം
ക്രൗഞ്ചം നാമ മഹാസുരം തമഭജദ് മായാവിധാനേച്ഛയാ.

സാരംഗം—ചെമ്പട

താവത് ക്രൗഞ്ചസമീരിതാതിഭയദാ ഗാഢാന്ധകാരോത്കരൈ-
രന്ധീകൃത്യ ദിശശ്ച പാംസുപടലൈർവ്യാത്യാസമുത്പാടിതൈഃ
ബാഢോച്ചാടിതവാരിദോദ്ഭടപടുദ്ധ്വാനച്ഛടാസ്ഫോടിത-
ത്രുട്യദ്ഭൂധരകോടികൂടപടലീ മായാഥ കാപ്യുത്ഥിതാ.

'കിം കരവൈ' എന്ന പോലെ

ക്രൗഞ്ചമായാ:—

താരക! വീരമണേ! സുഖീ ഭവ താവകഹിതകരി ഞാൻ
ക്രൂരതയായ ക്രൗഞ്ചമായ ഞാനസുരാരിസങ്കരഭയങ്കരരൂപിണീ.
—താരക!—

തരസാ കർതരസാകലിതരസാ ചലിതരസാ
തരമൊടിതരനികരപരിമഥനമതു കരുതി
വിരവിലരികിൽ വന്നതറിക നീ. —താരക!—

കരുണാകരശരണായിതവരുണാലയതരങ്ഗേ
സരണി തരണികരണന്നിപുണ ഞാനിഹ
തരുണതരണിഹരണമപി കരോമ്യയി! — താരക! —

താരകൻ: —

നിശമയ വാചമയേ! നിശാചരനിരുപമതരമായേ!
നിതരാമരിപതിരാമവനെതിരായിന്നി വിതര
വീരബാഹുമോഹനേന വിജയമി-
ഹാഹവായ യാഹി യാഹി സമ്പ്രതി. — നിശമയ —

പന്തുവരാടി—ചെമ്പട

ശ്രുത്വാ തദീയവചനം സഹസാഹവായ
പ്രൗഢാന്ധകാരനികരാകുലിതത്രിലോകീ
മായാച്ഛലേന ഭുവനത്രയകാളരാത്രിഃ
കാചിത് പ്രവൃദ്ധസഹസാ സഹസാ പ്രതസ്ഥേ.

മൂഢ!' എന്ന പോലെ

ക്രൗഞ്ചമായാ: —

ആരെടാ! പോരിന്നായിവിടെ സമ്പ്രതി വന്നതു-
മാരെടാ! പോരിന്നായിവിടെ.

ക്രൂരയായൊരു ക്രൗഞ്ചമായ ഞാനറിക നീ
പാരിലിന്നിഹ സുരാസുരവീരരി-
ലാരുമില്ല മമ നേരെ നില്പാൻ. —ആരെടാ! —

വീരബാഹു: —

വീരശിരോമണിയാം വീരബാഹു ഞാനാശു
ഘോരമായ ശരമാരിയാൽ തവ-
ശരീരമിന്നിഹ പിളക്കുമതറിക നീ. — ആരെടീ! —

ക്രൗഞ്ചമായാ: —

ആഹവം തന്നിലെന്നെ സംഹരിക്കാമെന്നുള്ള
മോഹമന്നു കളകാശു നീ മറെറാരു
മോഹമുണ്ടതു ലഭിക്ക മഹാത്മൻ! — ആരെടാ! —

വീരബാഹു:—

ഭൂരിഭാഷണംകൊണ്ടു കാര്യമെന്തഹോ! തവ
പോരിനിന്നു കരവീര്യമസ്തി യദി
വിരവിനൊടു വരിക വരിക പോരിനു. —ആരെടീ—

മധ്യമാവതി—ചെമ്പട

ഹാഹാരവേണ സമമേവ തദാ സുരാണാം
സമ്മോഹിതോऽഥ പതിതേ യുധി വീരബാഹൌ
ശ്രീനാരദഃ സപദി സാധ്വസസംഭ്രമാഭ്യാം
ഗത്വാ സഗദ്ഗദമിദം ഗുഹമാഹ ദീനഃ.

'കുമ്മക കല്ലക' എന്ന പോലെ

നാരദൻ:—

പരമപൂരുഷ! പരമീശകുമാര!
പാഹി പാഹി സുകുമാര!
വീരവീരനാകുന്നൊരു നമ്മുടെ
വീരബാഹു യുധി പരവശനായി. —പരമ—

ഘോരനായ താരകനും
സംഗരേ ഹേ സുബ്രഹ്മണ്യ!
പേടിപൂണ്ടു ഹൃദന്തരേ ചാടി മണ്ടി
തദന്തരേ ക്രൗഞ്ചമായ വന്നതും. —പരമ—

വീരബാഹുവിനെച്ചെന്നു
തത്ക്ഷണം മോഹിപ്പിച്ചതു
വീക്ഷണം ചെയ്തു ഞാനിനി
കാൽക്ഷണം കാലമാന്ദ്യമരുതിഹ, —പരമ—

താരകനെ കൊല ചെയ്തു
താമസം കൂടാതെ മമ
കാമസംപ്രാപ്തി വരുത്തി
മാനസമോദമാശു തരിക നീ. —പരമ—



UNIVERSITY LIBRARY
2 MAR 1965

ചെമ്പട—മുറിയടന്ത

'നില്ക്കെടാ' എന്ന പോലെ

സുബ്രഹ്മണ്യൻ:—

പോക നാം താമസമെന്യേ പോക നാം
പാകശാസനാദികളാം ലോകപാലന്മാരെയെല്ലാം
ആകുലം തീർത്തു രക്ഷിപ്പേനാശ്വസിച്ചീടുക മുനേ! —പോക—

താരകനെ കൊല ചെയ്തു താമസം കൂടാതെ ചെന്നു
വീരബാഹു തന്നെയും ഞാൻ വീണ്ടുകൊണ്ടിങ്ങു പോരുന്നേൻ.
—പോക—

ആധികൊണ്ടും വ്യാധികൊണ്ടും ആതുരന്മാരായിടുന്ന
സാധുലോകങ്ങളെയെല്ലാം സാദരം ഞാൻ കാത്തിടുന്നേൻ.
—പോക—

സ്കന്ദനോടു പിഴച്ചാലും കനിവോടെ സഹിച്ചിടാം
ഭക്തപീഡ സഹിപ്പാൻ ഞാൻ ശക്തനല്ലെന്നറിഞ്ഞാലും.
—പോക—

കേദാരഗൗഡം—ചെമ്പട

ഉക്ത്വൈവം കാർത്തികേയഃ സുരമുനിതിലകം
സേവ്യമാനഃ സുരൗഘൈഃ
സാർദ്ധം ഭൂതപ്രഭൂതൈഃ കനകമയരഥേ
സംസ്ഥിതോ യുദ്ധഭൂമിം
ഗത്വാ തം വീരബാഹും രഭസതരസമാ-
ശ്ലേഷമാത്രപ്രബുദ്ധം
കൃത്വാസൗ താരകം തം പതിരഥ ജഗതാ-
മാഹവായാജുഹാവ.

'വാടാ' എന്ന പോലെ

സുബ്രഹ്മണ്യൻ:—

താരകാസുര! കീം! പോരിന്നായി വാടാ!
വീരബാഹുവിനെ നീ പോരിൽ മോഹിപ്പിക്കയാൽ

പാരിടത്തിലതിവീരനെന്നു മതി പോരുമെന്നു
സമരേ കുടില! നേരേ വരിക രേ! രേ! സുരകുലാരേ!

—താരകാ—

ആഹവംതന്നിൽ പേടിച്ചാശു പോയതും ചേരാ
ബാഹുലേയനുടെ ബാഹുവീര്യമഹിമാഹവത്തിൽ
നേക്കുന്നേരമോക്കും മേനി വേക്കും മൊഴികൾ നോക്കും.

—താരകാ—

ഐഹികസുഖങ്ങളിൽ മോഹവുമിനി വേണ്ടാ
സാഹസേന ബഹുവാഹിനീസമമിഹാഹവത്തിൽ
വന്നു കരുതി നിന്നു പട തുടൻകൊൾകയിന്നു.

—താരകാ—

സാരംഗം—ചെമ്പട

താരകോഗ്ര ഗിരിഗഹ്വരാത് സപദി നിർഗ്ഗതസ്തമസഹംസ്തദാ
ജാതരൂപരഥമാസ്ഥിതം വിവിധഭൂതജാലപരിസേവിതം
കോടിസൂര്യസമതേജസം സമരലാലസം നിരുപമൗജസം
ബാഹുലേയമവലോകയൻ കമപി ചാരവീരമിദമബ്രവീത്.

'നാരദമുനീന്ദ്ര' എന്ന പോലെ

താരകാസുരൻ:—

ചാരവര! വരിക സവിധേ കഥയ മമ
ചാരുനയനാരജലധേ!
മാരസുകുമാരനതിധീരത കലന്നു മമ
നേരേ വരുന്നൊരു കുമാരനിവനാരഹോ! —ചാര—

മേരുഗിരിരാജനന്ദിനിയും കരനികരമേ-
ദുരിതവാരമണിയോ!
വീരരസവാരിനിധിപൂരമതിൽ നിന്നു ബത!
നേരേയുദിക്കുമൊരു ശാരദശശാങ്കനോ —ചാര—

സാരഥിയുമാശുഗതിയോ സമരഭൂവി
മാരുതനമോക്കിൽ മതിയോ
ഭൂരിതരഭൂതപരിവാരയുതനേതുമൊര-
സാരമതിയല്ല രണശൂരനിതി മന്മഹേ —ചാര

പാരൻ:—

ദാനവകുലാഭരണമേ! വിമതകുല
ദാനപരി ഹേ ശരണമേ
സൂനശരവൈരിയുടെ സൂനു ഗുഹനേഷ സുര-
സേനാധിനാഥനതിമാനനിധിയാക്കേട്ടോ.
—ദാനവ—

താരകാസുരൻ:—
കിം കിമിവണീശസുതനോ വദ ഹഹഹ!
ശങ്കരചരിത്രമധുനാ
എങ്കിലവനോടു ചിലതുണ്ടു പറവാനതിന-
ശങ്കം തെളിക്ക മമ തേരിഹ നീ സാരഥേ.
—കിം കിമിവ—

കാമോദരി—പഞ്ചാരി

ഇത്ഥം നിശ്ചിത്യ ധീരഃ സുരരിപുതിലകഃ
സർവ്വസൈന്യൈഃ സമേതഃ
സന്നദ്ധോ യോദ്ധുകാമഃ ശമനഭടജനൈ-
ശ്ചോദിതോത്ഥ പ്രതസ്ഥേ
താവത് സൈന്യാഗ്രഭാഗേ പരമശിശുമഹോ!
പാർവ്വതീനന്ദനം തം
ഗത്വാസൗ ബാഹുലേയം ബഹുമതിസഹിതാം
വാചമേവം ബഭാഷേ.

താരകാസുരൻ.—
മാരവൈരിഭക്തനായ താരകന്റെ നേരെ വന്നു
പോരിനായി വിളിപ്പതിന്നു മൂലമെന്തഹോ!

വീരരായ ദൈത്യരോട്ട വൈരമുള്ള വാസവന്റെ
വാക്കു കേട്ടു വൈരിയായി വന്നിതോ ഭവാൻ.

സുബ്രഹ്മണ്യൻ:—

പാരിടം മുടിച്ച നിന്റെ മാരണത്തിനായി മാര-
വൈരിതന്റെ ശാസനേന വന്നു ഞാനെടാ!

താരകാസുരൻ:—

കാർത്തികേയ! നിന്റെ താതനത്ര ദൈത്യപക്ഷമെന്ന
തോർത്തു കൊണ്ടു വാണതിന്നു വ്യർത്ഥമായഹോ!
താരകന്നു ഗിരീശനെ ഭയം തരിമ്പുമില്ല പാക്കിൽ
വൈരമിവനിലെന്തുകൊണ്ടതെന്നു ചൊല്ക്കഹോ!

സുബ്രഹ്മണ്യൻ:—

ശക്രനോടതിക്രമങ്ങൾ ചെയ്തമൂലമാശു നിന്നെ
നിഗ്രഹിപ്പതിന്നു വന്നു വരിക പോരിനായ്.

താരകാസുരൻ:—

അത്ര ഞങ്ങൾ തമ്മിലുള്ള വൈരമിന്നു തീപ്പതിന്നു
ശക്തനെങ്കിലത്ര നിന്നു പൊരുതുകൊൾകെടോ!

സുബ്രഹ്മണ്യൻ:—

ക്രുദ്ധ മൂർത്ത ശക്തികൊണ്ടു പേർത്തു പേർത്തു കോർത്തു നിന്നെ
മിത്രപുത്രപത്തനത്തിലത്ര ചേർത്തിടും.

താരകാസുരൻ:—

ഝടികടുലാട്ടമിടയുമിടികളുടയ ലീലയുടയുമളവിൽ
നെടിയ തടിയുമുടനെ തവിട്ടുപൊടിയതായിടും ദൃഢം.

ദണ്ഡകം

കൃത്യാക്കമാർനഥ ശക്ത്യാശു ദൈത്യകുല-
ധൂർത്തന്റെ മൂർത്തിയതു കുത്തീ

കോൎത്തുടനയത്തീ ശത്രുസമവൎത്തീ
മിത്രസുതപത്തനവരത്തിലഥ ചേൎത്തുടന-
മൎത്ത്യപരമാൎത്തിയുമമൎത്തീ
വൃന്ദാരകാദികളുമന്നേരമാശു ബഹു
മന്ദാരപുഷ്പവൃമരത്തു
സരഭസമുരുത്തു സരസതരമാൎത്തു
വിരവിനൊടു വിജയരമ വീരനുടെ ദേഹമതി-
ലതുലഗുണമാലയതു ചേൎത്തു
ബ്രഹ്മാണ്ഡവാസികളുമമ്മാ സുഖേന നിജ-
കൎമ്മങ്ങളമ്പൊടു തുടങ്ങി
വീരനെ വണങ്ങി വിരവൊടു വിളങ്ങി
മദനരിപുതനയനുടെ മഹിമയതുകൊണ്ടു ഹരി-
രധികരസമൊടു തല കുണുങ്ങി
വിശൈഖകനാഥനഥ നിശ്ശേഷഭൃതയുത-
നാശ്വാസമോടഥ ഗമിച്ചു
താതനെ നമിച്ചു ഭക്തരൊരുമിച്ചു
ഷണ്ഡപുരി ചെന്നു പരമിന്ദുധരനന്ദനനു-
മുന്നതസേന നിവസിച്ചു
ശൂരാസുരാദിവിബുധാരാതിവംശമതു
വേരോടറുപ്പതിനു ധീരൻ
പുരഹരകുമാരൻ പരമരിപുമാരൻ
വാരിധി കടന്നു വീരമാഹേന്ദ്രനഗരവര-
സവിധഭുവി ചെന്നു രണശൂരൻ.

ഇത്ഥം തത്രാതിഘോരേ രണശിരസി തദാ
കാൎത്തികേയസ്യ ശക്ത്യാ
കൃത്താംഗം താരകം തം നിഹതമഥ സമാ-
ലോക്യ നഷ്ടാവശിഷ്ടാഃ
ഹാ! ഹാ! ഹാ! നാഥ! നാഥേത്യസുരഭടജനാഃ
പൃഷ്ഠതോ ദത്തനേത്രാഃ
ക്രോശന്തോ മുക്തകണ്ഠം സപദി ന വിവിശുഃ
കാം ദിശം കാന്ദിശീകാഃ.

താവത് കേചന ദാനവാഃ സരഭസം കയമാരബാണാർത്തിതാഃ
ഗത്വാ താരകപൂർവ്വജം പ്രതിഭടപ്രധ്വംസിബാഹാബലം
ശൂരാ സംയതിസിംഹവക്ത്രസഹജം തം ശൂരപദ്മാസുരം
നത്വാ സാധ്വസഗദ്ഗദാക്ഷരമിദം വിജ്ഞാപയാംചക്രിരേ.

രാക്ഷസഭടന്മാർ:—

ശൂരപദ്മമഹാസുര! പാഹി മാം
ശൂരസിംഹമുഖാസുര! പാഹി മാം
താരകൻെറയവസ്ഥ വിചാരിച്ചാൽ
പാരം കഷ്ടമതെന്നേ പറയാവൂ.
മാരമാരകപുത്രനാം ഷൺമുഖൻ
പോരിന്നായിങ്ങു നേരിട്ടു വന്നുടൻ
ശൂരനാം തവ സോദരനായൊരു
താരകനെ കൊലചെയ്തിതു തത്ക്ഷണം.
മായകൊണ്ടും പൊരുതി പലവിധ—
മായതൊന്നും ഫലിച്ചീല സംഗരേ
ബാലൻതൻെറ പരാക്രമം കാണുമ്പോൾ
കാലനും ശരിയല്ല മഹാമതേ!
വീരനാമവനോടു പിണങ്ങിയാൽ
സ്വൈരമിന്നൊരു ദിക്കിലുമുണ്ടാമോ
ബാണജാലം തറച്ചതു കാൺക നീ
പ്രാണൻ പോവതിൻകാലമടുത്തു തേ
കല്യനാമവനിങ്ങു വരുംമുമ്പേ
വല്ല ദിക്കിനും പോക നാം വൈകാതെ.

ആഹരി

ശൂരപദ്മാസുരൻ:—

ചിത്രമഹോ! ശിവസൂനുചരിത്രമി-
തെത്രയുമോക്കിലഹോ!
ഇത്തിഭുവനപതിയായ നമുക്കി-
ന്നിത്തരമുള്ളൊരു ശത്രു ജനിച്ചതു. —ചിത്ര—

മൃത്യുഞ്ജയസുതനാകിലുമവനെ
മൃത്യുപുരത്തിൽ ചേർത്തിടുന്നേൻ. —ചിത്ര—

സത്വരമതിനു ഗമിക്ക സഹോദര!
ചിത്തവിഷാദമിതിന്നിഹ വേണ്ടാ. —ചിത്ര—

സിംഹവക്ത്രൻ:—

സിംഹമുഖൻ ഞാനരിരുധിരം നര-
സിംഹംപോലെ കുടിച്ചു മദിപ്പൻ. —ചിത്ര—

സിംഹപരാക്രമശാലികളാം ഭട-
സംഹതിയോടു കൂടി ഗമിക്ക. —ചിത്ര—

കണ്ഠാരം—മുറിയടന്ത

ഇത്ഥം നിഗദ്യ സഹജേന സമം തരസ്വീ
ഘോരാട്ടഹാസമുഖരീകൃതദിങ്മുഖോƒസൗ
സാഹസ്രകൈഃ സഹ ശരാൻ ശരാസിധാരീ
യുദ്ധപ്രവൃദ്ധകുതുകോ ഗുഹമാസസാദ.

ആരെടാ ഹരിദാസ എന്ന പോലെ

ശൂരപദ്മാസുരൻ:—
നില്ലു നില്ലെടാ! നിന്നുടെ തൊഴിൽ നല്ലതല്ലിതു ദുർമ്മതേ!
കൊല്ലുവാനൊരു തെല്ലുമേ തടവില്ലെനിക്കുമതോർക്ക നീ
നിശിതതരശരനിരകൾ തെരുതെരെ സമിതി തുരുതുരെ വിട്ടുടൻ
കിതവ തവ ഗളതതികളഹമിഹ സപദി സരസമറുക്കുവൻ

എത്രയും മമ താരകാസുരബാലനെ കൊലചെയ്കയാൽ
അത്ര സംഗരശൂരനെന്നു നടിക്കവേണ്ട ജളപ്രഭോ!
മഹിതതമ മമ മുസലഹതിയിതു മശകസമ! നീ തടുക്കിലോ
ബഹുമതിയുമിഹ മനസി ബഹു മമ ഭവതി നഹി നഹി സംശയം.

സുബ്രഹ്മണ്യൻ:—
മാരവൈരികുമാരനായ കുമാരനോടു മദിച്ചഹോ!
പോരിനായിഹ വന്ന നിങ്ങളുമാരഹോ ബത! ചൊല്ലുവിൻ-

പരമശിവസുതനഹിതഹരനിഹ ഉഗ്രനാഹൃത്തു ധരിക്കനി
സകലസുരരിപുകുലവുമിഹ യുധി സരസമാതി പെട്ടത്തിട്ടും.

ശൂരപദ്മാസുരൻ:—

ശൂരപദ്മനഹം ധരിക്ക മദീയസോദരനിന്നിവൻ
ശൂരനായൊരു സിംഹവക്ത്രനതീവ വിക്രമിയോക്ക നീ
സമരമതിലതിസരസകരബലസഹിതമിഹ മമ നേക്കുവാൻ
ഭുവനമതിലൊരു നരനമൊരു സുരവരനമിഹ നഹി സാമ്പ്രതം.

സുബ്രഹ്മണ്യൻ:—

വീരവാദമിതൊക്കയും മതി വീരനെങ്കിലിഹാഹവേ
ധീരഭാവമിയന്നു നില്ക്കുവിനാശുഗങ്ങൾ തടുക്കുവിൻ
അമരകുലവരകുലിശമുഖഹതധരണിധരകരമെന്നപോൽ
സമരഭുവി നിജപൃഥുലബലസമമിഹ ധരണിയതിൽ വീണിടും.

ഉദയരാഗം

കുമാരശക്ത്യാഹതശൂരദാനവാത്
സമുത്ഥിതഃ ശംഭുവരപ്രസാദതഃ
മഹാബലഃ കോഽപി മയൂരപുംഗവഃ
കുമാരമാസാദ്യ നനാമ സാദരം.

മയൂരൻ:—

ഭക്തപരായണ! ബാഹുലേയ! ജയ
ഭുക്തിമുക്തിപ്രദ! ഭൂരിഗുണാലയ!
ശക്തിധര! സകലാമയനാശന!
സ്വസ്തി നമുക്കിഹ നല്കീടേണം.

താവകപാദസരോജയുഗങ്ങളെ
സേവിച്ചു സന്തതമിങ്ങു വസിക്കുവാൻ
കേവലമുണ്ടൊരു മോഹമതിന്നായി
കൈവല്യമൂർത്തേ! ഞാൻ കൈവണങ്ങുന്നേൻ.

സുബ്രഹ്മണ്യൻ:—

സുന്ദരരൂപി മയൂര! മഹാബലി!
സന്ദേഹമെന്നിയേ വന്നാലുമന്തികേ
ഇന്ദുചൂഡന്റെ വരബലംകൊണ്ടു നീ
എന്നുടെ വാഹനമായി ഭവിക്ക.

എന്നതുകൊണ്ടു നിനക്കു മഹാസുഖം
വന്നു ഭവിക്കുമതിന്നില്ല സംശയം
എന്നാൽ നമുക്കിനി വൈകാതെ നമ്മുടെ
സ്കന്ദപുരത്തിനു പോകയല്ലേ

പുറനീര—ചെമ്പട

ഇത്ഥം മയൂരമനുഗൃഹ്യ ഗുഹേ സ്വഗേഹം
സംപ്രസ്ഥിതേƒഥ വിബുധൈർവ്വിവിധൈഃ സമേതഃ
തുഷ്ടഃ ത്രിവിഷ്ടപപതിഃ പ്രസരാശ്രുപൂരൈഃ
സംക്ഷാള്യ പാദയുഗളം സ നനാമ നാഥം.

ഇന്ദ്രൻ:—

പുരഹരനന്ദന! പൂർണ്ണഗുണാകര!
പൂർണ്ണചന്ദ്രാനന! നാഥ! നമസ്തേ
പരവശഭാവമകന്നടിയങ്ങൾ
പരിചൊടു നിൻപദം കൈതൊഴുന്നേൻ.

പരഭയമോടു വരുന്ന ജനങ്ങളെ
പരിപാലനമതു ചെയ്യുരുളുന്നൊരു
പരമകൃപാലയ! തവ പദമെപ്പൊഴും
പരിചരിപ്പാനൊരു കരുണ തരേണം.

സുബ്രഹ്മണ്യൻ:—

വാനവപുംഗവ! വാസവ! ഹേ വന-
വാസസന്താപവും വേണ്ടാ മഹാമതേ!
ദാനവവീരരാം വൈരികളാലുള്ള
ദീനതയിനിമേലുണ്ടാകയില്ല.

മാനസഭീതി വെടിഞ്ഞമരപതി-
മന്ദിരംതന്നിൽ ഗമിച്ചു യഥാപുരം
മാനിനിമൗലിയാമിന്ദ്രാണിതന്നോടു-
മാനന്ദമാർന്നു വസിക്ക മഹാത്മൻ!

ഇത്ഥം ബാഹാഭുജംഗാധിപകലിതമഹാ-
ശക്തിമന്ഥാചലേന്ദ്രഃ
പ്രക്ഷുബ്ധ്യത്തദ്വിപക്ഷാംബുധിമഥനഭവാം
വിശ്രുതാം വീരലക്ഷ്മീം
ലബ്ധ്വാഥോ ദേവസേനാം പുനരപി ലവലീം
ഭൂതസംഘൈഃ സമേതഃ
സുബ്രഹ്മണ്യഃ പുരീം സ്വാമഖിലസുഖവിധാ-
ബദ്ധധീരധ്യുവാസ.

UNIVERSITY LIBRARY
2 MAR 1965
MADRAS

222083
O32:1X
J9-1

MUL
222083

# കേരള സർവ്വകലാശാല

## മാന്യുസ്ക്രിപ്റ്റ്സ് ലൈബ്രറി

# മലയാളഗ്രന്ഥാവലി

### അടുത്തകാലത്തെ പ്രസിദ്ധീകരണങ്ങൾ.

| | |
|---|---|
| കുചേലവൃത്തം | (തുള്ളൽ) |
| ആശൗചദീപിക | (കേരളത്തിലെ ആശൗചവിധികൾ) |
| അശോകവനികാങ്കം | (ഒരു ആട്ടപ്രകാരം) |
| ക്ഷുരികാശാസ്ത്രം, ഖഡ്ഗശാസ്ത്രം | |
| നായാട്ടുവിധി (കിണറു വെട്ടാനും ഖഡ്ഗം ഉണ്ടാക്കാനും നായാടുന്നതിനും ഉള്ള വിധികൾ) | |
| സഭാപ്രവേശം പാന | (ഒരു പാനപ്രബന്ധം) |
| മുകുന്ദമാല | (ഭാഷാവ്യാഖ്യാനം) |
| സപ്തപ്രകരണം | (വേദാന്തം) |
| രാജസൂയം പ്രബന്ധം | (വ്യാഖ്യാനസഹിതം) |
| ഗുരുദക്ഷിണപ്പാന | (ശ്രീകൃഷ്ണന്റെ ഗുരുദക്ഷിണ) |
| അദ്ധ്യാത്മവിചാരം പാന | (വേദാന്തം) |
| അദ്ധ്യാത്മരാമായണം കിളിപ്പാട്ട് ഒന്നാം ഭാഗം | (സംശോധിതസംസ്കരണം) |
| മുഹൂർത്തസംഗ്രഹം ഭാഷ | (ജ്യോതിഷം) |
| അപ്രകാശിതങ്ങളായ ആട്ടക്കഥകൾ | (ഒന്നാം ഭാഗം) |

### അച്ചടിയിലിരിക്കുന്നവ

| | |
|---|---|
| ശേഷസമുച്ചയം—തന്ത്രം | (വ്യാഖ്യാനത്തോടുകൂടിയതു്) |
| അദ്ധ്യാത്മരാമായണം കിളിപ്പാട്ട് | (രണ്ടാം ഭാഗം) |
| രാമചരിതം | (വ്യാഖ്യാനത്തോടുകൂടിയതു്) |
| കൗടലീയം—അർത്ഥശാസ്ത്രം | (ഭാഷാവ്യാഖ്യാനം നാലാംഭാഗം) |
| കൂദാശപ്പാന | (ക്രിസ്തുമതഗ്രന്ഥം) |
| കാളിനാടകം | (ദാരുകവധം) |
| അഷ്ടപദി | (ആട്ടപ്രകാരം) |
| അപ്രകാശിതങ്ങളായ ആട്ടക്കഥകൾ | (രണ്ടാം ഭാഗം) |

Printed at
The Press Ramses, Puthenchanthai, Trivandrum.
Published by the Curator, Manuscripts Library, Trivandrum
November 1959/1135 Thulam.